# നോ പസറാൻ

അങ്ങനെ കടന്നുപോവാൻ അനുവദിക്കില്ല



BP
3414

വാർഷികം 2015 - 2016
ഫാറൂഖ് കലാലയം (സ്വയംഭരണം)
ഫാറൂഖ് കോളേജ് പി.ഒ


ഇവർക്കിവിടെ
സ്മാരകങ്ങളില്ല....
ഓർമ്മകളിൽ ജീവിക്കാൻ
സാധിക്കാതെ പോയവർക്ക്
വേണ്ടിയാണല്ലോ
സ്മാരകങ്ങൾ പണി കഴിപ്പിക്കപ്പെടാറുള്ളത്.

BP- 3414
29.9.2018



"മനുഷ്യൻ വിചാരിക്കുന്നുണ്ടോ,
അവനെ വെറുതെ വിട്ടയക്കപ്പെടുമെന്ന്?"

(വി. ഖുർആൻ 75:36)

LEGE LIB
BP 3414
LLEGE

വാർഷികം 2015–2016
ഫാറൂഖ് കലാലയം (സ്വയംഭരണം)
ഫാറൂഖ് കോളേജ് പി.ഒ

# നോ പസറാൻ

അങ്ങനെ കടന്നുപോവാൻ അനുവദിക്കില്ല

Chief Editor : Prof. E.P Imbichikoya
Staff Editor : T. Mansoorali
Student Editor : P.C Muhammad Kanz

Advisory Board : Dr. A.K Abdurahim
Dr. P. Muhammad Salim
Dr. M. Abdul Jabbar
Muhammad Mustafa

Editorial Board : Hilal Ahammed
Rasla
Fathah Rahman
Afnan Moosa

Advertisement : Sharfad, Anand

Photos : Fayaz Althaff
Muhammad Junaid

Illustration: Basith
Cover : Fathah Rahman
Layout Design : Pulp Design
Printing : Chinnus Offset, Calicut





സവർണ്ണത ജീവനോടെ കത്തിച്ച
കുട്ടികൾ... ജാതിമരത്തിൽ
തൂക്കിലേറ്റപ്പെട്ട യുവാവ്...
പശു ചവച്ചുകൊന്ന വൃദ്ധൻ
അധികാരം വെടിവെച്ചുകൊന്ന
നിരപരാധികൾ...

ഇവരുടെ ഓർമ്മഗീതങ്ങൾ
പാടുന്നവർക്ക് സമർപ്പിക്കുന്നു

കാരണം
ആ ഗാനം ഉയരുമ്പോൾ
ഞങ്ങൾ ഉത്തരവുകളുടെ ആവശ്യമില്ലാതെ
എഴുന്നേറ്റു നിൽക്കും
എവിടെയാണെങ്കിലും...

12 ഇന്ത്യയുടെ അവാൻഗാർഡ്

15 കാമ്പസുകളെ തൂക്കിലേറ്റുമ്പോൾ

കാമ്പസ്

21 ഫെയ്സ്ബുക്കിടങ്ങളിലെ വിദ്യാർത്ഥി വിപ്ലവങ്ങൾ

25 അലാദീൻ കി ബാത്

51 പൗരസ്വാതന്ത്ര്യങ്ങളുടെ ശ്മശാനങ്ങൾ

26 സാംസ്കാരിക ദേശീയതയും ഇന്ത്യൻ മതേതരത്വവും

29 നീതി v/s മനുഷ്യാവകാശം

നോട്ടില്ലാ കാലം 33

37 പശു മറ്റൊരു മൃഗമല്ല

40 UAPA ജനാധിപത്യത്തിന്റെ കശാപ്പുശാല

ഭരണകൂട ഭീകരത

48 കശ്മീർ ഇന്ത്യയ്ക്കകത്തും പുറത്തും ദേശീയതയ്ക്ക് !

56 ഓടിമറഞ്ഞവൻ

മുസ്‌ലിം ദലിത്

63 ഉസ്താദ് മുത്തപ്പയുടെ മകൻ

ആത്മഹത്യ ചെയ്തവർ 62

59 അപരവൽകൃതർ ഐക്യപ്പെടുമ്പോൾ

57 ദലിത്: സ്വത്വവും സൗന്ദര്യവും

32 മേരെ പ്യാരെ ദേശ് വാസിയോം


ചെയ്യാനിനി ഏറെ! 89
ഇടപെടലുകൾ 80
ലിംഗ സ്വത്വം
72 ഉത്തരാധുനികതയുടെ തിരനോട്ടങ്ങൾ
87 ഉറങ്ങിപ്പോയ വൃക്ഷങ്ങളെപ്പറ്റി ഒരു കഥ
76 Injustice, insecurity and much more
84 പെണ്ണുടലുകളെ ആർക്കാണ് പേടി?
THE BURNING 90 CANDLE OF LOVE
103 BUDHA FORGETS TO SMILE
VICTIMS 118
മാധ്യമങ്ങൾ
92
95
ഐഡന്റിറ്റി കാർഡ്
107
153
അഭയാർഥികൾ
MESSAGE 119
MEDIA CONTROL
117
123
108 യുവതുർക്കികളുടെ നാട്ടിൽ
എന്റെ ഫറൂഖാബാദ്
BLISS 113
124
122
I WALK-THE FIRE SPILLED ROAD
139
130 റാണിയും രാജ്യവും പിന്നെ ഞാനും
വരത്തും കുറിയും 146
पलस्तीन 150
134 സുവർക്കിങ്ങൾക്ക് നടുവിൽ
150
152
143
127
127
128
128
151
149
152
125

നിങ്ങൾ ആലസ്യത്തിലായിരിക്കുമ്പോൾ മാരകമായ സ്ഫോടനങ്ങളും ബുള്ളറ്റുകളുമായി അവർ നിങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുക തന്നെ ചെയ്യും. നിങ്ങളുടെ നിസാരമായ തോക്കുകൾക്കും ചതി പ്രയോഗങ്ങൾക്കും അവരെ കീഴടക്കാൻ സാധിക്കുമെന്നാണോ നിങ്ങൾ കരുതുന്നത്. അങ്ങനെയെങ്കിൽ നിങ്ങളെത്ര വിഡ്ഢികൾ. തീർച്ചയായും രാജ്യദ്രോഹത്തിന്റെ സ്ഫോടനങ്ങളും ബുള്ളറ്റുകളും രാജ്യസ്നേഹത്തിന്റെ വെടിയുണ്ടകളെ അങ്ങനെ കടന്നു പോകാനനുവദിക്കില്ല.

(രാജ്യസ്നേഹികളുടെ അധ്യായം : എട്ടാം വചനം)





പറയനും പുലയനും ദിവംഗതരാവാറില്ല.
കാലം ചെയ്യാറില്ല.
നാടു നീങ്ങുകയോ അന്തരിക്കുകയോ
ചെയ്യാറില്ല.
എന്തിന് മരിക്കുക പോലും ചെയ്യാറില്ല.
ചത്തു മലയ്ക്കാറെ ഉള്ളൂ.
മുസ്ലിമിനു ആത്മഹത്യ പോലും
ഒരു പോംവഴിയല്ല.
മഅ്ദനിയെ പോലെ ജയിലിൽ
സുഖവാസമനുഷ്ഠിക്കാം.
വേണമെങ്കിൽ അബ്ലാഷിനെ പോലെ
ആൾക്കൂട്ടത്തിന്റെ ആദരവുകളേറ്റു
വാങ്ങാം!
അതുമല്ലെങ്കിൽ നജീബിനെ പോലെ
ഒളിച്ചു കളിക്കാം.
അവർ നിങ്ങളെ മരണത്തിലേക്ക്
പോലും അങ്ങനെ കടന്നു പോവാൻ
അനുവദിക്കില്ല.



രാത്രി ഇരുൾ മുറ്റുകയും
നിങ്ങൾ ഉറക്കത്തിലേക്ക് തെന്നി വീഴുകയും
ചെയ്യുമ്പോൾ അയാൾ കരയുകയും
ചിരിക്കുകയും കൈകാലിട്ടടിക്കുകയും
ചെയ്യുന്നത് നിങ്ങൾ കാണുന്നില്ല....
നിങ്ങളുടെ മേൽ രക്തദാഹികളായ
പശുക്കളെ അഴിച്ചു വിട്ടവനാകുന്നു അവൻ.
കൂർത്ത ദ്രംഷ്ടകളുമായി അവ
മേഞ്ഞു നടന്നിടം, ചവച്ചു തുപ്പിയ
വൈക്കോലു പോലെ ചുവന്നിരിക്കുന്നു.
ഒടുവിൽ അത് അവരെത്തേടിയും
വരില്ലെന്നാണോ അവർ കരുതുന്നത്.
ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്.
പശുക്കൾ നിങ്ങളെ അങ്ങനെ കടന്നു
പോകാനനുവദിക്കില്ല.

(പശുക്കളുടെ അധ്യായം: രണ്ടാം വചനം)





വേട്ടക്കാരന്റെ
കാലൊച്ചകൾ കേട്ട്
മണ്ണിനടിയിലേക്ക്
വീണ്ടും വീണ്ടും
ഊർന്നിറങ്ങിപ്പോയവൾ(ൻ)
മുറിപ്പെടുത്തുന്ന ഓരോ
കൊത്തിവലിക്കലുകൾക്ക് ശേഷവും
മറുത്തൊന്നും പറയാതെ
ചോര പൊഴിച്ച്
മണ്ണിലേക്കൂർന്നിറങ്ങാൻ
ശ്രമിച്ചവൾ(ൻ)
എന്നിട്ടും വലിച്ചൂരി
ചൂണ്ടക്കൊളുത്തിനിരയാക്കപ്പെട്ടവൾ(ൻ)
ഒടുക്കം,
നിനക്കാതെ
പരൽമീനുകളെ കൂടി
ഇരയാക്കിയവൾ(ൻ)


നാവരിയപ്പെട്ടവന്റെ ഉരിയാട്ടത്തിലാണ് തുടങ്ങിയത്.
ദലിതൻ കെട്ടിത്തൂങ്ങിയ സരസ്വതീ ക്ഷേത്രത്തിന്റെ
ശ്രീകോവിലിലാണത് മുഴങ്ങിയത്.
ഇന്ദ്രപ്രസ്ഥവും നാടാകെയും നിറച്ച് അവർ/ഞങ്ങൾ
അലറി വിളിച്ചു....
കാമ്പസ്
മാംഗാ
ആസാദീ




# ഇന്ത്യയുടെ അവാൻഗാർഡ്

**തഷ്‌രീഫ്** (രണ്ടാം വർഷം, ബി.എ. എക്കണോമിക്സ്)

> നജീബ് അഹമ്മദിനെ കണ്ടെത്താനായിട്ടില്ല എന്നുമാത്രമല്ല കുറ്റക്കാരെന്ന് കണ്ടെത്തിയ വിദ്യാർത്ഥികൾ സുഖകരമായി വിലസുന്ന രംഗവും രാജ്യത്തോടുള്ള പരിഹാസമല്ലാതെ മറ്റെന്താണ്.

കാമ്പസുകൾ മുഴക്കുന്ന ആസാദീവിളികൾ ഇന്ന് രാജ്യം ഏറ്റുവിളിച്ചുകൊണ്ടിരിക്കുന്നു. എന്താണ് ഇതിലൂടെ നമ്മുടെ കാമ്പസുകൾ രാജ്യത്തിന് നൽകിക്കൊണ്ടിരിക്കുന്ന സന്ദേശം? ഭരണകൂടത്തെ പിടിച്ചുകുലുക്കുന്ന ഈ മുദ്രാവാക്യങ്ങൾ എന്താണ് രാജ്യത്തോട് പറയുന്നത്?

ഉന്നത സർവകലാശാലകളിലടക്കം സംഘ്പരിവാർ അജണ്ട നടപ്പിലാക്കുന്ന ചെറുതും വലുതമായ ഒട്ടേറെ ഉദാഹരണങ്ങളാണ് അതിൽ പങ്കുവെക്കാനുള്ളത് എന്നത് പ്രധാനമാണ്. ഒരിക്കലും നമ്മുടെ കാമ്പസുകൾ പഠിച്ചതു വിഴുങ്ങി നിശബ്ദമായിരുന്ന ഇടങ്ങളായിരുന്നില്ല. സമൂഹത്തിലെ ചെറുതും വലുതുമായ ഒട്ടേറെ വിഷയങ്ങൾ പ്രാധാന്യപൂർവം പ്രതിഫലിപ്പിക്കാനും പ്രതിനിധീകരിക്കാനും ചോദ്യങ്ങൾ ചോദിക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നത് സത്യമാണ്. നീതി നിഷേധിക്കപ്പെട്ടവരുടെ കൂടെ നിന്നും അനീ

**നോ പസറാൻ**

# HEAR OUR SILENCE... SEE OUR BLINDNESS



FAROOK COLLEGE LIBRARY
Date: BP-2414
FAROOK COLLEGE CALICUT

തിക്കെതിരെ ഉച്ചത്തിൽ ശബ്ദമുയർത്തിയും അധാർമ്മികതകൾക്കെതിരെ കലഹിച്ചും ഇരകൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചും വിദ്യാർത്ഥികളെ ശക്തമായ നിലപാടുള്ളവരാക്കുന്നു കാമ്പസുകൾ. എവിടെയെല്ലാം ഈ ഉത്തരവാദിത്വം മറക്കുന്നുവോ അവിടെങ്ങളിൽ പ്രതികരണങ്ങളില്ലാത്ത ചിന്തകളും വായനകളുമില്ലാത്ത ഇടങ്ങളെ സൃഷ്ടിച്ചു എന്നതാണ് ഫലം.

മാറിമാറി വരുന്ന സർക്കാർ വികസനവും ക്ഷേമവും പറയുന്നുണ്ടെന്നതല്ലാതെ ന്യൂനപക്ഷങ്ങളും ദളിതരും പിന്നാക്ക വിഭാഗക്കാരുമെല്ലാം കൂടുതൽ ദുരിതങ്ങളിലേക്ക് വഴിമാറുന്നതു തന്നെയാണ് അവസ്ഥ. ശാസ്ത്രജ്ഞനാകാൻ കൊതിച്ച ദളിത് വിദ്യാർത്ഥിയും ഭീകരവാദമാരോപിച്ചും രാജ്യദ്രോഹമാരോപിച്ചും നിരപരാധികളായ ചെറുപ്പക്കാരെ ജയിലിലെത്തിക്കുന്ന ന്യൂനപക്ഷ വിരോധവും ആദിവാസി അവഗണനയുമെല്ലാം ഇതേ ദുരിതങ്ങളുടെ പര്യായംതന്നെ. എല്ലാം ശരിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടും സർക്കാറുകൾ മാറുന്നതു മാത്രമാണ് സ്ഥിരകാഴ്ച.

ഏറ്റവുമൊടുവിൽ രാജ്യത്തിലെ ഉന്നത കലാലയമായ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ എം.എസ്.സി വിദ്യാർത്ഥിയായിരുന്ന നജീബ് അഹമ്മദിനെ കാണാതായതിനോട് വളരെ ഗൗരവത്തോടെയാണ് കാമ്പസ് പ്രതികരിക്കുന്നത്. സംഘംചേർന്ന് എ.ബി.വി.പി പ്രവർത്തകർ അക്രമിച്ചതിന് പിറ്റേദിവസം മുതൽ ഞാനിതെഴുതുന്ന ദിവസം വരേ ഒരു മാസത്തിലധികമായി കാണാതായിരിക്കുകയാണ്. നജീബിന്റെ ഉമ്മ തന്റെ മകനുവേണ്ടി ഭക്ഷണവും വെള്ളവുമുപേക്ഷിച്ച് സമരത്തിലിരിക്കുന്നതും പോലീസ് അവരെ ക്രൂരമായി അറസ്റ്റ് ചെയ്യുന്ന രംഗങ്ങളും വിരൽചൂണ്ടുന്നത് വർത്തമാന കാലത്തെ കാമ്പസ് അനുഭവങ്ങളിലെ ഭീകരതയിലേക്കാണ്.

നജീബ് അഹമ്മദിനെ കണ്ടെത്താനായിട്ടില്ല എന്നുമാത്രമല്ല കുറ്റക്കാരെന്ന് കണ്ടെത്തിയ വിദ്യാർത്ഥികൾ സുഖകരമായി വിലസുന്ന രംഗവും രാജ്യത്തോടുള്ള പരിഹാസമല്ലാതെ മറ്റെന്താണ്.

പെല്ലെറ്റ് ആക്രമണങ്ങളിൽ മാരകമായി പരിക്കേറ്റ കാശ്മീരിലെ ജനങ്ങളെക്കുറിച്ച് നാമോർക്കുന്നു. കാശ്മീർ ജനത ഭീകരരല്ലെന്നും അവർ നമ്മുടെ സഹോദരങ്ങളാണെന്നും ഉച്ചത്തിൽ

> കാശ്മീർ ജനത ഭീകരരല്ലെന്നും അവർ നമ്മുടെ സഹോദരങ്ങളാണെന്നും ഉച്ചത്തിൽ വിളിച്ചു പറയാൻ ധൈര്യം കാണിച്ചത് കാമ്പസുകളാണ്.

**നോ പസറാൻ**

> "ലോകചരിത്രത്തിൽ തന്നെ വിദ്യാർത്ഥി സമരങ്ങളുടെ തീഷ്ണതയറിഞ്ഞ ഭരണകൂടങ്ങളെല്ലാം വിറച്ച് പരാജയപ്പെട്ടതിനാൽ തന്നെ കാമ്പസുകൾ ഇനിയും ക്ലാസ്മുറികൾവിട്ട് തെരുവിൽ തന്നെയായിരിക്കും."




വിളിച്ചു പറയാൻ ധൈര്യം കാണിച്ചത് കാമ്പസുകളാണ്.

ഏറ്റവുമൊടുവിൽ 500, 1000 നോട്ടുകൾ പിൻവലിച്ച് ഭരണകൂടം ജനത്തെ വെല്ലുവിളിച്ചിരിക്കുന്നു. കള്ളപ്പണം തടഞ്ഞ് സാമ്പത്തികരംഗം ശുദ്ധമാക്കണമെന്ന കാര്യത്തിൽ സംശയമില്ലാതിരിക്കെ തന്നെ കാശ്മീർ മുതൽ കന്യാകുമാരി വരെ ജനം രാവിലെ മുതൽ വൈകിട്ട് വരെ ക്യൂ നിന്ന് പെരുവഴിയിലാകുന്ന അടിയന്തിരാവസ്ഥയെ ഓർമിപ്പിക്കുന്നവിധം സാധാരണക്കാർ കൂടുതൽ ബുദ്ധിമുട്ടിലാകുന്നു. മാത്രമല്ല വൻകിട കുത്തകകളുടെ വായ്പകളും മറ്റും എഴുതിത്തള്ളുന്ന വിരോധാഭാസവും കാണാം. ഈ സാഹചര്യങ്ങളിൽ നിന്നുമാണ് കാമ്പസുകൾ ആസാദീ വിളികൾ മുഴക്കിയത്.

പഠിക്കുന്നതോടൊപ്പം തെരുവിൽ തൊണ്ടപൊട്ടുമാറ് ശബ്ദങ്ങൾ തീർത്തേ പറ്റൂ എന്നത് വ്യക്തമാക്കിയ അനുഭവങ്ങൾ. രണ്ടരവർഷക്കാലത്തെ നരേന്ദ്രമോദി സർക്കാറിന്റെ അനുഭവങ്ങളിൽ രാജ്യം കൂടുതൽ അപകടങ്ങളിലേക്ക് നീങ്ങുകയാണെന്ന് വ്യക്തമായതിനാൽ തന്നെയാണ് വിദ്യാർത്ഥികൾ പ്രതികരിക്കുന്നതും.

വീട്ടിൽ ബീഫ് സൂക്ഷിച്ചെന്നാരോപിച്ച് സംഘ്പരിവാർ ശക്തികളാൽ ക്രൂരമായി കൊല്ലപ്പെട്ട മുഹമ്മദ് അഖ്ലാക്കിനും ജാർഖണ്ഡിലെ ചെറുപ്പക്കാർക്കും മറ്റു ദളിത് യുവാക്കൾക്കുംവേണ്ടിയെല്ലാം കാമ്പസുകൾ ശബ്ദമുയർത്തി. കഴിക്കാനും ധരിക്കാനും പറയാനും എഴുതാനുമുള്ള സ്വാതന്ത്ര്യത്തിന് ജനം തെരുവിലിറങ്ങി.

സ്വതന്ത്ര ഭാരതം ഇത്ര വർഷങ്ങൾ മുന്നോട്ട്പോയിട്ടും അവസാനമില്ലാതെ തുടരുന്ന ഈ നീതി നിഷേധങ്ങളും അവകാശലംഘനങ്ങളുമെല്ലാം നാമെത്രമാത്രം മുന്നോട്ട് കുതിച്ചു എന്നതിന് തെളിവാണ്.

ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യവും നീതിയും വീക്ഷണങ്ങളും ഏതോ ഒരു കോണിൽ പ്രതീക്ഷയാംവിധം ശക്തമായി സ്വാധീനിക്കുന്നതിനാലാവണം തോറ്റുപിൻമാറാൻ ഇക്കാലമത്രയും വിദ്യാർത്ഥികൾ തയ്യാറായിട്ടില്ല. കാമ്പസുകൾ തീർക്കുന്ന മുദ്രാവാക്യങ്ങൾ ന്യൂനപക്ഷ-ആദിവാസി-ദളിത് പിന്നാക്ക വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തെ തീഷ്ണമായി അവതരിപ്പിക്കുകയാണ്.

ലോകചരിത്രത്തിൽ തന്നെ വിദ്യാർത്ഥി സമരങ്ങളുടെ തീഷ്ണതയറിഞ്ഞ ഭരണകൂടങ്ങളെല്ലാം വിറച്ച് പരാജയപ്പെട്ടതിനാൽതന്നെ കാമ്പസുകൾ ഇനിയും ക്ലാസ്മുറികൾവിട്ട് തെരുവിൽ തന്നെയായിരിക്കും.

ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. ഇതേ അവസരത്തിൽ തന്നെയാണ് കാമ്പസുകളിൽ ഇടപെടുവാനും പ്രതികരിക്കുവാനും മുന്നോട്ടുവരുന്ന വിദ്യാർത്ഥികളെയും വിദ്യാർത്ഥിസംഘടനകളെയും അക്രമത്തിലൂടെ തല്ലിയൊതുക്കുന്ന മുഖ്യധാര വിദ്യാർത്ഥി സംഘടനകളുടെ നിലപാടുകൾ പുനപരിശോധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യവും ജനാധിപത്യവും വായിൽ പറയാനുള്ളതും ബോർഡിൽ തൂക്കാനുള്ളതുമാണെന്നതുമാണ് ഇക്കൂട്ടരിക്കാലമത്രയും പഠിച്ചതെങ്കിൽ കാമ്പസുകളിലെ ജനാധിപത്യ ശബ്ദങ്ങൾക്കെതിരെ ഇനിയും ഭീരുവാകാതെ പ്രതികരിച്ചേ മതിയാകൂ.

ഫാഷിസത്തിന്റെ അപകടം ഒരുഭാഗത്ത് നാം ചർച്ചചെയ്യുമ്പോൾ എന്തേ നമ്മുടെ മൂക്കിനു മുമ്പിൽ നടക്കുന്ന ഭീകരതയെക്കുറിച്ച് നാം മൗനികളാവുന്നു എന്ന ചോദ്യവും പ്രസക്തമാണ്. ●



# കാമ്പസുകളെ തൂക്കിലേറ്റുമ്പോൾ

"എല്ലാ ഹൃദയങ്ങളും അസ്വസ്ഥമാണ്.
ഉറക്കെപ്പറയാൻ അവർ ഭയപ്പെടുന്നു
അവർ സ്വതന്ത്രമായി സംസാരിച്ചാൽ
സ്വാതന്ത്ര്യത്തിന് അതൊരു ശല്യമായാലോ."

*- ഗുലാം മഹ്ജൂർ, കശ്മീരി കവി*

അസ്വസ്ഥമായ ഇന്ത്യൻ കാമ്പസുകളുടെ ഉറക്കെപ്പറച്ചിലുകൾ... വ്യത്യസ്ത കേന്ദ്രസർവകലാശാലകളിൽ നിന്നും ഫാറൂഖ് കോളേജ് പൂർവവിദ്യാർഥികൾ പ്രതികരിക്കുന്നു.




തയ്യാറാക്കിയത്:
വഫ റസാഖ്
(ഒന്നാം വർഷം, ബി.എ. സോഷ്യോളജി)

കാമ്പസുകൾക്ക് പുതിയ ചിന്തകൾ വളർത്താനും വൈവിധ്യങ്ങളായ പശ്ചാത്തലങ്ങളിൽ നിന്നും തനതായ കാഴ്ചപ്പാടുകൾ മുന്നോട്ട് വെക്കുന്ന വിദ്യാർഥികൾക്ക് ഒരിടം നൽകാനും സാധിക്കുന്നുണ്ട്. പൗരബോധവും സാമൂഹിക ബോധവുമുള്ള നേതൃനിരയെ വളർത്തിയെടുക്കാൻ കാമ്പസ് രാഷ്ട്രീയത്തിനു സാധിക്കുന്നു.

എന്നിരുന്നാലും കാമ്പസ് രാഷ്ട്രീയവും ഇടപടലുകളും ഭയക്കുന്ന അധികാരികളാണ് നിലവിലുള്ളത്. ഉയരേണ്ട ശബ്ദങ്ങളെ അടിച്ചമർത്തി അടിമകളുടെ ഇടങ്ങളാക്കി മാറ്റുകയാണ് കാമ്പസുകൾ. വിദ്യാർഥി രാഷ്ട്രീയത്തെ മോശമായി ചിത്രീകരിക്കുകയും പഠനത്തെ ബാധിക്കും എന്നുള്ള വാദങ്ങളുമായി മുന്നോട്ട് വന്ന്, ഏറ്റവും ഉർജ്ജസ്വലരായ ഒരു വിഭാഗത്തെ അടക്കി നിർത്താനുള്ള തന്ത്രങ്ങൾ എന്നും മെനഞ്ഞു കൊണ്ടേയിരിക്കുന്നു. അതിന്റെ പുതിയ ഉദാഹരണമാണ് ടി.എസ്.ആർ സുബ്രഹ്മണ്യൻ കമ്മിറ്റി കേന്ദ്ര സർക്കാറിനു നൽകിയ വിദ്യാഭ്യാസ നയമാറ്റ നിർദേശങ്ങളിൽ പെട്ട ഒന്ന്.

രാജ്യത്തെ മൊത്തം കുലുക്കിയ രോഹിത് വെമുല ആത്മഹത്യക്കെതിരേ ഉണ്ടായ പ്രതിഷേധങ്ങളുടേയും, ജെ.എൻ.യു പ്രതിഷേധങ്ങളുടേയും പശ്ചാത്തലത്തിലാണ് ആ റിപ്പോർട്ട്തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ചരിത്രത്തിലെ വിദ്യാർഥി സമരങ്ങൾ മിക്കവയും ശ്രദ്ധിക്കപ്പെട്ടതും മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചവയുമായിരുന്നു. 1960ൽ വിയറ്റ്നാം യുദ്ധത്തിനെതിരേ പ്രക്ഷോഭങ്ങൾ തുടങ്ങിവച്ച അമേരിക്കയിലെ വിദ്യാർഥി പ്രസ്ഥാനങ്ങൾ, 1967 ലെ സെർബിയൻ തെരെഞ്ഞടുപ്പിനെതിരേ ടിയാൻമെൻ സ്ക്വയർ സമരം, 1999 ലെ ഇറാൻ വിദ്യാർഥി പ്രക്ഷോഭങ്ങൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രമാണ്. എന്നാൽ ഇന്ത്യയിൽ സ്വാതന്ത്ര സമരം, അടിയന്താരാവസ്ഥയ്ക്കെതിരേയുള്ള പ്രക്ഷോഭങ്ങൾ തുടങ്ങി FTTI,HCU, JNU പ്രക്ഷോഭങ്ങൾ വരേ എത്തി നിൽക്കുന്നു.

സമകാലിക വിദ്യാർഥി പ്രക്ഷോഭങ്ങളിൽ സോഷ്യൽ മീഡിയകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഹാഷ്ടാഗ് ഉപയോഗിച്ചും പോസ്റ്റുകളിട്ടും, ന്യൂസുകൾ ചെയർ ചെയ്തും എല്ലാവരും പ്രസ്തുത വിഷയത്തിൽ തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു.

ഇന്ത്യയിലെ കാമ്പസുകളിൽ ഏറ്റവും കത്തിജ്വലിച്ച വിഷയങ്ങളാണ് വെസ്റ്റ് ബംഗാളിലെ ജദാവ്പൂർ യൂണിവേഴ്സിറ്റിയിൽ 2014ൽ നടന്ന ഹൊക്കൊലൊറാബ് സമരം, ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ 2016ൽ ജനുവരിയിൽ ദലിത് റിസർച്ച് സ്കോളറായ രോഹിത് വെമുലയുടെ ആത്മഹത്യ, ശേഷം ജെ.എൻ.യുവിൽ നടന്ന വിദ്യാർഥി പ്രക്ഷോഭങ്ങൾ, നോൺനെറ്റ് വിദ്യാർഥികളുടെ ഫെല്ലോഷിപ്പ് നിർത്തലാക്കികൊണ്ടുള്ള -mh-rd യുടെ തീരുമാനത്തിനെതിരേ നടത്തിയ പ്രതിഷേധങ്ങൾ പല വിഷയങ്ങളിലും ജോയിന്റ് ആക്ഷൻ കമ്മിറ്റികൾ രൂപപ്പെടുകയും വിദ്യാർഥി പ്രസ്ഥാനങ്ങളിലുള്ളവരും ഒന്നിക്കുകയും ചെയ്തു.

വിദ്യാർഥി ആക്ടിവിസത്തെ അടിച്ചമർത്തുക എന്നുള്ള നയം ലോർഡ് കർസണിന്റെ 1904 ലെ യൂണിവേഴ്സിറ്റീസ് ബില്ലിന്റെ ബാക്കി ചിത്രമാണ്.

കാംപസുകളിലെ രാഷ്ട്രീയ കാഴ്ച്ചപാടുകൾ സാമൂഹിക രചനകൾ തന്നെ മാറ്റുന്നുണ്ട്. 2007 ലെ ഒ.ബി.സി റിസർവേഷനു ശേഷം പുതിയ പ്രസ്ഥാനങ്ങളായി അംബേദ്കർ സ്റ്റുഡൻസ് അസോസിയേഷൻ, ബിർസ അംബേദ്കർ ഫൂൽ സ്റ്റുഡൻസ് അസോസിയേഷൻ എന്നിവ രൂപം കൊള്ളുകയും ഒ.ബി.സി ദലിത് കാഴ്ച്ചപ്പാടുകൾ ലയിച്ച് പ്രവർത്തിച്ച് വരുന്ന സ്ഥിതി വിശേഷത്തെയാണ് സൂചിപ്പിക്കുന്നത്.





അസ്‌ലഹ് വടകര
നളന്ദ
യൂണിവേഴ്സിറ്റി
ബിഹാർ

*ഒരിക്കൽ*
*നിങ്ങളറിയും*
*ഞാനെന്തുകൊണ്ട് ഇത്രയും*
*ക്ഷോഭിച്ചിരുന്നുവെന്ന്.*
*അന്നു നിങ്ങളറിയും*
*ഞാനെന്തുകൊണ്ട്*
*സാമൂഹ്യതാൽപര്യങ്ങൾ*
*വെറുതെ പങ്കുവെയ്ക്കുന്നതല്ല എന്ന്.*

കാമ്പസുകളിൽ ദളിത് മുസ്ലിം ആദിവാസി ലൈംഗികന്യൂനപക്ഷ മറ്റു ഇതര സമരജനതകളുടെ ഐക്യം സ്വപ്നം കണ്ട, കാൾ സാഗനെ പോലെ ശാസ്ത്രമെഴുത്തുകാരനാവാൻ കൊതിച്ച രോഹിത് വെമുലയെന്ന മനോഹരമായ നക്ഷത്രം തന്റെ സമരകാലത്ത് കുറിച്ചിട്ട കവിതയിലെ വരികളാണിവ. രാജ്യത്തെ കാമ്പസുകളിൽ ഇന്ന് വിദ്യാർഥികൾ സമരത്തിലാണ്. ഹിന്ദുത്വഫാസിസം ഭരണകൂടത്തിന്റെ എല്ലാവിധ സംവിധാനങ്ങളെയും ഉപയോഗിച്ചുകൊണ്ട് അക്കാദമിക്സിലും വിദ്യാർത്ഥികളുടെ ദൈനംദിന ജീവിതത്തിലും നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൈദരാബാദ് കാമ്പസിലെ രോഹിതിനെ കൊന്നത് കാമ്പസിലെ എബിവിപി പ്രവർത്തകരുടെ ദളിത് വിരുദ്ധതയും യൂണിവേഴ്സിറ്റി അധികൃതരുടെ സവർണമനോഭാവവും പിന്നെ കേന്ദ്രമന്ത്രി അടക്കമുള്ള സംഘ്ഫാസിസ്റ്റ് ഭരണകൂടത്തിന്റെ അതിതീവ്രഹൈന്ദവ ദേശീയതയും ഒന്നിച്ചുചേർന്നാണ്. ജെഎൻയുവിലെ നജീബിനെ അവർ എന്താണ് ചെയ്തത് എന്ന് ഇതെഴുതും വരെ ഒരു അറിവുമില്ല. മുസ്ലിംവിരുദ്ധത ഈ രാജ്യം ഭരിക്കുന്നവരുടെ ട്രേഡ് മാർക്കായി മാറിയ കാലത്താണ് ഫാത്തിമ നഫീസെന്ന ഉമ്മയ്ക്ക് വീട്ടിൽ നിന്നും രണ്ടായിരത്തിഅഞ്ഞൂർ കിലോമീറ്റർ അപ്പുറം ഡൽഹിയിൽ മകനെവിടെ എന്ന് തെരുവിൽ ഉച്ചത്തിൽ ചോദിക്കേണ്ടിവരുന്നത്.

അക്കാദമികപരമായി ഒട്ടും യോഗ്യതയില്ലാത്തവരെ , ഫാസിസ്റ്റു സർക്കാരിന്റെ പ്രോപഗണ്ട ഏജന്റുകളായവരെ കാമ്പസുകളുടെ തലപ്പത്തു കയറ്റിപ്രതിഷ്ഠിക്കുകയാണ് അവർ ഇന്ന്. ഈ ഴുള്ളവൻ പഠിക്കുന്ന കാമ്പസിലും അവർ അത് തുടങ്ങിക്കഴിഞ്ഞിരുന്നു. ലോകമറിയപ്പെട്ട സാമ്പത്തികശാസ്ത്രജ്ഞൻ അമർത്യ സെൻ, അറിയപ്പെട്ട ചരിത്രകാരനും എം പി യും സുഭാഷ് ചന്ദ്രബോസിന്റെ പേരകുട്ടിയുമായ സുഗതബോസ് , മേഘ്നാഥ് ദേശായി എന്നിവരെ നളന്ദ യൂണിവേഴ്സിറ്റി ഗവേണിങ് ബോഡി തലപ്പത്തു നിന്ന് കേന്ദ്രസർക്കാർ നീക്കം ചെയ്തിരിക്കുന്നു.

പകരം 'നരേന്ദ്രമോദി ഭഗവാന്റെ അവതാരമാണ്, ഗാന്ധിയെക്കാളും മാർക്സിനേക്കാളും മഹാനാണ്' എന്ന് പറഞ്ഞ ലോകേഷ് ചന്ദ്രയടക്കമുള്ളവരെയാണ് നിയമിച്ചത്. ഏറെ ഭീതിയിലാണ് ഞങ്ങൾ. എന്നാലും പ്രതീക്ഷയുണ്ട്. രാജ്യത്തിൻറെ കാമ്പസുകളിൽ ഇന്ന് അലയിടിച്ചിരിക്കുന്ന വിദ്യാർത്ഥി പ്രതിപക്ഷം, ഇവിടെ ഞങ്ങളെയും ഏറെ പ്രതീക്ഷയുള്ളവരാക്കുന്നുണ്ട്.

ദളിത് വിദ്യാർഥിപ്രസ്ഥാനങ്ങൾ, മുസ്ലിം വിദ്യാർത്ഥി കൂട്ടായ്മകൾ, ഇടതു വിദ്യാർത്ഥി സംഘങ്ങൾ,ലൈംഗികന്യൂനപക്ഷങ്ങളുടെ കൂട്ടായ്മകൾ, നോർത്ത് ഈസ്റ്റിലെയും കാശ്മീരിലെയും വിദ്യാർത്ഥികളുടെ കൂട്ടായ്മകൾ എല്ലാവരും ഒന്നിച്ചു ചേർന്ന് സവർണഫാസിസത്തോടു മുർദാബാദ് വിളിക്കുന്ന നാളുകൾ ഭയപ്പെടുത്തേണ്ടവരെ ഭയപെടുത്തുന്നുണ്ട്. സംസ്ഥാനത്താദ്യമായി ഫലസ്തീൻ ഐക്യദാർഢ്യപ്രകടനം വിളിക്കപ്പെട്ട കാമ്പസ് ഫാറൂഖ് കോളേജ് ആണെന്ന് പി.കെ പാറക്കടവ് പറഞ്ഞതോർക്കുന്നു.

ആദിവാസിജനതയ്ക്ക് ഐക്യദാർഢ്യ നിൽപ്പുസമരം നടത്തിയും ഇറോം ശർമിളയ്ക്കും മഅ്ദനിക്കും വേണ്ടി മുദ്രാവാക്യം വിളിച്ചും മാധവ് ഗാഡ്ഗിലിനെ പോലെയുള്ളവരുമായി സംവാദങ്ങൾക് വേദിയൊരുക്കിയും ഫാറൂഖ് കോളേജിലെ ഡിഗ്രിക്കാലം പകർന്നുതന്ന ഒരു രാഷ്ട്രീയബോധം മനസ്സിൽ കെടാതെ ബാക്കിയുണ്ട്. രാജ്യത്തെ വിദ്യാർത്ഥിഇടപെടലുകളെ പാർട്ടി ഭേദമന്യേ ഫാറൂഖിലെ ഇന്നത്തെ ചെറുപ്പം ഏറ്റെടുക്കുന്നുണ്ടെന്ന വാർത്തകളിൽ സന്തോഷം.





വസീം ആർ.എസ്
ജെ.എൻ.യു,
ഡെൽഹി

ഇന്ത്യയിലെ ഉന്നത കലാലയങ്ങളിൽ വർധിച്ചുവരുന്ന പിന്നാക്കവിദ്യാർഥികളുടെ സാന്നിധ്യത്തെയും അവരുന്നയിക്കുന്ന സാമൂഹികനീതിയുടെ രാഷ്ട്രീയത്തെയും ഭരണാധികാരം ഉപയോഗിച്ച് ഇല്ലാതാക്കാനാണ് സംഘ്പരിവാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ വിവിധ ഉദാഹരണങ്ങളായിരുന്നു കഴിഞ്ഞ ഒരുവർഷക്കാലം രാജ്യത്തെ കാമ്പസുകളെ ഇളക്കിമറിച്ച ദലിത് ബഹുജൻ വിദ്യാർഥി ആയിരുന്ന രോഹിത് വെമുലയുടെ സാമൂഹികമരണവും മുസ്ലിംവിദ്യാർഥി നജീബ് അഹ്മദിന്റെ ആസൂത്രിതമായ അപ്രത്യക്ഷമാ(ക്ക)ലും. ഇപ്പോൾ ജെ.എൻ.യുവിൽ നടന്ന സസ്പെൻഷൻ നടപടികൾ പ്രസ്തുത സംഭവങ്ങളുടെ തുടർച്ചയാണ്.

മാത്രമല്ല, സി.പി.എം അടക്കമുള്ള പാർലമെന്ററി രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയില്ലാത്ത ഈ വിദ്യാർഥികളുടെ സസ്പെൻഷൻ പിൻവലിക്കാനുള്ള പോരാട്ടം അത്യന്തം പ്രയാസം നിറഞ്ഞതാണ്. ജെ.എൻ.യുവിൽ ഐഎസ്എസ്.എഫ്.ഐ സഖ്യം നയിക്കുന്ന വിദ്യാർഥി യൂനിയൻ പുതിയ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിൽ അടിക്കടി പരാജയപ്പെടുന്നു. കാണാതായ നജീബിനെ എ.ബി.വി.പിക്കാർ കുറ്റവാളിയായി ആരോപിച്ച അതേ രേഖയിൽ ഒപ്പിട്ട ജെ.എൻ.യുവിലെ ഇടതു വിദ്യാർഥി യൂനിയൻ പ്രസിഡന്റ് മോഹിത് പാണ്ഡെയുടെ നടപടി വ്യാപകമായി വിമർശിക്കപ്പെട്ടതാണ്. മാത്രമല്ല, നജീബിന് മർദനമേറ്റ് മൂന്നാംദിവസം മാത്രമാണ് അത് പുറത്തറിയിക്കാൻ വിദ്യാർഥിയൂനിയൻ തയാറായത്. പുതിയ സംഭവത്തിലാവട്ടെ, സമരംചെയ്ത ദലിത് ബഹുജൻ, ന്യൂനപക്ഷ വിദ്യാർഥികളുമായി സഹകരിക്കാൻപോലും വിസമ്മതിച്ച നിലപാടാണ് വിദ്യാർഥിയൂനിയൻ കൈക്കൊണ്ടത്. ജെ.എൻ.യുവിൽ കീഴാളവിദ്യാർഥികളുടെ പുതിയ ബ്ളോക്ക് ഉയർന്നുവരുന്നതിനെ ഭയക്കുന്നവരിൽ സംഘ്പരിവാർ മാത്രമല്ല ഉള്ളത്. എസ്.എഫ്.ഐയും ഐസയും ദലിത് ബഹുജൻ, മുസ്ലിം ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ പുതിയ സമവാക്യങ്ങളെ ശരിക്കും ഭയക്കുന്നുണ്ട്.

പിന്നാക്ക സമൂഹങ്ങളിൽനിന്നുള്ള വിദ്യാർഥികളുടെ കടന്നുവരവ് തടയാനുള്ള ശ്രമത്തിന്റെ ഭാഗമായിവേണം ഇത്തരം സംഭവങ്ങളെ കാണാൻ. കഴിഞ്ഞ ഡിസംബറിൽ നടന്ന പിഎച്ച്.ഡി അഡ്മിഷനിൽ 'യോഗ്യത'യില്ലെന്ന് പറഞ്ഞ് എസ്.സി/എസ്.ടി വിഭാഗത്തിൽപെട്ട ഒരാൾക്കുപോലും പ്രവേശനം നൽകാൻ ജെ.എൻ.യു തയാറായില്ല. അധ്യാപകനിയമനങ്ങളിൽ ഇന്നും സാമൂഹികനീതി നിഷേധിക്കപ്പെടുന്നു. ഒ.ബി.സി വിഭാഗത്തിൽനിന്ന് ഒരു പ്രഫസർ പോലും ജെ.എൻ.യുവിലില്ല. മുസ്ലിം വിദ്യാർഥി പ്രാതിനിധ്യമാവട്ടെ, കേവലം ഏഴു ശതമാനത്തിലൊതുങ്ങുന്നു. (അറബിക്, പേർഷ്യൻ, ഉർദു സെന്ററുകൾ ഒഴിച്ചുള്ളവ).

ഈ വിവേചനം അവസാനിപ്പിക്കുന്നതിനു പകരം കൂടുതൽ ദ്രോഹ നടപടികളുമായി മുന്നോട്ടുപോവാനാണ് വി.സിയും കൂട്ടരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സമരങ്ങളുടെ പേരിൽ കൊല്ലപ്പെടുകയോ കാണാതാവുകയോ സസ്പെൻഡ് ചെയ്യപ്പെടുകയോ ചെയ്യുന്ന വിദ്യാർഥികൾ വിശേഷിച്ചും ദലിത്ബഹുജൻന്യൂനപക്ഷവിഭാഗങ്ങളിൽ നിന്നാവുന്നു എന്നത് പ്രശ്നത്തിന്റെ സാമൂഹികസ്ഥാനം ചൂണ്ടിക്കാണിക്കുന്നുണ്ട്. കാമ്പസുകളിലെ ജാതിവിരുദ്ധ രാഷ്ട്രീയത്തിനും രാജ്യത്തെ കീഴാള മുന്നേറ്റത്തിനും തടയിടാനാണ് അധികൃതർ ശ്രമിക്കുന്നത്. കാമ്പസ് രാഷ്ട്രീയം നേരിടുന്ന ഈ വെല്ലുവിളി ഏറ്റെടുക്കാൻ ജനാധിപത്യ ശക്തികൾക്കും സാമൂഹികനീതിയുടെ രാഷ്ട്രീയത്തിനും സാധിക്കേണ്ടതുണ്ട്. ●





Shehana
JNU, Delhi

JNU is a left inclined universtiy, politically. However, Dalit minortiy politics is also quit story. Personally I am not interested in any of the existing political parties. Living in the northern part of India, minority identity crisis hase always been a major issue. This crisis exists even in JNU one of the among the most progressive campuses in the country. I could also feel the indifference and helplessness of the state government in various matters (say, Najeeb issue). As sociology is my Masters, it really helps me to carve out an ideology. What is very notable about JNU and its politics is the freedom of expression that every student enjoys. Also the exposure one gets from this campus is remarkable unlike in some other colleges. We have debates and discussions with activists, Political leaders with different ideologies are invited to speake in commen place areas like even th mess hall . However, our view on moraltiy is something that will always remain as a dilemma. A lack of solidartiy is sometimes felt in the campus.

**അധ്യാപകനിയമനങ്ങളിൽ ഇന്നും സാമൂഹികനീതി നിഷേധിക്കപ്പെടുന്നു. ഒ.ബി.സി വിഭാഗത്തിൽനിന്ന് ഒരു പ്രഫസർ പോലും ജെ.എൻ.യുവിലില്ല.**

കേരളത്തിലെ കലാലയങ്ങളെ അപേക്ഷിച്ച് രാഷ്ട്രീയപരമായി ഏറെ പ്രബുദ്ധരാണു ഹൈദരാബാദ് യൂണിവേഴ്സിറ്റി അടക്കമുള്ള കേന്ദ്ര സർവകലാശാലകളിലെ വിദ്യാർത്ഥികൾ.

ഇവിടുത്തെ ക്യാമ്പസ് പൊളിറ്റിക്സ് കേരളത്തിലെ പ്രായോഗിക രാഷ്ട്രീയത്തിൽ നിന്നു വിഭിന്നമായി പ്രത്യയശാസ്ത്രപരമാണു.

ആശയ സംഹിതകളിൽ അടിയുറച്ചാണു ഓരോ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നത്.

ചർച്ചകളും സംവാദങ്ങളും സമരങ്ങളും നിത്യ സംഭവമാണ്.

ആനുകാലികമായി നടക്കുന്ന എല്ലാ സാമൂഹ്യ പ്രശ്നങ്ങളിലും വളരെ ക്രിയാത്മകമായി ഇടപെടുന്ന ഒരു സമൂഹം ഇവിടെയുണ്ട്. ഇന്ത്യയിലെ മികച്ച ഒരു കലാലയമായി നില നിൽക്കാൻ വിദ്യാർത്ഥി രാഷ്ട്രീയവും അവരുടെ ഇടപെടലുകളും ഏറെ സഹായകമാവുന്നുണ്ട്.

ഏറെ ആകർഷിക്കുന്ന കാര്യം ഇവിടെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് അതിരുകളില്ല എന്നതാണു. എവിടെയും ആർക്കും ഏത് തരത്തിലുള്ള പരിപാടിയും സംഘടിപ്പിക്കാവുന്നതാണ്. രാഷ്ട്രീയ സംഘർഷങ്ങൾ ആശയപരമായി മാത്രമേ ഉണ്ടാവാറുള്ളൂ,കായികപരമായി ഇല്ല.

ആളുകൾ വൈകുന്നേരങ്ങളിൽ ഒരുമിച്ച് കൂടുന്ന പല സ്ഥലങ്ങളും രാഷ്ട്രീയ ചർച്ചകളുടെ കേന്ദ്രമാണു.നോർത്ത് ഷോപ്കോം എന്ന യൂണിവേഴ്സിറ്റിയിലെ ചെറിയ കവലയിൽ മിക്ക ദിവസങ്ങളിലും വിദ്യാർത്ഥി സംഘടനകളുടെ ആനുകാലിക വിഷയങ്ങളിലുള്ള തുറന്ന ചർച്ചകൾ കാണാം. പല ചർച്ചകളിലും ക്യാമ്പസിലെ അധ്യാപകർ കൂടി ഭാഗമാവാറുണ്ട്.ദലിത് ഐക്യത്തിന്റെ പ്രതീകമായി നോർത്ത് ഷോപ്കോം ഇപ്പോൾ വെളിവാട എന്നാണറിയപ്പെടുന്നത്.

**കാമ്പസുകളിലെ ജാതിവിരുദ്ധ രാഷ്ട്രീയത്തിനും രാജ്യത്തെ കീഴാള മുന്നേറ്റത്തിനും തടയിടാനാണ് അധികൃതർ ശ്രമിക്കുന്നത്.**



മുഹമ്മദ് ജാസിർ
ഹൈദരബാദ്
യൂണിവേഴ്സിറ്റി



ജാമിൽ നവാർ
ജാമിയ മില്ലിയ
ഇസ്ലാമിയ, ഡൽഹി

രാജ്യത്തെ ഉന്നത കേന്ദ്ര സർവകലാശാലകളിൽ ഒന്നായ ജാമിയ മില്ലിയ ഇസ്ലാമിയയിൽ മുഖ്യധാരാ രാഷ്ട്രീയം ഇല്ലായ്മ ചെയ്തിട്ട് പന്ത്രണ്ടു വർഷത്തിൽ ഏറെയായി, ഇരുപതിനായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കലാലയത്തിൽ എൺപതു ശതമാനത്തിലധികം മുസ്ലിം നാമധാരികൾ ആയതിനാൽ, ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന ജനാധിപത്യ ബോധം ഇന്ത്യൻ സവർണ സങ്കൽപത്തിന് തടസമാകുമോ എന്ന ഭയത്തിൽ നിന്നാവാം കാമ്പസ് രാഷ്ട്രീയം ഇല്ലായ്മ ചെയ്തത്.

കാമ്പസിൽ മുഖ്യധാര രാഷ്ട്രീയം ഇല്ലെങ്കിലും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകൾ കാമ്പസിൽ അക്കാഡമിക് ചർച്ചകളും സംവാദങ്ങളും നടത്താറുണ്ട്.

**കാമ്പസിൽ മുഖ്യധാര രാഷ്ട്രീയം ഇല്ലെങ്കിലും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകൾ കാമ്പസിൽ അക്കാഡമിക് ചർച്ചകളും സംവാദങ്ങളും നടത്താറുണ്ട്.**



**Muhammed Sadhik T**
TISS, MUMBAI

What is notable about campus politics at TISS is that it is not guided or facilitated by political parties or any student wings unlike in other universities. Tiss is not conducive to such patry politics especially because of expectation of adherence to Lyngdoh commision. However, individually motivated students come together and form organisations and sometimes issue based pressure groups may work with the student body and respond to intra campus issues and also participate on national level issues.

Cotnrary to Social science orientation most of them retsrict their opinions to academic discussions in class while there are also students who are constantly protesting on feehikes, withdrawal of scholarships, excessive surveillance and most recently installation of biomteric attendance system.

Irrespective of ideological differences, students have come together to hold public meetings and rallies to speak against injustices such as Rohit, Surgical srikes, recent dismissal of 8 dalit students from Babasaheb Bhimrao Ambedkar Universtiy (BBAU) Lucknow etc. TISS has only one students union for its four campuses. (Mumbai, Hyderabad, Tuljapur, Guhawathi)



ഫാഹിം അഹമ്മദ് പി.വി
(ഒന്നാം വർഷം, എം.കോം)



# ഫെയ്സ്ബുക്കിടങ്ങളിലെ വിദ്യാർത്ഥി വിപ്ലവങ്ങൾ

കാമ്പസുകൾ എല്ലാകാലത്തും സ്വതന്ത്ര ചിന്തയുടെയും ജനാധിപത്യ ആശയധാരകളുടെയും ഇടമാണ്. സമൂഹത്തിന്റെ നേർച്ചിത്രങ്ങളാണ് ഓരോ കലാലയങ്ങളും പകർന്നു നൽകുന്നത്. സാംസ്കാരിക സംഭവവികാസങ്ങളുടെ അലയൊലികൾ ഏറ്റവും ശക്തമായി കാണുന്നതും സജീവമായ ചർച്ചകൾ നടക്കുന്നതും ഇത്തരം സർഗാത്മക ഇടങ്ങളിലാണ്.



> **ഇന്ത്യയുടെ ചരിത്രം അങ്ങേയറ്റം വർഗ്ഗീയമാക്കുന്നതിന്, കാവിയുടെ നിറം കലർത്താൻ ശ്രമിക്കുന്നു സംഘ-പരിവാർ ഫാസിസ്റ്റ് ശക്തികൾ. ഇതിന്റെ പ്രാരംഭഘട്ടം ആരംഭിക്കുന്നത് പാഠ്യപദ്ധതിയിലെ മാറ്റങ്ങളിലൂടെയാണ്.**

സമകാലിക ഇന്ത്യൻ പശ്ചാത്തലത്തിൽ നിരവധി ക്യാമ്പസ് സമരങ്ങൾ ഉണ്ടാവുന്നുണ്ട്. തങ്ങളുടെ സങ്കുചിത രാഷ്ട്രീയ രീതിശാസ്ത്രത്തിന്റെ മർക്കടമുഷ്ടിയിൽ ഫാസിസ്റ്റ് അജണ്ടകൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന സംഘപരിവാർ ശക്തികൾ കലാലയങ്ങളുടെ ഈ മുഖം ഇല്ലാതാക്കുകയാണ്. ഹൈദരാബാദ്, സെൻട്രൽ യൂണിവേഴ്സിറ്റിയും ഡൽഹി ജെ.എൻ.യുവും പൂണെയിലെ നാഷണൽ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി നിരവധി പ്രമുഖ കലാലയങ്ങളുടെ ഈ പട്ടിക പോണ്ടിച്ചേരി യൂണിവേഴ്സിറ്റി മാഗസിൻ വിവാദം വരെയെത്തി നിൽക്കുകയാണ്. ഫെയ്സ് ബുക്ക് അടക്കമുള്ള സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിൽ ലോകമൊട്ടാകെയുള്ള ജനാധിപത്യ സ്നേഹികൾ ഈ വിപ്ലവങ്ങളെ പിന്തുണക്കുകയുണ്ടായി. ഈ കലാലയങ്ങൾ മുന്നോട്ടുവെക്കുന്ന അടിസ്ഥാന ആശയങ്ങളോട് അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും സാമൂഹ്യ മാധ്യമങ്ങൾ പുതിയൊരു വിപ്ലവ പ്രതലം സമ്മാനിച്ചു.

ഇന്ത്യയുടെ ചരിത്രം അങ്ങേയറ്റം വർഗ്ഗീയമാക്കുന്നതിന്, കാവിയുടെ നിറം കലർത്താൻ ശ്രമിക്കുന്നു സംഘ-പരിവാർ ഫാസിസ്റ്റ് ശക്തികൾ. ഇതിന്റെ പ്രാരംഭഘട്ടം ആരംഭിക്കുന്നത് പാഠ്യപദ്ധതിയിലെ മാറ്റങ്ങളിലൂടെയാണ്. രാജ്യത്തിന്റെ ഭാവി തലമുറയിൽ വർഗീയ വിഷം കുത്തിവെച്ചുകൊണ്ട് മാനസികപരമായും വൈകാരികപരമായും തങ്ങളുടെ ആശയങ്ങൾ നിറക്കാനാണ് ശ്രമിക്കുന്നത്.

പോണ്ടിച്ചേരി യൂണിവേഴ്സിറ്റി എന്നത് സർഗാത്മകമായ ആശയങ്ങൾ പിറവിയെടുക്കുന്ന ഇന്ത്യയിലെ മികച്ച അക്ഷരകേന്ദ്രങ്ങളിലൊന്നാണ്. ഈ വർഷം പോണ്ടിച്ചേരി യൂണിവേഴ്സിറ്റി വിദ്യാർത്ഥി യൂണിയൻ പുറത്തിറക്കിയ വൈഡർ സ്റ്റാന്റ്എന്ന മാഗസിനാണ് അവിടേക്ക് ബി.ജെ.പി, എ.ബി.വി.പി. പ്രവർത്തകരുടെ ശ്രദ്ധ തിരിച്ചത്. Resistance അഥവാ പ്രതിരോധം എന്നർത്ഥമുള്ള ജർമൻവാക്കാണ് വൈഡർസ്റ്റാന്റ്.കേന്ദ്ര ഗവൺമെന്റിനെതിരെയും ഗവൺമെന്റിന്റെ ജനവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെയും, പദ്ധതികൾക്കെതിരെയും കടുത്ത ഭാഷയിൽ വിമർശിച്ചുകൊണ്ടാണ് മാഗസിനിൽ വിവിധ വിദ്യാർത്ഥികളും അധ്യാപകരും രചനകൾ എഴുതിയിരിക്കുന്നത്. കോളേജുകളിൽ ഫീസ് വർദ്ധിപ്പിക്കുന്നതടക്കമുള്ള അശാസ്ത്രീയമായ വിദ്യാഭ്യാസ നയങ്ങളെയും കേന്ദ്ര മാനവവിഭവശേഷി മന്ത്രി സ്മൃതി ഇറാനിയെയും വിമർശിക്കുന്നുണ്ട്. കൂടാതെ, ദലിത്-മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ, രാജ്യത്തിന്റെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ കാവിവത്കരണ, ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ ആത്മഹത്യ ചെയ്ത ദലിത് വിദ്യാർത്ഥി രോഹിത് വെമുല തുടങ്ങിയ സമകാലിക ഇന്ത്യയുടെ മുഖം തന്നെ മാറ്റിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിലേക്കാണ് കടുത്ത ഭാഷയിൽ മാഗസിൻ വിരൽ ചൂണ്ടുന്നത്. മാഗസിൻ വിതരണം തൽക്കാലത്തേക്ക് നിർത്തി വെക്കേണ്ടി വന്നു.

1926-ൽ ബർലിനിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച ഇതേ പേരിലുള്ള മാഗസിനെ പിന്തുടർന്നാണ് ഈ പേര് പോണ്ടിച്ചേരി മാഗസിന് നിർദ്ദേശിച്ചത്. ഏണസ്റ്റ് നീകീഷും എന്ന ജർമൻ രാഷ്ട്രീയ സാമൂഹിക പ്രവർത്തകന്റെ പത്രാധിപത്യത്തിലായിരുന്ന മാഗസിനായിരുന്നു ഇത്. 1934-ൽ ഇതിന്റെ പ്രവർത്തനം നിലച്ചു. നീകീഷ് 1937-ൽ അറസ്റ്റ് ചെയ്യപ്പെട്ടു.

ആയിരത്തോളം ബി.ജെ.പി., എബി.വി.പി. പ്രവർ



> **രാജ്യദ്രോഹികളുടെ താവളമായി ജവഹർലാൽ നെഹ്റു സർവകലാശാലയെ മുദ്രകുത്തി ഗുരുതരമായ രാഷ്ട്രീയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അതുവഴി ജെ.എൻ.യു.വിന്റെ സാസ്കാരിക പാരമ്പര്യം തകർക്കാനുമാണ് സംഘപരിവാർ ശക്തികൾ ശ്രമിക്കുന്നത്.**



ത്തകരാണ് പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയുടെ കവാടത്തിനു മുന്നിൽ കുത്തിയിരുപ്പ് സമരം നടത്തിയത് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ വിതരണം തടയുകയും മാഗസിന്റെ ഉള്ളടക്കത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. പർദ്ദയിട്ടു പുറം തിരിഞ്ഞ് നിൽക്കുന്ന പെൺകുട്ടിയുടെ ചിത്രവും ഫാസിസ്റ്റ് ശക്തികളുടെ ഉറക്കം കെടുത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സോഷ്യൽ മീഡിയകളിലും ഈ വിഷയം കത്തിപ്പടർന്നിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകളും സംവാദങ്ങളും ഫെയ്സ്ബുക്കിലും മറ്റും നടന്നിട്ടുണ്ട്.

രാജ്യദ്രോഹികളുടെ താവളമായി ജവഹർലാൽ നെഹ്റു സർവകലാശാലയെ മുദ്രകുത്തി ഗുരുതരമായ രാഷ്ട്രീയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അതുവഴി ജെ.എൻ.യു.വിന്റെ സാസ്കാരിക പാരമ്പര്യം തകർക്കാനുമാണ് സംഘപരിവാർ ശക്തികൾ ശ്രമിക്കുന്നത്.

ഡെമോക്രാറ്റിക് സ്റ്റുഡന്റ് യൂണിയനിൽ നിന്ന് പുറത്തുപോയ കുറച്ചു വിദ്യാർത്ഥികൾ 2016 ഫെബ്രുവരി 9-ന് വൈകീട്ട് അഞ്ചിന് ജെ.എൻ.യു.വിലെ സബർമതി ധാബയിൽ 'തപാലാപ്പീസില്ലാത്ത ഒരു രാജ്യം' എന്ന പേരിൽ നടത്തിയ സാംസ്കാരിക പരിപാടിയിൽ ദേശവിരുദ്ധ മുദ്രാവാക്യം വിളിച്ചുവെന്ന് പറഞ്ഞാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. ഈ പരിപാടിയുമായി യാതൊരു ബന്ധവുമില്ലാതിരുന്ന യൂണിയൻ ചെയർമാൻ കനയ്യകുമാറിനെ അറസ്റ്റുചെയ്തതിനെ തുടർന്ന് സോഷ്യൽ മീഡിയയിലും, ഡൽഹിയിലും ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള നിരത്തുകളിലും ക്യാമ്പസുകളിലും അനുകൂലിച്ചു കൊണ്ട് നിരവധി പേർ രംഗത്തെത്തി.

അധിനിവേശത്തിന്റെ ഈ ചരിത്രം തുടങ്ങുന്നത് ബറോഡയിലെ എം.എസ് യൂണിവേഴ്സിറ്റിയിലെ ഫൈൻ ആർട്സ് ഡിപ്പാർട്ട്മെന്റ് തകർത്തു കൊണ്ടായിരുന്നു. പിന്നീട്, ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിനെ കാവി പുതപ്പിച്ചു. എൻ.സി.ആർ.ടി.യിലും നാഷണൽ ബുക്ക് ട്രസ്റ്റിലും സംഘപരിവാർ വിശ്വസ്തർക്ക് ഇരിപ്പിടമൊരുക്കി. തുടർന്ന്, പൂണെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചെയർമാനായി സംഘപരിവാർ അനുയായിയും ബി.ജെ.പി. സാംസ്കാരിക സംഘടനയുടെ നേതാവായ 'ഗജേന്ദ്ര ചൗഹാൻ' എന്ന സിനിമാ നടനെ നിയമിച്ചിരിക്കുന്നു. മൂന്നാംകിട അശ്ലീല ഹിന്ദി സിനിമകളിൽ അഭിനയിച്ചതാണത്രേ ഗജേന്ദ്രചൗഹാന്റെ പ്രതിഭ. അദ്ദേഹത്തെ നിയമിച്ചതിൽ എഫ്.ടി.ഐയിൽ വിദ്യാർത്ഥികൾ പ്രതിഷേധങ്ങളും സമരങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഇവയെയെല്ലാം അഴിച്ചൊതുക്കാനാണ് സംഘപരിവാർ ശക്തികളും കേന്ദ്രഗവൺമെന്റും ശ്രമിക്കുന്നത്. ലോകമെമ്പാടുമുള്ള സർഗസ്നേഹികൾ - സിനിമാസ്നേഹികൾ ഈ പ്രതിഷേധങ്ങൾക്ക് പിന്തുണ അറിയിക്കുകയുണ്ടായി.

പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ, ജെ.എൻ.യു.വിന്റെ, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി മാഗസിന്റെ തുടങ്ങി വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങളുടെ ഭരണം കയ്യാളാൻ ശ്രമിക്കുന്നതിന്റെ പിന്നിൽ കൃത്യമായ സംഘപരിവാർ ഫാസിസ്റ്റ് രാഷ്ട്രീയം പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സാംസ്കാരിക സ്ഥാപനങ്ങൾ മുന്നോട്ടുവെക്കുന്ന സർഗാത്മകതയും സ്വതന്ത്ര ചിന്താഗതിയും അവരുടെ ഫാസിസ്റ്റ്-വർഗിയ അജണ്ടക്ക് ഭീഷണിയാണ് എന്നതുതന്നെയാണിതിന്റെ കാരണം. അതായത്, എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും തങ്ങൾ മുന്നോട്ടുവെക്കുന്ന കർശനമായ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ പിടിയിലായിരിക്കണമെന്ന ചിന്തയാണ് അവരെക്കൊണ്ടിത് ചെയ്യിപ്പിക്കുന്നത്.






# അലാവുദീൻ കി ബാത്

നിങ്ങൾക്കെന്താണ് ഏകാധിപത്യത്തോടിത്ര വെറുപ്പ്?
**ഇന്ത്യ ഒരു ഏകാധിപത്യ രാജ്യമായിരുന്നെങ്കിൽ**
ഒന്ന് ആലോചിച്ചു നോക്കു...

അവർക്ക് രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ **10 ശതമാനം ധനികർക്ക് എഴുതിക്കൊടുക്കാം.** അവർക്ക് ടാക്സിളവ് നൽകാം, ധനികരെ വീണ്ടും ധനികരാക്കാം. അവർ പാപ്പരാവുമ്പോൾ **ആരുമറിയാതെ രക്ഷപ്പെടാൻ അവസരം നൽകാം,** കടങ്ങൾ എഴുതിത്തള്ളാം.

**നമ്മുടെ മീഡിയ സ്വതന്ത്രമാണെന്ന് തോന്നാം.** എന്നാൽ അവയെ നിയന്ത്രിക്കുന്നത് ഭരണാധികാരി തന്നെയായിരിക്കും. **ഫോൺ ചോർത്താം.** നിരപരാധികളെ ജയിലിലടക്കാം.
**ഏറ്റുമുട്ടലുകൾക്ക് പ്രത്യേകിച്ച് കാരണമെന്നും ബോധിപ്പിക്കേണ്ടതില്ല.**
ഒരു പ്രത്യേക വിഭാഗത്തെ മാത്രം ജയിലുകളിൽ കുത്തിനിറക്കാം.
**ജനവിരുദ്ധ പദ്ധതികൾ മീഡിയ വഴി അവരെക്കൊണ്ട് തന്നെ അംഗീകരിപ്പിക്കാം.**

**ഇതൊന്നും ഇവിടെ നടക്കാത്തത് ഇന്ത്യയൊരു ജനാധിപത്യ രാജ്യമായതുകൊണ്ടാണല്ലോ.**

പല നിറങ്ങളും പല ഗന്ധങ്ങളും പല വലിപ്പവുമുള്ള പൂക്കൾ ഒരൊറ്റ മരത്തിലെ ചില്ലകളിൽ കണ്ടാൽ ആരുമൊന്ന് നോക്കിപോകും, വിസ്മയപ്പെടും. ഇതെങ്ങനെ വന്നുവെന്ന് ചിന്തിക്കും. അതിന്റെ ഭംഗി ആസ്വദിക്കും. ആ തണലിൽ ഇത്തിരി നേരമിരിക്കും. പറ്റുമെങ്കിൽ പിന്നെയും പിന്നെയും ആ അനുഭവം തേടി വന്നെത്തും...

പുഷ്പ വൈവിധ്യം നിറഞ്ഞ ഒരൊറ്റ മരം പോലെയാണ് ഭാഷയും സംസ്കാരവും മതവും വേഷവിധാനവും അത്ഭുതകരമാം വിധം വിഭിന്നമായ നമ്മുടെ രാജ്യം.

ടാഗോർ ഒരിക്കൽ പറഞ്ഞു.

Oneness amogst men, the advancement of untiy in diverstiy this has been the core religion of India. മറ്റെവിടെയും കാണാനാകാത്തത്രയ്ക്ക് വ്യതിരിക്തതകളുണ്ടായിരുന്നിട്ടും ഇത്രയും കാലം നൂറ്റിമുപ്പത്തിനാല് കോടി ജനങ്ങളെ ഒരുമിപ്പിച്ചു നിർത്തിയത് തീർച്ചയായും ഒരു ദേശമെന്ന വികാരമായിരിക്കണം.

ഇന്ത്യയിലെ ഒരു സംസ്ഥാനത്തിന്റെ അത്രപോലും വിസ്തൃതിയോ ജനസംഖ്യയോ ഇല്ലാത്ത ചില രാജ്യങ്ങളിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന രാഷ്ട്രീയ അരക്ഷിതാവസ്ഥയും അശാന്തിയും തകർത്തു കളഞ്ഞ ജീവിതങ്ങളെക്കുറിച്ച് നമ്മൾ വായിക്കാറുണ്ട്. ഏകാധിപത്യത്തിനോ രാജവാഴ്ച്ചക്കോ സമാനമായ സാഹചര്യങ്ങളിൽ തികച്ചും അസംതൃപ്തരായി ജീവിക്കുന്നവരും




# സാംസ്കാരിക ദേശീയതയും ഇന്ത്യൻ മതേതരത്വവും

ഹാഫിസ് മുഹ്സിൻ (ഒന്നാം വർഷം, എം.എ. അറബിക്)

ഉണ്ട്. അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ജനങ്ങളെ ശക്തിയുപയോഗിച്ച് അടിച്ചമർത്തുന്ന സർക്കാരുകളുമുണ്ട് ലോകത്തിന്റെ പല ഭാഗങ്ങളിലും. അധിനിവേശ ശക്തികളുടെ അനീതി ഭരണത്തിൽ നരകതുല്യമായി ജീവിതം നയിക്കുന്ന ജനതയുടെ ചിത്രം പത്രമാധ്യമങ്ങൾ വഴി നമ്മൾ അറിയാറുണ്ട്.

കശ്മീർ പ്രശ്നവും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ സുരക്ഷാപ്രശ്നങ്ങളും ഒറ്റപ്പെട്ട അക്രമസംഭവങ്ങളും ഒഴിച്ചു നിർത്തിയാൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യ പൊതുവെ ശാന്തമാണ്.

രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന ഈ ഐക്യവും ശാന്തിയും എത്ര വിലപ്പെട്ടതാണെന്ന് നമുക്കറിയാം. എന്ത് വില നൽകിയും അതിനെ സംരക്ഷിക്കേണ്ട ബാധ്യതയും നമുക്കുണ്ട്.




അതുകൊണ്ടുതന്നെ കുറച്ചുനാളുകളായി മതവിശ്വാസവുമായി ബന്ധപ്പെടുത്തി പത്രങ്ങളിലും സോഷ്യൽ മീഡിയകളിലും ചർച്ചയായിക്കൊണ്ടിരിക്കുന്ന വാർത്തകളെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടതുണ്ട്. ചെറിയ ചെറിയ വാർത്തകളിൽ നിന്ന് തുടങ്ങി അനാവശ്യമായി പെരുപ്പിച്ച് വ്യത്യസ്ത മതക്കാർക്കിടയിൽ വിടവുകൾ സൃഷ്ടിക്കുന്ന പ്രവണതയെ നാം നന്നായി തിരിച്ചറിയേണ്ടതുണ്ട്. അനവസരങ്ങളിൽ അനാവശ്യമായി മതത്തെ വലിച്ചിഴയ്ക്കുകയും മാധ്യമങ്ങളിൽ അത് വ്യാപകമായി ആഘോഷിക്കപ്പെടുകയും ചെയ്യുന്നത് ഇന്ന് നിത്യ സംഭവമായി മാറുന്നുണ്ട്. അതിൽ ആനന്ദിക്കുകയും പ്രതികാരം തീർക്കുകയും ചെയ്യുന്ന സങ്കുചിത മനസ്സുകൾ ഉണ്ടെന്നുള്ളതാണ് ഇതിന്റെ പിന്നിലുള്ള ഞെട്ടിപ്പിക്കുന്ന സത്യം.

**"എനിക്ക് എന്റെ മതം എത്രമാത്രം പ്രിയപ്പെട്ടതാണോ അതുപോലെ എന്റെ സുഹൃത്തിനും സഹപാഠിക്കും അയൽക്കാരനും സഹപ്രവർത്തകനും അവന്റെ മതം അല്ലെങ്കിൽ മതമില്ലായ്മ പ്രിയപ്പെട്ടതാണ്."**

മതം, ജാതി, ദേശം, ഭാഷ, വർണ്ണം, ലിംഗം തുടങ്ങിയ വിവേചനത്തിന്റെ അളവുകോലുകളിൽ മതം എപ്പോഴുമൊരു വൈകാരിക വിഷയമാകാറുണ്ട്. മറ്റവസരങ്ങളിൽ വിവേകപൂർണ്ണമായ നിലപാട് കൈക്കൊള്ളുന്നവർക്ക് പോലും മതവികാരത്തെ കണക്കിലെടുക്കുന്ന സമയത്ത് പലപ്പോഴും സഹിഷ്ണുത പാലിക്കാൻ കഴിയാതെ പോകുന്നു.

എനിക്ക് എന്റെ മതം എത്രമാത്രം പ്രിയപ്പെട്ടതാണോ അതുപോലെ എന്റെ സുഹൃത്തിനും സഹപാഠിക്കും അയൽക്കാരനും സഹപ്രവർത്തകനും അവന്റെ മതം അല്ലെങ്കിൽ മതമില്ലായ്മ പ്രിയപ്പെട്ടതാണ്, ശരിയാണ് എന്ന് തീരുമാനിക്കാൻ കഴിയുമ്പോൾ മനസ്സിലെ വർഗീയതയുടെ അഴുക്ക് അപ്രത്യക്ഷമാകുന്നു. ഏതെങ്കിലുമൊരു മതത്തിന്റെ അനുയായി ആയിട്ടല്ല മറിച്ച് ഒരു സഹജീവി ആയിട്ടാണ് നാം ഓരോരുത്തരേയും പരിഗണിക്കേണ്ടത്.



പോയ കാലത്തിന്റെ അപകടം പിടിച്ച അവശിഷ്ടങ്ങളിലൊന്നാണ് ജാതി സംവിധാനം. ഒരു മതത്തിനകത്ത് പിന്നെയും മനുഷ്യരെ ഉയർന്ന ജാതിയെന്നും കീഴ് ജാതിയെന്നും തരം തിരിക്കുന്നത് മതവർഗീയതപോലെത്തന്നെ അപകടകരമാണ്. "ഉയർന്ന" വിഭാഗക്കാർക്ക് ആരാധനാനുഷ്ഠാനങ്ങളിലടക്കം മേൽക്കോയ്മ അനുവ

ദിച്ച് കീഴാളരെ പാർശ്വവൽക്കരിക്കുമ്പോൾ അത് സമൂഹത്തിൽ ആഴത്തിലുള്ള മുറിവുകൾ സൃഷ്ടിക്കും.

തൊഴിലിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടു വന്ന ഇത്തരം വിഭാഗങ്ങളെ വിവിധ തൊഴിലുകളറിയാവുന്ന, ആ തൊഴിൽ ചെയ്ത് ജീവിക്കുന്ന അല്ലെങ്കിൽ ജീവിച്ചിരുന്ന പ്രത്യേക സമൂഹമായി മാത്രം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ മറ്റു മേഖലകളിൽ നിന്ന് അവരെ മാറ്റി നിർത്തുകയോ അവഗണിക്കുകയോ ചെയ്യേണ്ട അവസ്ഥ ഉണ്ടാകുന്നുമില്ല.



## വൈവിധ്യങ്ങളെ ആഘോഷിക്കാം

വർണ്ണ വിവേചനം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമാകുന്നില്ല. ഭൂമിശാസ്ത്രപരമായി സൂര്യപ്രകാശത്തിന്റെ തീവ്രതയ്ക്കനുസരിച്ച് ഓരോ പ്രദേശങ്ങളിലെ മനുഷ്യർക്കും ഓരോ നിറമാണ്. പിടിച്ചടക്കി ഉടമകളായി മാറിയ വെളുത്ത വർഗ്ഗക്കാരുടെ കീഴിൽ ജീവിക്കുന്നവർക്ക് ഒരു പക്ഷെ ഇന്നും ഇത്തരം വിവേചനങ്ങളെ നേരിടേണ്ടിവരാറുണ്ട്.

വൈവിധ്യങ്ങൾ ഒരു സമൂഹത്തിന്റെ ശക്തിയാണ്. യഥാർത്ഥത്തിൽ എല്ലാവരും ഒരേ ഭാഷ സംസാരിക്കുന്നവരും ഒരേ മതവിശ്വാസമുള്ളവരും ഒരേ രീതിയിൽ വസ്ത്രം ധരിക്കുന്നവരും ഒരേ നിറമുള്ളവരും ആയിരുന്നുവെങ്കിൽ ലോകം എത്ര അരസികമായേനേ. കശ്മീർ മുതൽ കന്യാകുമാരി വരെ നീളത്തിലും, ഗുജറാത്ത് മുതൽ അരുണാചൽ പ്രദേശ് വരെ കുറുകെയും വിശാലമായ ഇന്ത്യയിൽ, ആറു നാട്ടിൽ നൂറെന്നെല്ല അറുനൂറു ഭാഷ എന്നു പറഞ്ഞാലും തെറ്റില്ല. വേഷവിധാനങ്ങളും, ജീവിതശൈലിയും ഭക്ഷണ രീതികളും തൊഴിലും സംസ്കാരവും ചിരിത്രവുമെല്ലാം അത്യന്തം വ്യത്യസ്തമായ സമാനതകളില്ലാത്തതാണ് ഈ മണ്ണ്.

**“യഥാർത്ഥത്തിൽ എല്ലാവരും ഒരേ ഭാഷ സംസാരിക്കുന്നവരും ഒരേ മതവിശ്വാസമുള്ളവരും ഒരേ രീതിയിൽ വസ്ത്രം ധരിക്കുന്നവരും ഒരേ നിറമുള്ളവരും ആയിരുന്നുവെങ്കിൽ ലോകം എത്ര അരസികമായേനേ.”**




ഈ നിറപ്പകിട്ടുള്ള ജനങ്ങൾക്കിടയിൽ കവിതയുടെ വരികൾ പറയും പോലെ: “എനിക്കുണ്ടൊരു ലോകം

നിക്കുണ്ടൊരു ലോകം

നമുക്കില്ലൊരു ലോകം” എന്ന പോലെ സ്വാർത്ഥരും ഇടുങ്ങിയ മനസ്സുള്ളവരും ആയിത്തീരരുത് നാം. എന്റേതു ശരിയെന്നുള്ള തെറ്റായ ധാരണയിൽ നിന്നാണ് എല്ലാ വിവേചനത്തിന്റെയും തുടക്കം. സ്വന്തം അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ ഭക്ഷിക്കുന്നത് പാപമാണെന്ന സ്വന്തം വിഭാഗത്തെ അന്യായമായി പിന്തുണയ്ക്കുന്നത് വർഗീയതയാണെന്നുമൊക്കെ പറഞ്ഞു പഠിപ്പിച്ച മതവിശ്വാസികൾക്ക് എങ്ങനെ അതേ മതത്തിന്റെ പേരുപറഞ്ഞ് മറ്റുള്ളവരെ മാറ്റി നിർത്താനാകും? നമുക്കിവിടെ ഒരു വർഗീയ സംഘടനയുടേയോ ഒരു തീവ്രവാദപ്രസ്ഥാനത്തിന്റെയോ യാതൊരു ആവശ്യവും ഇല്ലതന്നെ.

കവി ഭാവന പോലെ ‘ഇലകൾ തമ്മിൽ തൊടുമെന്ന് പേടിച്ച് അകറ്റി നട്ട മരങ്ങളുടെ വേരുകൾ ഭൂമിക്കടിയിൽ കെട്ടിപ്പിടിക്കുന്നതു’പോലെ സാമ്യതകളെ പങ്കുവെച്ച് വ്യതിരിക്തതകളെ ആഘോഷിച്ച് ഒറ്റമരത്തിലെ നിറമുള്ള പൂക്കളാകണം നമുക്ക്. ●



# നീതി V/s മനുഷ്യാവകാശം

ഫാസിൽ (ഒന്നാം വർഷം, എം.കോം.)

"ഞാൻ 20 വയസ്സുള്ള ചെറുപ്പക്കാരനായിരുന്നു, പക്ഷേ എനിക്കിപ്പോൾ 43 വയസ്സ്, എന്റെ കുഞ്ഞനുജത്തിയെ അവസാനമായി ഞാൻ കാണുമ്പോൾ അവൾക്ക് 12 വയസ്സായിരുന്നു. പക്ഷേ അനിയത്തിക്കിന്ന് 12 വയസ്സുള്ള ഒരു മകളുണ്ട്. എന്നെക്കാൾ 2 വയസ്സ് പ്രായം കുറവുള്ള മറ്റൊരു അനിയത്തി തന്റെ പേരക്കുട്ടിയെ താലോലിക്കുന്നു. ഒരു തലമുറ കഴിഞ്ഞുപോയിരിക്കുന്നു." വാക്കുകൾക്കിടയിൽ നിസാർ അഹമ്മദ് വിതുമ്പുന്നുണ്ടായിരുന്നു. വേദിയിലും സദസ്സിലുമുള്ള സകലരുടെയും കണ്ണുകളെ ഈറനണിയിപ്പിച്ചുകൊണ്ടാണ് 23 വർഷത്തെ തന്റെ ജയിൽ ജീവിതം നിസാർ പറഞ്ഞവസാനിപ്പിച്ചത്. അങ്ങനെ കുറെ മനുഷ്യർ ജീവിതത്തിനും മരണത്തിനുമിടയിൽ കാലം കഴിച്ചവർ.

നിയമം, നീതി, ശിക്ഷ തുടങ്ങിയ പ്രയോഗത്തിൽ കാലപ്പഴക്കംചെന്ന നമ്മുടെ ഭരണം, നിയമനിർമാണ, നീതിന്യായ വ്യവസ്ഥകളുടെ പ്രതിഫലനമുണ്ട്. ജനാധിപത്യരാജ്യമെന്ന നിലക്ക് ഇന്ത്യയെപ്പോലുള്ള ഒരിടത്ത് എന്നും പ്രസക്തമാകുന്ന ചില വാക്കുകൾ, എന്നാൽ, ഇന്ത്യൻ പീനൽകോഡുകൾ ഹൃദിസ്ഥമാക്കി പരീക്ഷപേപ്പറിൽ പകർത്തി എഴുതി, ബിരുദസർട്ടിഫിക്കറ്റ് ചില്ലുകൂട്ടിൽ സൂക്ഷിച്ചുവെക്കുക മാത്രം ചെയ്യുന്ന നീതിന്യായ വ്യസ്ഥയിലേക്ക് രാജ്യം മാറിയിട്ടുണ്ട്.

നിയമങ്ങൾ ജനങ്ങളെ സംരക്ഷിക്കാനാണെന്നതിൽ സംശയമില്ല. എന്നാൽ ദൗർഭാഗ്യവശാൽ UAPA പ്രതിഫലിപ്പിക്കുന്നത് കാലഹരണപ്പെട്ട കരിനിയമങ്ങളായ ടാഡയെയും പോട്ടയെയുമാണ്. നമ്മുടെ ഭരണഘടനാ താൽപര്യങ്ങൾക്കെതിരായാണ് കരിനിയമങ്ങൾ പ്രവർത്തിക്കുന്നത്. തീവ്രവാദത്തെയും ഭീകരവാദത്തെയും ചെറുക്കാനാണ് സർക്കാർ ടാഡയും, പോട്ടയും കൊണ്ടുവന്നത്. എന്നാൽ പ്രായോഗികതലത്തിൽ നിയമം അങ്ങേയറ്റത്തെ മുൻവിധിയുടേയും ദുരുപയോഗത്തിന്റെയും ഉപകരണമായി അന്വേഷണ ഏജൻസികളിൽ രൂഢമൂലമായ വർഗ്ഗീയതയും, വംശീയതയും ജാതിബോധവും, അധികാര ദുർവിനിയോഗവും നിരപരാധികളായ യുവാക്കളെ ജാമ്യമോ, യഥാസമയം വിചാരണയോ ഇല്ലാതെ തടവറയ്ക്കുള്ളിൽ തള്ളാൻ കാരണമായി.

**1984 മുതൽ ടാഡ പ്രകാരം ആകെ അറസ്റ്റ് ചെയ്ത ഗുജറാത്തിലെ 18,686ഉം പഞ്ചാബിലെ 15,314ഉം പൂർണമായും മതന്യൂനപക്ഷമായിരുന്നു.**

മുൻ കരുതൽ തടങ്കൽ, കസ്റ്റഡി പീഡനം, വ്യാജഏറ്റുമുട്ടൽ, കൊല, തുടങ്ങിയവയ്ക്ക് പോലീസിന് ഈ നിയമങ്ങൾ സഹായകമായി. ദുരുപയോഗവും, കടുത്ത വകുപ്പുകളും പൗരാവകാശ സംഘടനകളുടെ വ്യാപകമായ പ്രതിഷേധം വിളിച്ചുവരുത്തിയതിനെ തുടർന്നാണ് 1995ൽ ടാഡ നിർത്തലാക്കിയത്. ടാഡയുടെയും പോട്ടയുടെയും, ഇരകളിൽ സിംഹഭാഗവും മുസ്ലിം ന്യൂനപക്ഷം ആയിരുന്നു എന്നത് ഒരു നഗ്നസത്യമാണ്.

1984 മുതൽ ടാഡ പ്രകാരം ആകെ അറസ്റ്റ് ചെയ്ത ഗുജറാത്തിലെ 18,686ഉം പഞ്ചാബിലെ 15,314ഉം പൂർണമായും മതന്യൂനപക്ഷമായിരുന്നു. പഞ്ചാബിൽ തടവിലാക്കിയിരുന്നത് മുഴുവൻ സിക്കുകാരെ ആയിരുന്നെങ്കിൽ ഈ കാലയളവിൽ ജമ്മുകാശ്മീരിൽ 15,225ഉം അസമിൽ 12,715 മുസ്ലിംകളെയാണ് ജയിലിൽ അടച്ചത്.

ആകെ ടാഡ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവർ 75,500 പേരായിരുന്നു. ഇതിൽ കുറ്റം തെളിയിക്കപ്പെട്ടത് 0.81% മാത്രവും. 59,506 നിരപരാധികളെ കള്ളക്കേസിൽ കുടുക്കി ജയിലിലടച്ചു എന്ന് ചുരുക്കം.

2011 സെപ്തംബർ 11ന് അമേരിക്കയിൽ നടന്ന ആക്രമണത്തിന്റെ പശ്ചാതലത്തിൽ 2002ൽ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിലാണ് പോട്ട പാസാക്കിയത്. 2001 ഡിസംബർ 13ലെ പാർലമെന്റ് ആക്രമണം പോട്ടക്ക് അനുകൂലമായ അന്തരീക്ഷമൊരുക്കി. ദരിദ്രരും പാർശ്വവത്കൃതരുമായ ഇന്ത്യൻ മുസ്ലിംകളെ ഭീതിയുടെ മുൾമുനയിൽ നിർത്താൻ തീവ്ര ഹിന്ദുത്വ വലതുപക്ഷ പാർട്ടിയായ ബി.ജെ.പി. ഈ ഉപകരണങ്ങൾ ശക്തമായ ആയുധമാക്കി. മുസ്ലിം സംഘടനകൾക്കും, ഇടതുപക്ഷസംഘടനകൾക്കുമെതിരെ നിരോധന നടപടികളുംഇതിനോടനുബന്ധിച്ചുണ്ടായി.



ഒരു സംഭവത്തിന്റെ കേസ്ഡയറി സാധാരണ തയ്യാറാക്കുന്നത് അന്വേഷണ ഉദ്യോഗസ്ഥനാണ്. കേസ്ഡയറി പരിശോധിച്ച് കുറ്റാരോപിതനെതിരെ പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് ബോധ്യമായാൽ ജഡ്ജിക്ക് ജാമ്യം



**കെട്ടിച്ചമച്ച കേസുകളിലൂടെ ഭരണകൂട വിവേചനം അനുഭവിക്കുന്നവർ 'ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിൽ' വർദ്ധിച്ചു വരുന്നു.**

നിഷേധിക്കാം. എന്നാൽ മിക്കവാറും കേസുകളിൽ ഇത് നീണ്ട കാലയളവിലേക്കുള്ള കാരാഗൃഹവാസമായി മാറുന്നു. നിരപരാധിയെന്ന് കണ്ടെത്തി വിട്ടയച്ചാൽപോലും കുറ്റവാളിയെന്ന മുദ്ര മായാത്ത വിധത്തിൽ മാധ്യമ വിചാരണ നടക്കുന്നു. പൗരന്റെ ജീവിതവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന ഭരണഘടനയുടെ 21-ാം ആർട്ടിക്കിളിന്റെ നഗ്ന ലംഘനമാണിത്. കുറ്റാരോപിതരെ, പ്രത്യേകിച്ച് മുസ്ലിംകൾ, ആദിവാസികൾ, ദലിതുകൾ എന്നിവരെ കൈകാര്യം ചെയ്യുന്നിടത്ത് മുൻവിധികളും സ്വാർത്ഥ താൽപര്യങ്ങളുമില്ലാതെ പോലീസ് ഇടപെടുമെന്ന് വിശ്വസിക്കാൻ പ്രയാസമാണ്.

നീതിബോധമുള്ള മുഴുവൻ ആളുകളുടെയും മുമ്പിൽ ചോദ്യചിഹ്നമായി അബ്ദുനാസർ മഅ്ദനി ജയിൽവാസം തുടരുന്നു. 4000 ദിവസത്തെ ജയിൽവാസമനുഭവിച്ച ഒരു മനുഷ്യൻ ഇന്ത്യൻ ജനാധിപത്യത്തെ തന്നെയാണ് പുനർവായനക്ക് വിധേയമാക്കുന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ "ഇനി വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന്റെ കേസുകൾ മാത്രമാണ് തന്റെ പേരിൽ ചുമത്താൻ ബാക്കിയുള്ളത്".

കെട്ടിച്ചമച്ച കേസുകളിലൂടെ ഭരണകൂട വിവേചനം അനുഭവിക്കുന്നവർ 'ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിൽ' വർദ്ധിച്ചു വരുന്നു. വിചാരണയും വിസ്താരവും പൂർത്തിയാകാതെ പരപ്പനങ്ങാടി സ്വദേശി സകരിയയുടെ ജയിൽ ജീവിതത്തിന്റെ 8-ാം വാർഷികമായിരുന്നു ഈ കഴിഞ്ഞത്.

ഒരു സമൂഹത്തെ ഭീതിയുടെ നിഴലിൽ നിർത്തിയാൽ അവർക്കെതിരെ എന്തുമാവാം എന്ന വളരെ എളുപ്പമുള്ള യുക്തിയാണ് പലയിടത്തും നടപ്പിലാക്കുന്നത്. ഇരകൾക്ക് വേണ്ടി സംസാരിക്കുന്നവരുടെ ആത്മവിശ്വാസത്തെ പോലും ചോർത്തിക്കളയാൻ കഴിയുമെന്നിടത്താണ് ഭീതിയുടെ രാഷ്ട്രീയം ആത്യന്തികമായി വിജയിക്കുന്നത്. പിടിക്കപ്പെടുന്നവർ അപരാധിയോ നിരപരാധിയോ എന്നതിനേക്കാൾ പ്രധാനം അവർക്കത് തെളിയിക്കുവാനുള്ള അവസരവും അവകാശവും നൽകപ്പെടുക എന്നത് തന്നെയാണ്.

ഇന്ത്യയിലെ കരിനിയമങ്ങൾ പുനഃപരിശോധന നടത്താൻ വ്യവസ്ഥയില്ല. ബ്രിട്ടണിൽ ഇത്തരം നിയമങ്ങളുടെ പുനഃപരിശോധനാ റിപ്പോർട്ട് പാർലമെന്റിന് മുമ്പാകെ വെക്കണം. ഇന്ത്യയിലും അത്തരം ഒരു വ്യവസ്ഥ നടപ്പിലാക്കിയാൽ നിയമദുരുപയോഗം ഒരു പരിധിവരെ തടയാനാകും.

ജനാധിപത്യബോധത്തോടെ യുള്ള കൂട്ടായ പ്രതിഷേധങ്ങളാണ് ഇവയെ തടഞ്ഞുനിർത്താനുള്ള ഏക പോംവഴി. നിയമം ജനസുരക്ഷയ്ക്കും സാമൂഹ്യനീതിക്കും വേണ്ടിയാകണം. ഭരണകൂടത്തെ സംരക്ഷിക്കാനും അവയുടെ അധികാരങ്ങൾ ശക്തിപ്പെടുത്താനുമല്ല. ജനങ്ങളെ സംരക്ഷിക്കാനും ജനങ്ങൾക്ക് നീതി നടപ്പാക്കാനുമാണ് നിയമങ്ങൾ എന്ന തിരിച്ചറിവുണ്ടാകണം.

# 'മേരെ പ്യാരെ ദേശ് വാസിയോം...'

'ധർമപുരിയിൽ ഒട്ടുമുക്കാൽ കിണറുകളും കുളങ്ങളും എന്തിന് പുണ്യനദികൾ വരെ ശൗചാലയവെള്ളം കൊണ്ട് മലിനമാക്കപ്പെട്ടിരിക്കുന്നു.'ബിനാപാനി ശൗചാലയ്' എന്ന പദ്ധതിയല്ലാതെ വർധിച്ചു വരുന്ന ജനസംഖ്യ കണക്കിലെടുത്ത് രാഷ്ട്രത്തിനു മുമ്പിൽ വേറെ പോംവഴികളില്ല.ആയതിനാൽ,

ഇന്ന് രാത്രി പന്ത്രണ്ടു മണി മുതൽ നിങ്ങൾ ഉപയോഗിക്കുന്ന ശൗചാലയങ്ങൾ 'ലീഗൽ ശൗചാലയങ്ങൾ' ആയി പരിഗണിക്കപ്പെടില്ല.

അടുത്ത ജനുവരി ഒന്നിനു മുൻപ് എല്ലാവരും പഴയ ശൗചാലയങ്ങൾ പൊളിച്ചുമാറ്റി റിയലൻസ് കമ്പനിയുടെ 'ബിനാ പാനി ശൗചാലയങ്ങൾ' സ്ഥാപിക്കേണ്ടതാണ്.

ആധാർ കാർഡുമായി വരുന്നവർക്ക് ദിവസേന അര കിലോഗ്രാമും, ആഴ്ചയിൽ മൂന്ന് കിലോഗ്രാമും നിക്ഷേപിക്കാവുന്നതാണ്.

അതിൽ കൂടുതൽ നിക്ഷേപിക്കുന്നവർ 'സോഴ്സ്' കാണിച്ചു ഗ്രാമിന് പത്തു രൂപ വീതം ധർമഭാരത ടാക്സ് അടക്കേണ്ടതാണ്.

വയറിന് അസ്കിതയുണ്ടായാൽ, ഡോക്ടറുടെ സർട്ടിഫിക്കറ്റുമായി വന്നാൽ ഒരാൾക്ക് ദിവസം ഒന്നര കിലോഗ്രാം വരെ നിക്ഷേപിക്കാം.

പ്യാരേ ദേശ്വാസിയോം,

ചിലപ്പോൾ മണിക്കൂറുകൾ നിങ്ങൾ ക്യൂ നിൽക്കേണ്ടി വന്നേക്കാം, അപ്പോൾ അതിർത്തിയിലെ പട്ടാളക്കാർ യുദ്ധസമയത്ത് അപ്പിയിടാറില്ല എന്നോർക്കണം. ●

(കടപ്പാട്: ആരോ?, വാട്സ് ആപ്പ്)



# നോട്ടില്ലാ കാലം!



**മുഹമ്മദ് അസ്ഹർ** (ഒന്നാം വർഷ എക്ണോമിക്സ്)

നവംബർ 8, 2016 ചൊവ്വ രാത്രി 8.15, വിമാനത്തിന്റെ കോണിപ്പടികൾ കയറി രാജ്യത്തോട് കൈവീശി യാത്രപറഞ്ഞ് മാത്രം കാണാറുള്ള ഒരു പ്രധാനമന്ത്രിയെ പെട്ടെന്ന് ടി.വി സ്ക്രീനിൽ കണ്ടപ്പോൾ കൗതുകത്തോടെയും ഒരുപിടി പ്രതീക്ഷയോടെയുമാണ് ഓരോ ഭാരതീയനും ആ വാക്കുകൾക്കായി കാത്തിരുന്നത്. അഖ്ലാഖിന്റെ കൊലപാതകത്തിലൂടെ തുടങ്ങി രോഹിത് വെമുല എന്ന ദളിത് വിദ്യാർത്ഥിയുടെ ആത്മഹത്യയിലൂടെ വേരുറപ്പിച്ച് അവസാനം നജീബെന്ന വിദ്യാർത്ഥിയുടെ തിരോധാനത്തിൽ അവസാനിച്ച് നിൽക്കുന്ന രാജ്യം ഏറെ തീക്ഷണതയോടെ ചർച്ച ചെയ്യുന്ന അസഹിഷ്ണുയുടെ കാലത്തെ സംഭവങ്ങളിൽ അതുവരെ ഒന്നും പ്രതികരിക്കാത്ത ഒരു രാജ്യതലവനിൽ നിന്നും ചിലതൊക്കെ പ്രതീക്ഷിച്ചുപോയതിൽ ഒരു 'ആം ആദ്മി'യേയും കുറ്റം പറയാൻ കഴിയില്ല.

...അങ്ങനെ കടന്നുപോവാൻ അനുവദിക്കില്ല



അത്ഭുതപ്പെടുത്തിയിരിക്കുന്നു മോഡിയുടെ ആ പ്രസ്താവന. രാജ്യത്ത് അന്ന് അർദ്ധരാത്രി മുതൽ 1000, 500 രൂപ നോട്ടുകൾ അസാധുവാണെന്ന് പ്രഖ്യാപിച്ചതിലൂടെ ആ രാത്രിയിലെങ്കിലും പ്രതികരണശേഷി നഷ്ടപ്പെടാത്ത ഒരു കൂട്ടം ജനതയുടെ ചിന്തകളിൽ നിന്നും അഖ്ലാഖും, രോഹിത് വെമുലയും, നജീബും താൽക്കാലികമായിട്ടെങ്കിലും മാഞ്ഞുപോയിട്ടുണ്ടെങ്കിൽ, അതു തന്നെയാണ് ആ തീരുമാനത്തിന്റെ വലിയ വിജയം. കള്ളപ്പണക്കാരെ പിടിക്കുക എന്നതിനേക്കാളും ഇത് പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ തെളിയുകയും ചെയ്തു. ഒരു 'അർദ്ധരാത്രി' സത്യം പോലെ.

ആ അർദ്ധരാത്രി മുതൽ തന്നെ നോട്ട് പിൻവലിക്കലിന്റെ ഭാവി പ്രതിസന്ധികളും, സാമ്പത്തികമായി തകരാൻ പോകുന്ന ഭാരതത്തിന്റെ ഭാവികാലവും മാധ്യമങ്ങളിൽ ചർച്ചയായി തുടങ്ങിയപ്പോൾ അതിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പ്രതിസന്ധികളെയും വെല്ലുവിളികളെയും ചർച്ചചെയ്യാൻ സാധാരണക്കാരന്റെ ഒത്തുചേരലുകൾക്കാണ് സാധിച്ചത്. അവരെ സംബന്ധിച്ചിടത്തോളം ജി.ഡി.പി യുടെ തകർച്ചയും ഡബ്ല്യു.പി.ഐ യുടെ ഏറ്റക്കുറച്ചിലുകളും ഒന്നും തന്നെ അവരെ ബാധിക്കുന്ന ഒന്നായിരുന്നില്ല. അവർ ഭയപ്പെട്ടിരുന്നത് ഈ പിൻവലിക്കലിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പിന്നാമ്പുറങ്ങളെയായിരുന്നു. പിന്നീടെപ്പോഴോ പാളിപ്പോയ ഈ 'മോണ്യുമെന്റൽ ഡിസാസ്റ്ററിനെ' ന്യായീകരിക്കാൻ മോഡി കണ്ടെത്തിയ ക്യാഷ്ലെസ്സ് ഇക്കോണമിയും അവരുടെ ചിന്തകളിൽ ഇടംപിടിച്ചില്ല. അമർത്യ സെന്നിൽ നിന്നും തുടങ്ങി രാജ്യത്തെ ഏറ്റവും സാക്ഷരത കുറഞ്ഞ ജനവിഭാഗം പോലും ഉന്നയിച്ച ചോദ്യങ്ങൾക്കോ ആശങ്കകൾക്കോ ഉത്തരം കണ്ടെത്താൻ പ്രധാനമന്ത്രിക്കോ നോക്കുകുത്തി പോലെ അഭിനയിക്കുന്ന ആർ.ബി.ഐ ഗവർണർക്കോ ഇതുവരെ കഴിഞ്ഞിട്ടില്ല. കള്ളപ്പണം പുറത്തുകൊണ്ടുവരാനായിരുന്നു ആ തീരുമാനമെങ്കിൽ ആ ചോ[...]ദ്യങ്ങൾക്കും ആശങ്കകൾക്കും ഉത്തര[...] അവർ ആ രാത്രിക്കു മുമ്പേ കണ്ടെ[...]ത്തുമായിരുന്നു. ആ ചോദ്യങ്ങൾ ഉന്ന[...]യിക്കുന്നവർക്കുനേരെയും രാജ്യദ്രോ[...]ഹപ്പട്ടം കാവിക്കീശക്കുള്ളിൽ പൊതി[...]ഞ്ഞു നടക്കുന്ന മോഡി ഭക്തർ തിരി[...]യുകയുണ്ടായി.



രാഷ്ട്രീയപരമായും സാമൂഹിക[...]പരമായും നോട്ട് നിരോധനത്തെ നോ[...]ക്കിക്കാണുമ്പോഴാണ് മോഡിയുടെ[...] തീരുമാനം 120 കോടിയിലധികം ജന[...]ങ്ങളുള്ള ഒരു രാജ്യത്തെ പ്രവചിക്കാൻ[...] കഴിയുന്നതിലും അപ്പുറത്തേക്കുള്ള[...] പ്രതിസന്ധിയിലേക്ക് തള്ളിവിട്ടതെ[...]ന്ന് മനസ്സിലാകുന്നത്. രാജ്യത്ത് നോ[...]ട്ട് നിരോധനം മൂലം ആത്മഹത്യ ചെ[...]യ്ത ആളുകളുടെ വീടുകളിൽ കള്ള[...]പ്പണത്തിന്റെ രഹസ്യ അറകൾ കണ്ടെ[...]ത്താൻ മോഡിയേയും കൂട്ടരേയും ഓ[...]രോ ഭാരതീയനും വെല്ലുവിളിക്കുന്നു[...] അനൗദ്യോഗിക കണക്കുകളനുസരി[...]ച്ച് മുപ്പതോളം പേരാണ് രണ്ടു മാസ[...]ത്തിനിടയിൽ നോട്ട് നിരോധനത്തി[...]ന്റെ പ്രതിസന്ധികൾ മൂലം ആത്മഹ[...]ത്യ ചെയ്തത്. ഇവരുടെ ജീവനുകൾ[...] നാളെ രാജ്യം ക്യാഷ്ലെസ്സ് ഇക്കോണ[...]മിയിലേക്കെത്തിയാലും തിരികെത്ത[...]രുവാൻ ഇവിടുത്തെ ഭരണകൂടത്തിന്[...]





സാധിക്കുമോ?

രാഷ്ട്രീയപരമായി നോട്ട് നിരോധനത്തെ നോക്കി കാണുമ്പോഴാണ് ഉത്തർപ്രദേശ്, പഞ്ചാബ് തിരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ട മോഡിയുടെ രാഷ്ട്രീയകുതന്ത്രമാണ് ഇതെന്ന് സംശയിച്ചുപോകുന്നത്. ഉത്തർപ്രദേശ് തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുന്നത് വഴി രാജ്യസഭയിൽ ബി.ജെ.പി ക്ക് ഇപ്പോഴില്ലാത്ത ഭൂരിപക്ഷത്തിലേക്ക് വാതിൽ തുറക്കുമെന്നത് ആശങ്കയോട് കൂടി നോക്കി കാണേണ്ടതുണ്ട്. അത് ലോകസഭയിൽ ഭൂരിപക്ഷമുള്ള ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ഏറെ നാളത്തെ സ്വപ്നവുമാണ്. ലോകസഭയിലും രാജ്യസഭയിലും ഭൂരിപക്ഷം ലഭിക്കുന്നതുവഴി ഏകസിവിൽകോഡ് അടക്കമുള്ള മതേതരവിശ്വാസികളുടെ മനസ്സിനെ മുറിവേൽപ്പിക്കുന്ന ബില്ലുകൾ പ്രതിഷേധ ശബ്ദങ്ങളില്ലാതെ എളുപ്പത്തിൽ കൊണ്ടുവരാൻ ഒരുപക്ഷെ കഴിഞ്ഞേക്കാം.

70 ശതമാനത്തിലധികം കറൻസി ഇടപാടുകൾ നടന്നിരുന്ന ഒരു രാജ്യത്ത് പെട്ടെന്ന് നോട്ടുകൾ അസാധുവാക്കുകയും ജനങ്ങളുടെ കൈയിൽ പണമില്ലാത്ത അവസ്ഥയും വന്നപ്പോൾ അത് ഏറെയും ബാധിച്ചത് ഗ്രാമപ്രദേശങ്ങളെയാണ്. ഭാര്യയുടെ ശവം ചുമലിലേറ്റി കിലോമീറ്ററുകൾ നടന്ന ഭർത്താവിന്റെയും മകളുടെയും കാഴ്ച്ച നമുക്ക് മറക്കാനായിട്ടില്ല. നോട്ട് നിരോധനം മൂലം ചികിത്സ ലഭിക്കാതെ പോകുന്ന സംഭവങ്ങൾ തീർത്തും മനുഷ്യാവകാശ ലംഘനമാണ്. നോട്ട് നിരോധനം കൊണ്ട് ഇതുവരെ പുറത്തു വന്ന

**70 ശതമാനത്തിലധികം കറൻസി ഇടപാടുകൾ നടന്നിരുന്ന ഒരു രാജ്യത്ത് പെട്ടെന്ന് നോട്ടുകൾ അസാധുവാക്കുകയും ജനങ്ങളുടെ കൈയിൽ പണമില്ലാത്ത അവസ്ഥയും വന്നപ്പോൾ അത് ഏറെയും ബാധിച്ചത് ഗ്രാമപ്രദേശങ്ങളെയാണ്.**

കള്ളപ്പണത്തിന്റെ കണക്കിനേക്കാൾ ഓരോ പൗരന്റെയും നഷ്ടങ്ങളും കഷ്ടപ്പാടുകളുമായിരിക്കും കൂടുതൽ. ആ നഷ്ടങ്ങളിൽ വേണ്ടപ്പെട്ടവരുടെ ജീവനുണ്ട്, ആശ്രയമായിരുന്ന കൃഷിഭൂമികളുണ്ട്, താലി ചാർത്താതെ പൊളിച്ചുമറ്റേണ്ടിവന്ന കല്യാണ മണ്ഡപങ്ങൾ പോലുമുണ്ട്. ഇതെല്ലാം മോഡിയുടെ ക്യാഷ്ലെസ്സ് ഇക്കോണമിയിലേക്കുള്ള ചുവടുവെപ്പുകളാണെന്ന് വിശ്വസിക്കാൻ ഏറെ പ്രയാസമുണ്ട്.

ലോകത്തെ ഏറ്റവും വലിയ ക്യാഷ്ലെസ്സ് ഇക്കോണമിയായ സ്വീഡനിൽ 59 ശതമാനമാണ് 'ക്യാഷ്ലെസ്സ്' ഇക്കോണമി നിലവിലുള്ളത്. ബാക്കി വരുന്ന 41 ശതമാനം ജനങ്ങളും ഇപ്പോഴും ക്യാഷ് ഇടപാടുകളിലൂടെയാണ് വിനിമയം നടത്തുന്നത്. ഈ 41 ശതമാനം ആളുകൾക്കും ജീവിക്കാനുള്ള അവസരവും അവസ്ഥയും സ്വീഡിഷ് ഗവൺമെന്റ് നൽകുന്നുണ്ട്. പക്ഷെ, ഇന്ത്യയിൽ അദ്ധ്വാനിച്ചുണ്ടാക്കിയ പണം പെട്ടെന്നൊരുനാൾ പിൻവലിക്കുകയും പിന്നീട് ആ മുന്നറിയിപ്പില്ലാത്ത പിൻവലിക്കൽ ക്യാഷ്ലെസ്സ് ഇക്കോണമി സൃഷ്ടിക്കാനുള്ള ചുവടുവെപ്പാണെന്ന് പറയുമ്പോൾ ആദ്യം പറഞ്ഞ കള്ളപ്പണം പുറത്തുകൊണ്ടുവരൽ എന്തിനായിരുന്നു എന്ന ചോദ്യത്തിന് ജനാധിപത്യ രീതിയിൽ മറുപടി നൽകാൻ ഈ ഭരണകൂടം ബാധ്യസ്ഥരാണ്.

കള്ളപ്പണക്കാരെ പിടികൂടാൻ വേണ്ടി സാധാരണക്കാരന്റെ ദൈനംദിന ജീവിതം മരവിപ്പിച്ചതിന് എന്ത് ന്യായീകരണമാണ് ഈ സർക്കാറിനുള്ളത്? മൊറാർജി ദേശായിയുടെയും മൻമോഹൻ സിംഗിന്റെയും കാലഘട്ടത്തിൽ നോട്ട് പിൻവലിക്കൽ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷെ, ആ നിരോധനത്തിനു മുമ്പ് മതിയായ തയ്യാറെടുപ്പുകളും ചർച്ചകലും നടന്നിരുന്നു. മോഡിയുടെ നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതം എത്രനാൾ നീണ്ടുനിൽക്കുമെന്ന് ആർക്കും ഒരു അറിവുമില്ല. നികുതിയടക്കാതെ രാജ്യത്തിനു കിട്ടേണ്ട വലിയ ഒരു വരുമാനത്തെ കടത്തിക്കൊണ്ട് വിദേശ ബാങ്കുകളിൽ സൂക്ഷിച്ചുവെച്ചിട്ടുള്ളവയാണ് കള്ളപ്പണത്തിൽ കൂടുതൽ. സ്വിസ് ബാങ്ക് പോലെയുള്ള അത്തരം വിദേശ ബാങ്കുകളെ തൊടാതെ ഇന്ത്യയിലെ ബാങ്കുകൾക്കും എ.ടി.എം കൾക്കും മുന്നിൽ നീണ്ട വലിയ 'ക്യൂ' സൃഷ്ടിക്കാനാണ് ഇക്കൂട്ടർക്ക് കഴിഞ്ഞത്.

സഹകരണ ബാങ്കുകൾക്ക് പഴയ നോട്ടുകൾ സ്വീകരിക്കാനോ മാറ്റിക്കൊടുക്കാനോ അർഹതയില്ലെന്ന ഉത്തര

ങ്ങനെ കടന്നുപോവാൻ അനുവദിക്ക



വിന് ശേഷം ഗ്രാമീണ ജീവിതം ഏറെ പ്രതിസന്ധിയിലാണ്. കൃഷിയിറക്കാൻ കഴിയാതെ കൃഷിഭൂമികൾ, പ്രതീക്ഷകൾ 'അസാധുവായി'പ്പോയ കർഷകർ തുടങ്ങി നഷ്ടങ്ങൾ ഏറെയാണ്. സഹകരണ ബാങ്കുകളെ കൂടുതലും ആശ്രയിക്കുന്ന ഗ്രാമീണ മേഖലകളോടുള്ള കടുത്ത അവഗണന തന്നെയാണ് ആ തീരുമാനം ചൂണ്ടിക്കാട്ടുന്നത്.

ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും കൃഷിയിറക്കുന്ന സമയത്ത് തന്നെയാണ് മോഡിയുടെ ഈ തീരുമാനമുണ്ടായി എന്നത് വളരെ ആശങ്കയോടെയാണ് ഓരോ സംസ്ഥാനങ്ങളും നോക്കിക്കാണുന്നത്. കടുത്ത ഭക്ഷ്യക്ഷാമം പോലും വരും കാലങ്ങളിൽ പിടികൂടിയേക്കാം. കൂടാതെ വിതരണശൃംഖലകൾ തകരുകയാണെങ്കിൽ, കരിഞ്ചന്തകൾ വളർന്നുവരാനുള്ള സാധ്യതകളും ഏറെയാണ്. സർവ്വശിക്ഷാ

> **സഹകരണ ബാങ്കുകൾക്ക് പഴയ നോട്ടുകൾ സ്വീകരിക്കാനോ മാറ്റിക്കൊടുക്കാനോ അർഹതയില്ലെന്ന ഉത്തരവിന് ശേഷം ഗ്രാമീണ ജീവിതം ഏറെ പ്രതിസന്ധിയിലാണ്.**




അഭിയാന്റെ ആഭിമുഖ്യത്തിൽ സ്ക
വിദ്യാർത്ഥികൾക്ക് നൽകിവരുന്ന
ഭക്ഷണ വിതരണം പല സ്ഥലങ്ങ
ലും തടസ്സപ്പെട്ടിരിക്കുകയാണ്. ഇ
ന്നും 'സൈ്വപ്പ്' ഇടപാടുകാരെ ബാ
ക്കില്ലെങ്കിലും, പോഷകാഹാരക്കു
മൂലം മരണപ്പെടുന്ന അട്ടപ്പാടി അട
മുള്ള പല ആദിവാസി മേഖലക
യും രൂക്ഷമായി ബാധിക്കുക ത
ചെയ്യും. ഒരു രാജ്യത്തിന്റെ പുരോ
തി കേവലം ക്യാഷ്ലെസ്സ് ഇക്കോ
മി ആക്കുക എന്നതിലുപരി അടിസ
നപരമായി നിർമാർജ്ജനം ചെയ്യേ
പട്ടിണി, ശിശുമരണം എന്നിവയാ
ന്ന് ഭരണകൂടം മറന്നുപോയിരിക്കുന

മുമ്പ് ലോകത്ത് നിലനിന്നിരു
സാമ്പത്തിക ഇടപാടായിരുന്ന 'ബ
ട്ടർ' സിസ്റ്റത്തിലേക്കാണ് ചില ഗ്ര
ങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഗ്ര
പ്രദേശങ്ങളിൽ സ്വകാര്യ-ഗവൺമെ
ബാങ്കുകളേക്കാൾ സഹകരണ ബാ
കളാണ് കൂടുതൽ. ആ സഹകരണ
ങ്കുകളെ ഈ സാമ്പത്തിക പ്രതിസ
സമയത്ത് ഒഴിച്ച് നിർത്തിയത് കള്ള
ണം തടയാനാണ് എന്ന് പറയുമ്പോ
ഒരു ഭരണകൂടം എത്രത്തോളം ഇ
രാജ്യത്തെ ഗ്രാമീണ ജീവിതത്തെ മ
സ്സിലാക്കുന്നു എന്ന് ഊഹിക്കാവു
താണ്. വിദേശയാത്രകളിൽ മുഴുകി
പ്രധാനമന്ത്രി വിമാനത്തിലിരുന്ന്
ഴോട്ട് നോക്കുമ്പോൾ, രാജ്യത്തി
വ്യവസായ കുത്തകകളുടെ വലി
സമുച്ചയങ്ങൾ കണ്ടുകൊണ്ടാണ് ഇ
രാജ്യത്തെ വിലയിരുത്തുന്നത് എങ്കി
ഒരിക്കലെങ്കിലും രാജ്യത്തിന്റെ ഗ്ര
മീണ മേഖലകൾ സന്ദർശിക്കണമെ
അഭ്യർത്ഥന മാത്രമേ ഓരോ ഗ്രാ
ണന്നുമുള്ളു. സഹകരണ ബാങ്കുക
ലെ കള്ളപ്പണക്കാർ പാവപ്പെട്ട കർ
കനും, കൂലിത്തൊഴിലാളിയുമാണേ
എന്ന സാധാരണക്കാരന്റെ ചോദ
ഏറെ പ്രസക്തിയുള്ളതാണ്.

ന്യായീകരണങ്ങൾ അവസാനി
ക്കേണ്ട സമയം കഴിഞ്ഞിരിക്കുന്ന
ജനങ്ങളുടെ ആശങ്കകൾക്ക് മറു
ടി പറയേണ്ട സമയമാണ് ഇപ്പോ
കള്ളപ്പണക്കാരെ പിടികൂടാൻ സാ
രണക്കാരന്റെ ജീവിതം ബുദ്ധിമുട്ടിക
മ്പോൾ, നോട്ടിൽ നോട്ടമിട്ടതിൽ ആ
ക്കായിരുന്നു നേട്ടമെന്നും എന്താ
രുന്നു നേട്ടമെന്നും രാജ്യത്തെ ഓ
പൗരനോടും മറുപടി പറയാൻ ഭര
കൂടം ബാധ്യസ്ഥരാണ്. ●

നമ്മുടെ അമ്മ കുറച്ചു കാലം മാത്രമേ നമ്മൾക്ക്
പാല് തരുന്നുള്ളൂ. നമ്മൾ വളർന്നാലാവട്ടെ നാം
അമ്മയെ പരിചരിക്കുകയും വേണം. എന്നാൽ
ഗോമാതാവ് നമ്മളിൽ നിന്ന് വൈക്കോലും
വെള്ളവും മാത്രം പ്രതിഫലമായി പ്രതീക്ഷിച്ച്
ജീവിത കാലം മുഴുവൻ പാല് തരുന്നു.
നമ്മുടെ അമ്മക്ക് രോഗം ബാധിച്ചാൽ നമ്മൾ
പരിചരിക്കണം. ഗോമാതാവ് രോഗിയാവാറു
തന്നെയില്ല. അമ്മ മരിച്ചാൽ സംസ്കരിക്കാൻ
പണച്ചെലവാണ്. ഗോമാതാവാകട്ടെ മരിച്ചാലും
ജീവിച്ചാലും ഉപകാരം തന്നെ.

— മോഹൻദാസ്
കരംചന്ദ് ഗാന്ധി



**ഹിലാൽ അഹ്മദ്**
(മൂന്നാം വർഷം, ബി.എ. മലയാളം)

പശു ഇന്ത്യൻ സൈക്കിൽ വെറും ഒരു മൃഗമല്ല. ലക്ഷക്കണക്കിന് പേരുടെ ജീവനപഹരിച്ച ഒരു പ്രത്യയശാസ്ത്ര നിർമ്മിതിയാണ്. സാംസ്ക്കാരിക ദേശീയത വളർന്നതും തിടംവെച്ചതും പശുവിനെ ചുറ്റിപ്പറ്റി മുസ്ലിംകളെ അപരവത്ക്കരിച്ചതിലൂടെയാണ്. വേദകാലത്തും വേദപൂർവ്വ സിന്ധു നാഗരികതയുടെ സമയത്തും പശു ദിവ്യത്വമുള്ള മൃഗമായിരുന്നില്ല. പശു ദേശീയതയുടെ ചരിത്രം ആര്യാധിനിവേശത്തോളം പഴക്കമുള്ള ഒന്നാണ്.

ഇറാനിൽ നിന്നാണ് ഇന്ത്യയിലേക്ക് ആര്യൻമാർ കടന്നുവന്നത് എന്നാണ് മാക്സ് മുള്ളർ അടക്കമുള്ള ചരിത്ര പണ്ഡിതന്മാരുടെ നിഗമനം. അലഞ്ഞു തിരിഞ്ഞ് ജീവിച്ചിരുന്ന ഇവരുടെ പ്രധാന സമ്പത്ത് കാലികളായിരുന്നു. അവരുടെ പ്രബല ദൈവങ്ങളായിരുന്ന അഗ്നി, ഇന്ദ്രൻ തുടങ്ങിയവർക്ക് യാഗത്തിനിടെ ബലിയായി നൽകപ്പെട്ടത് ഇവയായിരുന്നു. ഹൈന്ദവ ഇതിഹാസങ്ങളിലും ഇത്തരം പരാമർശങ്ങൾ കാണാം. പിന്നെ എന്നു മുതലാണ് പശു ദിവ്യമായത്? ഇന്ത്യൻ ഭരണകൂടത്തെ പോലും സ്വാധീനിക്കും വിധം വികസിച്ചത്?

ബ്രിട്ടീഷ് കൊളോണിയലിസമാണ് ഇന്ത്യൻ ദേശീയതയെ നിർണ്ണയിച്ചത്. അവർ ഇന്ത്യ വിട്ടു പോവുമ്പോൾ നമ്മൾ അഞ്ഞൂറിലധികം നാട്ടുരാജ്യങ്ങളായി വിഭജിച്ചു കിടക്കുകയായിരുന്നു. കൊളോണിയൽ ആധുനികത മുന്നോട്ടു വച്ച

സാമ്രാജ്യത്വ വീക്ഷണത്തിനെതിര
യാണ് ഇന്ത്യൻ ദേശീയത ജന്മമെടുക്ക
ന്നത്. ഇത് സവർണ്ണതയെ പ്രത്യയശ
സ്ത്രപരമായി സ്വാംശീകരിച്ച ഒന്നായിര
ന്നു. ഈ ദേശീയബോധം മുസ്ലിമിനേയു
ദലിതനേയും അപരസ്ഥാനത്ത് നിർത്ത
പശു ഈ പുറത്തു നിർത്തലിന്റെ ഉപക
ണമായി പ്രവർത്തിച്ചു.

ഇന്ത്യയിലേക്കുള്ള മുഗൾ ആ
മനത്തെയാണ് തീവ്ര ഹിന്ദുത്വം പശ
പ്രശ്നത്തിന്റെ പ്രത്യയശാസ്ത്ര കേന്ദ്ര
മായി പ്രതിഷ്ഠിക്കുന്നത്. 'അക്രമകാരിക
ളായ' മുഗളർ ഹിന്ദുക്കളിൽ ചിലരെ പുശ
മാംസ സംസ്ക്കരണ വൃത്തികളിൽ ഏ
പ്പെടാൻ നിർബന്ധിച്ചു എന്നും അവരാണ
ദലിതരായി മാറ്റിനിർത്തപ്പെട്ടതെന്നുമാണ
സംഘപരിവാർ ആഖ്യാനം. ഇന്ത്യൻ ദേ
ശീയതാ ആഖ്യാനങ്ങൾക്ക് ആണിക്കല്ല
യി വർത്തിച്ച വൈദിക സംസ്ക്കാരത്തി
പക്ഷെ പശുഹത്യ ഒരു പാപവൃത്തിഅല്ല
യിരുന്നു എന്നതാണ് വിരോദ്ധാഭാസം
കേരളീയ തീവ്ര ഹിന്ദുത്വ വാദികൾ ഇത
സംബന്ധിയായ ചോദ്യങ്ങൾ നേരിടാൻ
കഴിയാതെ വിയർക്കുന്നത് ചാനലുകളിൽ
നാം കണ്ടതാണ്. ബ്രാഹ്മണാധിപത്യത്ത
നെതിരായി അഹിംസയിൽ അധിഷ്ഠിതമാ
യി ഉയർന്നുവന്ന ബുദ്ധമതത്തിന്റെ സ്വാ
ധീനമാണ് പശുഹത്യാ നിരോധനത്തി
ലേക്ക് ബ്രാഹ്മണരെ നയിച്ചത്. ഹിന്ദുത്വ
വാദികൾ പ്രതിസ്ഥാനത്തു നിർത്തുന്ന
ബാബറാകട്ടെ മകൻ ഹുമയൂണിനെ ഉപ
ദേശിച്ചത് മത വികാരം വൃണപ്പെടാതിരി
ക്കാൻ പശുഹത്യ ഒഴിവാക്കണം എന്നാ
ണ്. എങ്കിലും മൃഗബലി പുണ്യമായി
കരുതുന്ന മുസ്ലിംകൾക്കും ബ്രാഹ്മ
ണർക്കും ഇടയിൽ പശു ഒരു
വൈകാരിക പ്രശ്നമായി
ഉയർന്നു വന്നു. മറാ
ത്താ രാജാവായ ശി
വജി അറിയപ്പെ
ട്ടത് തന്നെ
ബ്രാഹ്മണ





രുടേയും ഗോക്കളുടേയും സംരക്ഷകനായാണ്. 1882ൽ ദയാന്ദ സരസ്വതിയാണ് ഗോരക്ഷാ സഭ സ്ഥാപിച്ചത്. ഇന്ത്യൻ ദേശീയതയുടെ ഉണർവ്വോടെ ഗോഹത്യ നിയമം മൂലം നിരോധിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. പലരും സാമ്പത്തിക കാരണങ്ങളും കാർഷിക സമൂഹത്തിൽ പശുവിനുള്ള പ്രത്യേക പ്രാധാന്യവും ഇതിനായി ചൂണ്ടിക്കാണിച്ചു. ദേശീയവാദികൾ മിക്കവരും, ഗാന്ധിയും ഗോഹത്യ നിരോധിക്കണം എന്ന അഭിപ്രായക്കാരായിരുന്നു. കോൺഗ്രസ് ഭരിക്കുന്ന മിക്ക സംസ്ഥാനങ്ങളിലും ഗോഹത്യാ നിരോധനം നിലവിൽ വന്നത് ഈ നിലപാടിന്റെ ഭാഗമായാണ്. ഇന്ത്യൻ തീവ്ര ഹിന്ദുത്വ വാദികളുടെ ശക്തമായ സമ്മർദ്ദവും ദേശീയവാദികളുടെ മൃദു നിലപാടുകളുമാണ് ഇന്ത്യൻ ഭരണഘടനയിലെ നാൽപ്പത്തി എട്ടാം വകുപ്പിന് കാരണമായത്. നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുന്ന ഈ ഭാഗത്ത് ആടുമാടുകളെ കൊല്ലുന്നത് തടയാൻ ഭരണകൂടം ബാധ്യസ്ഥമാണെന്നും കാലിവളർത്തലിന് ശാസ്ത്രീയ രീതികൾ പരിചയപ്പെടുത്തേണ്ടതുണ്ടെന്നും പറയുന്നു.

എന്നാൽ തീവ്രഹിന്ദുത്വ വാദികൾ ഇതുകൊണ്ടും തൃപ്തരായില്ല. കേന്ദ്രം പുതുതായി പരിചയപ്പെടുത്തിയ ഗോഹത്യാ കരടുബില്ലിലെ 14 വയസ്സിൽ അധികം പ്രായമുള്ള കാലികളെ അറുക്കാൻ അനുവാദം നൽകുന്ന നിർദ്ദേശത്തിനെതിരെ ഇവർ രംഗത്ത് വന്നു. 1966ൽ പാർലമെന്റിന് മുമ്പിൽ നടന്ന അക്രമാസക്ത സമരം മൂലം അന്നത്തെ ആഭ്യന്തര മന്ത്രി ഗുൽസരിലാൽ നന്ദക്ക് രാജിവെക്കേണ്ടിവന്നു. ഇദ്ദേഹം പിന്നീട് ഗോഹത്യാ നിരോധന മുന്നണിയിൽ ചേർന്നു. 2005ൽ ഗുജറാത്തും തുടർന്ന് ഹരിയാനയും മഹാരാഷ്ട്രയും ഗോഹത്യാ നിരോധനത്തിന് മുന്നോട്ടു വന്നു.

പശുരാഷ്ട്രീയം ഇന്ന് നിർണ്ണായകമായ വഴിത്തിരിവിലാണ്. ഉനയിൽ പരമ്പരാഗതമായി പശുക്കളുടെ മൃതദേഹങ്ങൾ സംസ്ക്കരിക്കുന്ന ദലിതരെ ഗോരക്ഷാവാദികൾ മർദ്ദിച്ചതിനെതിരെ ഉയർന്ന പ്രതിഷേധസ്വരങ്ങൾ വിപ്ലവകരമായ മാറ്റൾ സൃഷ്ടിച്ചു. പശു അപരവത്ക്കരിച്ച ദലിതർ തങ്ങളുടെ തൊട്ടുകൂടായ്മക്ക് കാരണമായി പശുവിനെ നേരത്തെ തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. അംബേദ്ക്കർ ഇത് ചൂണ്ടിക്കാണിക്കുന്നുണ്ട്. 1970കളിൽ വ്യാപിച്ച ദലിത് സ്വത്വ രാഷ്ട്രീയം ഹിന്ദുത്വ വോട്ട് ബാങ്ക് എന്നിടത്ത് നിന്ന് ദലിതരെ ഉയർത്തി. ഈ തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് പ്രക്ഷോഭം രൂപംകൊണ്ടത്.

ഇതോടെ ഒരുകാലത്ത് ഇന്ത്യൻ ആഭ്യന്തര മന്ത്രിയടെ രാജിവെപ്പിച്ച തീവ്ര വല തു പക്ഷം സ്തബ്ദരായി.

എന്നാൽ മുസ്ലിംകൾ ഇന്നും അപരരായി തുടരുന്നു. അഖ്‌ലാക്കിനെ ആൾക്കൂട്ടം ചതച്ചുകൊന്നപ്പോഴും പലരും അന്വേഷിച്ചത് ഫ്രിഡ്ജിൽ സൂക്ഷിച്ചത് ബീഫാണോ എന്നാണ്. ബീഫല്ലെങ്കിൽ മാത്രമേ അഖ്‌ലാക്ക് നിരപരാധിയും കൊലയാളികൾ കുറ്റവാളികളും ആകുന്നുള്ളു എന്ന സമീപനം മുസ്ലിം സ്വത്വം അപരരായി തുടരുന്നതിന്റെ തെളിവാണ്. ഇതിനെ എതിർക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഇടതുപക്ഷമാകട്ടെ പ്രശ്നത്തെ ബീഫിലേക്കും ഭക്ഷണസ്വാതന്ത്രത്തിലേക്കും ഒതുക്കി. ഇതിനു പിന്നിലെ ദേശീയവാദ ആഖ്യാനങ്ങളേയും മുസ്ലിം-ദലിത് അപരവത്ക്കരണ പ്രക്രിയയെയും അവഗണിക്കുന്ന നയമാണ് അവർ പിന്തുടർന്നത്. ഇന്ത്യൻ ഇടതുപക്ഷത്തിന്റെ സൈദ്ധാന്തികമായ പോരായ്മകളെ ഇത് തുറന്നുകാട്ടുന്നുണ്ട്. വർഗ രാഷ്ട്രീയത്തിനതീതമായ ജാതി-മത സ്വത്വ സംവർഗങ്ങളെ അഭിമുഖീകരിക്കാനുള്ള ഇടതുപക്ഷ വിമുഖത വിരൽ ചൂണ്ടുന്നത് ദലിത്-മുസ്ലിം ഐക്യത്തിലൂന്നിയ പുതിയ രാഷ്ട്രീയത്തിന്റെ ആവശ്യകതയിലേക്കാണ്. ●






# ജനാധിപത്യത്തിന്റെ കശാപ്പുശാല

**ഷഹീൻ അബ്ദുല്ല** (രണ്ടാം വർഷം, ബി.എം.എം.സി.)

പൗരാവകാശങ്ങൾ കൂടുതൽ ഹനിക്കപ്പെടുകയും പൗരജീവിതങ്ങൾക്കുമേൽ ഭരണകൂടവും ഭരണകൂടം ചുട്ടെ ക്കുന്ന കരിനിയമങ്ങളും തേർവാഴ്ച നടത്തിക്കൊണ്ടിരിക്കുന്ന പുതിയ കാല പശ്ചാത്തലത്തിൽ പൗരാവക ശം തന്നെയാണ് ജനാധിപത്യം. പൗരസമൂഹത്തെ സംബന്ധിച്ചിടത്തോളം ഭരണകൂടം എന്നത് കൂടുതൽ ഭയപ്പെടുത്തുന ഒരു യാഥാർത്ഥ്യമായികൊണ്ടിരിക്കുന്നു. മുമ്പെങ്ങുമില്ലാത്തവിധം കൂടുതൽ മനുഷ്യാവകാശ ലംഘനങ്ങൾ നടന്നുകൊ ണ്ടിരിക്കുന്നു. അടിസ്ഥാനപരമായി പൗരന്മാരുടെ സംരക്ഷണമാണ് ഭരണകൂടത്തിന്റെ ദൗത്യം. ഭരണകൂടം ആരായിരിക്ക ണമെന്ന് തെരഞ്ഞെടുക്കാനും അധികാരനിർവ്വഹണത്തിന് അവർക്ക് അവകാശം നൽകാനും അധികാരത്തിൽ നിന്ന് അ രെ മാറ്റി നിർത്താനുമുള്ള അധികാരമുള്ളത് ജനങ്ങൾക്കാണ്. ഇതിനെയാണ് നാം പൊതുവിൽ ജനാധിപത്യം എന്ന് വിള ക്കുന്നത്. ഈ അർത്ഥത്തിൽ പൗരാവകാശവും ജനാധിപത്യവും ഒന്നാണ്.

ഇന്ത്യയിൽ നാം കരിനിയമങ്ങൾക്കെതിരെ ആദ്യമായി സമരം ചെയ്തത് സ്വാതന്ത്ര്യ സമരവേളയിൽ മഹാത്മാഗാന്ധ യാണ്. ഗാന്ധിയും ദേശീയ പ്രസ്ഥാനത്തിലെ മറ്റു പ്രമുഖരും 124 എ വകുപ്പനുസരിച്ച് രാജ്യദ്രോഹികളായി ജയിലിലടക്ക പ്പെട്ടത് നാം കണ്ടെതാണ്. സ്വാതന്ത്ര്യാനന്തരവും ഈ കരിനിയമങ്ങൾ രാജ്യത്തുനിന്ന് എടുത്ത് നീക്കപ്പെട്ടില്ല. ഇന്നു ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ ഭാഗമായി തുടരുകയാണ് ഈ മനുഷ്യാവകാശ ലംഘനങ്ങളുടെ അനുഭവങ്ങൾ ധാരാള പറയാറുള്ള കരിനിയമങ്ങൾ. ഇന്ത്യയെപോലുള്ള ജനാധിപത്യരാജ്യത്തിനനുയോജ്യവും കാലോചിതവുമായ നിയമങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിന് പകരം നമ്മുടെ ഭരണകൂടങ്ങൾ ചെയ്തത് അതിനേക്കാൾ ഭീകര നിയമങ്ങൾ ചുട്ടെടുത്ത എന്നതാണ്. പ്രിമന്റീവ് ഡിറ്റക്ഷൻ ആക്ട്, ഡിഫൻസ് ഓഫ് ഇന്ത്യൻ റൂൾസ്, എസ്മ, ടാഡ, പോട്ട, യു.എ.പി.എ മുതലായ അതിൽ ചിലതു മാത്രം.




## മനുഷ്യാവകാശ ലംഘനങ്ങളുടെ ഭീകരത

ഇന്ത്യയിൽ നടമാടുന്ന മനുഷ്യാവകാശ ധ്വംസനങ്ങളുടെ കെടുതികൾ കൂടുതൽ അനുഭവിക്കേണ്ടിവരുന്നത് മുസ്‌ലിം ന്യൂനപക്ഷങ്ങളാണ്. എന്ന കാര്യം യാഥാർത്ഥ്യമാണ്. ദേശക്കൂറ് പൊതുധാരയെ ബോധ്യപ്പെടുത്താത്തതിന്റെ ആവശ്യകത മുസ്‌ലിം സംഘടനകളെയും വ്യക്തികളെയും ചൂഴ്ന്ന് നിൽക്കുന്നു. ഓരോ സ്ഫോടനങ്ങൾക്കൊടുവിലും ആരോപണങ്ങളുന്നയിച്ച് നിരപരാധികളായ നിരവധി മുസ്‌ലിം ചെറുപ്പക്കാർ അറസ്റ്റ് ചെയ്യപ്പെടുന്നു. അവർക്ക് വേണ്ടി ആരെങ്കിലും രംഗത്ത് വരികയാണെങ്കിൽ അവരെ ഉന്മൂലനം ചെയ്യാനും ഭരണകൂടം മടിക്കുന്നില്ല.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം നാലുലക്ഷത്തോളം വരുന്ന തടവുകാരിൽ രണ്ടരലക്ഷത്തിലധികം വിചാരണ തടവുകാരാണ്. രാജ്യത്തെ മൊത്തം തടവറയിലെ 62% വരുന്ന തടവുകാരിൽ 21% മുസ്‌ലിംകളാണ്. മൊത്തം ജനസംഖ്യയിൽ 13% വരുന്നതാണ് മുസ്‌ലിംകൾ. യു.പി, ബീഹാർ, പശ്ചിമബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് മുസ്‌ലിം തടവുകാർ ഏറെയുള്ളത്. കേരളത്തിൽ നിന്നും ഒരു ഡസനിലേറെ ചെറുപ്പക്കാർ ഇത്തരത്തിൽ വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയുന്നു.

അബ്ദുനാസിർ മഅ്ദനി, സക്കരിയ്യ, യഹ്‌യ കമ്മുക്കുട്ടി, കണ്ണൂരിലെ ഷമീർ, മനാഫ്, ഷറഫുദ്ദീൻ, സൂഫിയ മഅ്ദനി, പാനായിക്കുളം കേസ്, മഅ്ദനിക്കെതിരെയുള്ള പ്രധാന സാക്ഷികളെ ഭീഷണിപ്പെടുത്തി എന്ന പേരിൽ അറസ്റ്റിലായ കെ.കെ. ഷാഹിന തുടങ്ങി അടുത്തിടെ യു.എ.പി.എ യെക്കുറിച്ച് കൂടുതൽ വാചാലയായ വയനാട്ടിലെ ഗൗരി, കമൽ സി ചവറ, നദീർ അവസാനം ഷംസുദ്ധീൻ പാലത്ത്, എം.എം. അക്ബർ എന്നിവരും ഇതെ ഇരകൾ തന്നെ.

> **നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം നാലുലക്ഷത്തോളം വരുന്ന തടവുകാരിൽ രണ്ടരലക്ഷത്തിലധികം വിചാരണ തടവുകാരാണ്. രാജ്യത്തെ മൊത്തം തടവറയിലെ 62% വരുന്ന തടവുകാരിൽ 21% മുസ്‌ലിംകളാണ്.**

ദേശീയ തലത്തിൽ എടുത്തുദ്ധരിക്കാൻ കഴിയുന്ന നിരവധിയായ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ, ഷാഹിദ് ആസ്മി, നോപ്പാൽ, ഇഷ്റത്ത് ജഹാൻ, പ്രാണേഷ്കുമാർ ഏറ്റുമുട്ടൽ എന്നിവരെല്ലാം ഭരണകൂട ഭീകരതകൾ തന്നെ.

നിയമനിർമ്മാണങ്ങളാണ് പൗരാവകാശത്തിന്റെ കാതൽ. എന്നാൽ അവ പൗരന്റെ അവകാശങ്ങൾ ലംഘിക്കുന്നതല്ലെന്ന് നിർമ്മിക്കുന്ന ഈ പ്രതിനിധികൾ ഉറപ്പുവരുത്തണം. അത് സജീവമായ ചർച്ചകൾക്ക് വിധേയമാക്കുക

യും വേണം. നിയമനിർമ്മാണ സഭകളും അതിന്റെ നടത്തിപ്പുമെല്ലാം ഈ ലക്ഷ്യം മുൻ നിർത്തിയുള്ളതാണ്. രാജ്യ സുരക്ഷയും പൊതുനന്മയും ലക്ഷ്യം വെച്ചുള്ള നിയമനിർമ്മാണം അഭികാമ്യമാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായമില്ല. എന്നാൽ രാജ്യ സുരക്ഷക്കെന്ന് പറഞ്ഞ് പ്രചാരണം നടത്തി പാർലമെന്റ് നിയമനിർമ്മാണ സഭകളും പാസാക്കിയെടുക്കുന്ന പല നിയമങ്ങളും ജനവിരുദ്ധവും ഭരണഘടനാവകാശങ്ങൾ ലംഘിക്കുന്നതുമാണ്.

നാഗാലാന്റിൽ കലാപങ്ങൾ അടിച്ചമർത്താനെന്ന പേരിൽ ആറുമാസത്തേക്ക് നടപ്പാക്കിയ അഫ്സ്പ എന്ന ഭീകര നിയമം 'ഏഴു സഹോദരിമാർ' എന്നറിയപ്പെടുന്ന അരുണാചൽ പ്രദേശ്, ആസാം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാന്റ്, ത്രിപുര മുതലായ സംസ്ഥാനങ്ങളിലും പുറമെ കാശ്മീരിലും ഇന്ന് ബാധകമായിരിക്കുന്നു.

> 1967 ൽ പ്രാബല്യത്തിൽ വന്ന യു.എ.പി.എ നിരവധി തവണ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതും കൂടുതൽ വന്യമായ രൂപത്തോടുകൂടി ഇപ്പോൾ നിലയുറപ്പിച്ചിട്ടുള്ളതുമാണ്.

അനവധി സ്ത്രീകൾ കൂട്ടബലാൽസംഗത്തിനിരയായതും നൂറുകണക്കിന് യുവാക്കളെ പട്ടാളം വെടിവെച്ചു കൊല്ലാനും കാരണം ഈ നിയമമായിരുന്നു. ഈ സംഭവങ്ങളിലൊന്നും കുറ്റക്കാരായ പോലീസിനും പട്ടാളത്തിനുമെതിരെ നിയമം കൊണ്ടുവരാൻ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും യാതൊരു ശ്രമവുമില്ല. അഫ്സ്പ എന്ന കാടൻ നിയമം റദ്ദ് ചെയ്യുകയോ അല്ലെങ്കിൽ കാലോചിതമായി പരിഷ്കരിക്കുകയോ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12 വർഷത്തിലേറെയായി ഇറോം ശർമിള നിരാഹാരത്തിലാണ്. സുപ്രീം കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ തന്നെ നിയോഗിച്ച അന്വേഷണ സംഘം ഈ നിയമം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെടുകയായി. എന്നാൽ, അന്നത്തെ പ്രതിരോധമന്ത്രി എ.കെ. ആന്റണി ഇതിനോട് പ്രതികരിച്ചത്. 'അഫ്സ്പ' പിൻവലിക്കു

വാൻ സർക്കാർ തയ്യാറാണ്. പ
പട്ടാളം സമ്മതിക്കുന്നില്ല. എന്നായ
ന്നു. ഭരണകൂടത്തെപോലും നിയ
ക്കുന്നത് പട്ടാളമാണെന്ന് വ്യക്തമാ
ന്നതിനായിരുന്നു പ്രതിരോധമന്ത്രി
ടെ ഈ വാക്കുകൾ.

മുസ്‌ലിം, ദലിത്, ആദിവാസി ന
ഹത്തിനെതിരെ ഇന്ത്യയിൽ ശ
യാർജ്ജിക്കുന്ന വിവേചന ഭീകരത
ടെ പ്രത്യക്ഷമായ ഉദാഹരണമാ
യു.എ.പി.എ എന്ന കരിനിയമം ന
പക്ഷ വിഭാഗത്തെയും ജനകീയ
രപ്രവർത്തകരെയും ഉന്നംവെച്ചു
ണ്ടാണ് യു.എ.പി.എ പടച്ചെടുക്ക
തെന്നതിന് യാതൊരു സംശയവുമ
നിയമത്തിന്റെ എല്ലാ നൈതികതക
എതിരാണ് യു.എ.പി.എ ഈ നിയ
അതിന്റെ നിർമ്മാണഘടനയിൽ ത
ജനവിരുദ്ധവും ഭരണഘടനാ വിര
വുമാണ്. അതാകട്ടെ പോലീസിന്
ധിവിട്ട അധികാരം നൽകുകയും
യ്യുന്നു. 1967 ൽ പ്രാബല്യത്തിൽ വ
യു.എ.പി.എ നിരവധി തവണ ഭേ
തി ചെയ്യപ്പെട്ടതാണ് കൂടുതൽ വ
മായ രൂപത്തോടുകൂടി ഇപ്പോൾ ന
യുറപ്പിച്ചിട്ടുള്ളത്. ഭരണകൂടം വിച
ക്കുന്ന ഏതൊരു വ്യക്തിയെയും
ലാസ് സമർപ്പിച്ചാൽ പ്രതിക്ക് ജാ
പോലും നിഷേധിക്കപ്പെടുന്ന ഗ
തരമായ അവസ്ഥയാണ് ഇതില





> **ഇതുവരെയായി 40 ഓളം യു.എ.പി.എ കേസുകൾ കേരളത്തിൽ നിലവിൽ വന്നു. കോഴിക്കോട് ഇരട്ട സ്ഫോടനം, കാശ്മീർ റിക്രൂട്ട്മെന്റ് കേസ്, മൂവാറ്റുപുഴ കൈവെട്ട് കേസ്, നാറാത്ത് കേസ് ഇവയെല്ലാം ചുമത്തിയത് യു.എ.പി.എ ആയിരുന്നു.**

സംഭവിക്കുന്നത്.

പോട്ടയും ടാഡയും പോലുള്ള കരിനിയമങ്ങൾ ഇത്ര വ്യാപകമായ വിധത്തിൽ ചാർത്തപ്പെട്ടിരുന്നില്ല. പോട്ടയുമായി ബന്ധപ്പെട്ട യാതൊരു കേസും കേരളത്തിൽ നിലവിലുണ്ടായിട്ടില്ല. മാത്രമല്ല, പോട്ട ചാർത്തണമെങ്കിൽ ആഭ്യന്തര സെക്രട്ടറിയുടെ അനുവാദം വേണമായിരുന്നു. എന്നാൽ ഒരു സാധാരണ പോലീസുകാർ വിചാരിച്ചാൽ പോലും യു.എ.പി.എ ചുമത്താം എന്നതാണ് നിലവിലെ അവസ്ഥ.

ഇതുവരെയായി 40 ഓളം യു.എ.പി.എ കേസുകൾ കേരളത്തിൽ നിലവിൽ വന്നു. കോഴിക്കോട് ഇരട്ട സ്ഫോടനം, കാശ്മീർ റിക്രൂട്ട്മെന്റ് കേസ്, മൂവാറ്റുപുഴ കൈവെട്ട് കേസ്, നാറാത്ത് കേസ് ഇവയെല്ലാം ചുമത്തിയത് യു.എ.പി.എ ആയിരുന്നു. അതാകട്ടെ പലതും ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള മുൻധാരണയുടെയും മുൻവിധികളുടെയും ഫലമായിരുന്നു ചാർത്തപ്പെട്ടത്.

ഇതിലേറ്റവും വലിയ വൈരുദ്ധ്യം എന്നത് രാഷ്ട്രപതാകയെയും ഗാനത്തെയും പരസ്യമായി തള്ളിക്കളഞ്ഞ് വർഗീയത സംസാരിച്ച ഹിന്ദുഐക്യവേദി അധ്യക്ഷ ശശികല, പരസ്യമായി നിയമത്തെ ധിക്കരിച്ച് വെല്ലുവിളിച്ച സാക്ഷി മഹാരാജിനെപ്പോലുള്ളവർ സുഖമായി നടക്കുന്നു എന്നതാണ്.

കേരളത്തിൽ യു.എ.പി.എ ചാർത്തിയ കേസുകളെക്കുറിച്ച് സർക്കാർ പുനഃപരിശോധന നടത്തുമെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ നിലപാട് സ്വാഗതാർഹമാണ്. എന്നാൽ, അതോടൊപ്പം ഉണ്ടായിരുന്ന നദീർ, കമൽ.സി. ചാവറ, എം.എം അക്ബർ തുടങ്ങിയവരുടെ കേസുകളിൽ പഴയപടി തുടരുകയാണ്. കേരളത്തിൽ യു.എ.പി.എ. ദുരുപയോഗം തടയുമെന്ന് അടിക്കടി പറയുന്ന പാർട്ടിയും സർക്കാറും ഭരിക്കുമ്പോഴും തങ്ങളുടെ യുവത്വവും കുടുംബുമെല്ലാം നഷ്ടപ്പെട്ട് ഒരു പ്രതീക്ഷയുമില്ലാതെ നിരവധി മനുഷ്യർ ഇപ്പോഴും ജയിലുകളിലാണെന്നത് ദുഃഖകരം തന്നെ.

നീതി പ്രതീക്ഷിച്ച് വർഷങ്ങളായി ജയിലുകളിൽ കഴിയുന്ന നിരവധിയായ മനുഷ്യരും നിസ്സഹായരും കൊടിയ മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചുമാണ് യു.എ.പി.എയുടെ കാര്യത്തിൽ നാം ഗൗരവമായി കാണേണ്ടത്. ദേശസുരക്ഷ മുന്നിൽ വെച്ച് നിരപരാധികളെ വേട്ടയാടിയും വർഷങ്ങളോളം ജയിലിൽ പെട്ട് അവസാനം നിരപരാധിയായി വിട്ടയക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് ഇത്തരം കരിനിയമങ്ങളുടെ പേരിൽ നടമാടുന്നത്. മാത്രമല്ല നിലവിലെ സാഹചര്യത്തിൽ ഫാസിസം തിമർത്താടിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിന്റെ വിവിധ




ങ്ങളായ രംഗങ്ങളിൽ യഥാർത്ഥ പ്രതികളെയും കുറ്റക്കാരെയും വെറുതെവിടുന്ന വിചിത്രവും ഭീകരവുമായ സാഹചര്യങ്ങളാണ് ദിനംപ്രതി പത്രമാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുന്നത്.

യു.എ.പി.എ ഉൾപ്പെടെ മുഴുവൻ കരിനിയമങ്ങളും പിൻവലിക്കപ്പെടുക എന്നത് അനിവാര്യമാണ്. കരിനിയമങ്ങൾ ഭരണകൂടത്തിന്റെ മർദ്ദനോപാധികളുടെ ഉപാദാനങ്ങൾ ആണ്. ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കെതിരെയാണ് കരിനിയമങ്ങൾ വ്യാപകമായി പ്രയോഗിക്കുന്നത്. മുഴുവൻ വിചാരണതടവുകാർക്കും ജാമ്യം അനുവദിക്കുക. നിരപരാധികളായി വിട്ടയക്കപ്പെടുന്ന വിചാരണതടവുകാർക്ക് നഷ്ടപരിഹാരം നൽകുക. നഷ്ടപരിഹാര തുക അറസ്റ്റിനു നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുക. തുടങ്ങിയ ഇടപെടലുകളിലൂടെ മാത്രമേ നമുക്ക് നീതിയുടെ കിരണങ്ങളെങ്കിലും കാണുക സാധ്യമാവുന്നുള്ളൂ.

ചരിത്രം നടത്തുന്ന അനീതിയുടെയും പീഡനത്തിന്റെയും കണക്കെടുപ്പുകൾക്ക് ഒരു സമൂഹം ഉറങ്ങാതിരിക്കുന്നുണ്ട് എന്നിടത്താണ് നമ്മുടെ ജനാധിപത്യം അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ നേടുന്നുള്ളൂ. നിലനിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ ദൗത്യവുമത്രെ അത്. അതെ പൗരാവകാശം തന്നെയാണ് ജനാധിപത്യം.

## യു.എ.പി.എയും കേരളവും

യു.എ.പി.എ കരിനിയമത്തിന്റെ ഭാഗമായി നീതി നിഷേധങ്ങളിൽ ജീവിക്കുന്ന കേരളത്തിലെ വ്യക്തികളേയും സംഭവങ്ങളേയും പരിശോധിക്കാം

> **യു.എ.പി.എ ഉൾപ്പെടെ മുഴുവൻ കരിനിയമങ്ങളും പിൻവലിക്കപ്പെടുക എന്നത് അനിവാര്യമാണ്. കരിനിയമങ്ങൾ ഭരണകൂടത്തിന്റെ മർദ്ദനോപാധികളുടെ ഉപാദാനങ്ങൾ ആണ്.**




## അബ്ദുന്നാസർ മഅ്ദനി

യു.എ.പി.എ നിയമം ചാർ
നീതി നിഷേധിക്കപ്പെടുന്ന നിര
വിചാരണത്തടവുകാരുടെ ഒരു വ
പ്രതീകമാണ് അബ്ദുന്നാസർ മഅ്
നീണ്ട ഒമ്പത് വർഷക്കാലം വിചാ
ത്തടവുകാരനായി അദ്ദേഹം സേ
ജയിലിൽ കഴിഞ്ഞു. എന്നാൽ അവ
നം കുറ്റവിമുക്തനാക്കപ്പെട്ടു. അത്
ശേഷം 2010 ആഗസ്റ്റ് 17 നാണ് മ
നി വീണ്ടും അറസ്റ്റിലാകുന്നത്. 2008
നടന്ന ബാംഗ്ലൂർ സ്ഫോടനക്കേസ്
31ാം പ്രതിയായി ചേർത്തു കൊണ്ടാ
രുന്നു കേസ്.

യാഥാർത്ഥ്യങ്ങളെ ജനങ്ങളി
ത്തിക്കേണ്ട മാധ്യമങ്ങളിൽ ഭൂരിഭ
വും മുൻവിധികളോടെ ഇത്തരം ഭര
കൂട്ടവേട്ടയ്ക്ക് വളം വെച്ചു കൊടുത
എന്നത് സങ്കടകരമാണ്.

യഹ്‌യ കമ്മുക്കുട്ടിയെ അറസ്റ്റ് ചെ
യ്തുകൊണ്ട് പോയപ്പോൾ ഉറഞ്ഞു
ള്ളിയ മാധ്യമങ്ങൾ അന്താരാഷ്ട്ര നി
മസംഘടനകളെ കുറിച്ചുള്ള ബന്ധ
മെല്ലാം പറഞ്ഞ് കാണിച്ച ഉത്സ
ഹം അദ്ദേഹം നിരപരാധിയാണെ
പറഞ്ഞ് കോടതി വെറുതെവിട്ടപ്പോ
സത്യം പറയാൻ ഈ മാധ്യമങ്ങൾക്
കാണിക്കാനായില്ല എന്നതാണ് ഏ
വും വലിയ വെറുപ്പും ഭീതിയും. ഇന്നു
നമ്മുടെ കൺമുമ്പിൽ ജീവിക്കുന്ന ക
നിയമങ്ങളാലുള്ള പീഢനങ്ങളുടെ തെ
ളിവാണ് അദ്ദേഹം.

## വർക്കല ശിവപ്രസാദ്
## കൊലപാതകവും ദലിത് വേട്ടയും
## കേസ് സംഗ്രഹം



വർക്കലയിൽ ശിവപ്രസാദ് എന്ന വ്യക്തി രാവിലെ നടക്കാൻ ഇറങ്ങിയ വേളയിലാണ് ഏതോ അക്രമിസംഘം അദ്ദേഹത്തെ കൊലപ്പെടുത്തിയത്. കൊലപാതകത്തിന് പിന്നിൽ ദലിത് ഹ്യൂമറൈറ്റ്സ് മൂവ്മെന്റ് (ഡി .എച്ച്.ആർ.എം) എന്ന സംഘടനയാണ് പ്രവർത്തിച്ചത് എന്നാണ് പോലീസ് പറഞ്ഞത്. കൊലയ്ക്കു പിന്നാലെ നടന്ന, കൊല്ലം കോടതി കത്തിക്കൽ കേസും പോലീസ് ഈ സംഘടനയുടെ തലയിൽ കെട്ടിവച്ചു. ഡി.എച്ച്. ആർ.എം എന്ന തീവ്രവാദ സംഘടന അതിന്റെ ശക്തി നാട്ടുകാരെ ബോധിപ്പിക്കാനായി നടത്തിയ ശ്രമങ്ങളായിരുന്നു വർക്കല കൊലപാതകവും കൊല്ലം കോടതി കത്തിക്കലും എന്നാണ് പോലീസിന്റെ ന്യായീകരണം. തുടർന്ന് പോലീസ് വ്യാപകമായ ദലിത് വേട്ട ആരംഭിച്ചു. അവർ നിരവധി യുവാക്കളെ കസ്റ്റഡിയിലെടുത്ത് പീഡിപ്പിച്ചു. പോലീസ് നരനായാട്ട് പേടിച്ച് ധാരാളം പേർ ഒളിവിലും പോയി പോലീസിനോടൊപ്പം ശിവസേന പ്രവർത്തകരും ഒത്തുചേർന്ന് ഡി.എച്ച്.ആർ.എം പ്രവർത്തകർക്കെതിരെ വൻതോതിൽ ആക്രമണം അഴിച്ചുവിട്ടു. ഒമ്പതു ദലിത് വീടുകൾ കൈയേറി വസ്തുവകകൾ നശിപ്പിക്കുകയും കുട്ടികളുടെ പാഠപുസ്തകങ്ങൾ വലിച്ചുകീറുകയും ചെയ്തു. ഇതിനെതുർന്ന് ദലിത് ജനാധിപത്യ ഐക്യമുന്നണി 2009 ഒക്ടോബർ 27 ന് പോലീസ് ശിവസേന അതിക്രമങ്ങൾക്കെതിരെ വർക്കല പോലീസ് സ്റ്റേഷനു മുന്നിൽ ധർണ നടത്തി. 1000 ത്തോളം പേർ പങ്കെടുത്ത ഈ ധർണയിൽ കൂടുതലും സ്ത്രീകളായിരുന്നു.

> **ദലിത് തീവ്രവാദം എന്ന പുതിയൊരു പ്രയോഗം വർക്കല കൊലപാതകത്തിനുശേഷം കേരളത്തിൽ രൂപപ്പെടുകയുണ്ടായി. 2007 ൽ രജിസ്ട്രർ ചെയ്ത് സ്വന്തമായ ഭരണഘടനയോടുകൂടി പ്രവർത്തിക്കുന്ന ഡി.എച്ച്. ആർ.എമ്മിനെ തീവ്രവാദ സംഘടനയായി ചിത്രീകരിക്കാൻ ഭരണകൂടത്തിനു സാധിച്ചു.**

ധർണക്കുശേഷം അവർ വർക്കലയിൽ തിരിച്ചെത്തിയപ്പോൾ ശിവസേന മാരകമായി വിധത്തിൽ ആക്രമണം അഴിച്ചുവിട്ടു. തുടർന്ന് ഏഴു സ്ത്രീകൾ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. കുടിവെള്ളമെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കം എന്നാണ് പത്രങ്ങൾ ആ ആക്രമണത്തിനു നൽകിയ വിശേഷണം.

ഈ സംഭവ പരമ്പരകൾ നടന്ന് ഒരു മാസത്തിനുശേഷം വസ്തുതാപഠനത്തിന് വർക്കലയിലെത്തിയ മനുഷ്യാവകാശ പ്രവർത്തകരാണ് ദലിത് കോളനികളിലെ ദുരിത ജീവിതത്തെക്കുറിച്ച് പുറംലോകത്തെ അറിയിച്ചത്. സി.പി.എമ്മും കോൺഗ്രസും ബി.ജെ.പിയും ശിവസേനയും ഒത്തൊരുമിച്ചാണ് ദലിത് വേട്ടക്ക് നേതൃത്വം നൽകിയത്. ദലിത് തീവ്രവാദം എന്ന പുതിയൊരു പ്രയോഗം വർക്കല കൊലപാതകത്തിനുശേഷം കേരളത്തിൽ രൂപപ്പെടുകയുണ്ടായി. 2007 ൽ രജിസ്ട്രർ ചെയ്ത് സ്വന്തമായ ഭരണഘടനയോടുകൂടി പ്രവർത്തിക്കുന്ന ഡി.എച്ച്. ആർ.എമ്മിനെ തീവ്രവാദ സംഘടനയായി ചിത്രീകരിക്കാൻ ഭരണകൂടത്തിനു സാധിച്ചു. വർക്കല കൊലപാതകം കഴിഞ്ഞ് അഞ്ചുവർഷം കഴിഞ്ഞിട്ടും ഇപ്പോഴും കേസിൽ വിചാരണ നടന്നിട്ടില്ല. കൊല്ലം കോടതി കത്തിക്കൽ കേസിലാകട്ടെ ഇപ്പോഴും കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുമില്ല.

## മാവേലിക്കര മാവോയിസ്റ്റ് കേസ്

2012 ഡിസംബർ 29 നാണ് മാവേലിക്കരയിലെ ലോഡ്ജിൽ നിന്നും പ്രായപൂർത്തിയാകാത്ത രണ്ടു പെൺകുട്ടികളടക്കം ഏഴുപേരെ പോലീസ് കസ്റ്റഡിയിൽ എടുക്കുന്നത്. നിരോധിക്കപ്പെട്ട മാവോയിസ്റ്റ് സംഘടനയിലെ അംഗങ്ങൾ രഹസ്യയോഗം ചേർന്നുവെന്നാരോപിച്ചായിരുന്നു അറസ്റ്റ്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പിന്നീട് വിട്ടയക്കുകയും അഞ്ചുപേർക്കെതിരെ അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തു. തമിഴ്നാട് സ്വദേശിയായ ഗോപാൽ, തിരുവനന്തപുരം സ്വദേശികളായ ബാഹുലേയൻ, ഷഹനാസ്, കൊല്ലം സ്വദേശിയായ ദേവരാജൻ, മാവേലിക്കര സ്വദേശിയായ രാജേഷ് മാധവൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

2013 ഫെബ്രുവരി 19 ന് മാവേലി

ക്കരയിൽ നടന്ന രഹസ്യയോഗത്തിന്റെ 'മാസ്റ്റർ ബ്രെയിൻ' എന്നാരോപിച്ച് തൊടുപുഴ സ്വദേശിയായ അജയനെയും അറസ്റ്റ് ചെയ്തു. യു.എ.പി.എ പ്രകാരമായിരുന്നു ഇവർക്കെതിരെ കേസ് ചുമത്തിയത്. എൻ.ഐ.എ ആണ് ഇപ്പോൾ ഈ കേസ് അന്വേഷിക്കുന്നത്.

നിരോധിക്കപ്പെട്ട മാവോയിസ്റ്റ് ഭീകര സംഘടനയിലേക്ക് കുട്ടികളടക്കമുള്ള അംഗങ്ങളെ ചേർക്കൽ, ദേശവിരുദ്ധ ഗൂഢാലോചന നടത്തൽ, ഭീകര പ്രവർത്തനങ്ങൾ നടത്തി ഇന്ത്യയുടെ സുരക്ഷക്കും പരമാധികാരത്തിനും വെല്ലുവിളി ഉയർത്തൽ, പ്രായപൂർത്തിയാകാത്ത കുട്ടികളെ അവരുടെ രക്ഷിതാക്കളുടെ അടുക്കൽനിന്നും തട്ടിക്കൊണ്ടുവന്ന് നിയമവിരുദ്ധ സംഘടനയിൽ ചേർക്കൽ എന്നിവയാണ് പ്രധാനമായും ഇവർക്കെതിരെ ആരോപിക്കപ്പെട്ടത്. എന്നാൽ ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണ് എന്ന് പ്രതികൾ ആരോപിക്കുന്നു. ഒരു സാംസ്കാരിക സംഘടന രൂപീകരിക്കുന്നതിനുവേണ്ടിയാണ് തങ്ങൾ ഒത്തു കൂടിയതെന്നും സ്വമനസ്സാലെയാണ് ആമിയും സഹോദരിയും എത്തിയതെന്നും പറയുന്നു.

തങ്ങളെ ആരും തട്ടിക്കൊണ്ട് പോവുകയോ, നിർബന്ധിച്ച് ഏതെങ്കിലും സംഘടനയിൽ ചേർക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല എന്നും മറിച്ച് രക്ഷിതാവായ അമ്മൂമ്മയുടെ അറിവോടെയും സമ്മതത്തോടെയുമാണ് തങ്ങൾ ചർച്ചയിൽ പങ്കെടുക്കാനെത്തിയത് എന്ന് ആമി പറയുന്നു. ചോദ്യം ചെയ്യൽ എന്ന പേരിൽ പോലീസ് സ്റ്റേഷനിൽ വെച്ച് അതിക്രൂരമായ മാനസിക പീഢനമാണ് തനിക്കും സഹോദരിക്കും ഉണ്ടായതെന്ന് ആമി ആരോപിക്കുന്നു. എൺപതു വയസ്സുള്ള തന്റെ മുത്തശ്ശിയെ രാത്രി രണ്ടുമണിക്ക് പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തിയതായും, പത്തുവയസ്സുള്ള സഹോദരിയുടെ മുന്നിൽവെച്ച് തന്നെക്കുറിച്ച് അശ്ലീലച്ചുവയുള്ള ആരോപണങ്ങളും അഭിപ്രായപ്രകടനങ്ങളും പോലീസുകാർ നടത്തിയതായും ആമി ആരോപിക്കുന്നു.

**ഗൂഢാലോചന നടന്നതിനോ യഹ്‌യ അതിൽ പങ്കെടുത്തതിനോ യാതൊരു തെളിവും ഹാജരാക്കുവാൻ പോലീസിന് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, കുറ്റം തെളിയിക്കപ്പെട്ടാൽ കിട്ടാവുന്ന പരമാവധി ശിക്ഷ കാലയളവിനേക്കാൾ കൂടുതൽ കാലം യഹ്‌യ വിചാരണ തടവുകാരനായ് ജയിലിൽ ചെലവഴിച്ചു കഴിഞ്ഞു**



## യഹ്‌യ കമ്മുകുട്ടി

ഹുബ്ലി ഗൂഢാലോചന കേസിലെ ഒമ്പതാം പ്രതിയാണ് യഹ്‌യ. നിരോധിത സംഘടനയായ സിമിയിൽ പ്രവർത്തിച്ചു, കർണാടകയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ സ്ഫോടനം നടത്താൻ മറ്റ് പ്രതികളുമായി ച്ചേർന്ന് ഗൂഢാലോചന നടത്തി എന്നതാണ് യഹ്‌യക്ക് എതിരെയുള്ള പ്രധാന ആരോപണങ്ങൾ. 2008 ഫെബ്രുവരി 18 ന് രാത്രിയിൽ ബാംഗ്ലൂരിലെ വീട്ടിൽ നിന്നും ചില വിവരങ്ങൾ ശേഖരിക്കാനാണ് അരമണിക്കൂർ കഴിഞ്ഞ് തിരിച്ചുവിടാം എന്ന് ഉറപ്പുകൊടുത്ത കർണാടക സി.ഒ.ഡി യഹ്‌യയെ കൂട്ടിക്കൊണ്ട് പോവുകയായിരുന്നു എന്ന് ഭാര്യ ഫരീദ പറയുന്നു. ദിവസങ്ങളോളം യഹ്‌യയുടെ ഒരു വിവരവും ഉണ്ടായില്ല. പിന്നീട് 26 തിയ്യതിയാണ് യഹ്‌യയെ അറസ്റ്റ് ചെയ്ത വിവരം മാധ്യമങ്ങളിലൂടെ ഫരീദ അറിയുന്നത്. സംശയാസ്പദമായ രീതിയിൽ വണ്ടിയോടിക്കുമ്പോൾ പിടികൂടി എന്നാണ് പോലീസ് ആരോപിച്ചത്.

ഗർഭിണിയായിരുന്ന ഫരീദ വാർത്തയറിഞ്ഞ് ബാംഗ്ലൂരിൽ നിന്നും തിരിച്ചുപോരുകയായിരുന്നു. കോഴിക്കോട് ജില്ലയിലെ മുക്കം ഗോതമ്പ്റോഡ് സ്വദേശിയാണ് യഹ്‌യ. ബാംഗ്ലൂരിൽ എഞ്ചിനീയറായിരുന്ന യഹ്‌യ ജി.ഇ അടക്കമുള്ള മൾട്ടി നാഷണൽ കമ്പനികളിൽ ജോലി ചെയ്തിട്ടുണ്ട്. ഒടുവിൽ സ്വന്തമായി കമ്പനി തുടങ്ങാനുള്ള പ്രവർത്തനത്തിലായിരുന്നു.

ഗൂഢാലോചന നടന്നതിനോ യഹ്‌യ അതിൽ പങ്കെടുത്തതിനോ യാതൊരു തെളിവും ഹാജരാക്കുവാൻ പോലീസിന് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, കുറ്റം തെളിയിക്കപ്പെട്ടാൽ കിട്ടാവുന്ന പരമാവധി ശിക്ഷ കാലയളവിനേക്കാൾ കൂടുതൽ കാലം യഹ്‌യ വിചാരണ തടവുകാരനായ് ജയിലിൽ ചെലവഴിച്ചു കഴിഞ്ഞു എന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ പറയുന്നു. സുപ്രീം കോടതിയിലടക്കം നിരവധി തവണ ജാമ്യത്തിന് ശ്രമിച്ചെങ്കിലും എത്രയും പെട്ടെന്ന് വിചാരണ തീർക്കാൻ നിർദ്ദേശം നൽകികൊണ്ട് അപേക്ഷ തള്ളുകയായിരുന്നു. വിചാരണ എത്രയും



പെട്ടെന്ന് തീർക്കാൻ സുപ്രീം കോടതിയടക്കം ഏഴോളം തവണ നിർദ്ദേശം നൽകിയിട്ടും വളരെ പതുക്കെയാണ് വിചാരണ നടപടികൾ നീങ്ങിയത്. കേസ് നടത്തിപ്പിനായി ലക്ഷങ്ങളാണ് യഹ്‌യയുടെ കുടുംബത്തിന് ചിലവായിട്ടുള്ളത്. സ്ഥലം വിറ്റുകിട്ടിയ പണം ഉപയോഗിച്ചാണ് കുടുംബം കേസ് നടത്തിയത്.

## സൂഫിയ മഅ്ദനി

കളമശേരി ബസ് കത്തിക്കൽ കേസിൽ പത്താം പ്രതിയാണ് സൂഫിയ മഅ്ദനി. 2009 ഡിസംബർ 18 ന് സൂഫിയ അറസ്റ്റിലായെങ്കിലും അഞ്ചു ദിവസത്തിനുശേഷം ഡിസംബർ ഇരുപത്തി മൂന്നിന് ഉപാധികളോടെ കോടതി ജാമ്യം നൽകി. ഒന്നാം പ്രതി തടയന്റെവിട നസീറടക്കം പതിമൂന്നു പ്രതികളാണ് ചാർജ്ജ് ഷീറ്റിൽ ഉള്ളത്. കേരള പോലീസാണ് ആദ്യം കേസ് അന്വേഷിച്ചതെങ്കിലും പിന്നീട് എൻ.ഐ.എക്ക് വിടുകയായിരുന്നു. 2005 സെപ്റ്റംബർ ഒമ്പതിനാണ് കേസിനാസ്പദമായ സംഭവം. അന്നേദിവസം തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു ബസ് കളമശേരിയിൽ വെച്ച് കത്തിക്കപ്പെടുകയുണ്ടായി. കോയമ്പത്തൂർ ജയിലിൽ കഴിയുകയായിരുന്ന സൂഫിയ മഅ്ദനിക്കു നേരെ പീഢനമുണ്ടായി എന്ന വാർത്ത വന്നതിനെത്തുടർന്ന് തമിഴ്നാട് ഗവൺമെന്റിനോടുള്ള പ്രതിഷേധ സൂചകമായി പ്രതികൾ ബസ് കത്തിക്കുകയായിരുന്നു എന്ന് പോലീസ് ആരോപിക്കുന്നു.

**“ കോടതിയുടെ അനുമതിയില്ലാതെ എറണാകുളം ജില്ല വിട്ടു പോകാൻ പാടില്ല യാത്രയുടെ വിശദവിവരങ്ങൾ എൻ.ഐ.എയെ അറിയിക്കണം. എന്നിവയെല്ലാമാണ് സൂഫിയയുടെ ജാമ്യ നിബന്ധനകൾ. ”**



പ്രതികളിൽ ചിലർ സൂഫിയയുടെ ഫോണിലേക്കും തിരിച്ചും വിളിച്ചിട്ടുണ്ട് എന്നതാണ് സൂഫിയക്ക് നേരെയുള്ള തെളിവായും പ്രതി ചേർക്കപ്പെടാനുള്ള കാരണമായും പോലീസ് പറയുന്നത്. ആദ്യ പ്രതിപട്ടികയിൽ സൂഫിയയുടെ പേരുണ്ടായിരുന്നില്ല. ആദ്യ പ്രതിപട്ടികയിലെ ഒന്നാം പ്രതിയും (ശരീഫ്) രണ്ടാം പ്രതിയും (താജുദ്ദീൻ) 164ാം വകുപ്പുപ്രകാരം സൂഫിയക്കെതിരെ കൊടുത്ത മൊഴിയുടെ അടിസ്ഥാനത്തിലാണ് അഞ്ചു വർഷത്തിനുശേഷം സൂഫിയ പ്രതിപട്ടികയിൽ ചേർക്കപ്പെടുന്നത്. അതേസമയം ഒന്നാം പ്രതി ശരീഫ് പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയും പകരം തടിയന്റെവിട നസീറിനെ ഒന്നാം പ്രതിയാക്കുകയും ചെയ്തു.

കോടതിയുടെ അനുമതിയില്ലാതെ എറണാകുളം ജില്ല വിട്ടുപോകാൻ പാടില്ല യാത്രയുടെ വിശദവിവരങ്ങൾ എൻ.ഐ.എയെ അറിയിക്കണം. എന്നിവയെല്ലാമാണ് സൂഫിയയുടെ ജാമ്യ നിബന്ധനകൾ. ബാംഗ്ലൂർ ജയിലിൽ കഴിയുന്ന സൂഫിയ മഅ്ദനിയെ സന്ദർശിക്കാനും രോഗബാധിതരായ മാതാപിതാക്കളെ കാണാനും ഈ നിബന്ധനകൾ അസൗകര്യം സൃഷ്ടിക്കുന്നതിനാൽ ഇവ എടുത്തുമാറ്റണം എന്ന സൂഫിയയുടെ അപേക്ഷ കോടതി തള്ളിയിരുന്നു. ഓരോ പ്രാവശ്യവും കോടതിയുടെ അനുവാദത്തോടു കൂടിയാണ് സൂഫിയ ഇപ്പോൾ മഅ്ദനിയെ സന്ദർശിക്കുന്നതും അനിവാര്യ ആവശ്യങ്ങൾക്കായി എറണാകുളം ജില്ലവിട്ട് പുറത്തുപോകുന്നതും. ഈ കേസിന്റെ വിചാരണയാവട്ടെ ഇതുവരെ തുടങ്ങിയിട്ടുമില്ല.

സൂഫിയ മഅ്ദനിയെ ഈ കേസിൽ മനഃപൂർവ്വം കുടുക്കിയതാണ് എന്ന് പരക്കെ ആരോപണം ഉയർന്നിരുന്നു. സൂഫിയയാണ് ബസ് കത്തിക്കലിന്റെ സൂത്രധാരയെന്ന് പറയാൻ പോലീസ് നിർബന്ധിച്ചതായും കസ്റ്റഡിയിൽ വെച്ച് മർദ്ദിച്ചതായും പി.ഡി.പി നേതാവായിരുന്ന മജീദ് പറമ്പായി മാധ്യമങ്ങളോട് തുറന്നു പറഞ്ഞിരുന്നു.

Reference: *കെട്ടിച്ചമച്ച കേസുകളുടെ ജനകീയ തെളിവെടുപ്പ്, ട്രൈബ്യൂണൽ റിപ്പോർട്ട്.* ●

അനസ് അൻ
(ഒന്നാം വർഷം, എം.സി.

# പുറത്തു

# ഇന്ത്യയ്ക്കകത്തും
# ദേശീയതയ്ക്ക്

എങ്ങനെയായിരിക്കും **മരണ**ത്തെ
കണ്ടുമുട്ടുകയെന്നോർത്ത് ചില രാത്രികളിൽ
ഞാൻ **അത്ഭുത**പ്പെടാറുണ്ട്..
പിന്നെ ഞാനോർക്കും...
ഓ.. ഞാനൊരു **കശ്മീരി**യാണല്ലേ
എന്റെ മരണം ഒരു **വെടിയുണ്ട**
പോലെയായിരിക്കും എന്നിലേക്കെത്തുകയെന്ന്

- ഫറാഹ് ബഷീർ

# കശ്മീർ



ഒരു കാലത്ത് ഇന്ത്യയുടെ ബഹുസ്വര സംസ്കാരത്തിന്റെ പ്രതീകമായിരുന്ന, പ്രകൃതി സൗന്ദര്യവും മാനുഷികതയും സമന്വയിച്ച് നിലനിന്ന കശ്മീർ ഇന്ന് ആഭ്യന്തര സംഘർഷത്തിന്റെയും ചേരി തിരുവുകളുടെയും വേദിയാണ്. 1947 - ൽ ഇന്ത്യാ രൂപീകരണ സമയത്ത് സ്വാതന്ത്ര രാജ്യമായി നിലനിന്നിരുന്ന കശ്മീർ സ്വയം ഭരണപ്രദേശമായി നിലനിന്നു കൊണ്ടുതന്നെ ഇന്ത്യൻ യൂണിയന്റെ ഭാഗമായി. അന്നുമുതൽ തുടങ്ങിയതാണ് കശ്മീരിന്റെ ദുരിതങ്ങളും. ഇതിനെ ചെറുത്ത് കശ്മീരിനെ സ്വന്തമാക്കാൻ ശ്രമിക്കുന്ന പാകിസ്ഥാ

നും കശ്മീരിന്റെ സ്വയം ഭരണാവകാശം നി
ധിച്ച് ഇന്ത്യയിലേക്ക് കൂട്ടിച്ചേർക്കാൻ ശ്ര
ക്കുന്ന ഇന്ത്യൻ ഗവൺമെന്റും ആത്യന്തി
മായി കശ്മീരിന്റെ സ്വത്വത്തിലാണ് പി
മുറുക്കിയിരിക്കുന്നത്.

ബ്രിട്ടീഷുകാർക്ക് നേരിട്ട് ഭരണ
ധികാരം ഇല്ലാതിരുന്ന ഒരു രാജഭര
പ്രദേശമായിരുന്നു കശ്മീർ. ഇന്ത്യ
സ്വാതന്ത്ര്യം നേടുന്ന ഘട്ടത്തിൽ
ഗ്ര വംശത്തിൽ പെട്ട ഹരിസിംഗ് എ
രാജാവായിരുന്നു കാശ്മീർ ഭരിച്ചിരു
ത്. കാബിനറ്റ് മിഷ
പദ്ധതി പ്രക
രം ഭരണഘടന
നിർമാണസ
രൂപവത്




രിച്ചപ്പോൾ, അതിൽ ചേരാൻ വിസമ്മിതിക്കുകയായിരുന്നു ഹരിസിംഗ്. അപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ പ്രധാനമായും രണ്ട് സാധ്യതകളാണുണ്ടായിരുന്നത്. ഒന്നുകിൽ സ്വാതന്ത്ര രാജ്യമായി തുടരുക അല്ലെങ്കിൽ ഇന്ത്യയോടോ പാകിസ്ഥാനോടോ ചേരുക. കശ്മീരിനെ സ്വതന്ത്രമായി നിലനിർത്താനാണ് താൻ ആഗ്രഹിക്കുന്നതെന്നും കിഴക്കിന്റെ സ്വിറ്റ്സർലാന്റാക്കി കശ്മീരിനെ മാറ്റിയെടുക്കുകയാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. കൂടാതെ ഇന്ത്യയും പാക്കിസ്ഥാനുമായി ഒരു സ്തംഭന കരാറിൽ ഏർപ്പെടുന്നതിനും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. പാകിസ്ഥാൻ അതംഗീകരിച്ചെങ്കിലും ഇന്ത്യ തള്ളിക്കളയുകയാണ് ചെയ്തത്. വിഭജനത്തെ തുടർന്ന് 1947 - ഒക്ടോബറിൽ കശ്മീരിൽ വർഗ്ഗീയ ലഹള പൊട്ടിപ്പുറപെട്ടപ്പോൾ അതിനെ നേരിടുന്നതിന് ഭരണ സംവിധാനം സജ്ജമായിരുന്നില്ല. പത്താൻ ഗിരിവർഗ്ഗർ പാക്കിസ്ഥാന്റെ പിൻബലത്തിൽ ശ്രീനഗറിലേക്ക് മുന്നേറ്റം നടത്തിയതും ഇതേ കാലത്തു തന്നെയാണ്. ഈ പ്രതിസന്ധി ഘട്ടത്തിൽ, രാജ്യത്തിന്റെ സുരക്ഷ നാഷണൽ കോൺഫറൻസ് നേതാവ്, ഷെയ്ഖ് അബ്ദുല്ലയെ ഏൽപ്പിച്ച് കൊണ്ട് മഹാരാജാവ് ശ്രീനഗർ വിട്ടു പോവുകയാണ് ചെയ്തത്. പക്ഷേ ഈ അക്രമവും വർഗീയതയും കശ്മീരിന്റെ മണ്ണിൽ വേരുറച്ചില്ല. മത സൗഹാർദ്ദവും സമാധാന അന്തരീക്ഷവും കശ്മീരിന്റെ സാംസ്കാരിക സ്വത്വത്തിന്റെ ഭാഗമായിരുന്നു.

കാശ്മീർ ജനതയുടെയും അവർക്ക് നേതൃത്വം നൽകുന്ന ശൈഖ് അബ്ദുല്ലയുടെയും നാഷണൽ കോൺഫറൻസിന്റെയും ചിന്താഗതിക്കനുകൂലമായ നിലപാടായിരുന്നു ഇന്ത്യ സ്വീകരിച്ചിരുന്നത്. ജനങ്ങൾക്കായിരിക്കണം

> **ജനങ്ങൾക്കായിരിക്കണം പരമാധികാരം എന്ന നിലപാട് ഗാന്ധിജിയും നെഹ്റുവും സ്വീകരിച്ചപ്പോൾ പരമാധികാരം മഹാരാജാവിനായിരിക്കണം എന്ന നിലപാടാണ് ജിന്ന സ്വീകരിച്ചത്.**



പരമാധികാരം. എന്ന രീതിയിലുള്ള നിലപാട് ഗാന്ധിജിയും നെഹ്റുവും സ്വീകരിച്ചപ്പോൾ പരമാധികാരം മഹാരാജാവിനായിരിക്കണം എന്ന നിലപാടാണ് ജിന്ന സ്വീകരിച്ചത്. ഇത്തരത്തിൽ ജിന്ന സ്വീകരിച്ച പലനിലപാടുകളും കാശ്മീർ പുലർത്തിപ്പോന്ന സൗഹാർദ മുഖത്തോടും ഗാന്ധിജിയും നെഹ്റുവും പുലർത്തിപ്പോന്ന ജനാധിപത്യ വീക്ഷണത്തോടും എതിരെയുള്ളതായിരുന്നു. അതുകൊണ്ടുതന്നെ, സ്വാഭാവികമായും ഇന്ത്യയോടും അതിന്റെ ആശയങ്ങളോടുമായിരുന്നു കാശ്മീർ ജനതയ്ക്ക് ചായ്‌വ്. കടുത്ത സമ്മർദ്ദത്തിലായിരുന്ന മഹാരാജാവിന് പാകിസ്ഥാന്റെ കടന്നാക്രമണങ്ങളിൽ നിന്ന് കശ്മീരിനെ രക്ഷിക്കാനാവാത്ത സ്ഥിതി സംജാതമായപ്പോൾ അദ്ദേഹം ഇന്ത്യാ ഗവൺമെന്റിനോട് സഹായം അഭ്യർത്ഥിച്ചു. സൈനീക സഹായത്തിന് പകരമായി കാശ്മീർ ഇന്ത്യയോട് ചേരണമെന്ന് നിർദ്ദേശം ഗവൺമെന്റ് മുന്നോട്ട് വെക്കുകയാണുണ്ടായത്. അങ്ങനെ, കശ്മീരിന് സ്വന്തം ഭരണഘടനയും പതാകയും സദറെ രിയാസത്ത് അഥവാ പ്രധാനമന്ത്രി സ്ഥാനങ്ങളും നിലനിർത്തിക്കൊണ്ട് 37 ാം വകുപ്പ് പ്രകാരം കാശ്മീർ ഒപ്പുവെച്ചു. ഇത് ഒരിക്കലും ഒരു ലയനമായിരുന്നില്ല. അതേസമയം, രാജ്യത്തിന്റെ പ്രതിരോധം, നാണയം, വിദേശകാര്യം, വാർത്താവിനിമയം തുടങ്ങിയ തന്ത്രപ്രധാനമായ കാര്യങ്ങൾ ഇന്ത്യ നിർവ്വഹിക്കും. പിന്നീട് ജനഹിത പരിശോധന നടത്തി കാശ്മീർ ജനതയുടെ താൽപര്യപ്രകാരം കാര്യങ്ങൾ തീരുമാനിക്കും എന്നുമാണ് കരാറിന്റെ കാതലായിരുന്നത്.

എന്നാൽ, പിന്നീട് പല കാലങ്ങളിലായി വന്ന ഇന്ത്യൻ ഭരണ പക്ഷങ്ങൾ കശ്മീരിന്റെ സ്വയം ഭരണാവകാശം നിയന്ത്രിക്കുന്നതിലേക്കും പ്രത്യേകവകാശങ്ങൾ റദ്ദാക്കുന്നതിലേക്കുമാണ് ശ്രദ്ധിച്ചത്. ഇത് കാശ്മീർ ജനതയും ഇന്ത്യയും തമ്മിൽ മാനസികമായ ഒരകലത്തിന് വഴിയൊരുക്കി. ഈ സമയത്ത് തന്നെയാണ് കാശ്മീർ സ്വന്തമാക്കുന്നതിനായി പാകിസ്ഥാനും തീവ്രവാദവും വർഗീയതയും കൂട്ടുപിടിച്ചത്. ഈ രണ്ട് സംഭവങ്ങളും അന്തിമമായി

**“ നിലവിൽ, നിരവധി പ്രതിസന്ധികളാൽ ഉഴലുകയാണ് കാശ്മീർ ജനത. കശ്മീരിനെ സ്വന്തമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയും പാകിസ്ഥാനും നടത്തുന്ന പിടിവലികൾ കാശ്മീർ ജനതയുടെ ജീവിതം ദുസ്സഹമാക്കി. ”**

കശ്മീരിന്റെ സൗഹാർദ്ദാന്തരീക്ഷത്ത
നാണ് പൊള്ളലേൽപ്പിച്ചത്.

നിലവിൽ, നിരവധി പ്രതിസന്ധി
ളാൽ ഉഴലുകയാണ് കാശ്മീർ ജന
കശ്മീരിനെ സ്വന്തമാക്കുക എ
ലക്ഷ്യത്തോടെ ഇന്ത്യയും പാകിസ്
നും നടത്തുന്ന പിടിവലികൾ കാശ്മീ
ജനതയുടെ ജീവിതം ദുസ്സഹമാക്കി

അടിസ്ഥാനപരമായി തങ്ങളു
നിലനിൽപ്പിനെ കുറിച്ച് കാശ്മീർ ജ
തയുടെ അഭിപ്രായം ജനാധിപത്യ
മായ രീതിയിൽ ആരായുകയും സ
യുക്ത ചർച്ചകൾ നടത്തുകയും 370
വകുപ്പ് പ്രകാരം കരാർ വേളയി
നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാ
ക്കുകയും വേണം. ഇത്തരത്തിൽ വ
രെ പ്രായോഗികമായ രീതിയിലു
ഒരു പരിഹാരം കണ്ടെത്തേണ്ടതു
അത് തീർച്ചയായും ഒരു ജനതയു
അടിസ്ഥാന സ്വത്വത്തിന്റെയും സർ
ത്മക ജീവിതത്തിന്റെയും വീണ്ടെടു
ലായിരിക്കും.

പാകിസ്ഥാൻ ബലൂചിസ്ഥാനി
നടത്തുന്ന മനുഷ്യാവകാശ ലംഘ
ങ്ങളെക്കുറിച്ച് പരാമർശിച്ച് കശ്മീ
ലെ പാക് അധിനിവേശങ്ങളെ വിമ
ശിച്ചിരിക്കുകയാണ് ഇന്ത്യൻ പ്രധാ
മന്ത്രി. അതേ സമയം ഇന്ത്യൻ സൈ
ന്യം കാശ്മീർ ജനതയോട് ചെയ്യു
ക്രൂരതകൾ അദ്ദേഹം പരാമർശിക്ക
ന്നുമില്ല. തീർച്ചയായും ഇതിൽ ഒരു വി
രോധാഭാസമുണ്ട്. ●





# ബഹുസ്വരതയുടെ വർത്തമാനങ്ങൾ

സാംസ്കാരിക രംഗത്തെ പ്രമുഖരുടെ ശബ്ദതയും നിശബ്ദതയും
ഫാഷിസ്റ്റ് കാലത്ത് പ്രത്യേക പരിഗണന അർഹിക്കുന്നു.
സമകാലിക സ്വത്വ രാഷ്ട്രീയം, ദലിത്-മുസ്ലിം ഐക്യം,
മുസ്ലിം സ്വത്വ രാഷ്ട്രീയം, സ്ത്രീ, വിമർശനത്തിന്റെ രാഷ്ട്രീയം,
മൃദു ഹിന്ദുത്വം തുടങ്ങിയവയെ കുറിച്ച്
സാംസ്ക്കാരിക രംഗത്തെ പ്രമുഖർ സംവദിക്കുന്നു.
ഗാന്ധി, അംബേദ്ക്കർ, സീതിസാഹിബ്, മുഹമ്മദ് അബ്ദുറഹിമാൻ
സാഹിബ്, സന്തോഷ് ഏച്ചിക്കാനം...
രണ്ടേ രണ്ട് ചോദ്യങ്ങൾക്ക് ബഹുസ്വരത നിറയുന്ന
നിരവധി ഉത്തരങ്ങൾ
മലയാള സാഹിത്യത്തിലെ പ്രമുഖ സ്വരങ്ങളായ
**ഡോ: ഖദീജ മുംതാസ്**
**ടി ഡി രാമകൃഷ്ണൻ**
**കെ പി രാമനുണ്ണി**
എന്നിവരുടെ പ്രതികരണങ്ങൾ

## ഖദീജ മുംതാസ്



*പുതിയ നോവൽ 'നീട്ടിയെഴുത്തുകൾ' മുസ്ലിം സ്വത്വ രാഷ്ട്രീയത്തെയും സീതിസാഹിബിനേയും പുതിയ വീക്ഷണത്തിലൂടെ അവതരിപ്പിക്കുന്നുണ്ടല്ലോ?*

സീതിസാഹിബിന്റേയും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റേയും ചരിത്രത്തിലൂടെ കടന്നുപോകുമ്പോൾ എനിക്ക് തോന്നിയ ചില സംശയങ്ങളാണ് നോവലിൽ ആവിഷ്കൃതമാവുന്നത്. സീതിസാഹിബ് അനുസ്മരണത്തിലും മറ്റു വേദികളിലും ഞാൻ ഇത് പങ്കുവെച്ചിട്ടുണ്ട്.

അബ്ദുറഹിമാൻ ദേശീയരാഷ്ട്രീയത്തിൽ ഉറച്ചു നിൽക്കുന്ന കാലത്തും ഒരുപാട് മാനസിക സംഘർഷങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ദേശീയരാഷ്ട്രീയത്തിലും(കോൺഗ്രസ്സ്) മുസ്ലീം ലീഗിലും ഒരേസമയം പ്രവർത്തിക്കാൻ കഴിഞ്ഞിരുന്ന സാഹചര്യം അന്നുണ്ടായിരുന്നു എങ്കിലും പിന്നീട് ദേശീയ രാഷ്ട്രീയം വിട്ട് സീതി സാഹിബ് ലീഗിലേക്ക് വരികയായിരുന്നു. ഇവരനുഭവിച്ച ചില അവഗണനകൾ ഇതിനു കാരണമായെന്നത് വസ്തുതയാണ്.

ഫാറൂഖ് കോളേജ് സ്ഥാപിക്കുന്നതിൽ പ്രധാനപങ്കു വഹിച്ചിട്ടുള്ള സീതിസാഹിബിനെയൊക്കെ പലപ്പോഴും അവഗണിക്കാറോ ,ഒരു യാഥാസ്ഥിതികനായി അവതരിപ്പിക്കാറൊ ആണ് പതിവ്.

*മുത്വലാക്കിന്റെയും, ഏക സിവിൽ കോഡിന്റെയും സാഹചര്യത്തിൽ മുസ്ലീം സ്ത്രീകളുടെ പ്രശ്നങ്ങളെ എങ്ങനെ നോക്കിക്കാണുന്നു.? ശബരിമല സ്ത്രീപ്രവേശനമോ?*

മുത്വലാക്കിനെ ഒരു തന്ത്രമാക്കി എടുക്കുകയാണ് പലരും ചെയ്യുന്നത്. മുത്വലാക്ക് സ്ത്രീ വിരുദ്ധമെന്നതിലുപരി ജനാധിപത്യ വിരുദ്ധമാണ്. ഇത് ഖുർആനിന് അനുകൂലവുമല്ല. ഖുർആനിൽ പറഞ്ഞതുപോലെ ഘട്ടം ഘട്ടമായുള്ള യഥാർത്ഥ ത്വലാക്കിനെ ഇത്രമാത്രം വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഒറ്റതവണയിൽ തന്നെ മൂന്ന് ത്വലാക്ക് ചൊല്ലുക, അതും മദ്യലഹരിയിൽ ആണെങ്കിൽ പോലും അംഗീകരിക്കാമെന്നൊക്കെയാണ് വാദങ്ങൾ. ഇത് തീർത്തും ദൈവവിരുദ്ധതയാണ്. എന്നെ അത്ഭുതപ്പെടുത്തിയ ഈ വിഷയവുമായി ബന്ധപ്പെട്ട സംഭവം ജനങ്ങൾക്കിടയിൽ നിയമ അവബോധം ഉണ്ടാക്കാൻ വേണ്ടി തയ്യാറാക്കിയ 'കെൽസ'യുടെ ഒരു പുസ്തകത്തിൽ, ഹിന്ദു വിവാഹമോചന നിയമങ്ങൾ, ക്രിസ്ത്യൻ വിവാഹമോചന നിയമങ്ങൾ, മു



സ്ലീം സ്ത്രീകളുടെ വിവാഹമോചന നിയമങ്ങൾ എല്ലാമുണ്ട്. എന്നാൽ, മുസ്ലീം പുരുഷന്റെ വിവാഹമോചന നിയമങ്ങളില്ല. വർഷങ്ങളോളമായി മുത്വലാക്ക്, ബഹുഭാര്യത്വം, ജന്മാവകാശം, അനന്തരാവകാശം മുതലായവയിലെ ജനാധിപത്യ വിരുദ്ധത തിരുത്തണമെന്ന വാദം ഇത്രയും കാലം പരിഗണിക്കാതെ, ഇപ്പോൾ 'ഏറ്റവും മോശമായ' ഒരു കാലത്താണ് പരിഗണിച്ചിരിക്കുന്നത്. ഇതിലൊരു ഭീഷണി വ്യക്തമാണ്. ഇവിടെ മുസ്ലീം സ്ത്രീകളുടെ സ്വത്തു സംരക്ഷണം അല്ലെങ്കിൽ ജനാധിപത്യ സംരക്ഷണം എന്ന പേരിൽ സംഭവിക്കാൻ പോകുന്നത് എല്ലാത്തിന്റെയും ഒരു ഉടച്ചുവാർക്കലും, ഏകാധിപത്യ പ്രവണതയുള്ള സിവിൽ കോഡിനുള്ള സാധ്യതയുമാണ്.

മുസ്ലീം സ്ത്രീകളുടെ വിവാഹമോചന നിയമമായ 'ഫസ്ഖ് ' ഉണ്ടെങ്കിലും ഇത് പ്രാവർത്തികമാകാറില്ല. സ്ത്രീകളും കോടതിയിലെ നീണ്ട നിയമനടപടികൾക്കു വിധേയമാകാറാണുള്ളത്. തീവ്രവും വ്യക്തവുമായ കാരണങ്ങളാലേ വിവാഹമോചനം തേടാവൂ എന്ന യഥാർത്ഥ മതനിർദ്ദേശത്തെ സമൂഹം ഏറ്റുപിടിക്കാത്തത് വർദ്ധിച്ചു വരുന്ന വിവാഹമോചനങ്ങൾക്കു കാരണമാവുന്നു.

സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കുന്നത് ശരിയല്ല. മുസ്ലീം പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ടെങ്കിലും അവരെ ഒരു മറക്കപ്പുറമാക്കി, അറിവ് പകർന്നു നൽകുന്നയാളെ പോലും കാണാൻ സാധിക്കാത്തവിധം ഒരു തരം നിഷേധമവിടെ നടക്കുന്നുണ്ട്. ദൈവത്തോടു സംവദിക്കാൻ പള്ളിയിലോ അമ്പലത്തിലോ പോകണമെന്ന് നിർബന്ധമില്ല, എവിടെ നിന്നും ഇത് സാധ്യമാണ്. എന്നാൽ ഇത്തരത്തിൽ ആരാധനാലയങ്ങളിൽ പോകണമെന്ന് ആഗ്രഹമുള്ളൊരാളുടെ അവസരവും അവകാശവും നിഷേധിക്കുവാൻ പാടില്ല.

* * *

## ടി ഡി രാമകൃഷ്ണൻ

*സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി എന്ന കഥക്ക് അനുകൂലിച്ചും പ്രതികൂലിച്ചും വിമർശ*





*നങ്ങൾ ഉണ്ടായി. എതിർവായനകളെ ഭീകരപ്രവർത്തനം എന്നാണ് എഴുത്തുകാരൻ വിശേഷിപ്പിച്ചത്. പ്രതിനിധാന വായനയെ എങ്ങനെ കാണുന്നു?*

കഥ എഴുതിക്കഴിഞ്ഞാൽ എങ്ങനെ നമ്മുടെ കഥ വായിക്കണമെന്ന് എഴുത്തുകാരൻ തീരുമാനിക്കുന്നത് ശരിയല്ല. വായനക്കാരന് ഇഷ്ടമുള്ള രീതിയിൽ സമീപിക്കാം. ഇപ്പോൾ വന്ന വിമർശനങ്ങൾ മോശമാണെന്ന് പറയാൻ വയ്യ. എന്നാൽ സാഹിത്യത്തെ ഒരു സാംസ്കാരിക-നരവംശശാസ്ത്ര ഉത്പന്നമായി സമീപിക്കുന്ന, അത്തരത്തിൽ മാത്രം കാണുകയും അതനുസരിച്ച് പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്യുമ്പോൾ കൃതിയുടെ കലാപരമായ ആസ്വാദന തലം നഷ്ടമാവുന്നുണ്ട്. വാസ്തവത്തിൽ സന്തോഷ് ഏച്ചിക്കാനം പറയാൻ ഉദ്ദേശിക്കുന്ന തലവും ഇതു തന്നെയാവണം. സാഹിത്യം, കല എന്നിവ സമൂഹത്തിന് നേരെ പിടിക്കുന്ന കണ്ണാടിയായി കാണാൻ ആഗ്രഹിക്കുന്ന ആളാണ് ഞാൻ. അതിൽ കൂടി വായനക്കാരൻ കൂടി പങ്കെടുക്കുന്ന ഒരു സംവാദത്തിന്റെ ഇടമാണ് തുറന്നു വെക്കുന്നത്. എന്റേതായ ഉത്തരങ്ങൾ മുന്നോട്ടു വച്ചുള്ള വാദിച്ചു ജയിക്കലല്ല.എഴുത്തിൽ നമുക്ക് സാമൂഹിക യാഥാർത്ഥ്യങ്ങളെ സമീപിക്കേണ്ടി വരും. ഈ യാഥാർത്ഥ്യങ്ങൾ അത്ര സുഖകരങ്ങളല്ല. അത് പുരുഷാധിപത്യപരമാണ്, സവർണ്ണ മേധാവിത്വപരമാണ്, ദലിത് വിരുദ്ധമാണ്. ഈ യാഥാർത്ഥ്യങ്ങളെ കൃതികളിൽ പ്രശ്നവത്ക്കരിക്കുമ്പോൾ ഇത്തരം സത്യങ്ങൾ അഭിമുഖീകരിക്കാതിരിക്കാൻ കഴിയില്ല. എന്റെ കഥയിലൂടെ, കഥാപാത്രങ്ങളിലൂടെ ഒരു മാതൃക മുന്നോട്ടുവെക്കാറില്ല. പകരം എന്നെ അപ്രത്യക്ഷനാക്കാനാണ് ഞാൻ ശ്രമിക്കാറ്. എന്റെ വ്യക്തിപരമായ ശരി അതിസൂക്ഷ്മ ന്യൂനപക്ഷമായതിനാൽ ആ ശരിയെ എഴുത്തിലൂടെ ഞാൻ മുന്നോട്ടുവെക്കാറില്ല. എന്റെ കൃതികൾ ലോകത്തോടു തന്നെയുള്ള എന്റെ വിയോജിപ്പുകളാണ്. സന്തോഷ് ഏച്ചിക്കാനം അവതരിപ്പിക്കുന്ന യാഥാർത്ഥ്യം രാഷ്ട്രീയപരമായി ശരിയല്ല എന്നതിനാൽ ആ യാഥാർത്ഥ്യം ഇല്ലാതാവുന്നില്ല. സാമൂഹിക പ്രശ്നങ്ങളിൽ ഡിസ്ക്കോഴ്സുകൾ ആരംഭിക്കാൻ ഇത്തരം എഴുത്തുകൾ ആവശ്യമാണ്.

*താങ്കളുടെ നോവലുകൾ നിരന്തരം ഭരണകൂട ഹിംസയെ ഓർമ്മിപ്പിക്കുന്നു. ഇന്ത്യയിൽ അധികാരത്തിൽ ഇരിക്കുന്ന സാംസ്കാരിക ദേശീയതയോടുള്ള പ്രതികരണമാണോ ഇത്തരത്തിലുള്ള എഴുത്ത്?*

ഇന്ത്യയിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന സാംസ്ക്കാരിക ദേശീയതയോട് എന്ന് മാത്രമല്ല ലോകത്തിലുള്ള എല്ലാ അധികാര സംവിധാനങ്ങളോടുമുള്ള നിരന്തരമായ കലഹവും അവയെ പുനർനവീകരിക്കുവാനുള്ള എളിയ ശ്രമങ്ങളുമാണ് എഴുത്ത്-ആവണം എഴുത്ത് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. എന്റേതായ നിലയിൽ നിരന്തരം ശ്രമിക്കുന്നതും അതിനാണ്. അധികാരത്തോടുള്ള നിരന്തരമായ കലഹമാണ് സർഗാത്മകത. അതൊരു പൊളിറ്റിക്കൽ പവർ എന്ന രീതിയിൽ മാത്രമല്ല, കലക്കുള്ളിലെ അധികാരം, കലയെ നിർവ്വചനങ്ങളിൽ ഒതുക്കുമ്പോൾ, ഇന്നതാണ് നോവൽ എന്ന് പറയുമ്പോൾ എഴുത്തുകാരൻ എന്നുള്ള നിലയിൽ എന്നെപ്പോലുള്ളവർ ചെയ്യുന്നത് അതല്ല നോവൽ എന്ന് കൃതിയിലൂടെ തെളിയിക്കുകയാണ്. എല്ലാതരത്തിലുള്ള അധികാരത്തെയും പുരോഗമനപരമായി നവീകരിക്കാനുള്ള കലഹമാണ് എഴുത്ത്



* * *

## കെ പി രാമനുണ്ണി

*സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ ന്യൂനപക്ഷങ്ങളുടെ അതിജീവന സാധ്യതകളെ എങ്ങനെ വിലയിരുത്തുന്നു?*

സാമുദായികത ഇസ്ലാം വിരുദ്ധവും ഹിന്ദുത്വ വിരുദ്ധവുമാണ്. എത്രത്തോളം സാമുദായികതയിൽ ന്യൂനപക്ഷങ്ങൾ കുടുങ്ങിപ്പോവുന്നുണ്ടോ അത്രത്തോളം ഫാസിസം ശക്തി പ്രാപിക്കും. ദേശീയതയ്ക്കുള്ളിൽ ബഹുസ്വരത തീർച്ചയായും ഉണ്ടാവും. എന്നാൽ അതിൽ പൊതുവായ പല ഘടങ്ങളും കാണാൻ സാധിക്കും. കഥകളി സവർണമാണെന്നത് പറഞ്ഞു തിരസ്ക്കരിക്കുന്നവരുണ്ട്. എന്നാൽ അതിലെ വേഷവിധാനത്തിൽ കൃത്യമായ മുസ്ലിം സ്വാധീനം കാണാൻ സാധിക്കും.എന്നാൽ മുഖ്യധാരയിലേക്ക് പർദ്ദ പോലുള്ള വേഷങ്ങൾക്ക് തിരസ്ക്കാരം കൽപ്പിക്കുന്നതാണ് പ്രശ്നം. ഓണം പോലെ റംസാനും ക്രിസ്മസും ആഘോഷിക്കേണം. നമ്മുടെ ഭരണഘടന മതസഹിതമായ മതേതരത്വമാണല്ലോ അംഗീകരിക്കുന്നത്.

മുഖ്യധാരയോടുള്ള അനാവശ്യ എതിർപ്പിലൂടെ കീഴാളരും മുസ്ലിംകളും ന്യൂനപക്ഷങ്ങളും തങ്ങൾ കൂടി പങ്കെടുത്ത് നിർമിച്ച മുഖ്യധാരയെ ഫാസിസത്തിന് വിട്ടുനിൽക്കുകയാണ്.

*ഇന്ത്യയിൽ ശക്തി പ്രാപിക്കുന്ന ദലിത് രാഷ്ട്രീയം വിമോചന പ്രത്യയശാസ്ത്രമാകുമോ?*

ദലിത് വാദം ചെന്നെത്തിയിരിക്കുന്നത് അവർ കൂടി പങ്കെടുത്ത് നിർമിച്ച ഭാരതീയതയെ തിരസ്ക്കരിച്ച് ഇംഗ്ലീഷ് ദേവതയ്ക്ക് ദേവാലയം നിർമിക്കുന്നിടത്താണ്. സവർണത തന്നെ അവർണതയിൽ നിന്ന് ഉണ്ടായതാണ്.

എന്തിനേയും വിരുദ്ധദ്വന്ദങ്ങളാക്കുക എന്നത് പാശ്ചാത്യ ആധുനികതയുടെ സ്വഭാവമാണ്. ഇത്തരത്തിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിച്ചു എന്നതാണ് മുഖ്യധാരാ ആധുനികത ലോകത്തോട് ചെയ്ത തെറ്റ്. ഇസ്ലാമിൽ നബി തിരുമേനി ചെയ്തത് വൈരുദ്ധ്യങ്ങളെ സംയോജിപ്പിക്കുക എന്നതാണ്.

ഒരു കാലത്ത് വർണ വ്യവസ്ഥ മാത്രമേ നിലനിR ള്ളു. അതിൽ തന്നെ കലർപ്പുണ്ടായിരുന്നു. പിന്നീടാണ് ജാതിയായി ദുഷിച്ചതും ഹൈറാർക്കി കടന്നു വന്നത ബ്രാഹ്മണൻ കർമം കൊണ്ടാണ് ബ്രാഹ്മണനാകുന്നതെ പല വേദങ്ങളും പറയുന്നുണ്ട്. ഇംഗ്ലീഷുക്കാരുടെ ഇടപെ ലുകളാണ് ജാതി ഹൈറാർക്കിയെ ഉറപ്പിച്ചത്. പണ്ടെല്ല സമത്വസുന്ദരമായിരുന്നു എന്നല്ല. ഭാരതീയതയെ തള പ്പറഞ്ഞ് പാശ്ചാത്യ വൈരുദ്ധ്യ ചിന്തയുടെ പിന്നാലെ ാവരുത്. ഇന്ത്യയിലുണ്ടായ എല്ലാത്തിനേയും തള്ളിപ്പ യുന്ന അബദ്ധം ഇടതുപക്ഷത്തിനും മറ്റും ധാരാളമാ സംഭവിച്ചിട്ടുണ്ട്. ഹിന്ദുദൈവങ്ങളെ വിമർശിച്ച് അഗണ കോടിയിൽ തള്ളി.. നബിയെ കുറ്റം പറയുമ്പോൾ ചോദ്യ ചെയ്യാനെങ്കിലും ആളുണ്ട്.കൃഷ്ണനെയൊക്കെ ആർ.എ സ്.എസ് റാഞ്ചിയത് ഇത്തരം വിമർശനങ്ങൾ മൂലമാണ ആരാണ് ശ്രീരാമൻ.? കാട്ടിൽ കഴിയുന്ന രാമനെ തിരിച്ച വിളിക്കാൻ ഭരതൻ വരുമ്പോൾ ശ്രീരാമൻ ആദ്യമന്വേഷി ക്കുന്നത് ചാർവ്വാകൻമാർക്ക് സുഖമല്ലേയെന്നാണ്. അവ അന്ന് 0.1 ശതമാനം ആണ്. സമൂഹത്തിന്റെ ന്യൂനാൽ ന്യ പക്ഷത്തിന്റെ സുഖവിവരമന്വേഷിച്ച ശ്രീരാമന്റെ പേരില ണിവിടെ ന്യൂനപക്ഷ പീഡനം. ആർ.എസ്.എസിന്റെ ശ്ര രാമനല്ല, മഹാത്മഗാന്ധിയുടെ ശ്രീരാമനാണ് ശ്രീരാമന അദേഹം രാമരാജ്യം സൃഷ്ടിക്കാൻ പറഞ്ഞു. ദൈവത്തെ മുൻ നിർത്തിയുള്ള, അനശ്വരമായ ചില തത്വങ്ങളെ മുന നിർത്തിയിള്ള രാജ്യം. എല്ലാ പാർലമെന്റേറിൻമാരും ചേ ന്ന് 80 വയസിന് മുകളിലുള്ളവരെ വെടിവച്ചു കൊല്ലാന തീരുമാനിച്ചാൽ അത് അംഗീകരിക്കാൻ കഴിയുമോ..?

ഭൂരിപക്ഷം ലഭിച്ചു എന്ന പേരിൽ മനുഷ്യനെ മനുഷ്യ നാക്കുന്ന ചില തത്വങ്ങൾക്കെതിരിൽ ഭൂരിപക്ഷപ്രകാര വും തീരുമാനമെടുക്കാൻ കഴിയില്ല. ഇതാണ് ഗാന്ധിയു ടെ രാമൻ സൂചിപ്പിക്കുന്നത്. ഗാന്ധി എന്താണ് പറയാന ബാക്കിയുള്ളത്? ഗാന്ധി സ്വയം നവീകരിച്ച ഒരാളാണ് അദ്ദേഹത്തേയും അംബേദ്ക്കറേയും വൈപരീത്യങ്ങളാ ക്കുകയല്ല. സ്വാംശീകരിക്കുകയാണ് വേണ്ടത്.



ഒരു നാൾ ഉണർന്ന് നോക്കുമ്പോൾ
സ്വരൂപമാകെ മാറിയിരിക്കുന്നു.
തൊപ്പിക്ക് പകരം കുഫിയ്യ
കത്തിയ്ക്ക് പകരം തോക്ക്.
കളസം നിറയെ ചോര.
ഖൽബിരുന്നിടത്ത് മിടിക്കുന്ന ബോംബ്
കുടിക്കുന്നത് ഖഹ്‌വ
വായിക്കുന്നത് ഇടത്തോട്ട്
പുതിയ ചെല്ലപ്പേര് ഭീകരവാദി
ഇന്നാട്ടിൽ പിറന്ന് പോയി
ഖബർ ഇവിടെത്തന്നെയെന്നുറപ്പിച്ചിരുന്നു.
ഇപ്പോൾ വീട് കിട്ടാത്ത യത്തീം.
ആർക്കുമെന്നെ തുറുങ്കിലടക്കാം
ഏറ്റുമുട്ടലിലെന്ന് പാടി കൊല്ലാം
തെളിവൊന്നു മതി : എന്റെ പേര്

*(കടപ്പാട്: സച്ചിദാനന്ദൻ-ഞാൻ മുസ്‌ലിം)*

ഹസ്ന
(രണ്ടാം വർഷം,
ബി.എസ്.സി, കെമിസ്ട്രി)

# ഒടിമറഞ്ഞവർ

നാലു വർഷത്തിനിടെ
ഞാൻ നടത്തിയ
ഏറ്റവും നല്ല പ്രസംഗം
പ്രിയപ്പെട്ട രോഹിത്,
നിന്നെക്കുറിച്ചാണ്
പക്ഷേ പറഞ്ഞതു മുഴുവൻ
എന്നെക്കുറിച്ചും
എന്റെ ഒറ്റപ്പെടലുകളെക്കുറിച്ചുമാണല്ലോ!
നമ്മുടെ ഒറ്റപ്പെടലും
ഒറ്റക്കിരിക്കലും
പിന്നെ നാം ഒത്തു കൂടിയേടത്തെല്ലാം
ഒറ്റുകാരെന്ന് മുദ്ര കുത്തപ്പെട്ടതും
നീ നിഴലുകളിൽ നിന്ന്
നക്ഷത്രങ്ങളിലേക്ക്
വഴികുറിച്ചിട്ടപ്പോൾ
അവർ അത്ഭുതത്തോടെ
താരാപഥങ്ങളിലെ തങ്ങളുടെ
അഗ്രഹാരങ്ങളിലേക്കു നോക്കി.
ദളിതനും പിന്നെ പട്ടികൾക്കും
അവിടെ പ്രവേശനമില്ലല്ലോ..?
അവർക്കറിയില്ല, നാം പോവുന്നത്
നമ്മുടെ പൂർവ്വികരുടെ
കുടിലുകളിലേക്കാണെന്ന്
അവർക്കറിയില്ല, നീ മരിച്ചതല്ല,
ഒരു നക്ഷത്രമായി ഒടിമറഞ്ഞതാണെന്ന്.



റസീം ഹാറൂൺ
(രണ്ടാം വർഷം, എം.എ. എക്ണോമിക്സ്)

# ദലിത്: സ്വത്വവും സൗന്ദര്യവും

ദലിത് വാദം ഇന്ത്യൻ രാഷ്ട്രീയ രംഗത്ത് ഉയർന്ന് കേൾക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ അത് മുഖ്യധാരയിലേക്ക് കടന്നു വന്നത് ഉത്തരാധുനിക സിദ്ധാന്തങ്ങളുടെ കടന്നു വരവോടെയാണ്. ഇന്ന് രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് ശക്തികളുടെ മുന്നിലെ ഏറ്റവും വലിയ പ്രതിസന്ധി ദലിത് സ്വത്വ രാഷ്ട്രീയമാണ്. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ ദലിത് ഗവേഷക വിദ്യാർത്ഥി രോഹിത് വെമുലയുടെ ആത്മഹത്യയും ഉനയിലെ ദലിത് പ്രക്ഷോഭങ്ങളും ഇന്ത്യൻ രാഷ്ട്ട്രീയത്തിൽ പുതിയ വഴിത്തിരിവുകൾ സൃഷ്ടിച്ചിരിക്കുന്നു.

ദലിത് എന്ന പദം എല്ലാ കോണിൽ നിന്നും ഇന്ന് ഉയർന്ന് കേൾക്കുന്ന ഈ അവസരത്തിൽ എന്താണ് ദലിത് സ്വത്വം? അതിന്റെ സിദ്ധാന്തവും പ്രയോഗവും ഏതു വിധം എന്നെല്ലാം മനസ്സിലാക്കിയില്ലെങ്കിൽ നമ്മുടെ സാംസ്കാരിക പരിസരത്തിൽ അധീശത്വം പുലർത്തുന്ന സവർണ്ണതയുടെ ആലയിൽ തന്നെ ദലിതരേയും അവരുടെ സ്വത്വാവബോധത്തെയും കെട്ടാൻ നാം ശ്രമിക്കും.ദലിത് സ്വത്വാവബോധത്തിന്റെ സൈദ്ധാന്തിക വിശദീകരണവും ദലി





ത് ഉയിർപ്പിന്റെ ചരിത്രവും വിശദീകരിക്കാനാണ് ഈ ലേഖനം ശ്രമിക്കുന്നത്

കൊളോണിയൽ ആധുനികതക്കകത്താണ് നമ്മുടെ ജ്ഞാനങ്ങളെല്ലാം വികസിച്ചു വന്നത്. കൊളോണിയൽ അധികാരികൾ രൂപീകരിക്കുകയും ദേശീയ വാദികൾ പകർത്തുകയും ചെയ്ത ആധുനിക ചരിത്രം ഇന്ത്യൻ സംസ്കാരമായി അഭിസംബോധന ചെയ്തത് ബ്രാഹ്മണിസത്തെ ആണ്. ഇതാവട്ടെ പ്രാഥമികമായി ഊന്നുന്നത് ആശയവാദത്തിലും അതിഭൗതികതയിലുമാണ്. ഇന്ത്യക്കാരുടെ ആത്മീയത സവർണ്ണ ആത്മീയതയായി ആധുനികത ചുരുക്കിക്കളഞ്ഞു. ദലിത് വാദികൾ ഈ ചരിത്രത്തെ നിരാകരിക്കുന്നു. അവരുടെ വാദം സിന്ധു നദീതട സംസ്ക്കാരം മുതൽ ഭൗതികതയിലൂന്നിയ ഒരു സംസ്ക്കാരം ഇന്ത്യയിൽ നിലനില്ലക്കുന്നുണ്ട് എന്നാണ്. ഈ സംസ്ക്കാരം ബുദ്ധനിലൂടെയും വേദകാലത്ത് ചാർവാക ദർശനം സാംഖ്യം, വൈശേഷികം, തുടങ്ങിയ ചിന്താധാരകളിലൂടെയും നിലനിന്നു. ഈ ധാരയുടെ ഭൗതികതയിലൂന്നിയ ജീവിത വീക്ഷണമാണ് ദലിതർ ഉയരിത്തിപ്പിടിക്കുന്നത്. ഇത് അറിവിന്റെ നിഗൂഢത്മകതയെ നിരാകരിക്കുന്നു.

ഇന്ത്യയിലെ ആദ്യ വിപ്ലവ പ്രസ്ഥാനം ഭക്തിപ്രസ്ഥാനമായിരുന്നു. ഇവർ ദൈവത്തിന്റെ സമസൃഷ്ടികളായി മനുഷ്യനെ കണ്ടു.എന്നാൽ ജാതിയെ നിഷേധിക്കാൻ ഇവർ തയ്യാറായില്ല. ജാതിയെ അപ്പാടെ നിഷേധിച്ചുകൊണ്ട് ദലിത് സ്വത്വത്തിന്റെ അടിത്തറ ഇട്ടത് മഹാത്മാ ജ്യോതിബ ഫൂലെ ആണെന്ന് പറയാം. പിന്നീട് ഡോ: ബി ആർ അംബേദ്ക്കർ ഈ ചിന്തയെ വികസിപ്പിച്ചു.

> **അംബേദ്ക്കർ സ്ഥാപിച്ച കോളേജിലെ വിദ്യാർത്ഥികൾ രൂപം നൽകുകയും 1970കളിൽ പ്രസിദ്ധമാവുകയും ചെയ്ത ദലിത് പാന്തർ പ്രസ്ഥാനമാണ് ദലിത് രാഷ്ട്രീയത്തിലെ മറ്റൊരു വഴിത്തിരിവ്.**

അംബേദ്ക്കർ ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് കടന്നു വരുമ്പോൾ രംഗം കലുഷിതമായിരുന്നു. നൂറ്റാണ്ടുകളായി നില നിന്ന ജാതി അധികാരത്തിന് മുകളിൽ ബ്രിട്ടീഷുകാരുടെ കോടതികൾ അധികാരം സ്ഥാപിച്ചു. ജാതി ഭേദമന്യേ നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരായി. ഇതോടെ ദലിതുകൾ പട്ടാളത്തിലും മറ്റും ചേർന്ന്, പരമ്പരാഗത തൊഴിലുകൾ ഉപേക്ഷിക്കുകയും പുതിയ ജീവിത മേഖലകളിലേക ക്കുകയും ചെയ്തു. ഇന്ത്യൻ ണൽ കോൺഗ്രസ് തുടക്കത്തിര സാമൂഹിക-രാഷ്ട്രീയ പരിഷ്ക്ക പ്രസ്ഥാനമായാണ് മുന്നോട്ടു ത്. എന്നാൽ പിന്നീട് ഇന്ത്യൻ യബോധത്തിന്റെ അടിസ്ഥാനമ പ്രവർത്തിച്ച സവർണ്ണത പിടിമു കയും കോൺഗ്രസിന്റെ ലക്ഷ്യ ഷ്ട്രീയ സ്വാതന്ത്രം മാത്രമായിത കയും ചെയ്തു. ഇതിനിടെ അം ദ്ക്കർ തന്റെ ദലിത് ഉദ്ധാരണ പ കളുമായി മുന്നോട്ട് നീങ്ങി. ഗാ അംബേദ്ക്കർ സംവാദം ദലിത് രാ യത്തിലും സ്വത്വ രൂപീകരണത്ത് ഒരേപോലെ പ്രാധാന്യമർഹിക്കു അരുന്ധതി റോയ് ചൂണ്ടിക്കാണ് ന്നത് പോലെ അംബേദ്ക്കർ ഏ ട്ടിയത് അന്നത്തെ ഏറ്റവും പ്രശ നായ ഹിന്ദുവുമായിട്ടാണ്. -ഗാന്ധ മായി.ദലിതർ ഹിന്ദുമതത്തിന്റെ മാണെന്നും അവർ ബ്രാഹ്മണർക്ക് ല്യരായി ആത്മീയവും ഭൗതികവുമ സ്വാതന്ത്ര്യം നേടുകയാണ് വേണ്ട ന്നുമാണ് ഗാന്ധി വാദിച്ചത്. അം ദ്ക്കറാട്ടെ ദലിതർ ഹൈന്ദവരല്ലെന ആത്മീയമായും ജ്ഞാനശാസ്ത്ര മായും അവർ വത്യസ്തമായ സ്വ കാത്തു സൂക്ഷിക്കുന്നുണ്ടെന്നും വ ച്ചു. അതുകൊണ്ടാണ് അദ്ദേഹം ബു മതം സ്വീകരിച്ചത്.

അംബേദ്ക്കർ സ്ഥാപിച്ച കോ ജിലെ വിദ്യാർത്ഥികൾ രൂപം നൽ കയും 1970കളിൽ പ്രസിദ്ധമാവുകയ ചെയ്ത ദലിത് പാന്തർ പ്രസ്ഥാന ണ് ദലിത് രാഷ്ട്രീയത്തിലെ മറ്റൊ വഴിത്തിരിവ്. രാജാഢലേ, നാംദേ ഢസാൽ എന്നിവരാണ് ഇതിന്റെ മു നിരയിൽ ഉണ്ടായിരുന്നത്. ഹിംസാ കമായി ഇവർ തങ്ങൾക്കെതിരെയുള അക്രമങ്ങളെ നേരിട്ടു. ഒപ്പം സാഹ ത്യത്തിൽ അവഗണിക്കാൻ പറ്റാത ശക്തിയായി ദലിത് സാഹിത്യത്തെ ഇവർ ഉയർത്തിക്കൊണ്ടുവന്നു .ദലി സാഹിത്യം ഇന്ത്യൻ ഉപഭൂഖണ്ഡത്ത ലാകെ പടർന്നത് ഇവരിലൂടെയാണ്.

പല കാരണങ്ങളാൽ ദലിത് പാന് റുകൾ ക്ഷയിച്ചു എങ്കിലും അവർ തു ക്കമിട്ട സാഹിത്യ പ്രസ്ഥാനവും ജ്ഞ ന രൂപീകരണ ശ്രമങ്ങളും സജീവമായ തുടർന്നു. ഈ ശ്രമങ്ങളാണ് ഇന്നത്തെ ദലിത് അവബോധത്തെ മുന്നോട്ട് നയ ക്കുന്നത്. ●

ബിലാൽ മുഹമ്മദ്
(രണ്ടാം വർഷം, എം.സി.ജെ)



# അപരവത്കൃതർ ഐക്യപ്പെടുമ്പോൾ

ലോകത്തെല്ലായിടത്തും എല്ലാ കാലത്തും ന്യൂനപക്ഷങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടിട്ടുണ്ട്. മർദ്ദനങ്ങൾക്കിരയായിട്ടുണ്ട്. ഭൂരിപക്ഷത്തിന്റെ മേൽക്കോയ്മയ്ക്ക് മുന്നിൽ ജീവിതവും ജീവനും അടിയറവ് പറയേണ്ടി വരുമ്പോൾ അവർ പ്രതിഷേധത്തിന്റെ മാർഗ്ഗങ്ങൾ തേടും. അങ്ങനെ, ന്യൂനപക്ഷങ്ങൾ ഒരുമിക്കുകയും ഐക്യപ്രതിരോധത്തിന്റെ വേലികൾ തീർക്കുകയും ചെയ്യും. നൂറ്റാണ്ടുകളായി മർദ്ദിത വിഭാഗമായി സമൂഹത്തിന്റെ താഴേക്കിടയിൽ ജീവിക്കുന്ന ഇന്ത്യൻ ദലിത് വിഭാഗങ്ങളുടെ ഉയിർത്തെഴുന്നേൽപ്പുകൾ നാം കണ്ടു. ഗുജറാത്തിലെ ഉനയിൽ തുടങ്ങിയ പ്രതിഷേധത്തിന്റെ ഈ തീ ഫാസിസ്റ്റ് ആശയങ്ങൾക്കും സവർണ്ണ ഹിന്ദുത്വത്തിനുമെതിരെയുള്ള ആക്രമണം കൂടിയായിരുന്നു. ഇത്തരത്തിൽ, വരുകാല ഇന്ത്യൻ ചരിത്രം ഒരു ഐക്യമുന്നേറ്റത്തിന്റെ ചരിത്രം കൂടിയാകുമെന്ന ഒരു സൂചന സമകാലിക സാഹചര്യത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്.

മുഖ്യധാരാ സമൂഹത്തിന് പലപ്പോഴും ചിന്തിക്കാൻ പോലും കഴിയാത്തത്രയും ദയനീയമാണ് ഇന്ത്യൻ ദലിത്-ന്യൂനപക്ഷങ്ങളുടെ ജീവിതം. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം മനുഷ്യവർഗ്ഗീകരണത്തിലേക്കും ജാതിവിവേചനത്തിലേക്കും വഴിത്തിരിഞ്ഞത് ഭാരതത്തെ ഒരുപാട് ഇരുളടഞ്ഞ ചരിത്ര

FAROOK COLLEGE LIBRARY
3414
Date:
FAROOK COLLEGE, CALICUT




ങ്ങനെ കടന്നുപോവാൻ അനുവദിക്ക

ഏടുകളിലേക്കാണ് നയിച്ചത്. തീർച്ചയായും, നൂറ്റാണ്ടുകളോളം ഈ മർദ്ദിത വിഭാഗങ്ങൾക്ക് ശബ്ദം ഉണ്ടായിരുന്നില്ല. പൊതുസമൂഹത്തിൽ നിന്ന് ദലനം ചെയ്യപ്പെട്ട അവരുടെ അസ്തിത്വം സവർണ്ണതയുടെ കാൽക്കീഴിൽ അമർന്നു. മറ്റുബഹുഭൂരിപക്ഷങ്ങളുടെ ഇടയിൽ ജീവിക്കേണ്ടി വന്ന ന്യൂനപക്ഷങ്ങളുടെ കാര്യവും ഇതുതന്നെ. ആധുനിക യുഗത്തിലാണ് ദലിത്-കർഷക-മറ്റു അവാന്തര വിഭാഗങ്ങളുടെ സംഗമവും പ്രതിഷേധവും തുടങ്ങുന്നത്. വിരുദ്ധ തത്ത്വ ശാസ്ത്രങ്ങളുയർത്തിപ്പിടിച്ച ഗാന്ധിജിയും ഡോ.ബി. ആർ.അംബേദ്കറും മുതൽ നിരവധി നേതാക്കളുണ്ട് ഈ പട്ടികയിൽ. അവരുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തി

> **പലപ്പോഴും മുഖ്യധാരാ രാഷ്ട്രീയ പ്പാർട്ടികൾ വരെ ദലിത് സാന്നിധ്യങ്ങളെ തള്ളിക്കളയാറുണ്ട്. തീർച്ചയായും, ഇത്തരമൊരു സാഹചര്യത്തിൽ ഒരു ഐക്യപ്രതിഷേധത്തിന്റെ സൂചന ജിഗ്നേഷ് മേവാനി പോലുള്ളവർ മുന്നോട്ട് വെക്കുന്നുണ്ട്.**

ന് മുന്നിൽ അവതരിപ്പിക്കുകയും ന
ധ്യമായ പരിഹാരങ്ങൾ തേടുകയ
ചെയ്തു. ഗുജറാത്തിലെയും ഉത്ത
പ്രദേശിലെയും വംശീയ കലാപങ്ങ
മുസ്ലിംങ്ങൾക്കെതിരെ നടന്നതും ഒ
സയിലെ കണ്ഡമാലിൽ അതിഭീക
മായ വർഗ്ഗീയ താണ്ഡവം ക്രിസ്ത
നികൾക്കെതിരെ നടന്നതും ഇന്ത്യ
ന്യൂനപക്ഷങ്ങളുടെ ആപൽകരമാ
അവസ്ഥയെയാണ് സൂചിപ്പിച്ചത്.

തീർച്ചയായും, കീഴാള നവോത്ഥ
നത്തിൽ സ്വത്വപരമായ പ്രശ്നങ്ങള
സാമ്പത്തിക പ്രശ്നങ്ങളും പാരമ്പര
ത്തിന്റേതായ പ്രശ്നങ്ങളും അടിയു
ച്ച് കിടക്കുന്നുണ്ട്. പലപ്പോഴും, 
താക്കളോ ദലിത് മുന്നേറ്റ പ്രസ്ഥാ
ങ്ങളോ ദലിത് സ്വത്വബോധത്തെ 
ൂർണമായും സംതൃപ്തമായും നിർ
ചിക്കുന്നില്ല. പ്രകൃതിയുമായും പ
സ്ഥിതിയുമായും ബന്ധപ്പെട്ട് കിടക്ക
ന്നതും സവിശേഷ മൂല്യബോധങ്ങൾ
പുലർത്തുന്നതുമായ ഒരസ്തിത്വ ബോ
ധം കീഴാള വർഗ്ഗത്തിവകാശപ്പെടാനു
ണ്ട്. ദലിത്-ന്യൂനപക്ഷ പ്രസ്ഥാനങ്ങ
ളെ അടഞ്ഞതും കേവലസത്താപാദപ
രമായി മുദ്രകുത്താനാണ് ഇടതുപക്ഷ-
ലിബറൽ സംഘടനകൾ ശ്രമിക്കുന്നത്.

പലപ്പോഴും മുഖ്യധാരാ രാഷ്ട്രീയ
പ്പാർട്ടികൾ വരെ ദലിത് സാന്നിധ്യങ്ങ
ളെ തള്ളിക്കളയാറുണ്ട്. തീർച്ചയായും,
ഇത്തരമൊരു സാഹചര്യത്തിൽ ഒരു
ഐക്യപ്രതിഷേധത്തിന്റെ സൂചന ജി
ഗ്നേഷ് മേവാനി പോലുള്ളവർ മുന്നോ
ട്ട് വെക്കുന്നുണ്ട്.

ഈ ഐക്യത്തിന് പഴക്കമുണ്ട്. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിലേക്ക് മദ്രാസിൽ നിന്നും ബോംബെയിൽ നിന്നും മത്സരിച്ച് കോൺഗ്രസ് പിന്തുണ ലഭിക്കാതെ ബി.ആർ. അംബേദ്കർ തോറ്റുപോവുകയാണുണ്ടായത്. തുടർന്ന്, ബംഗാളിൽ അദ്ദേഹത്തിന് സീറ്റു നൽകി മത്സരിപ്പിച്ച് നിയമ നിർമ്മാണ സഭയിലേക്കെത്തിച്ചത് മുസ്ലിം ലീഗായിരുന്നു. അതുപോലെ, 1950-ൽ ബോംബെ നഗരത്തിലെ കഫേ പരേഡിൽ വെച്ച് അംബേദ്കരും മുൽക്ക്രാജ് അനന്ദും തമ്മിൽ നടന്ന അഭിമുഖ സംഭാഷണത്തിന്റെ ഇന്ത്യയുടെ സാമൂഹിക നീതി സങ്കൽപ്പനവും ജനാധിപത്യസംവിധാനങ്ങളും വികസിപ്പിക്കാൻ നിലവിലുള്ള ഭരണകൂടത്തിൽ വിശ്വാസമർപ്പിക്കുന്നതിനുപരി ജനങ്ങൾ സമരം തുടരണമെ

നോ പ്രസാദ്

ന്നും സോഷ്യലിസ്റ്റുകൾക്ക് പ്രാധാന്യമുള്ള ഭരണവ്യവസ്ഥ സ്ഥാപിക്കപ്പെടണമെന്നും പറയുന്നു. ഇത്തരമൊരു ബഹുജന മുന്നേറ്റത്തിന് ആദിവാസികൾ, ദലിതർ, മറ്റു പിന്നോക്കക്കാർ, മുസ്‌ലിംങ്ങൾ മുതലായ സമുദായങ്ങളേയും ദരിദ്രകർഷകർ, തൊളിലാളികൾ തുടങ്ങിയ സാമൂഹിക ഗണങ്ങളേയും ഉൾപ്പെടുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. ഇത്തരത്തിൽ കീഴാളരുടെയും മറ്റു ഇന്ത്യൻ ന്യൂനപക്ഷങ്ങളുടെയും ഒരുമയും ഐക്യപ്രതിഷേധവും 'നീൽ സലാം' അഥവാ വൈവിധ്യങ്ങളെയും കീഴാള ന്യൂനപക്ഷകർതൃത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്.

പശുവിന് ദിവ്യത്വം കൽപ്പിച്ചുകൊണ്ട് നിറഞ്ഞാടിയ ഫാസിസ്റ്റ് ശക്തികൾക്കേറ്റ കനത്ത തിരിച്ചടിയായിരുന്നു ഗുജറാത്തിലെ ഉനാപ്രക്ഷോഭം. ദലിത് സമൂഹത്തിന്റെ അവകാശ പ്രഖ്യാപനം എഴുതപ്പെട്ട ഒരു ചരിത്രമുഹൂർത്തമായി മാറി. ഇതിനോടനുബന്ധിച്ച് ജിഗ്നേഷ് മേവാനി ഉൾപ്പെടെയുള്ള സാമൂഹിക നേതാക്കൾ നടത്തിയ "ദലിത് സ്വാഭിമാൻ യാത്ര" ഇന്ത്യൻ ദലിത് മുന്നേറ്റ സമരങ്ങൾക്ക് ഒരു ആധുനിക മുഖം നൽകുകയുണ്ടായി. ഈ സമരത്തിന് പിന്തുണയറിയിച്ച് മുസ്‌ലിം മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളും രംഗത്തെത്തി. മേവാനിയുടെ ചില പ്രസ്താവനകളും ന്യൂനപക്ഷ ഐക്യപ്പെടലിന്റെ




*രാധിക വെമുല ഫാറൂഖ് കോളേജ് ഓഡിയോ വിഷൽ തിയേറ്ററിൽ*

> **പശുവിന് ദിവ്യത്വം കൽപ്പിച്ചുകൊണ്ട് നിറഞ്ഞാടിയ ഫാസിസ്റ്റ് ശക്തികൾക്കേറ്റ കനത്ത തിരിച്ചടിയായിരുന്നു ഗുജറാത്തിലെ ഉനാപ്രക്ഷോഭം. ദലിത് സമൂഹത്തിന്റെ അവകാശ പ്രഖ്യാപനം എഴുതപ്പെട്ട ഒരു ചരിത്രമുഹൂർത്തമായി മാറി.**



ശക്തമായ സൂചനകൾ നൽകുന്നുണ്ട്.

കേരളീയ നവോത്ഥാന ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട, ജാതി-ജന്മിത്ത വ്യവസ്ഥകളുടെ തകർച്ചയുടെ ഘട്ടത്തിൽ എഴുതപ്പെട്ട 'ഇടശ്ശേരി' യുടെ "കൂട്ടുകൃഷി" എന്ന നാടകം ഇത്തരം ഒരു ആശയം പങ്കുവെക്കുന്നുണ്ട്. കേരളീയ സാംസ്കാരിക സാമൂഹിക-സാമ്പത്തിക രംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമായ ഈ പരിവർത്തന ദശയിൽ, മത-ജാതി-സാമ്പത്തിക ചിന്തകൾക്കതീതമായി മാനുഷികതയ്ക്കും മൂല്യങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് സാധ്യമായ ഒരു പുതു സാമൂഹിക ക്രമത്തെ മുന്നോട്ട് വെക്കുന്നുണ്ട്. അബൂബക്കർ മാപ്പിളയും ശ്രീധരൻ നായരും വേലുവും ഐക്യപ്പെടലിന്റേതായ ഒരു സാമൂഹിക ജീവിതം മുന്നോട്ട് വെക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും യോജനയാണ് ഉയർന്നു വരേണ്ടത്.

അത്തരമൊരു കൂട്ടുകെട്ടിനേ, രാഷ്ട്രീയ-സാമൂഹിക ശക്തിക്കേ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പാരമ്പര്യ സമവാക്യങ്ങളെ തിരുത്തിയെഴുതാൻ സാധിക്കുകയുള്ളൂ. കാലങ്ങളായി തിരുത്തപ്പെടാത്ത ഇന്ത്യൻ സാമൂഹിക ക്രമത്തെ പുനർ നിർവചിക്കാനും സാധിക്കുകയുള്ളൂ.

ശ്രീഹരി. ആർ
(രണ്ടാം വർഷം, ബി.എ. മലയാളം)

# ആത്മഹത്യ ചെയ്തവർ

ചിലർ
ആത്മഹത്യ ചെയ്യും മുൻപേ
മരിച്ചവരാണ്
സ്വയം മരിച്ചതുകൊണ്ടും
തനിക്കിനിയൊന്നും ചെയ്യാനില്ലെന്നറിഞ്ഞതുകൊണ്ടും
ആത്മഹത്യ തിരഞ്ഞെടുത്തവരാണവർ.
ചിലർക്കാത്മഹത്യ ചെയ്യാൻ
അരിയിൽ കല്ലുകടിക്കുംപോലെ
നിസാര കാരണം മതിയായേക്കും.
ഭൂതവും ഭാവിയും അയവിറക്കാതെ
അവർ പ്രേതങ്ങളായി മാറിയിരിക്കും!
പലരും പ്രണയത്തിന്റെ മുള്ളുകൊണ്ട് മുറിഞ്ഞ്
തീവണ്ടിപ്പാളങ്ങളിൽ
മുരുക്കിൻപൂവായി ചുവക്കുന്നു!
കടമെടുപ്പുകൾക്കൊടുവിൻ ചിലർ
ആരാന്റെ മാവിലൊരുഞ്ഞാലു കെട്ടുന്നു!
കണ്ണുകൾ പുറത്തേക്ക് തുറിച്ച്
വേറേതോ ലോകത്തേക്കെത്തിനോക്കുന്നു!
നാവു നീട്ടി മരണത്തിന്റെ രുചിയറിയുന്നു!
ചിലർക്കാത്മഹത്യ മോചനമാണ്.
ചിലർക്ക് ത്യാഗമാണ്.
ദൈവത്തിലെത്താനുള്ള തിടുക്കമാണ്
ചിലർക്ക് സ്വാതന്ത്ര്യവും
ചിലർക്ക് സമരമാർഗ്ഗവുമാണ്.
ഒരു പതാകയിൽ
തൂങ്ങിയാടിക്കൊണ്ടൊരുത്തൻ
നിങ്ങളുടെ ഭൂപടം തീർത്ത
അക്ഷാംശ രേഖാംശങ്ങളുടെ
തടവറ താണ്ടുന്നു.
ചിലർക്കാത്മഹത്യ ഒരു കലയാണ്.
ഭ്രാന്തുപിടിച്ചവരും കവികളും
ഇറ്റ് ഇസ് എ വർക്ക് ഓഫ് ആർട്ട്
എന്നെഴുതിവച്ച് കടന്നു കളയും
മരണം കൊണ്ടവർ മഹത്തായൊരു
കവിത രചിക്കും!
ആത്മഹത്യ ചെയ്തവരെല്ലാം തോറ്റവരല്ല.
അറിവിന്റെ പൊരുൾ തേടി
എരിഞ്ഞമർന്നവരും
കണ്ണുകളടച്ചുകൊണ്ട്
കണ്ണു തുറപ്പിച്ചവരും
ചിത വെളിച്ചമാക്കിയവരും കൂടിയാണവർ.
ചിത്രം വരച്ച് തെറ്റിപ്പോയപ്പോൾ
ജീവിതത്തിന്റെ കടലാസ് പറിച്ച്
ചവറ്റുകൊട്ടയിലേക്കെറിഞ്ഞു കളഞ്ഞവർ!
ആർക്കും മനസ്സിലാവാത്ത
സയനേഡിന്റെ രുചിയാണവർക്ക്! ●





# ഒസ്സാൻ മുത്തപ്പയുടെ മകൻ

ഫതഹ് റഹ്മാൻ
(ലൈബ്രറി സയൻസ്)

ഇത്രയും കാലം ജീവിച്ചു തീർത്തതൊക്കെയും അത്രമേൽ നിരർത്ഥകമായ വർഷങ്ങളും മാസങ്ങളും ആഴ്ചകളും ദിനങ്ങളുമായിരുന്നുവെന്ന സങ്കടകരമായ ചിന്തയിലേക്ക് ഒസ്സാൻ മുത്തപ്പയുടെ ഒന്നാം സന്തതി സമർ മുസ്തഫ എന്ന സമർ തെന്നിവീണത് മുപ്പത്തേഴാം വയസ്സിലേക്ക് കടക്കാൻ ഒരു മാസവും പന്ത്രണ്ട് ദിവസവും ബാക്കി നിൽക്കെ അയാളുടെ വൃത്തി ഹീനവും ഇരുളഞ്ഞതുമായ മുറിയിലെ പാതി മങ്ങിയ കണ്ണാടിയിൽ നോക്കി താടിയിലും മുടിയിലും വിരുന്നു വന്ന വെള്ളി നാരുകൾ വെളുക്കനെ ചിരിച്ച് പ്രകാശം പരത്തിയപ്പോഴായിരുന്നു. മനുഷ്യ നിർമ്മിതമായ ഒരു രേഖകളിലും സമർ എന്നതിന്റെ വാലായി മുസ്തഫ എന്ന് ചേർക്കപ്പെടാത്തതിന് പിന്നിൽ ഒസ്സാൻ മുത്തപ്പയുടെ ദീർഘ വീക്ഷണത്തിലൂന്നിയ തീരുമാനമായിരുന്നു. കാലങ്ങളായി നാനാ മതങ്ങളിൽപ്പെട്ട വ്യത്യസ്തവും വിഭിന്നവും സുന്ദരവും വികലവുമായ ചിന്തകളാൽ വീർപ്പുമുട്ടിയ തലച്ചോറുകളെ പൊതിഞ്ഞു കിട്ടിയ കൂടിന് പുറത്തേക്ക് നീണ്ടു വളർന്ന മുടിക്കാടുകളെ വെട്ടിയൊതുക്കി പൊന്നാനിയുടെ മുഖം വെളുപ്പിച്ച ഒസ്സാൻ മുസ്തഫക്ക് മുസ്തഫ എന്ന നാമം അത്ര കണ്ട് കർമ്മപരമായി ചേരുന്നില്ലെന്നും അത് പരിണാമ വിധേയമാകണമെന്നുമുള്ള ചർച്ചകൾ പരോക്ഷമായിട്ടാണെങ്കിലും നടന്നത് മുത്തപ്പ തന്നെ വെട്ടി വെടുപ്പാക്കിയ തലച്ചോർ കൂടുകൾക്കകത്തായിരുന്നു.മുത്തപ്പയെന്ന വിളി കേട്ട് വളർന്നവർക്ക് 'മുത്തപ്പൻ' ശുഷ്കിച്ച് മുത്തപ്പയായതാണെന്ന ദീർഘ കാലമായുള്ള നിഗമനം തെറ്റായിരുന്നുവെന്ന് സമ്മതിക്കേണ്ടി വന്നത് പള്ളിയിലെ മുക്രി മൊല്ല നിരുപാധികം അവധിയിൽ പോയ ദിവസം മുക്രി മൊല്ലയേക്കാൾ സുന്ദരമായി മുത്തപ്പ ബാങ്കു വിളിക്കുന്നതിന് അവർ ഞെട്ടലൊടെ സാക്ഷിയായപ്പോഴാണ്.

സമർ മുത്തപ്പ എന്ന് വിളിക്കപ്പെടുന്നതിലെ അരോചകത ഒഴിവാക്കാനാവണം സ്കൂൾ രജിസ്റ്ററിലടക്കം മുസ്തഫ എന്ന വാൽനാമം അയാൾ അറുത്ത് മാറ്റിയത്. പ്രവാചകൻ മുഹമ്മദ് നബിയെ വിളിക്കപ്പെട്ട മുസ്തഫ എന്ന നാമം ഒസ്സാനോട് ചേർത്തു വെക്കാതിരിക്കാൻ തൊപ്പിയിട്ടതും തലപ്പാവ് ധരിച്ചതുമായ സകല തലച്ചോറു കൂടുകളും തീരുമാനിച്ചുറച്ച പോലെ തോന്നിച്ചു. ഒസ്സാൻ മുസ്തഫ മരിച്ചതും ഒസ്സാൻ മുത്തപ്പ ജനിച്ചതും ഒരുമിച്ചായിരുന്നു. സുന്നത്ത് കല്ല്യാണങ്ങൾ ആശുപത്രികളിലെ തണുത്ത മുറികളിൽ വെളുത്ത തൊപ്പി വെച്ച ചിറകു



ള്ള മാലാഖമാരുടെ സാന്നിധ്യത്തിൽ
അപ്പോത്തിക്കിരിമാർ ഏറ്റെടുത്തു
നടത്താൻ തുടങ്ങിയതോടെ ഒസ്സാൻ മു
ത്തപ്പയുടെ തുരുമ്പെടുത്ത കത്തിയെ
ക്കുറിച്ചുള്ള പേടിപ്പെടുത്തുന്ന കഥക
ളിൽ നിന്നും ഓർമകളിൽ നിന്നും പ്രദേ
ശത്തെ മുസ്ലീം ചെക്കൻമാരും അവരു
ടെ ഭാവി പൗരുഷത്തിന്റെ അങ്ങേയ
റ്റത്തെ അരയിഞ്ച് പ്രദേശവും വിമോ
ചിതരായി. മുത്തപ്പയുടെ കയ്യിലും കാ
തിലും കഴുത്തിലുമെല്ലാം വെളുത്ത
തും കറുത്തതുമായ രോമങ്ങൾ സാധാ
അററൻഷനായി നിന്നിരുന്നു. മുറുക്കി
ച്ചുവപ്പിച്ച ചുണ്ടുകളിൽ അനിർവ്വചനീ
യമായ ചിരിയും കൈയിൽ തുരുമ്പെ
ടുത്ത കത്തിയുമായി വന്ന് മുത്തപ്പ മു
സ്ലീം ചെക്കൻമാരെ നഗ്നരാക്കി കൈ
പിറകിലേക്ക് പിടിച്ച് കെട്ടി കറുത്ത റു
മാല് കൊണ്ട് കണ്ണ് കെട്ടി നിറുത്തും.
കൂടെയുള്ളവർ പിറകിൽ നിന്ന് ബലമാ
യി പിടിച്ച് വെക്കും. ശേഷം വളർച്ചയെ
ത്താത്ത ലിംഗങ്ങൾ എണ്ണയിട്ട് തേച്ച്
മിനുക്കിയ പുളിമരത്തിന്റെ മുട്ടിയിലെ
ടുത്തു വെച്ച് കണ്ണടച്ച് ദിക്ർ ചൊല്ല
ലും തുറക്കലും വെട്ടലും എല്ലാം ഒരു
മിച്ചായിരിക്കും. അരയിഞ്ച് തൊലി മു
ത്തപ്പയുടെ തുരുമ്പിച്ച കത്തിയിൽ പറ്റി
പ്പിടിച്ച് പല്ലി വാല് പോലെ കുറച്ച് പിട
ക്കും. ഒസ്സാൻ മുത്തപ്പയെന്ന സാധു
മനുഷ്യനെക്കുറിച്ച് നാട്ടിൽ പ്രചരിച്ച
ഭീതിപ്പെടുത്തുന്ന കഥകൾ ഇങ്ങനെ
പോകുന്നു. ഇറച്ചി വെട്ടുന്ന കത്തി
പോലെ ഭീമമായ എന്തോ ഒന്നായിരു
ന്നു കുഞ്ഞു മനസ്സുകളിലെ മുത്തപ്പ
യുടെ കത്തി. ചന്ദ്രനെക്കാണിച്ചിട്ടും
ചോറിറങ്ങാത്ത ഉണ്ണി വായകളിലേ
ക്ക് പ്രദേശത്തെ അമ്മമാരും ഉമ്മമാ
രും ഒരുപോലെ ഇത്തരം മുത്തപ്പക്ക
ഥകൾ ഉരുട്ടി വെച്ചു കൊടുത്തു. മു
ത്തപ്പയെന്ന പേടി സ്വപ്നത്തിനു മു
ന്നിൽ എത്രയെത്ര ചോറുരുളകളാണ്
ഉണ്ണി വായകളിൽ നിന്നും അന്നനാള
ത്തിലേക്ക് തടസ്സമൊന്നുമാല്ലാതെ ഇറ
ങ്ങി പ്പോയിരിക്കുന്നത്. അന്ന് പത്താം
തരത്തിൽ പ്രദേശത്തെ ഏറ്റവും മാർ
ക്ക് നേടിയ വിദ്യാർത്ഥി എന്ന ഖ്യാതി
സമറിലേക്ക് ചേർക്കപ്പെട്ടതിന്റെ പിറ്റേ
ദിവസം തന്നെ മുത്തപ്പയുടെ കടയ്ക്കു
മുന്നിൽ 'തൊക്ക് വടിച്ചു കൊടുക്കുന്ന
തല്ല' എന്ന ബോർഡ് വലിയ അക്ഷര
ങ്ങളിൽ (വൃദ്ധ ജനങ്ങൾക്കും മനസ്സി
ലാകും വിധം)തൂങ്ങിയാടി.

അർത്ഥശൂന്യമായ തന്റെ ജീവിത
ത്തെക്കുറിച്ചുള്ള ചിന്ത ജനിച്ചു വീണ



അന്ന് രാത്രി തന്നെ ആകെയുണ്ടാ
യിരുന്ന നാലു കൂട്ടം ഷർട്ടും പാന്റും
ഒരു പുതപ്പും വർഷങ്ങളായി സൂക്ഷി
ക്കുന്ന കടും കാപ്പി നിറത്തിൽ ചട്ടയു
ള്ള ഡയറിയും വാരിവലിച്ച് ബാഗിലാ
ക്കി അയാൾ പൊന്നാനിയിലെ വീട്
വിട്ടിറങ്ങി. ഇറങ്ങുമ്പോൾ പടിഞ്ഞാറേ
ചെരുവിലെ മുറിയിൽ അരണ്ട വെളിച്ച
ത്തിൽ ചുരുണ്ടുറങ്ങുന്ന ഉമ്മ കഴിഞ്ഞ
വാരം പത്രത്തിന്റെ ഒന്നാം പേജിൽ
കണ്ട സിറിയൻ അഭയാർത്ഥി സ്ത്രീ
യുടെ കിടത്തം ഓർമ്മിപ്പിച്ചു. മുത്തപ്പ
ക്കുള്ള ഇടം അവിടെ വൃത്തിയായി ഒഴി
ഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അയാ
ളുടെ ബലിഷ്ഠമായ നെഞ്ചിലെ ഇട
തൂർന്ന രോമക്കാടുകൾ പരപ്പനങ്ങാ
ടിയിലെ രണ്ടാം കെട്ട്യോളുടെ സ്നേ
ഹവായ്പുകളാൽ വീണ്ടും തളിർക്കു
ന്നുണ്ടാകും. മൂത്ത പെങ്ങൾ നിലത്ത്
വിരിച്ച പുൽപ്പായയിൽ നീരു വറ്റിയ
മരത്തടി പോലെ വീണു കിടക്കുന്നു.
നിലാവിന്റെ വെളിച്ചത്തിൽ അയാൾ
നീട്ടി വലിച്ച് നടന്നു. നിഴലു പോലും
അയാൾക്ക് മുന്നിൽ നടന്ന് ധൃതി കൂ
ട്ടി. കിട്ടിയ വണ്ടി പിടിച്ച് കോഴിക്കോ
ട് റെയിൽവേ സ്റ്റേഷനിലെത്തിയപ്പോ
ഴേക്കും രാത്രി രണ്ട് കഴിഞ്ഞിരുന്നു. രാ



ത്രിയും പകൽ പോലെ സജീവമായ സ്റ്റേഷനിൽ പുതിയ യാത്രകൾക്കായി തയ്യാറെടുക്കുന്ന പ്രസന്നമായ മുഖങ്ങൾ! യാത്ര കഴിഞ്ഞു ലക്ഷ്യത്തിലെത്തിയ ക്ഷീണിച്ച കണ്ണുകൾ, മത്സരിച്ച് കാപ്പിയും വടയും വിറ്റ് രാത്രി പകലാക്കുന്നവർ, ക്ഷീണിച്ചുറങ്ങുന്നവർ, കോളേജ് വിദ്യാർത്ഥികൾ, ഭിക്ഷയെടുക്കുന്നവർ അങ്ങനെ ഓരോ മനുഷ്യരും എന്തെല്ലാം ജീവിതങ്ങളാണ് ജീവിച്ചു തീർക്കുന്നത് അല്ലേ..!

അമൃത്സർ എക്സ്പ്രസ് ഒരു ഭ്രാന്തിയെപ്പോലെ അലറി വിളിച്ച് വന്ന് പൊടുന്നനെ ശാന്തയായി. സ്ലീപ്പർ ക്ലാസിലെ ശാന്തതക്ക് പകരം ജനറൽ കംപാർട്ട്മെന്റിലെ ശബ്ദങ്ങളെയും തിരക്കുകളെയും ദുർഗന്ധത്തെയുമൊക്കെയാണ് അയാൾ തിരഞ്ഞെടുത്തത്. ട്രെയിൻ ഡൽഹിയിൽ യാത്ര അവസാനിപ്പിക്കും വരെ ഒരു യാത്ര. ലക്ഷ്യം ഡൽഹിയായതു കൊണ്ടല്ല. പോകുന്നിടം വരെ പോകണം! ഒരുപാട് മനുഷ്യജന്മങ്ങളെ സഹായിക്കാനും സ്വാധീനിക്കാനുമുള്ള അനസ്യൂതമായ ത്വരയിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു മഹാ യോഗിയുടെ സകലതും ത്യജിച്ച ഒരു യാത്രയുടെ പരിവേഷമൊന്നും ഈ അലക്ഷ്യമായ യാത്രക്കില്ല. ഒസ്സാൻ മുത്തപ്പയുടെ മകൻ സമർ മുസ്തഫ അയാളെ കണ്ടെത്താനുള്ള യാത്രയിലാണ്. എസ്.എസ്.എൽ.സിക്ക് കൂടുതൽ മാർക്ക് നേടിയപ്പോൾ നാട്ടിലുയർന്ന ഫ്ളക്സ് ബോർഡിൽ സമർ എന്ന് അയാൾ കണ്ടിട്ടില്ല. 'എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ മുത്തപ്പയുടെ മകന് അഭിനന്ദനങ്ങൾ'.സമർ എന്നാണ് അയാളുടെ പേരെന്ന് പോലും പലർക്കും അജ്ഞാതമായിരുന്നു. മുത്തപ്പയുടെ മകനിൽ നിന്നും സമറിലേക്ക് വളരണം. ഒസ്സാൻ മുത്തപ്പാന്റെ മകൻ എന്ന് മാത്രം വിളിച്ച് ശീലിച്ച മുഖങ്ങളിൽ നിന്നും ഓടി മറയണം. പുതിയ കുറേ നല്ല മനുഷ്യരെ കാണണം. അവരെക്കൊണ്ട് തന്നെ സമർ എന്ന് വിളിപ്പിക്കണം. ആ മനുഷ്യരോട് ചേർന്നിരിക്കണം. യാത്ര പിരിയുമ്പോൾ തന്നെ കെട്ടിപ്പിടിക്കാർ മടി കാണിക്കാത്ത കുറച്ചു പേരെ സുഹൃത്തുക്കളാക്കണം. മൊബൈൽ കൈയിലെടുത്ത് ഗൂഗിൾ മാപ്പയാൾ അൺഇൻസ്റ്റാൾ ചെയ്തു. ആ യാത്രയിൽ എവിടെയും യന്ത്രത്തിന്റെ വാക്കുകൾക്ക് പിന്നാലെ പോകരുതെന്നയാൾ തീർച്ചപ്പെടുത്തി. പുതിയ വഴികൾ തനിയെ കണ്ടെത്തണം. ഇടക്കിടെ വഴി തെറ്റണം. കുറച്ചു ദൂരം തെറ്റിയ വഴിയിലൂടെ യാത്ര ചെയ്ത് തിരിച്ച് വരണം. പിന്നെയും വേറെ വഴികളിലൂടെ യാത്ര പോവണം. അവിടെ വെച്ചൊക്കെ പുതിയ ആളുകളോട് മനസ്സ് തുറന്നു സംസാരിക്കുകയും ചിരിക്കുകയും വേണം.

ട്രെയിൻ അയാളെയും പേറി യാത്ര തുടങ്ങിയിട്ട് മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത വിരൽ സ്പർശം അയാളിൽ അരിച്ചിറങ്ങിയപ്പോഴാണ് ഉറക്കത്തിൽ നിന്നയാൾ ഞെട്ടിയുണർന്നത്. ബലിഷ്ഠമായ ശരീരത്തെ പൊതിഞ്ഞു കെട്ടിയ നേർത്ത സാരിത്തലപ്പ് കടും ചുവപ്പിൽ മുക്കിവച്ച അധരങ്ങൾക്കിടയിൽ കിടന്ന് ഞെരിഞ്ഞമർന്നു. അവരുടെ വിരലുകൾ അയാളിലെന്തോ തേടി നടന്നു. ആളുകൾ ചിരിക്കുന്നുണ്ട് പോക്കറ്റിലുണ്ടായിരുന്ന മുപ്പത് രൂ യെടുത്ത് നീട്ടിയപ്പോൾ വിരലുക അതിലേക്ക് പാഞ്ഞ് അയാളെ മോച പ്പിച്ചു. എത്ര വിചിത്രമായ ജീവിതങ്ങ ളാണ്. രംഗം കണ്ടുനിന്ന തൊട്ടടുത്ത സീറ്റിലെ വൃദ്ധൻ പതിയെ എഴുന്നേ തൊട്ടടുത്ത ബോഗിയിലേക്ക് നടന്നു സമയം ഇരുട്ടാറായിരിക്കുന്നു.ആകാ ശം മുറുക്കിത്തുപ്പിയ മേഘങ്ങൾ ച വന്നു പരന്നു കിടന്നു. അവക്കിടയില ടെ കറുത്ത പട്ടങ്ങൾ കണക്കെ കരിങ്ക ക്കകൾ കൂടുതേടി പറക്കുന്നു. വൈ കി വരുന്ന മറ്റേതോ വണ്ടിക്കു വഴി യൊരുക്കാൻ ട്രെയിൻ നിർത്തിയിട്ടിരി ക്കുകയാണ്. സമർ പുറത്തേക്കിറങ്ങി ആളൊഴിഞ്ഞ സ്റ്റേഷൻ, കോഴിക്കൂ ടു പോലൊരു പെട്ടിക്കകത്ത് മാസ്റ്റർ



തല ചൊറിഞ്ഞു കൊണ്ടിരിക്കുന്നു. ദൂരെ മഞ്ഞ ബോർഡിൽ എഴുതപ്പെട്ട സ്ഥലത്തിന്റെ നാമം ദീർഘകാലത്തെ ശ്രമത്തിന്റെ ഫലമായിരിക്കണം, കാക്കകൾ വെളുപ്പിച്ചു മായ്ച്ചു കളഞ്ഞിരിക്കുന്നു. ദുർഗന്ധം നിറഞ്ഞ വെളുപ്പ് കറുത്ത അക്ഷരങ്ങളെ മൂടികിടന്നു.

പുരാതനമായ സിമന്റ് ബെഞ്ചിൽ കടലയും കൊറിച്ച് ചാരികിടന്ന അയാളെ പുറകിൽ നിന്നാരോ തോണ്ടി വിളിച്ചു. കൈ നോട്ടക്കാരിയാണ്. പെട്ടെന്ന് എവിടെ നിന്നാണ് പ്രത്യക്ഷപ്പെട്ടതെന്നറിയില്ല. മുറുക്കിച്ചുവപ്പിച്ചതിന്റെ ബാക്കിപത്രം ചുണ്ടുകൾക്കിരുവശവും ഒലിച്ചിറങ്ങി ചാലിട്ടിരിക്കുന്നു. കൈ നിവർത്തിപ്പിടിച്ച് നല്ലകാലം എപ്പോൾ അവതരിക്കുമെന്ന് നോക്കാൻ പറയാൻ അയാൾക്ക് തോന്നിയെങ്കിലും ആ സ്ത്രീ വയറു തടവി വിശപ്പിന്റെ ആഗോള ഭാഷ സംസാരിച്ചപ്പോൾ അയാൾ മൗനിയായി. കൈ രേഖ വായിക്കാൻ വിസമ്മതിച്ച അയാൾ ഇരുപതു രൂപ വച്ചു നീട്ടിയപ്പോൾ അവരത് വാങ്ങാൻ കൂട്ടാക്കിയില്ല. വിശ്വാസമില്ലെങ്കിൽ കൂടി അയാൾ തന്റെ കൈ വച്ചുനീട്ടി.

'നല്ലക്കാലം പൊറക്കര്ത്...നല്ലക്കാലം പൊറക്കര്ത് തമ്പീ കടവുൾ നെത്തിയിലാ എഴുതി വെച്ചതാവാസിക്ക വന്തിരുക്കേൻ ഇന്ത മഗരാസി'. ആ സ്ത്രീ ഇതുതന്നെ ആവർത്തിച്ചു കൊണ്ടേയിരുന്നു.

ഈ യാത്രയിൽ അതിനുമാത്രം എന്തു സംഭവിക്കാനാണ്, അതും അലക്ഷ്യമായ ഈ യാത്രയിൽ. ഒരു ചായയും വടയും വാങ്ങി അയാൾ ആ സ്ത്രീക്ക് കൊടുത്തു. ആർത്തിയോടെ അവരത് മോന്തിക്കുടിച്ചു. മറ്റുള്ളവരുടെ രേഖകൾ തമ്മിൽ ചേർത്തു വച്ചും വായിച്ചും സ്വന്തം കൈകളിലെ രേഖകൾ തന്നെ മാഞ്ഞുപോയ ആ സ്ത്രീയെ അയാൾ അലിവോടെ ഒരിക്കൽ കൂടി നോക്കി. ട്രെയിൻ അയാളെക്കൂട്ടാതെ യാത്ര തുടങ്ങിയിരുന്നു.യാത്ര പറയാതെ അയാൾ ഓടിക്കയറി. തിരക്കുപിടിച്ച വൃത്തിഹീനമായ ജനറൽ കംപാർട്ട്മെന്റിൽ നിന്ന് അയാൾ മാറ്റപ്പെട്ടിരിക്കുന്നു. പുതിയ ആളുകൾ, വൃത്തിയുള്ള ഇരിപ്പിടങ്ങൾ, സുന്ദരമായി വസ്ത്രം ധരിച്ച സ്ത്രീകളും പുരുഷൻമാരും. ചിലർ പുസ്തകങ്ങളിൽ കണ്ണുനട്ടിരിക്കുന്നു. ചിലർ ലാപ്ടോപ്പുകളിൽ തിരക്കുപിടിച്ച് കുത്തിക്കുറിക്കുന്നു. ചിലർ സുഷുപ്തിയിലാണ്. ഭാഗ്യം, സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ കൂടെ കരുതിയിരുന്ന ബാഗും അയാൾക്കൊപ്പം ഇറങ്ങിയിരുന്നു. അകത്തേക്കു കടക്കാതെ അയാൾ വാതിലിനടുത്ത് നിൽപ്പുറപ്പിച്ചു. ടി.ടി.ഇ യുടെ അപ്രതീക്ഷിതമായ കടന്നു വരവിനെക്കുറിച്ചുള്ള ചിന്തകളും അപമാനിതനാകാനുള്ള ഭയവും അയാളെ അലോസരപ്പെടുത്തിയതേയില്ല. ലക്ഷ്യമില്ലാത്ത യാത്രികർ അങ്ങനെയായിരിക്കാം!. തൊട്ടടുത്ത ടാപ്പിൽ നിന്നും മുഖം കഴുകാൻ വന്ന സ്ത്രീയുടെ കണ്ണുകൾ അയാളെ മാറിമാറി കൊത്തിവലിക്കുന്നത് പാതി മങ്ങിയ കണ്ണാടിയിലൂടെ അയാൾ കണ്ടു. ആ ബോഗിയിൽ അയാൾ കഴിഞ്ഞാൽ ഏറ്റവും അലക്ഷ്യമായി വസ്ത്രം ധരിച്ച വ്യക്തി ആ സ്ത്രീയായിരുന്നു. കറുത്ത പർദ്ദയാണ് ധരിച്ചിരിക്കുന്നത്. നീല നിറത്തിലുള്ള തട്ടത്തെ വകഞ്ഞുമാറ്റി കാറ്റ് മുടിയിഴകളെ പിടിച്ചു വലിച്ചു കൊണ്ടുപോകുന്നു. മെലിഞ്ഞ ശരീര പ്രകൃതം. അയാളെ മാറിമാറി നോക്കാൻ വേണ്ടി മാത്രം ആ സ്ത്രീ വീണ്ടും വീണ്ടും മുഖം കഴുകുന്നതു പോലെ തോന്നിച്ചു. അയാൾ ശ്രദ്ധിക്കുന്നുണ്ടെന്നു മനസ്സിലായപ്പോൾ അവർ പിൻവാങ്ങി നേരെ ഇരിപ്പിടത്തിലേക്ക് പോകുമെന്നാണ് അയാൾ കരുതിയത്. അത് സംഭവിച്ചില്ല. തിരിഞ്ഞു നിന്ന് അയാളുടെ മുഖത്തു നോക്കി സംശയമൊന്നുമില്ലാതെ അവർ പതിയെ വിളിച്ചു, സമർ..

എവിടെ വച്ചാണ് പരിചയമെന്ന് പരതി നോക്കാൻ ഓർമകളിലേക്കൊന്ന് അയാൾ ഓടിച്ചെന്നു. വിഫലമായ ആ ശ്രമത്തിനിടയിൽ അവർ ചോദിച്ചു.

എന്നെ മനസ്സിലായോ...?.

അയാൾ ഒന്നും പറഞ്ഞില്ല. സമർ അവരെ ഇമവെട്ടാതെ നോക്കി നിന്നു. കാലം ചില മുഖങ്ങളെ അത്രകണ്ട് മാറ്റി വരക്കാറുണ്ട് എന്ന് അയാൾക്ക് അറിയില്ലായിരുന്നു. കുറേ നേരം നോക്കിയിരുന്നപ്പോൾ അതിനടിയിൽ നിന്നും ഒരു പഴയ മുഖം ഉയിർത്തെഴുന്നേറ്റ് വരുന്നത് അയാൾ കണ്ടു. അവിചാരിതമായി ചൂണ്ടയിൽ കൊത്തിയ പരൽ മീൻ കണക്കെ ഓർമകൾ ഭൂതകാലത്തിലേക്ക് പിടഞ്ഞോടി.

നദീറാ....അയാൾ വിളിച്ചു.

ഉം, മൂളിയതേയുള്ളൂ.

തനിച്ചാണോ..?

അല്ല, ഭർത്താവുണ്ട് അകത്തിരിപ്പുണ്ട്.

എവിടെ പോകുന്നു..?.

ഡൽഹിക്കാണെന്നു പറഞ്ഞു.

എന്തേ..?

വല്ല ബിസിനസ്സ് മീറ്റിങുമാവും, എന്നോടൊന്നും പറഞ്ഞില്ല.

സംഭാഷണം മുറിഞ്ഞു പോയിരിക്കുന്നു. പിന്നെ ദീർഘമായ മൗനം. രണ്ടുപേരും ഓർമകൾക്ക് കൂട്ടുപോയിരിക്കുന്നു. അവളോടൊത്ത് ഇനിയുമവിടെ നിൽക്കണമെന്ന് മനസ്സ് വല്ലാതെ ആഗ്രഹിച്ചിട്ടും അയാളാണത് ഭേദിച്ചു കൊണ്ട് ചോദിച്ചത്,

അദ്ദേഹത്തിന്റെ അടുത്തേക്ക് പോകുന്നില്ലേ..കാണാതായാൽ അന്വേഷിക്കില്ലേ..?

അന്വേഷിക്കില്ല, ഉത്തരം പെട്ടന്നാ



യാരുന്നു.

രാഷ്ട്രത്തിന് സ്വാതന്ത്ര്യം ലഭിച്ചതറിഞ്ഞ ആദ്യ പൗരന്റെ വികാരമായിരുന്നു അയാൾക്കപ്പോൾ. പതിയെ ആ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം അവളിലേക്കുകൂടി പടർന്നു കയറിയിരിക്കുന്നു.

നദീറാ...അയാൾ വിളിച്ചു.

സമർ, എന്നെ നദീ എന്ന് വിളിക്കാമോ? പഴയപോലെ വറ്റിപ്പോയ പ്രണയത്തിന്റെ വേരുകൾ ഉണർന്നെഴുന്നേറ്റ് വരികയും, നിലാവിനെയും നക്ഷത്രങ്ങളെയും നോക്കി അത് പുഷ്പിക്കുകയും ചെയ്തിരിക്കുന്നു. നദീ, ഒരു നിമിഷം കൊണ്ട് നീ അകാലത്തിൽ മരിച്ചുപോയ എന്നിലെ യൗവനം തിരിച്ചു പിടിച്ചിരിക്കുന്നു. സമർ നദിയുടെ കണ്ണുകളിലേക്കു നോക്കി. വിടർന്നു നിന്നിരുന്ന ഉണ്ടക്കണ്ണുകൾ ആരെയോ ഒളിക്കാനെന്ന പോലെ ദൂരേക്ക് ആഴ്ന്നിറങ്ങി പോയിരിക്കുന്നു. എങ്കിലും പുതിയ സ്വാതന്ത്രത്തിന്റെ ആഹ്ലാദത്തിൽ അവയും തിളങ്ങിച്ചിരിച്ചു. ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും പ്രവാഹമായിരുന്നു പിന്നെ അവർക്കിടയിൽ. ചിലത് സന്തോഷത്തോടെ വേദനിപ്പിക്കുന്നവ, മറ്റു ചിലത് വേദനയോടെ സന്തോഷിപ്പിക്കുന്നവ.

'എന്റെ സന്ദേശങ്ങൾക്കും ഫോൺ കോളുകൾക്കും ഇനിയൊരിക്കലും കാത്തിരിക്കരുതെന്നും പ്രതീക്ഷയുടെ അവസാന ബീജത്തെയും നിർദയം കൊന്നു കളയണമെന്നും ഞാൻ പറഞ്ഞ് യാത്രയായ രാത്രി സമർ ഓർക്കുന്നുണ്ടോ.?'

ഉണ്ട് നദീ, ഞാൻ ഓർക്കുന്നു. എന്നെ ഓർക്കാറുണ്ടോ സമർ.

ഉണ്ട്, എപ്പോഴും ഓർക്കാറുണ്ട് ,എന്ന മറുപടി അവൾ ആഗ്രഹിച്ചിരിക്കണം.

'ഞാൻ നുണ പറയുന്നില്ല, ഇടക്ക് ഓർക്കാറുണ്ട്. കലാലയങ്ങൾക്കു മുമ്പിലും ബീച്ചിലും പാർക്കുകളിലും കോഫീ ഷോപ്പുകളിലും തെരുവുകളിലും സിനിമാ ശാലകൾക്ക് അകത്തുമെല്ലാം സ്നേഹം കൊണ്ട് സ്വർഗം നെയ്തെടുക്കുന്നവരെ കാണുമ്പോൾ ഓർക്കാറുണ്ട്. നമ്മൾ നെയ്തു വച്ചതൊക്കെ പൊടുന്നനെ ആരോ വന്ന് കത്തിച്ചു കളഞ്ഞതിനെക്കുറിച്ച്, നിന്നെക്കുറിച്ച്, നിന്റെ മണമുള്ള നിന്റെ നിശ്വാസങ്ങൾ പാറിനടന്നിരുന്ന എനിക്കും നിനക്കുമിടയിലെ ചെറിയ ദൂരത്തെക്കുറിച്ച്. ആ ചെറിയ ദൂരം ഒരു രാത്രി പുലർന്നപ്പോഴേക്കും എത്ര നടന്നാലും തീരാത്ത ദൂരമായി പരിണമിച്ചതിനെക്കുറിച്ച്. എല്ലാം ഓർക്കാറുണ്ട് നദീ. ദൈവത്തിന്റെ വിശുദ്ധ പുസ്തകമായ ഖുർആൻ തുറക്കുമ്പോൾ, റെയിൽവേ സ്റ്റേഷനിലേക്കു തിരിയുന്ന റോഡിലെ നമ്മൾ സ്ഥിരമായി സർബത്ത് കുടിക്കാറുള്ള കടയുടെ മുന്നിലെത്തുമ്പോൾ, നിന്റെ ദേശത്തേക്ക് ബോർഡ് വച്ച് പായുന്ന ബസ്സുകൾ കാണുമ്പോൾ, മഴക്കാലത്ത് കുടക്കടിയിൽ ഒറ്റപ്പെടുമ്പോൾ, വേനലിൽ ദാഹിച്ചു തൊണ്ട വറ്റുമ്പോൾ, കാമ്പസിൽ നാം ഒരുമിച്ചു നട്ട മരത്തിനടിയിൽ വീണുകിടക്കുന്ന ചുവന്ന പൂക്കൾ എന്നെ നോക്കുമ്പോൾ ഡയറിയുടെ രൂപത്തിൽ നാം സൂക്ഷിച്ചിരുന്ന സ്വപ്നങ്ങളുടെ പുസ്തകം തുറന്നു വെക്കുമ്പോൾ, ട്രെയിനിന്റെ വാതിൽ പടിക്കരികെ നിന്ന് യാത്ര ചെയ്യുമ്പോൾ, സമുദ്രത്തിലേക്ക് നദി സംഗമിക്കുന്നത് കാണുമ്പോൾ, നദീ ....അപ്പോഴെല്ലാം നിന്നെ ഞാൻ ഓർക്കാറുണ്ട്.'

'ട്രെയിനിൽ നമ്മൾ ഇങ്ങനെ എത്ര യാത്രകൾ പോയിരിക്കുന്നു സമർ?. എണ്ണി തിട്ടപ്പെടുത്താൻ ആവാത്തത്ര അല്ലേ? അപ്പോഴൊന്നും ഞാൻ അനുഭവിച്ചിട്ടില്ലാത്ത ഒരു ആനന്ദം ഇപ്പോൾ ഞാൻ അനുഭവിക്കുന്നു സമർ.'

'നദീ, അൽപ്പം മുമ്പ് ഞാൻ കണ്ട നദീയേക്കാൾ സുന്ദരിയായിരിക്കുന്നു നീയിപ്പോൾ. ഒഴുകിത്തുടങ്ങിയിരിക്കുന്നു. തടസ്സങ്ങളെ വകഞ്ഞുമാറ്റി ഒഴുകാൻ പഠിച്ചിരിക്കുന്നു. സ്വഛന്ദമായി സഞ്ചരിക്കുന്ന നദിയായിരിക്കുന്നു. നിന്റെ മുഖം ചുവന്നിരിക്കുന്നു.'

'എന്റെ മുഖം ചുവക്കാനോ, ഹ..ഹ..അവൾ ചിരിച്ചു. ഞാൻ കറുത്ത പെണ്ണല്ലേ സമർ.'

'നീ ഉറുമാമ്പഴം കണ്ടിട്ടുണ്ടോ നദീ ,ചുവന്ന് ചുവന്ന് കറുത്ത് പോയത്, അതിന്റെ നിറമാണ് നിനക്ക്'.

അയാൾ കണ്ട സ്വപ്നത്തിലെ ആദാമും ഹവ്വയും ഭക്ഷിച്ച വിലക്കപ്പെട്ട കനിയുടെ നിറമായിരുന്നു അവൾക്ക്, ചുവന്ന് ചുവന്ന് കറുത്ത പഴങ്ങൾ. ഒസ്സാൻ മുത്തപ്പയുടെ മകനായതിനാലാവണം വെളുപ്പ് അയാൾക്കൊരു നിറമേ അല്ലായിരുന്നു. നിറമില്ലാത്ത അവസ്ഥ മാത്രം. വെളുത്ത പേജിൽ വരച്ചു വച്ച ചിത്രങ്ങൾക്ക് നിറം കൊടുക്കാൻ പറഞ്ഞ് ടീച്ചർ ...റിപ്പിച്ചതും വെളുപ്പ് നിറമല്ലെന്നാ... തലയിൽ കിടന്ന് കിടന്ന് നിറം മ... വെളുത്ത് പോയ മുടിയിഴകൾ മു... പ്പയെക്കൊണ്ട് വെട്ടി വെടിപ്പാക്കു... പൊന്നാനിക്കാരെ കണ്ട് വളർന്നതി... ലാവണം വെളുപ്പ് വെറുക്കപ്പെടേ... താണെന്നയാൾ വിശ്വസിച്ചത്. !

മക്കളെ കൂട്ടാത്തെതെന്തേ..?

മക്കളില്ല'

അയാൾ ഒന്നും മിണ്ടിയില്ല. ചോദ... ങ്ങൾ എവിടേയൊ കൊളുത്തിവലി... പോലെ..അയാളുടെ മൗനം ചോദ്യമ... യി ഭാവിച്ചിട്ടാവണം, നദീറ പറഞ്ഞ... തുടങ്ങി...

'ദൈവം ബുദ്ധിപൂർവം എടുത്ത... തീരുമാനമായിരിക്കണം. സമർ നിന... ക്കറിയോ അയാളെന്നിലൊന്നു... കണ്ടില്ല.. ഈ ശരീരം പോലും..കൂ... ടെ ശയിച്ചയാൾ മനസ്സുകൊണ്ടാഗ്ര... ഹിച്ച മറ്റേതൊക്കയൊ സ്ത്രീകളുടെ... പേരുകൾ വിളിച്ചുകൊണ്ടന്നെ ഭോഗി... ക്കും...പാരതമ്യത്തിൽ അയാൾ കാർ... ക്കിച്ചു തുപ്പി എന്നോട് പറയാറുണ്ട്, പാഴ്ച്ചെടി പോലും മുളക്കാത്ത തരി... ശു ഭൂമിയാണ് നീയെന്ന്.!

അയാൾ കേട്ടു നിന്നതേയുള്ളു.

അവഗണനയുടെ നീണ്ട നാളുകൾ കൊടുവിൽ ഞാനയാളോട് അങ്ങേയ... റ്റം വെറുപ്പോടു കൂടി തന്നെ ചോദിച്ചു.

'ദൈവത്തിന്റെ ഭൂമിയിൽ നാമ്പു... കൾ മുളപൊട്ടത്തത് കേട്ടുവന്ന വിത്തു... കളായത് കൊണ്ടായികൂടെ..?

അലറിച്ചിരിച്ചു കൊണ്ടയാൾ എന്റെ ചോദ്യത്തെ തന്നെ അലസിപ്പി... ച്ചു കളഞ്ഞു.

അയാളെപ്പോഴും അങ്ങനെ തന്നെ യായിരുന്നു സമർ..അയാൾ മാത്രമാണ് ശരി. ചോദ്യങ്ങൾ ഇഷ്ടമേ ആയിരുന്നില്ല. ഉത്തരങ്ങൾ മാത്രം പറഞ്ഞു ശീലിച്ചവൻ. ആ ഉത്തരങ്ങൾക്ക് ശരിയായ ചോദ്യങ്ങൾ പരതിയുണ്ടാക്കുന്നത് എനിക്ക് ശീലമായിരിക്കുന്നു. നദിയിൽ നീ കണ്ട ഇഷ്ടങ്ങളല്ലാമായിരുന്നു അയാളെന്നിൽ കണ്ട കുറവുകൾ. കുറവുകളുടെ എണ്ണം കൂടി കൂടി വന്ന് ഞാൻ തന്നെ കുറഞ്ഞില്ലാതായിരിക്കുന്നു.

സമർ..തനിച്ചാണോ.. ഇപ്പോഴും.?

'അതെ, കുലമഹിമയും തറവാട്ടു പോരിശയും ചേർന്ന ആരെയും കണ്ടു

കിട്ടിയില്ല. പൊന്നാനി അങ്ങാടിയിലെ ശൂരൻ കുഞ്ഞമ്പു മുതൽ കാരണവർ അഹമ്മദാജി വരെ കൃത്യമായ ഇടവേളകളിൽ വന്ന് വിനീത വിധേയരായി തലക്കുനിച്ച് പഞ്ചപുചര മടക്കി കഴുത്ത് വച്ചു കൊടുക്കാറുള്ള ഒസ്സാൻ മുത്തപ്പയുടെ ക്ഷൗരക്കത്തിയുടെ മൂർച്ചയുടെ പവറിനും പത്രാസിനും ചേർന്ന കുലമൊക്കെ മുടിഞ്ഞുപോയെന്നു തോന്നുന്നു.

നദീ..നേടിയ പദവികളും ബിരുദങ്ങളുമൊന്നും ചെരപ്പുകാരൻ മുത്തപ്പയുടെ മകൻ എന്നതിനപ്പുറത്തേക്ക് എന്നെ വളർത്തിയതേയില്ല.

അയാളുടെ മറുപടി അവളിലെവിടേയൊ തറച്ചു.

കാരണവർ അഹമ്മദാജിയെ സമർ എടുത്തു പ്രതിപാദിച്ചത് അയാൾ തന്റെ ബാപ്പ ആയതിലാണെന്നവൾ വിശ്വസിച്ചു. നീളക്കുപ്പായവും ഞെരിയാണിക്കുമുകളിൽ വട്ടമിട്ടു നിൽക്കുന്ന വെള്ള തുണിയുമെടുത്ത് ഇടതു കൈ മുന്നോട്ടും പിന്നോട്ടും ആഞ്ഞു വീശി വേഗത്തിൽ നടക്കുന്ന താടിവെച്ച കാരണവരെ പൊന്നാനിയുടെ രാത്രിക്കും പകലിനും ഒരുപോലെ അറിയാമായിരുന്നു.

'ഓനാള് ബർക്കത്തുള്ളോനാ..പടിപ്പും ബെവരോം ഒക്കെണ്ട് ..എന്നിരീച്ചിട്ട് ഓന്റെ ബാപ്പ ഒസ്സാൻ മുത്തപ്പന്നല്ലേ..അത് തേച്ചാലും മാച്ചാലും പോകോ അവറാനേ..ഇക്കണ്ട നാട്ടാരത് മുയ്മനും ചെരക്കലല്ലേ ഓന്റെ പണി. രണ്ട് കെട്ടോം ചെയ്ത്ക്ക്ണ്..

'അതിസ്ലാമിലുള്ളതല്ലെ ഹാജ്യാരേ..?എത്തിര രണ്ടാം കെട്ടിന് ഇങ്ങൾ കാരണോരായി കഴിച്ചു കൂട്ടിക്ക്ണ്..

'എന്നീരിച്ചിട്ട് അയ്നൊരു സൈത്താനിയത്തിന്റെ അലാമത്തില്ലേ അവറാനെ..?'

'സൈത്താനിയത്താണെങ്കി അതിസ്ലാമാവ്വോ ഹാജ്യാരേ..'

'അവറാനെ...ത് നടക്കൂല അമ്മദ് നടത്തൂല.'

പെണ്ണന്വേഷിച്ച് ചെന്ന ബ്രോക്കർ അവറാനെ ഹാജ്യാർ ഇങ്ങനെയാണ് പറഞ്ഞു വിട്ടത്. നാടാകെ കൊട്ടിഘോഷിച്ച് നദീറയെ തെക്ക് നിന്ന് വന്ന വലിയ കച്ചവടക്കാരന്റെ മകന് നിക്കാഹ് ചെയ്തു പറഞ്ഞയച്ചു.



'എന്നെ ഒരിക്കൽ പോലും, അന്വേഷിച്ചില്ലേ നദീ..?

'അന്വേഷിച്ചിരുന്നു. നിന്നേയല്ല നമ്മളെ..അയാൾ കൊണ്ടുവരുന്ന വാരാന്തപ്പതിപ്പുകളുടെ താളുകളിൽ നീ വല്ലപ്പോഴും കുറിച്ചിടാറുള്ള അക്ഷരങ്ങൾക്കിടയിൽ..'

'എന്നിട്ട് കണ്ടു കിട്ടിയോ'?

'ഇല്ല. എവിടെ വച്ചും കണ്ടു മുട്ടിയില്ല'

'മറ്റാരും കാണാതിരിക്കാൻ നമ്മളെ അവയ്ക്കിടയിൽ ഞാൻ തന്നെയാണ് ഒളിപ്പിച്ചത്..നീയും കണ്ടില്ല അല്ലേ ഒസ്സാൻ മുത്തപ്പയുടെ.....'

സമർ...

അവൾ മുഴുമിപ്പിക്കാൻ അനുവദിച്ചില്ല

'നമുക്ക് പ്രായമായിരിക്കുന്നു അല്ലേ'..?

'ആപേക്ഷികമല്ലേ..അതെല്ലാം നദീ...മൂന്നു വ്യാഴവട്ടങ്ങൾ എന്നിലൂടെ കടന്നു പോയിരിക്കുന്നു. തല നരച്ചു തുടങ്ങുകയും കണ്ണുകൾക്ക് മുന്നിൽ ഒരിക്കലും അവസാനിക്കാത്ത കോട മൂടി തുടങ്ങുകയും ചെയ്തിരിക്കുന്നു.വരണ്ടു തുടങ്ങിയിരിക്കുന്നു. വേനൽ തന്നെയായിരുന്നില്ലേ ഞാനെന്നും! എങ്കിലും കാത്തിരിപ്പിനൊടുവിൽ ഉറങ്ങിപ്പോയ യൗവനം നിന്റെ കണ്ണുകളിലെ വിളിക്കേട്ടുണർന്നിരിക്കുന്നു. ചുറ്റുമുള്ള കാഴ്ച്ചകളെ നീ കൂടുതൽ സുന്ദരമാക്കുകയും വായുവിന് നിന്റെ ഗന്ധം നൽകുകയും ചെയ്യുന്നു. ഗവേഷണ പഠനക്കാലത്തെ എന്റെ സഹപാഠിയായിരുന്ന ഡോറ ഹെർനാണ്ടസ് എന്ന അമേരിക്കൻ സുഹൃത്തിന് ഞാൻ 'മൈ നെയിം ഈസ് സമർ' എന്നു പറഞ്ഞു എന്നെ പരിചയപ്പെടുത്തി.

'യൂ മീൻ സമർ ?'

അന്ന് അവളിൽ കണ്ട ആശ്ചര്യമാണ് ഞാൻ തന്നെ ഒരു വേനലാണെന്നെന്നെ ബോധിപ്പിച്ചത്.

'എന്റെ യൗവനവും യാത്ര പറഞ്ഞിരിക്കുന്നു സമർ. നിന്നെ പോലും നനച്ചൊഴുക്കാൻ പറ്റാത്തത്ര വിധം വരണ്ടു പോയിരിക്കുന്നു'

'ഇല്ല.. കടുത്ത വേനലിലും നീ നദിയായി തന്നെ ബാക്കിയായിരിക്കുന്നു'.

നദീ വിലക്കപ്പെട്ടതെന്തോ നാം പറിച്ചെടുക്കാൻ ശ്രമിക്കുന്ന പോലെ.. ഒരിക്കൽ നാം തടഞ്ഞുവച്ച് ഞെരിച്ചമർത്തി കൊന്നുക്കളഞ്ഞ എന്തോ പുനർജ്ജനിക്കും പോലെ. ഇടനിലക്കാരനായി നിന്ന ദൈവം കൈ മലർത്തിയപ്പോഴല്ലായിരുന്നോ നാം....?'

'ദൈവ കോപത്തെ കുറിച്ചാണോ നീ സംസാരിക്കുന്നത്'.

'നദീ.. അയാൾ കാത്തിരിക്കുന്നുണ്ടാവും ദൈവം ചേർത്തു വച്ച നിന്റെ പാതിയാണയാൾ..'

'ദൈവമല്ല അഹമ്മദാജിയാണ് ചേർത്തു വച്ചത്. ദൈവം നന്മയല്ലേ എന്റെ ഇഷ്ടങ്ങളെ കൊന്നു കളയാൻ കൂട്ടു നിൽക്കില്ല. ദൈവത്തിന്റെ കണ്ണുക്കെട്ടിയിട്ടതാണെന്ന് ഭാവിച്ച് ആരോ വഴിവെട്ടിയൊഴുക്കിയതാണെന്നെ'.

അയാൾ അവളെ സ്പർശിച്ചില്ല..അവൾ അയാളേയും. കണ്ണുകൾ കൊണ്ടവർ പരസ്പരം ചുംബിക്കുകയും നിലാവിനെ നോക്കി നിശ്വസിക്കുകയും ചെയ്ത ഈ രാത്രിയിൽ നദീ വേനലിന്റെ വേരുകളിലേക്ക് ഒഴുകിത്തുടങ്ങിയിരിക്കുന്നു.



# മരിച്ചു പോയ അധ്യാപകരെ കുറിച്ച്

അന്ന് ഉച്ചയായപ്പോൾ നജീബിനെ കാണാനില്ല.
സയൻസ് അധ്യാപകനാണ് കാര്യം ശ്രദ്ധിച്ചത്. പിന്നെ അന്വേഷണമായി, തിരച്ചിലായി..
ആകെ മൊത്തം ആശങ്കയും വെപ്രാളവും.
സ്കൂളിനടുത്തെ മാവിൻ ചുവട്ടിൽ, മൂത്രപ്പുരയ്ക്കകത്ത്, ചേക്കുക്കാന്റെ ചായക്കടയിൽ,
എവിടേയുമില്ല. നജീബിനെ കാണാനില്ല. അങ്ങാടിയിലെ കടകളിലൂടെ വാർത്ത പരന്നു.
ഒടുക്കം, വൈകുന്നേരം 4 മണിക്ക് സ്കൂളിനടുത്തെ പാടത്തു നിന്നും ഒഴുകി പുഴയുടെ
തെക്കേ കടവിൽ ചേരുന്ന തോടിന്റെ ഓരത്തു നിന്നും നെറ്റിപ്പൊട്ടനെ പിടിച്ച്
കുപ്പിയിലാക്കിക്കൊണ്ടിരുന്ന നജീബിനെ കണ്ടുകെട്ടി.
പിറ്റേ ദിവസം ഉപ്പാനെ വിളിച്ച് സ്റ്റാഫ് റൂം വിചാരണയ്ക്ക് ശേഷമാണ്
ആ അധ്യാപകന്റെ ശ്വാസം നേരെ വീണത്.

**ആ അധ്യാപകരൊക്കെ മരിച്ചു പോയി.**



സാഹിത്യവും സിനിമയും നിലനിൽക്കുന്ന അധികാര ബലതന്ത്രങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന സാംസ്ക്കാരിക നിർമ്മിതികളാണ്. ആര്യൻ എന്ന സിനിമ കണ്ട് കൈയടിക്കുന്ന കീഴാളനും കറുത്ത സ്ത്രീയെ പ്രണയിച്ചതിനാണ് നിനക്ക് തല്ല് കിട്ടേണ്ടതെന്ന് പറയുന്ന ഇൻസ്പെക്ടറുടെ പ്രകടനത്തിന് ആർത്ത് ചിരിക്കുന്ന സ്ത്രീകളും നമ്മുടെ സൗന്ദര്യ സങ്കൽപ്പത്തിലെ ദലിത്-സ്ത്രീ വിരുദ്ധത വെളിവാക്കുന്നു. ബോംബാണെങ്കിൽ മലപ്പുറത്ത് സാധനം ഈസിയായി കിട്ടുമെന്ന് പറയുന്നവർ മുസ്ലിമിനെ പ്രകടമായിത്തന്നെ പ്രതിസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ഇത്തരം ആഖ്യാനങ്ങളെ തുറന്നുകാണിക്കുകയും അപരവത്കൃതരെ പ്രശ്നവത്ക്കരിക്കുകയും ചെയ്യുന്ന മൂന്ന് ഇന്ത്യൻ സിനിമകളെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കുകയാണ് ലേഖകൻ

# ഉത്തരാധുനികതയുടെ തിരനോട്ടങ്ങൾ

**ഷഫ്റിൻ** (ബി.ബി.എ, മൂന്നാംവർഷം)

യൂറോപ്പിൽ നവോത്ഥാനം ആരംഭിച്ചതോടെയാണ് ആധുനികത ഒരു ജീവിത വീക്ഷണം, ചിന്താ പദ്ധതി എന്നീ നിലകളിൽ ആരംഭിക്കുന്നത്. കൊളോണിയലിസത്തിന്റേയും വ്യവസായ വിപ്ലവത്തിന്റെയും സഹായത്തോടെ അത് ലോകമാകെ വ്യാപിച്ചു. ആധുനികതയുടെ ഉത്പന്നമാണ് മുതലാളിത്തവും മാർക്സിസവും. മനുഷ്യജീവിതത്തെ പ്രപഞ്ചത്തിന്റെ കേന്ദ്രമായി ആധുനികത പ്രതിഷ്ഠിച്ചു. ശാസ്ത്രയുക്തി അടിസ്ഥാനമാക്കി ജ്ഞാന മേഖലകൾ രൂപം കൊള്ളുകയും ചെയ്തു.

എന്നാൽ 1970കളോടെ ആധുനികതയിൽ നിന്നുള്ള ചില വ്യതിയാനങ്ങളെ ചിലരെങ്കിലും അടയാളപ്പെുത്താൻ ആരംഭിച്ചു.ഫ്രഞ്ച് അക്കാദമീഷ്യനായ ലിയോടാർഡ് ആണ് തന്റെ post modernsim: a report on knowledge എന്ന



പ്രബന്ധത്തിലൂടെ ഉത്തരാധുനികതയെ കുറിച്ച് ആദ്യമായി സംസാരിച്ചത്. ആധുനികത മുന്നോട്ടു വച്ച മനുഷ്യ കേന്ദ്രീകൃത ലോക സങ്കൽപ്പം ഉത്തരാധുനികതയിൽ ചോദ്യം ചെയ്യപ്പെട്ടു. ആധുനികത അരികിലേക്ക് തള്ളി മാറ്റിയ ജീവിതങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ ഉത്തരാധുനികതയുടെ സവിശേഷതയാണ്. അങ്ങനെയാണ് സ്ത്രീവാദം, ദലിത് വാദം, കറുത്ത വർഗക്കാരുടെ പ്രശ്നങ്ങൾ എന്നിവ സജീവ ചർച്ചയാകുന്നത്. മനുഷ്യ കേന്ദ്രീകൃത ലോക വീക്ഷണത്തിന് പകരം പരിസ്ഥിതി കേന്ദ്രസ്ഥാനം കയ്യടക്കി.

ഈ ഉത്തരാധുനിക പ്രവണതകൾ ഇന്ത്യൻ സിനിമയിലും ഇപ്പോൾ കടന്നു വരുന്നുണ്ട്. ഫ്യൂഡൽ- ആധുനിക സങ്കൽപ്പങ്ങളുടെ ആൺകോയ്മ, കൊളോണിയൽ -ദേശീയവാദ ആഖ്യാനങ്ങളുടെ ദലിത്- മുസ്ലിം വിരുദ്ധത തുടങ്ങിയവ മറികടക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ സാഹിത്യത്തിലും സിനിമയിലും നടക്കുന്നുണ്ട്. ഇന്ത്യൻ സിനിമയിലെ ഇത്തരം ചില ശ്രമങ്ങളെ അയാളപ്പെടുത്തുകയാണ് ഇവിടെ.

## പാർച്ചെഡ്

ലീന യാദവ് സംവിധാനം ചെയ്ത സ്ത്രീവാദ സിനിമയാണ് പാർച്ചെഡ്. ആധുനികതയുടെ വിമർശനങ്ങളിൽ ആദ്യം വന്നത് സ്ത്രീവാദമാണ്. ആദ്യമാദ്യം വോട്ടവകാശം, പാർലമെന്ററി പ്രാധിനിത്യം, തുല്യ വേതനം തുടങ്ങിയ കാര്യങ്ങൾക്കായാണ് സ്ത്രീവാദികൾ സംഘടിച്ചത്. പിന്നീട് സംസ്ക്കാരത്തിലാകമാനവും ഭാഷയിലുമെല്ലാം നിറഞ്ഞു നിൽക്കുന്ന സ്ത്രീ വിരുദ്ധതയും പുരുഷമേധാവിത്വ പ്രവണതകളും ഇവർ തിരിച്ചറിഞ്ഞു. ഇത്തരത്തിൽ ഒരു വ്യവസ്ഥാ വിമർശനമാണ് ഈ സിനിമ മുന്നോട്ട് വെക്കുന്നത്.

രാജസ്ഥാനിലെ ഒരു വിദൂര ഗ്രാമത്തിൽ ജീവിക്കുന്ന നാല് യുവതികളുടെ കഥയാണ് സിനിമ പറയുന്നത്. വിധവയായ റാണി, റാണിയുടെ മകന്റെ ഭാര്യ ഗുലാബ്, കുട്ടികളുണ്ടാവാത്തതിനാൽ സമൂഹവും കുടുംബവും തരിശായി മുദ്ര കുത്തിയ ലജ്ജോ, ഇവരുടെ സുഹൃത്തും നർത്തകിയും വേശ്യയുമായ ബിജ്‌ലി എന്നിവരുടെ ജീവിതത്തിലൂടെയാണ് കഥ മുന്നേറുന്നത്. പുരുഷാധിപത്യം സൃഷ്ടിച്ച ആചാരങ്ങൾ, പാരമ്പര്യം, ഭാഷ എന്നിവ എത്രത്തോളം സ്ത്രീവിരുദ്ധമാണെന്ന് സിനിമ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നുണ്ട്. സിനിമയുടെ തുടക്കത്തിൽ ഭർത്തൃഗൃഹത്തിൽ നിന്ന് ഓടിപ്പോന്ന പെൺകുട്ടിയെ പാരമ്പര്യമനുസരിച്ച് അഭിമാനത്തിന്റെ പേരിൽ തിരിച്ചയക്കുമ്പോൾ അവൾ അമ്മയോട് പറയുന്നത് ഭർത്തൃവീട്ടിൽ എല്ലാവരും അവളെ ഉപയോഗിക്കുന്നു എന്നാണ്.പുരുഷാധിപത്യം വിശ്വാസാചാരങ്ങളിൽ ഒതുങ്ങുന്നില്ല. അത് ഭാഷയിലും സജീവമാണെന്ന് ചൂണ്ടിക്കാണിക്കുന്നു സിനിമ. ഹിന്ദിയിലെ പല തെറികളും സ്ത്രീകളെ ഉപഭോഗ വസ്തുക്കൾ മാത്രമായി ചുരുക്കുന്നത് സൂചിപ്പിക്കുന്നു ചില ദൃശ്യങ്ങൾ

സ്ത്രീകളുടെ നിലനിൽപ്പിന് അവളുടെ സാമ്പത്തിക സ്വയം പര്യാപ്തതയും ആചാരങ്ങളിൽ നിന്നുള്ള മോചനവുമാണ് ആവശ്യമെന്ന് സിനിമ പറഞ്ഞു വെക്കുന്നു. സ്ത്രീയെ സ്ത്രീയുടെ തന്നെ ശത്രുവാക്കുന്ന പുരുഷാധിപത്യത്തെ തകർത്ത് അവരുടേതായ ഒരു തിരിച്ചറിവും സഹകരണവുമാണ് സ്ത്രീ വിമോചന മുന്നേറ്റങ്ങൾ ആവശ്യപ്പെടുന്നതെന്ന് സിനിമ പറയുന്നു.




## ഫാൻട്രി

സമകാലിക ഇന്ത്യയിലെ ജാതി ജീവിതത്തിന്റെ ഭീകരത തുറന്നുകാ




ട്ടുന്ന സിനിമയാണ് ഫാൻട്രി. നാഗാരാജ് മഞ്ജുളെയാണ് സംവിധായകൻ. ഉയർന്ന ജാതി ഹിന്ദു പെൺകുട്ടിയുമായി പ്രണയത്തിലായ ദലിത് സ്കൂൾ വിദ്യാർഥിയുടെ ജീവിതമാണ് സിനിമയുടെ പ്രമേയം. ദേശീയത ഏതു വിധത്തിൽ ദലിത് ജീവിതത്തെ രൂപപ്പെടുത്തുന്നുവെന്നും അനുഭൂതികളെ എങ്ങനെയെല്ലാം നിയന്ത്രിക്കുന്നു എന്നും സിനിമ പറയുന്നു.സിനിമയുടെ ക്ലൈമാക്സിൽ പന്നിവേട്ടയ്ക്കിടെ ദേശീയ ഗാനം കേട്ട് അറ്റൻഷനായി നിൽക്കുന്ന ദലിതൻ ദേശീയക്ക് കീഴടങ്ങിയ ദലിതന്റെ നേർ ചിത്രമാണ്.പ്രണയം എന്ന ജൈവീക വികാരം ഏതു വിധമാണ് ജാതി ആഖ്യാനങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതെന്നും സിനിമ തുറന്നു കാണിക്കുന്നുണ്ട്. അംബേദ്കറും ഗാന്ധിയും ചുമർചിത്രങ്ങളായി ഒതുങ്ങുകയും ജീവിതത്തിന്റെ സകല മേഖലകളിലും ജാതി പടരുകയും ചെയ്യുന്ന സമകാലിക സാഹചര്യം സിനിമയിൽ തുറിച്ച് നോക്കുന്നു.

തൊഴിൽ സാമൂഹികജീവിതം അഭിമാനം തുടങ്ങിയവയിൽ സ്വാതന്ത്ര്യം നേടി വർഷങ്ങൾ കഴിഞ്ഞിട്ടും ദലിതുകൾ നേരിടുന്ന പ്രശ്നങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുപോകാൻ സിനിമയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ സാമൂഹിക പരിസരത്തിൽ ജാതി ശ്രേണി ഒരു സാമൂഹിക യാഥാർഥ്യമായി തുടരുന്നു. എന്നും ഇതിനെതിരേയുള്ള ബോധപൂർവനീയ ശ്രമങ്ങൾ ഉണ്ടാ ണമെന്നും സിനിമ പറഞ്ഞു വെക്ക ന്നു. സിനിമയുടെ ഒടുവിൽ കാമറ ക് നേരെ മൂളിപ്പറക്കുന്നു കല്ല് ഓരോ പ്രേക്ഷകനു നേരെയാണ് ചീറിയടുക്ക ന്നത്.

## ശാഹിദ്

മുസ്ലിമിനെ അപരസ്ഥാനത്ത് നി ത്തിയാണ് ഇന്ത്യൻ ദേശീയവാദാഖ്യ നങ്ങൾ നിർമ്മിക്കപ്പെട്ടത്. ദേശീയവാ ഇന്ത്യാ ചരിത്രം ഹിന്ദു -മുസ്ലിം സ ഘട്ടനങ്ങളുടേത് മാത്രമായി ചുരുങ്ങി ഇത്തരം ആഖ്യാനങ്ങൾ കൊളോണി യൽ അധികാരികളുടെ ചരിത്രത്തിന്റെ പകർപ്പുകളായിരുന്നു.

മുസ്ലിമിനെ അപരത്വത്തിൽ നിർ ത്തുകയും എളുപ്പം അവന്റെ മേൽ തീ വ്രവാദി മുദ്ര ചാർത്തുകയും ചെയ്ത ഭരണകൂടത്തെ നിരന്തരം ചോദ്യം ചെ യ്ത ശാഹിദ് ആസ്മി എന്ന വക്കീലി ന്റെ ജീവിതമാണ് ശാഹിദ് എന്ന സി നിമയുടെ പ്രമേയം. ഭരണകൂടം തീവ്ര വാദി മുദ്ര ചാർത്തിയ പതിനേഴോളം പേരെയാണ് ശാഹിദ് ആസ്മി നിരപ രാധികളാണെന്ന് തെളിയിച്ച് രക്ഷപ്പെ ടുത്തിയത്. ഒടുവിൽ മുപ്പത്തി രണ്ടാം വയസ്സിൽ അദ്ദേഹത്തെ മതഭ്രാന്തർ വെ ടിവെച്ചു വീഴ്ത്തുകയായിരുന്നു.

ഭരണകൂടം തീവ്രവാദി മുദ്ര കു ത്തുന്നവരെ സഹായിക്കുക എന്നതോ അവർക്ക് നിയമസഹായം നൽകുക എന്നതോ ഇന്ത്യൻ മുസ്ലിമിന് ചെയ്യാൻ പാടില്ലാത്തതാണെന്ന വസ്തുത അര ക്കിട്ടുറപ്പിക്കുന്നതാണ് ശാഹിദ് ആസ് മിയുടെ ജീവിതം. ശാഹിദ് ആസ്മിയു ടെ പോരാട്ടങ്ങൾ മുന്നോട്ട് വെക്കു മ്പോഴും അദേഹത്തെ കാശ്മീരിലെ തീവ്രവാദികളോട് ബന്ധപ്പെടുത്തുന്നു ണ്ട് സിനിമ. മുംബൈ കലാപക്കാലത്ത് ടാഡാ നിയമപ്രകാരം അറസ്റ്റിലായ ശാഹിദ് പിന്നീട് നിരപരാധിയായ് പുറത്തിറക്കപ്പെട്ടു. ശാഹിദിന്റെ ജീവി തം ഏതാണ്ട് മുഴുവനായി പകർത്തുന്ന സിനിമ തുടക്കത്തിൽ എഴുതിക്കാണി ക്കുന്നു' ഈ കഥയും കഥാപാത്രങ്ങ ളും ഭാവന മാത്രമാണ്. യാഥാർഥ്യവു മായി ഇതിനു ബന്ധമുണ്ടെങ്കിൽ അത് യാദൃശ്ചികം മാത്രം. മുസ്ലിമിനെക്കുറി ച്ചുള്ള യാഥാർത്ഥ്യങ്ങൾ വെറും കെട്ടു കഥകൾ മാത്രമാണല്ലോ. ●

**ലൈംഗികതയുടെ കണക്കുപുസ്തകത്തിൽ**
**കറുപ്പിലോ വെളുപ്പിലോ** പെടാതിരുന്നത് ഞങ്ങളുടെ തെറ്റാണോ?
അതല്ല... **രണ്ടിലൊന്നായേ തീരൂ എന്നുണ്ടോ?**
നിങ്ങളുടെ ഉത്തരങ്ങൾ ഞങ്ങൾക്ക് പാകമാകുന്നില്ലല്ലോ?
ഞങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ
**അങ്ങനെ കടന്നുപോകാമെന്ന് കരുതണ്ട.**

# ട്രാൻസ്ജെൻഡറും ഒരു ജെൻഡറാണെടോ....



**Roopendu Sathyan**
(Ist Year MCJ)



# Injustice, insecurity and much more

Being the first state in India to have its own state policy for transgender, Kerala showed its progressive mind to other states in India. The take gained much appreciation across the globe and reinforced the broad mindedness of kerala.The policy opened new hopes for the transgender community in Kerala.

However, some problems still remain unresolved. It is true that policies are designed and published on papers. Mindset of the majority of population is unchanged, they still underestimate transgender groups and throw disgusting gazes and behave with no respect.

Some strange experience from transgenders is coming out as they fail to get apt jobs to match their career. As per the survey conducted by Social Justice Dept of Kerala 58% from th community is either drop out or stop stud ing due to several circumstances. But, tho who acquire higher degrees also struggle find jobs in Kerala only because they have different sexual oriantation from the 'norm

Aswathi Rajappan a 23 year old transgend holds Master's Degree in Applied Electroni from University College of Applied Science Edapally and she has been searching for a jo which matches her resume. 'I went for seve al interviews but all of those rejected me b cause my physique do not go with their crit ria. One private firm offered me a technic assistant post but I was rejected as the job r quired to interact with clients and compan management was doubtful whether my ide




tity as an intersex may affect company's image." Aswathi's sister taken all the responsibility to give her good education and now Aswathi is suppose to take all responsibilities on her shoulder and she is the bread winner of the family. "I used to take tuition for children but it is not a stable income. I am absolutely confident that I can do a job related to my field but no one offers me one" Aswathi is worried about survival without having a job.

Sree N Nair known as Sreemayi, is another victim of the jobless state. She is also a postgraduate in Demographics from Kerala University's Karyavattom Campus. Sreemyai is a transgender and LGBT activist based in Thiruvananthapuram. She worked with some project after post graduation in 2012. Her job includes conducting surveys and interviewing people. Sreemayi says that she often felt difficulty from colleagues and public to accomplish her job. She is of 26 years now but still is unable to get a job of her choice.

Lijo Kuriakose, organizer of Queerala.org an internet platform to discuss LGBT issues says that he experienced many bitter incidents from work place after declaring himself as gay. Jijo used to change job every now and then initially in his career." Now my colleagues understand my sexuality and they accept that. But it was not the same earlier." Jijo says that these people come to question gender inequalities of society and proud

> As per the survey conducted by Social Justice Department of Kerala 58% of LGBT community are stopped their education before tenth standard.



about their sexuality." They appear in media and other public platforms to talk about their rights. Thus LGBT people are being recognized and this effect their work life" Jijo's words.

**Why majority in the LGBT community are under educated?**

As per the survey conducted by Social Justice Department of Kerala 58% of LGBT community are stopped their education before tenth standard. The percentage of school drop outs among TG students is high and the number of transgenders in higher education is low.6% acquired graduation level education and only 2% are post graduate. Nearly half reported having experienced a negative home environment

Sheethal Syam a transgender from Kozhikode dropped out from school when she was at ninth standard. "I suffered a lot during my school days. Everyone looked at me like a stranger and I did not have the courage to overcome struggle" Sheethal says. But her friend from the LGBT community helped Sheethal to face the outside world and today she takes part in discussions, writes in magazines and much more.

Sarath works with a private company in Bengaluru. He belongs to the transgender community and a nursing graduate from one of the private institution in Thiruvananthapuram. Sarath speaks regarding his struggles during schooling. "I was




insulted by classmates and teachers several time but I managed to take nursing degree". There are no better stories that these people can share except some bitter experiences.

Excerpts from survey conducted by 'Sangama', an NGO that works for the right of sexual minority (SANGAMA is a resource center on sexuality with a focus on the rights of sexuality minorities):

Reasons for discontinuing Education:

- Severe harassment makes studies impossible.
- Gender related negative experiences at school.
- Lack of poverty/special educational quota or reservation.
- For those who had to leave school due to harassment

The universal declaration of human rights asserts the rights of




individuals to work at the job of their choice, receiving equ for equal work, without discrimination. Yet far too often, t gender people are denied these basic human rights. It is that only 11.6% have regular jobs 54% of the respondent a monthly income of less than Rs. 5000/-. If the gender erences are exposed, they may be denied jobs and promot Transgender people face harassment, mistreatment, and disc ination at work. Many report changing jobs to avoid discrin tion or the risk of discrimination. High rates of workplace a and unemployment among respondents, and resulting pov indicate that anti-transgender discrimination has left many position where sex work is necessary for survival.

Anil Chilla, State Coordinator, Sangama regularly intercats pupil exposed out of school." In Kerala, most of these chil will never be able to complete their education. They are forced to the condition of severe depression and suicidal ten cies. The teachers can play a major role in preventing discrim tion, stigma, bullying and harassment against these children ensure a safe and secure environment for them to develop bloom." He suggests teachers need to be educated to deal v gender non-conformity, accept these children and create a l ing atmosphere for the children to grow overcoming the pr lems they face. Government has to take immediate steps to p vide training to teachers, school counselors and child line st

Despite forming policies and conducting discussions on the platforms, what actually needed is the genuine feel of equ ty and harmony, to accomplish the true notion of humanity.

പാരമ്പര്യങ്ങളെ പുനർവ്യാഖ്യാനിച്ച ഇതിഹാസങ്ങളെ പുനർവായന നടത്തി
എഴുത്തുകാരിയാണ് പ്രതിഭാ റായി. 2011 ലെ ജ്ഞാനപീഠപുരസ്കാരം
ടിയ ഇവർ ജാതി, മത, ലിംഗ ഭേദമന്യേയുള്ള മാനവസമത്വത്തിനും മനുഷ്യസ്നേ
ത്തിനും ആഹ്വാനം ചെയ്യുന്ന നിരവധി കൃതികളാണ് സാഹിത്യലോകത്തിനു നൽ
യിട്ടുള്ളത്. നേർകാഴ്ചകളുടെ എരിവും മുറിവുകളുമൊക്കെ സ്വതന്ത്രമായി കൈ
ര്യം ചെയ്യുന്നതിനു പുറമേ സാമൂഹ്യപ്രവർത്തന മേഖലയിലും വലിയ ഇടപെടലുക
നടത്തിയിട്ടുണ്ട് ഇവർ. 1984 ൽ ബോൺഡോ മലനിരകളിലേക്ക് സഞ്ചരിച്ച് വർഷ
ളായി ആക്രമണകാരികളായി മുദ്രകുത്തപ്പെട്ട ആദിവാസികളുടെ ജീവിതം നേരിട്ട
ഞ്ഞതിൽ നിന്നു ജന്മംകൊണ്ട ആദിഭൂമി എന്ന നോവൽ ഏറെ ശ്രദ്ധപിടിച്ചുപറ്റിയി
ന്നു. ഇന്ത്യൻ യാഥാർഥ്യങ്ങളെ വിചാരണ ചെയ്യുന്ന ദ്രൗപതി എന്ന നോവലിൽ ലേ
കമെമ്പാടുമുള്ള മനുഷ്യവർഗത്തിനുവേണ്ടി സംസാരിക്കുന്ന ഒരാധുനിക മനസാ
ആവിഷ്കൃതമാവുന്നത്. സ്ത്രീ, സാഹിത്യം, അവളുടെ ഇടപെടലുകളിൽ വാചാല
കുന്ന പ്രതിഭാ റായിക്ക് രാജ്യത്ത് നടമാടുന്ന അസഹിഷ്ണുതയിലും വർഗീയതയില
ശക്തമായ പ്രതിഷേധമുണ്ട്. എഴുത്തിലെങ്കിലും തന്നെകൊണ്ട് ചെയ്യാവുന്നത് ചെയ്യു
എന്ന ആത്മധൈര്യത്തിന്റെ ജന്മങ്ങളാണ് ഈ സാഹിത്യകാരിയുടെ പുസ്തകങ്ങൾ

മുഹമ്മദ് കൻസ്
(ഒന്നാം വർഷം,
എം.സി.ജെ)

# സ്ത്രീ, എഴുത്ത്, അവളുടെ ഇടപെടലുകൾ







*എഴുത്തുകാരിയുടെ ഇടപെടലുകൾക്ക് സമൂഹം നൽകുന്ന സ്വീകാര്യത..?*

പറയാനുള്ളതിനെ അറുത്തുമാറ്റുന്ന പ്രവണതയാണ് രാജ്യം ഇന്ന് നേരിടുന്നത്. സ്വതന്ത്രമായി ചിന്തിക്കുവാൻ അവകാശമില്ലാത്ത തരത്തിൽ ഭരണകൂടഭീകരത നമ്മളിലെത്തി നിൽക്കുന്നു. എഴുത്തുക്കാരി എന്ന തലത്തിലല്ലാതെ സ്ത്രീ എന്ന മണ്ഡലത്തിൽ അവളെ അടിച്ചമർത്തുമ്പോൾ നിയമവ്യവസ്ഥകളെ ലംഘിക്കുന്നതിലേക്കോ മരണത്തിലേക്കോ അവൾ എത്തിച്ചേരുന്നു. നിലനിൽപ്പിന്റെ ഭാഗമാകുമ്പോൾ സ്ത്രീ പല സ്ഥലത്തും ചൂഷണങ്ങൾക്കു വിധേയരാകുന്നു. എഴുത്തിന്റെ ലോകത്തിൽ മാത്രമല്ല, സ്ത്രീകൾ പൊതുവെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണിതൊക്കെ. പക്ഷേ മിക്കപ്പോഴും അവൾ നിശ്ശബ്ദയാക്കപ്പെടുന്നു. എന്റെ എഴുത്തുകളെ ആരേലും ഭയക്കുന്നുണ്ടേൽ അവർ സത്യത്തെ ഭയക്കുന്നു. അവർ ചെയ്ത തെറ്റുകളിൽ ഭയവിഹ്വലരാകുന്നു.



ഭാഷ ആയുധമാണ്. നിലവിലെ സാഹചര്യത്തിൽ പൊതുവിഷയങ്ങളിൽ ശക്തമായ ഇടം തന്നെയാണ് എഴുത്തിന്റെ ലോകം നൽകുന്നത്.

*പൊതുവേ പൊതുഇടങ്ങളിൽ സ്ത്രീശബ്ദങ്ങൾ വരാറില്ല. സാമൂഹ്യ വിഷയങ്ങളിൽ അവരുടെ പ്രതികരണവും കുറവാണ്. സമകാലിക പ്രശ്നങ്ങളിൽ എഴുത്തുകാരികളുടെ നിലപാടുകളെക്കുറിച്ച്?*

സ്ത്രീകൾക്ക് രാഷ്ട്രബോധമില്ലെന്ന് വിലയിരുത്താനാവില്ല. ഇന്നത്തെ രാഷ്ട്രബോധത്തോട് അവരധികം ഇടപഴകാത്തതും വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതാകാം ഒരുപക്ഷെ സ്ത്രി എഴുത്തുകാർ സാമൂഹ്യവിഷയങ്ങളിൽ ഇടപെടാത്തത്. പ്രതികരണബോധം ഒരു വ്യക്തിയിൽ അന്തർലീനമാണ്. അതു അയാളുടെ സ്വാതന്ത്ര്യത്തിലുള്ളതുമാണ്. പിന്നെ സ്ത്രീ ഇടപെടലുകൾ പലയിടങ്ങളിലും കാതലായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ജനങ്ങൾ നേരിടുന്ന വിവിധ വിഷയങ്ങളിൽ ഒറ്റയാൾ സ്ത്രീ പോരാട്ടങ്ങൾ നമ്മൾ ഒരുപാട് കണ്ടിട്ടുള്ളതല്ലേ..

*ഫെമിനിസം എന്ന ഇസത്തിൽ വിശ്വസിക്കുന്നുണ്ടോ..?*

ഞാനൊരു ഫെമിനിസ്റ്റല്ല..(അൽപ്പം ചിരിച്ചു കൊണ്ട്) ഒരു സാമൂഹ്യജീവിയാണ്. അതൊക്കെ ഓരോത്തരുടെ കാഴ്ച്ചപാടുകളാണ്. സ്വതന്ത്രമായി ചിന്തിക്കുക, പ്രവർത്തിക്കുക. അത് ആൺപെൺ ഭേദമന്യേ അവരുടെ ആവശ്യവും അവകാശവുമാണ്.

മനുഷ്യരെന്ന തലത്തിൽ എല്ലാവരും തുല്യരാണ്. എന്നിരുന്നാലും തങ്ങളുടെ കാര്യങ്ങൾക്കു വേണ്ടിയുള്ള സ്വത്വബുദ്ധിയാവരുത് ഫെമിനിസം. പറയേണ്ടിടത്ത് പറയണം അതിൽ തർക്കമില്ല...അവകാശങ്ങൾക്ക് വേണ്ടി പോരാടുക. മനുഷ്യാവകാശമാണ് എന്റെ ഐഡിയോളജി.

*സാമൂഹ്യപ്രവർത്തനം ജീവിതത്തിന്റെ ഭാഗമാക്കുന്നത് എഴുത്തിൽ നിരാശ തോന്നിയിട്ടാണോ..?*

എഴുത്ത് തന്നെയാണ് എന്റെ സമൂഹ്യപ്രവർത്തനം. എഴു

ത്തിലൂടെ ഒരു യോദ്ധാവാവുകയാണ് ചെയ്യുന്നത്. ചില യിടങ്ങളിലെ എഴുത്ത് കുറിക്ക് കൊള്ളും. അതിൽ ചി ലമാറ്റങ്ങൾ ഉണ്ടാകും. അവിടെയാണ് വിജയവും..അ തു പിന്നെ സാമൂഹ്യപ്രവർത്തനമാവുകയും ചെയ്യുന്നു.

*ഒഡിഷയിലെ ഒരു ജനപ്രിയ എഴുത്തുകാരിയാണെന്ന് വാ യിച്ചറിവുണ്ട്.. ഭാഷയുടെ ഇത്തരം ഇടപെടലുകളെ പറ്റി.?*

എന്റെ രചനകൾ ഒഡിഷയിലുടനീളം വായിക്കപ്പെടുന്നു ണ്ട്. അതിൽ സന്തോഷവതിയാണ്. ഇതൊക്കെ തന്നെ യാണ് ഊർജ്ജവും. ഭാഷ സംസ്ക്കാരത്തിന്റെ ഉൽപന്ന മാണ്. അടുത്തുള്ള കാഴ്ചകളെ അക്ഷരങ്ങളാക്കുവാനാ ണ് ശ്രമിക്കുന്നത്.അതിലൂടെ ലഭിക്കുന്ന ജനപ്രിയതയി ലും അംഗീകാരത്തിലും അഭിമാനമുണ്ട്. നിരവധി വി ദേശ കൃതികൾ നമ്മൾ വായിക്കാറില്ലേ..അന്യഭാഷകൾ വിവർത്തനം ചെയ്യപ്പെടുന്നില്ലേ..അതോടപ്പം ഒരു സംസ് ക്കാരം കൂടിയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

*സാഹിത്യത്തെ ആത്മപരിശോധനക്ക് വിധേയമാക്കുന്നതിൽ പല എഴുത്തുകാരും വിമുഖത കാണിക്കുന്നവരാണ്..വാദ ത്തോട് യോജിക്കുന്നുവോ..?*

എഴുത്തിൽ മാത്രമല്ല ജീവിതത്തിൽപോലും ആത്മപരി ശോധനകൾ നഷ്ടമാകുന്ന കാലത്താണ് നാം ജീവിക്കു ന്നത്. അതു എഴുത്തുകാരനിൽ മാത്രം ഒതുങ്ങി നിൽ ക്കുന്നതല്ല. മനുഷ്യൻ എന്ന തലത്തിൽ കഴിഞ്ഞുപേ ായതിലേക്കുള്ള നോട്ടം ആവശ്യമാണ്. ചെയ്തുപോയ കാര്യങ്ങളിൽ ശ്രദ്ധാലുവായി പുതിയതിൽ മാറ്റം കൊ ണ്ടുവരാൻ ശ്രമിക്കണം. ഒരുപാട് എഴുതിയിട്ടുണ്ട് ഞാൻ എന്നാൽ ഒന്നുമായിട്ടില്ല...ഇനിയും എഴുതുവാൻ ഉണ്ട്. എന്റെ ആത്മഗതമാണെന്നും ഇതിനെ പറയാം. എഴുത്തി ലെ എന്റെ സജീവത പൂർണമായിട്ടില്ല.

*രാജ്യത്തെ വിവിധ വിഷയങ്ങളിൽ പ്രതിഷേധിച്ച് പല എ*
*ത്തുകാരും പുരസ്കാരങ്ങൾ തിരിച്ച് നൽകുകയും ചില*
*മൗനമവലംബിക്കുകയും ചെയ്തു. ഇത്തരം നിലപാടു*
*ളെ എങ്ങനെ കാണുന്നു.*

പല പ്രമുഖരും തങ്ങളെ പുരസ്കാരങ്ങൾ തിരിച്ചു നൽ
യെന്നറിഞ്ഞു. അവരുടെ അഭിപ്രായങ്ങളെ മാനിക്കുന്ന
മൗനം അടിയറവു പറയലാണ്. അതിൽ നിൽക്കു
ത് വലിയ അപകടകരമാണ്. പ്രതിരോധിക്കേണ്ടതി
തങ്ങൾക്ക് കഴിയാവുന്ന മേഖലയുപയോഗിച്ച് ഇട
ടണം. എന്നാൽ അർഥരഹിതമായ വാക്കുകളേക്കാ
നല്ലത് അർഥപൂർണമായ മൗനമാണ്. സാംസ്ക്കാരി
പ്രതിരോധം കെട്ടിപ്പടുക്കേണ്ടത് അനിവാര്യമാണ്. പു
സ്കാരങ്ങൾ തിരിച്ചുനൽകുന്നത് ചിലർ മുതലെടുപ്പ
ക്കി മാറ്റും. അവസാനം വിനയായി തീരരുത്. തങ്ങൾ
സ്വീകാര്യമായത് ചെയ്യുക.

*സാംസ്കാരിക പ്രതിരോധം കെട്ടിപ്പടുക്കുന്നതിനെ പ*
*പറഞ്ഞുവല്ലോ..നിലവിലെ സാഹചര്യത്തിൽ എത്രത്തേ*
*ളം പ്രസക്തിയുണ്ട് ഇതിനു.?*

നാവിനെ നിയന്ത്രിക്കപ്പെടുന്ന കാലമാണിത്. ഒന്നു ന
ക്കൂ ഭീകരമായ പ്രതിസന്ധികളല്ലെ നേരിടുന്നത്. ഭൂരി
ക്ഷത്തിന്റെ അധികാരഇടപെടലുകൾ, രക്തച്ചൊരിച്ചില
കൾ..അവിടെയൊക്കെ നിന്നു ഒരു മോചനം ആവശ്യമ
ണ്. സാഹിത്യംപോലും കമ്പോളവത്ക്കരിക്കപ്പെടുന്ന
ചിലരുടെ മുഖംമൂടിയഴിക്കാൻ ഒരു എഴുത്തുകാര
ക്കൊണ്ടുമാത്രം കഴിഞ്ഞു കൊള്ളണമെന്നില്ല. അവി
പൂർണമായ സാംസ്കാരിക ഇടപെടലുകളാണ് വേ
ത്. തൃപ്തരാകാൻ ശ്രമിക്കുക, അതുവരേ മുന്നേറുക,പ്ര
തിരോധിക്കുക ●



# ഇനി നമുക്ക് പെണ്ണത്വത്തെ കുറിച്ച് പറയാം...



ഫാത്തിമത് റസ്‌ല
(രണ്ടാം വർഷം, ബി.എ. മലയാളം)

# പെണ്ണുടലുകളെ ആർക്കാണ് പേടി?



സ്വപ്നം കാണുന്നതിനേയ
ജനാധിപത്യപരമായി ച
ന്തിക്കുന്നതിനെയും വിലക്കുന്നത
ണ് ഫാസിസമെങ്കിൽ, കാലങ്ങള
യി ഓരോ പെണ്ണും അതിന്റെ ഇ
യാണ്. പെണ്ണിനെ സംബന്ധിച്ചി
ത്തോളം ഈ പദം പുതുമയുള്ള
തല്ല. സ്ത്രീയെ സംബന്ധിച്ച് സ
ന്തം ശരീരവും ആത്മാവും നൂറ്റ
ണ്ടുകളായി വരണ്ടതും വിശപ്പ
ുള്ളവയുമായിരുന്നു. ഈ അഗ്നിക
ണ്ഡത്തിന്റെ പാരതമ്യത്തിൽ നിന്ന
അവൾ പൂത്തുതുടങ്ങി. ഇരവൽക
രണത്തിന്റെ സാധ്യതയെ ചോദ്യ
ചെയ്തു. നാവിന്റെ ഊഷരതയെ
ആത്മാവിന്റെ വിശപ്പിനെ അവ
ശമിപ്പിച്ചു.

മതവും ജാതിയും ഭക്ഷണവു
വരെ ഫാസിസ്റ്റ് പ്രത്യയ ശാസ്ത്രത്ത
ന്റെ പ്രയോഗ രൂപമായി മാറുന്നുണ്ട്. ജ
വിതത്തിന്റെ സമസ്ത മേഖലകളേയു
ചങ്ങലയിടുന്ന ഇത്തരം അജണ്ടകൾക്കെ
തിരെ സാമൂഹിക സാംസ്കാരിക ഇടപെട
ലുകൾ നടത്തുന്ന സ്ത്രീകൾ നമുക്കു ചുറ്റ
മുണ്ട്. ശരീര - ലൈംഗീക - പാരിസ്ഥിതിക
അധിനിവേശങ്ങളും ദലിത് - വർഗ്ഗീയ പ്രശ
നങ്ങളും ആവിഷ്ക്കാര സ്വാതന്ത്ര്യ ലംഘനങ്ങ
ളും മുഖ്യധാര സമൂഹത്തിനു മുന്നിൽ തുറന്നു കാ

## നോ പസറാൻ

കയാണിവർ. ഹിമാലയ സാനുക്കളിലെ വ്യാപക വനനശീകരണം തടയാൻ മുന്നിട്ടിറങ്ങിയ ഗൗരാ ദേവിയും കൊല്ലങ്ങൾക്കു മുമ്പു തന്നെ ബീഫിന്റെ ഫാസിസ്റ്റ് രാഷ്ട്രീയത്തെക്കുറിച്ച് എഴുതിയ മാധവിക്കുട്ടിയും ആദിവാസികൾക്കു വേണ്ടി ശബ്ദമുയർത്തിയതിന്റെ പേരിൽ പീഢിപ്പിക്കപ്പെട്ട സോണി സൂരിയും 'കണ്ഡമാൽ' വർഗ്ഗീയ കലാപത്തിന്റെ ഇരകളെ സംരക്ഷിച്ച സത്യഭാമയും ഈ വലിയ ലിസ്റ്റിന്റെ ഭാഗമാണ്.

സവർണ്ണ ഹിന്ദു - ഫാസിസ്റ്റ് ശക്തികൾ രാജ്യത്തുടനീളം ദലിത് ആക്രമണങ്ങളും വർഗീയ കലാപങ്ങളും സംഘടിപ്പിക്കുന്നു. കൊടും ക്രൂരതയും നരഹത്യയും കളമാടുന്ന ഈ ആക്രമണങ്ങളിൽ ആയിരങ്ങൾക്കാണ് ജീവൻ നഷ്ടപ്പെടുന്നത്. ഗുജറാത്ത് വർഗീയ കലാപത്തിലെ ഇരകൾക്കു വേണ്ടി പോരാടുകയും അതിനു പിന്നിലുള്ള ഉന്നതരെ വെളിച്ചത്തു കൊണ്ടു വരികയും ചെയ്ത "ടീസ്റ്റ സെറ്റിൽവാദ്" ധീരയായ ഒരു മനുഷ്യാവകാശ പ്രവർത്തകയാണ്. കൗസർ ബാവുന്റേതടക്കമുള്ള മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതകൾ പൊതുസമൂഹത്തിനു മുന്നിലെത്തിച്ചു. അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്രമോദി അടക്കമുള്ളവരുടെ പങ്ക് ബഹുജനശ്രദ്ധയിൽപ്പെടുത്തി. സംഘ്പരിവാറിന്റെ ഭീഷണിയുടെ നിഴലിൽ പോരാട്ടം തുടരുകയാണിവർ.

ഒറീസയിലെ കണ്ഡമാലിൽ 2008ൽ ക്രിസ്ത്യാനികൾക്കെതിരെ നടന്ന വർഗീയ കലാപത്തിന്റെ ഇരകളാക്കപ്പെട്ട 13ഓളം കന്യാസ്ത്രീകളെ സംരക്ഷിച്ച "സത്യഭാമനായക" എന്ന വീട്ടമ്മ ത്യാഗനിർഭരായ പോരാട്ടം ആണ് നടത്തിയത്. ഇരകളെ സംരക്ഷിച്ചതിന്റെ പേരിൽ കലാപകാരികൾ പക വീട്ടുമെന്നറിയാമായിരിന്നിട്ടും കൂടി അതിനു മുതിർന്ന സത്യഭാമ മനുഷ്യത്വത്തിന്റെ പുതിയ ചരിത്രം കുറിക്കുകയാണ് ചെയ്തത്.

അസമിലെ ബോഡോ ലാൻഡിലെ മുസ്ലിം - ബോഡോ ജനവിഭാഗങ്ങൾക്കിടയിൽ കലാപത്തിന്റെ വിത്തുകൾ പാകി മനുഷ്യരെ അകറ്റുന്നവർക്കെതിരെ ശബ്ദിക്കുന്ന "രഹനാപർവ്വീനും" ഈ പട്ടികയിലുണ്ട്. ഇത്തരത്തിൽ എല്ലാം കലാപ പ്രദേശങ്ങളിലും ഓരോ രഹ്നമാരുണ്ടാകും.



മുഖ്യധാരാ സമൂഹത്തിന് അന്യമായ ദലിത് പ്രശ്നങ്ങൾ വിഷയമാക്കി രചനകൾ മടത്തുന്ന ദലിത് പ്രവർത്തകയും എഴുത്തുകാരിയുമാണ് മീന കന്തസാമി.

"There will be no blood on our bridal beds
We are not the ones you will choose for wives
We are not the ones you can select for life.'

*(Back streets girls)*

പെൺസമൂഹത്തിന്റെയും സമകാലീന ഇന്ത്യൻ ജീവിതത്തിന്റെയും രാഷ്ട്രീയം മീന കന്തസാമിയുടെ എഴുത്തിൽ അതിശക്തമായി കടന്നു വരുന്നുണ്ട്.

"സെങ്കടൽ, വൈറ്റ് വാൻ സ്റ്റോറീസ്" തുടങ്ങിയ സിനിമകളിലൂടെയും സ്ത്രീ - ദലിത് എഴുത്തുകളിലൂടെയും പ്രശസ്തയായ ലീനാ മണിമേഖലൈയും ഈ പട്ടികയിലുണ്ട്.

"എന്റെയുടലിൽ ഏതാണ് നിനക്കിഷ്ടം?
എന്തെങ്കിലും പറഞ്ഞു തുലക്ക്"



എന്ന് പറഞ്ഞയുടൻ
എന്റെ മുലകളെ പറിച്ചെടുത്ത്
അവൻ മറഞ്ഞു പോയി.
- (നിനക്കെന്തു വേണം?)

ആശയ പ്രകാശനത്തിന് മൂർച്ചയേറിയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും പെണ്ണുടലിന്റെ ലൈംഗീകബോധത്തിന്റെ തുറന്നു പറച്ചിലുകൾ നടത്തുകയും ചെയ്യുന്ന രചനകളാണ വരുടേത്.

ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി ശബ്ദിച്ച 'സോണി സൂരി' എന്ന അധ്യാപിക മാവോയിസ്റ്റ് ബന്ധം ആരോപിക്കപ്പെട്ട് അനുഭവിച്ച് പീഢനങ്ങളും മർദനവും ഈ പ്രതിഷേധത്തിന്റെ മറ്റൊരു മുഖമാണ്. ചത്തിസ്ഗഢിലെ ആദിവാസി വിഭാഗങ്ങൾക്കു നേരെയുള്ള പോലീസ് അതിക്രമങ്ങളെക്കുറിച്ച് പുറം ലോകത്തെ അറിയിച്ചതും അവരാണ്.

അതുപോലെ, മധ്യപ്രദേശിലെയും മറ്റും ആദിവാസി-അവശവിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ദയാബായി എന്ന മേഴ്സി മാത്യുവും ഈ പ്രതിഷേധ നിരയുടെ ഭാഗമാണ്. തീക്ഷ്ണാനുഭവത്തിന്റെ നേർസാക്ഷ്യമാണ്. 'ദയാബായിയുടെ "പച്ചവിരൽ" പോലുള്ള കൃതികൾ.

ദലിത് വർഗീയ പ്രശ്നങ്ങൾ പോലെ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പരിസ്ഥിതിക്കുമേൽ നടക്കുന്ന അധിനിവേശങ്ങൾ. പ്രകൃതി വിഭവങ്ങളുടെ സ്വകാര്യ വൽക്കരണത്തിനെതിരെയും അവയുടെ അനിയന്ത്രിതമായ ചൂഷണങ്ങൾക്കെതിരെയും ബഹുജന സമരങ്ങൾ നയിച്ച സ്ത്രീകളുടെ ചരിത്രം നമുക്കുണ്ട്. ഇതിൽ പലരും പുറം ലോകമറിയാറില്ല. ഛത്തീസ്ഗഢിൽ നദി സ്വകാര്യ വൽക്കരണത്തിനെതിരെ പോരാടിയ സത്യദാമ നിരാഹാരം കിടന്ന് മരണം വരിക്കുകയുണ്ടായി. ജലചൂഷണത്തിനെതിരെയുള്ള സമരത്തിന്റെ ഉജ്വല പ്രതീകമാണവൾ. "നർമ്മദ" നദിയിലുയരുന്ന അണക്കെട്ടിനെതിര 'നർമ്മദാ ബചാവോ ആന്ദോളൻ' എന്ന ബഹുജനസമിതി രൂപീകരിച്ച് പോരാടിയ മേധാപട്കറും പരിസ്ഥിതി പോരാട്ടങ്ങൾക്കു നേതൃത്വം നൽകുന്ന വന്ദന ശിവയും കൊക്കോകോളയ്ക്കെതിരെയുള്ള സമരങ്ങളുടെ സംഘാടകയായിരുന്ന മയിലമ്മയും ജ്വലിക്കുന്ന പാഠങ്ങളാണ്.

എഴുത്ത് എന്ന സർഗാത്മക വഴി തുറക്കുന്ന സാധ്യതകളെ പ്രയോജനപ്പെടുത്തി ഫാസിസ്റ്റ് വൽക്കരണത്തിന്റെ അജണ്ടകളെ തകർക്കുന്നവരുടെ ഒരു പട്ടികതന്നെ നമുക്ക് മുന്നിലുണ്ട്. തന്റെ സ്വതന്ത്ര നിലപാടുകളിലൂടെയും തുറന്ന എഴുത്തുകളിലൂടെയും ഫാസിസ്റ്റ് രീതികളെ തുറന്നുകാട്ടുന്ന അരുന്ധതി റോയ്, തസ്ലിമാ നസ്റിൻ, മാധവിക്കുട്ടി തുടങ്ങി പച്ചയായ മനുഷ്യജീവിതം ആവിഷ്ക്കരിക്കുന്ന ദലിത് എഴുത്തുകാരികളുടെ ഒരു നിര തന്നെയുണ്ട്.

ഒറ്റയാൾ പോരാട്ടങ്ങളിലൂടെ തങ്ങളുടെ ശക്തിയേറിയ സാന്നിധ്യം അറിയിക്കുന്ന പോരാളികളുമുണ്ട്. മണിപ്പൂരിലെ കിരാത പട്ടാള ഭരണത്തിനെതിരെ ജീവൻ മരണ പോരാട്ടം നടത്തിയ ഇറോം ഷർമിള, ഒരു ജനതയുടെ പ്രതിഷേധത്തിന്റെ പ്രതീകമാണ്. ആസിഡ് ആക്രമണത്തിലൂടെ മുഖം നഷ്ടപ്പെട്ട ശിവാനി പട്ടേൽ ദുരിതക്കയത്തിൽ ജീവിച്ച് നന്മയുടെയും ശാക്തീകരണത്തിന്റെയും ഡയാനലിസി എന്ന മറ്റൊരു മുഖം നേടിയെടുത്തു. തീർച്ചയായും ഈ പട്ടിക അവസാനിക്കുന്നില്ല. താത്പര്യങ്ങൾക്ക് വിലക്കിടുന്ന കാലത്തോളം മനുഷ്യാവകശങ്ങൾ അതിക്രൂരമായി ലംഘിക്കുന്നിടത്തോളം ഇത്തരം പ്രതിഷേധങ്ങൾ തുടരും.

കുറച്ചുവർഷങ്ങളായി, ഇന്ത്യൻ പൊതുമണ്ഡലത്തിൽ സംഘ്പരിവാർ ശക്തികൾ അവരുടെ സങ്കുചിത - രാഷ്ട്രീയ രീതിശാസ്ത്രം അടിച്ചേൽപ്പിക്കാൻ തുടങ്ങി. സാംസ്കാരിക സ്ഥാപനങ്ങളും ആദർശങ്ങളും ഇതിന്റെ ബലിയാടുകളായി മാറുന്നു.

"ഞങ്ങളവരുടെ ശവമാടങ്ങൾ കടന്നുപോയി.
മരിച്ചവരെവിടെ,
ജയിച്ചവരും തോറ്റവരും
ആരും ശ്രദ്ധിക്കുന്നേയില്ല.
ഇരുട്ടിൽ
അവർക്ക് കാണാനില്ല
ആരാണ്
വിജയം നേടിയതെന്ന്."
-("ലാങ്സ്റ്റൺ ഹ്യൂഗ്സിന്റെ കറുത്ത കവിതകൾ)

ഫാസിസം എന്ന പ്രത്യയശാസ്ത്രം എല്ലായ്പ്പോഴും ജയിച്ചവരേയും തോറ്റവരേയും മാത്രമാണ് സൃഷ്ടിക്കുന്നത്. ഇതിനുപകരം, വിശാല മാനവിക കാഴ്ചപ്പാടിന്റെയും മനുഷ്യസ്നേഹത്തിന്റെയും ഉദാത്തമാതൃകകളെയാണ് നമുക്കാവശ്യം.

"എന്റെ വാക്കുകൾക്ക്
വയസാവുകയില്ല.
എന്റെ വാക്കുകൾ തോൽപ്പിക്കപ്പെടുകയില്ല.
എന്റെ വാക്കുകൾ തുറമുഖത്ത്
ഒരു യാത്രയ്ക്കായ് കാത്തിരിക്കുന്നു."

എന്ന് ഇറാഖി കവി "അബ്ദുൽ വഹാബ് അൽബയാത്തി" പാടിയിട്ടുണ്ട്. ഒരു ജനത എത്രത്തോളം പീഢനങ്ങളും വേദനയും സഹിക്കുന്നുവോ, അത്രത്തോളം ആ ചാമ്പലിൽ നിന്ന് അവർ പ്രതിഷേധത്തിന്റെ ആൾരൂപങ്ങളായി പുറത്തുവരും. ഫാസിസമെന്ന ആപത്തിനെതിരെ പ്രതികരിക്കുന്ന ഓരോ സ്ത്രീയും അനുഭവത്തിന്റെ തീച്ചൂളയിൽ നിന്ന് കുരുത്തവളായിരിക്കും.

പ്രതിനിർവ്വചനങ്ങളുടെ ഇക്കാലത്ത് ഓരോ മറുചോദ്യവും മറുപടിയും പുത്തൻ വാതായനങ്ങൾ തുറക്കട്ടെ. ഓരോ പെണ്ണുടലും പൂക്കട്ടെ. ഓരോ സ്ത്രീ വ്യക്തിത്വവും പ്രതിരോധത്തിന്റെ വേലികൾ തീർക്കട്ടെ. ഫാസിസത്തിന്റെ ആണിടങ്ങളിൽ നിന്ന്, സഹിഷ്ണുതയുടെ പെണ്ണിടങ്ങൾ ഉയരട്ടെ. ●

കനത്ത മഴയിൽ കുട ചൂടി ഞാൻ ഗേറ്റ് കടന്നപ്പോൾ ആലോചിച്ചു..... എന്നാണ് ഞാൻ അവസാനമായി അമ്മുവിനെ കണ്ടത്? ആ...... അന്ന് അന്ന് കണ്ടപ്പോൾ അവൾ എന്നെ വിളിച്ചു പറഞ്ഞു.

'ഡോക്ടർ സാറേ', നിങ്ങളെ വീട്ടിലെ ആ വെള്ള റോസ്പൂവിന്റെ ഒരു കൊമ്പ് എനിക്കൊന്ന് തരണം കെട്ടോ. എന്ത് ഭംഗിയാ അത് വിരിഞ്ഞു നിൽക്കുന്നത് കാണാൻ. ദേ നോക്കിയേ... ഞാൻ ഇപ്പൊ ഇവിടെ ഒരു ഗാർഡൻ വെച്ചു പിടിപ്പിക്കാനുള്ള ശ്രമമാ... എന്ത് രസായിരിക്കും ലേ... ഇവിടെ നിറച്ച് പൂക്കൾ. ഞാൻ ആ മുറ്റത്തേക്കൊന്ന് നോക്കി. അഞ്ച് പേർക്ക് നിക്കാവുന്ന അത്ര സ്ഥലമേ ഉള്ളൂ. പിന്നെ ഒരു വഴിയും എനിക്ക് ചിരി വന്നു..... എന്നിട്ട് പറഞ്ഞു... പിന്നേ നല്ല രസമുണ്ടാവും.



# ഉറങ്ങിപ്പോയ പൂക്കളെപ്പറ്റി ഒരു കഥ

നിലൂഫർബാനു
(രണ്ടാം വർഷം, ബി.കോം, സി.എ)

ടൈൽ പണിക്കാരനായ വാസുവേട്ടനും ദേവകിയേച്ചിയും അമ്മുവും ആ വീട്ടിലേക്ക് മാറിയതിൽ പിന്നെ എന്റെ വീട്ടിലെ ഒരുപാട് പ്രശ്നങ്ങൾക്ക് അറുതിയായി. ദേവകിയേച്ചി വീട്ടുജോലിക്ക് വന്നത് സൗമ്യക്ക് വലിയ ഒരു ആശ്വാസമായി. അമ്മുവിന്റെ കഥകൾ ആയിരുന്നു പലപ്പോഴും അവരുടെ ചർച്ചകളിൽ നിറഞ്ഞു നിന്നത്. അത് കൊണ്ട് തന്നെ, ഡ്യൂട്ടി കഴിഞ്ഞ് എത്തിയാൽ അമ്മുവിന്റെ മണ്ടത്തരങ്ങൾ പറഞ്ഞ് തരാനെ സൗമ്യക്ക് നേരമുണ്ടായിരുന്നുള്ളു. അവൾ പറയും 'അമ്മു ഫലിതങ്ങൾ' എന്ന ഒരു ബുക്കിന് സ്കോപ്പുണ്ട്.'

കഴിഞ്ഞ ദിവസം അവൾ പറഞ്ഞതാ... ദേവകിയേച്ചി അവരുടെ വീടിന്റെ പുറകിൽ എന്തോ പണിയിലായിരുന്നു പോലും അമ്മു ആരോടോ സംസാരിക്കുന്നത് കേട്ട് വന്നതാ....

'നീ ആരോടാ അമ്മൂ ഈ സംസാരിക്കണേ?'

'അമ്മേ', അതോ, അതൊരു അമ്മമ്മയായിരുന്നു, പാവം, കുറച്ച് പൈസ വേണംന്ന് പറഞ്ഞു, എനിക്ക് അന്ന് തന്ന പൈസ കൊണ്ട് ഞാൻ നോട്സ് കോപ്പിയെടുത്തില്ലേ, പിന്നെ എന്റെ കൈയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. ഞാൻ ദേ അമ്മയുടെ ആ തലയിണടെ അടീന്ന് ഒരു 25 രൂപ എടുത്ത് കൊടുത്തു ട്ടോ.

ഏത് അമ്മമ്മയാ മോളെ, ആ സുധാകരേട്ടന്റെ അമ്മയാണോ?

അല്ല അമ്മേ.

എന്നാൽ പിന്നെ സബീസാത്തയായിരിക്കും...

അല്ലമ്മേ, ഏതോ ഒരു അമ്മമ്മ, അവർ ഇവിടെയുള്ളതല്ല പാവം, ലേ?

ദൈവമേ.. ഏതോ ഒരു അമ്മമ്മയ്ക്ക് നീ, ഞാൻ എടുത്തുവച്ച 25 രൂപ എടുത്ത് കൊടുത്തോ? വല്ലാത്ത ഒരു പെണ്ണ് തന്നെ നിയ്യ്....

ശരിയല്ലേ ഏട്ടാ... അമ്മു വല്ലാത്ത ഒരു കുട്ടി തന്നെയാ... സൗമ്യപറഞ്ഞു. അവൾക്ക് ലേശംകൂടി ബുദ്ധിവെക്കാൻ വല്ല മരുന്നും ഉണ്ടോ എന്ന് നിങ്ങളോട് ചേച്ചി ചോദിക്കാൻ പറഞ്ഞു.

അവൾക്ക് ബുദ്ധിക്ക് ഒരു കുഴപ്പവും ഇല്ലെടി, അതോണ്ടല്ലേ അവൾക്ക് എൻട്രൻസിൽ 79-ാം റാങ്ക് കിട്ടിയത്, ഞാൻ പറഞ്ഞു.

'എന്തായാലും പഠിച്ചിറങ്ങിയാൽ ഇത്രയും നന്മ നിറഞ്ഞ അമ്മുവിന് ഡോക്ടർ പ്രൊഫഷൻ ഒരു കളങ്കമായേക്കും.' ഞാൻ ഓർത്തു ചിരിച്ചു.

പിന്നെ ഒരു ദിവസം സൗമ്യ പറഞ്ഞതാ..... ദേവികയേച്ചിയും വാസുവേട്ടനും അമ്മുവും കൂടി അന്ന് അഡ്മിഷന്റെ കാര്യത്തിന് പോയി വന്നപ്പൊ ഉള്ള ഒരു കഥ, ട്രെയിനി ൽ നല്ല തിരക്കായിരുന്നു പോലും. വാസുവേട്ടന് സീറ്റ് കിട്ടിയില്ല. അമ്മക്കും മോൾക്കും കിട്ടി. അമ്മുവിന്റെ അപ്പുറത്ത് ഒരു പത്ത് മുപ്പത് വയസ്സുള്ള ആളും ഉണ്ടായിരുന്നു. ചേച്ചി ഒന്ന് മയങ്ങി എണീറ്റ് നോക്കിയപ്പോ, അയാളുടെ ഫോണിലെ ചെവിയിൽ കുത്തുന്ന സ്പീക്കറിന്റെ ഒരുതല അയാളുടെ ചെവിയിലും മറുതല അമ്മുവിന്റെ ചെവിയിലും വെച്ച് അവർ പാട്ട് കേൾക്കുന്നു പോലും..... ചോദിച്ചപ്പൊ പറയുവാണ് 'അമ്മ എന്തിനാ ഇങ്ങനെ നെഗറ്റീവായി ചിന്തിക്കുന്നെ? ആ ചേട്ടൻ പാവമാണ്. എന്റെ സല്ല്യുമറ ഇല്ലാത്ത ഫോൺ കണ്ടിട്ട് പാവം തോന്നിയിട്ടാ എനിക്ക് പാട്ട് കേൾക്കാൻ തന്നത്.



ഈ കഥ കേട്ടപ്പൊ എനിക്കൊരു വല്ലായ്മ തോന്നി. പിന്നെ കരുതി അവൾപറഞ്ഞതാ ശരിയെന്ന്.

ക്ലാസ്സ് തുടങ്ങി ഒരാഴ്ച കഴിഞ്ഞ്, അതെ, അന്ന് രാവിലെ തന്നെ ആയിരിക്കും, അവൾ എന്നെ വിളിച്ചിരുന്നു. വാതോരാതെ കോളേജിലെ വിശേഷങ്ങൾ പറയുവായിരുന്നു. ഇന്ന് ഞങ്ങളെ dissection hall ൽ കൊണ്ട് പോയി..... അവിടെ കുറേ കുഞ്ഞു വാവകളെ formaldehyde ഇട്ടിരിക്കുന്നത് കണ്ട് എനിക്ക് കരച്ചിൽ വന്നു. പിന്നെ അവിടെ ഒരു പാവം അപ്പാപ്പനെയാണ് ഇന്ന് ഞങ്ങളുടെ സർ dissert ചെയ്തത്, ഞാൻ വിചാരിച്ചു. ഈ കുട്ടിക്ക് ജീവിക്കുന്നവരും മരിച്ചവരും ഇനി ജീവിക്കാൻ ഉള്ള വരും പാവങ്ങളാണല്ലോയെന്ന്.

ഇവിടെയെത്തിയപ്പോഴേക്കും എത്ര മാത്രം ഓർമ്മകളാ.. മനസ്സ് ഭ്രാന്തായി ഓർത്തു കൊണ്ടിരിക്കുകയാണ്..... മുറ്റത്തെ വലിച്ചു കെട്ടിയ ടാർപായയുടെ ചുവട്ടിലേക്ക് ഞാൻ കയറി. അവിടെ ഉണ്ടായിരുന്ന വെള്ളപ്പൂക്കൾ എല്ലാം അവിടെ നിന്നിരുന്നവർ ചവിട്ടി മെതിച്ചിരുന്നു. മനസ്സിൽ ഓർമ്മകൾ തിങ്ങിക്കൂടുന്നു. തിരക്കിനിടയിലൂടെ ഞാൻ നീങ്ങി...... കണ്ടു....കണ്ടു മതിയാവും മുമ്പേ എന്റെ പുറകിലുള്ള ജനാവലി എന്നെ തള്ളി നീക്കി....... വല്ലാതെ ശ്വാസം മുട്ടുന്നു. തിരക്ക് കാരണമാണോ? അല്ല.

ആ മുഖത്ത് ഞാൻ കണ്ടത് ചുണ്ടിന്റെ താഴ്ഭാഗത്തുള്ള വലിയ ഒരു മുറിവാണ്. ഒരിക്കൽ കൂടി അവളെ കാണാൻ തോന്നി കുറച്ചു നേരം അവിടെ നിന്നു. അടുത്തു നിൽക്കുന്ന രണ്ടു പേരുടെ സംസാരം എന്റെ ചെവികളിൽ പതിച്ചു.

"വിരലൊക്കെ ഒടിഞ്ഞിട്ടുണ്ട് പോലും."

"പെണ്ണിന്റെ അങ്ങോട്ട് ബിയർ കുപ്പിയൊക്കെ അടിച്ചു കേറ്റിയിട്ടുണ്ടായിരുന്നു പോലും. നീ പത്രമൊന്നും വായിച്ചില്ലേ?"

എനിക്കെന്തോ, പെട്ടെന്ന് ഒരു ഓക്കാനം വരുന്ന പോലെ തോന്നി. ഞാൻ ഇറങ്ങി വേഗം വീട്ടിലേക്ക് നടന്നു. അക്ഷരാർത്ഥത്തിൽ ഞാൻ ഓടുകയായിരുന്നു. ഗേറ്റ് കടക്കുമ്പോ മനസ്സിലൂടെ ചിന്തകൾ മിന്നിമറഞ്ഞു.

ഒരു പക്ഷേ, അപ്പോഴും അവൾ ചിന്തിച്ചിട്ടുണ്ടായിരിക്കാം... പാവം ചേട്ടൻമാർ.... ആഗ്രഹം കൊണ്ടല്ലേ... ഛെ.... എന്തൊക്കയാ ഈ ചിന്തിക്കുന്നത്.

മുറ്റത്ത് മോളുണ്ട്. ഒരു വെളുത്ത പൂവ് നോക്കി നിൽക്കുന്നു.

'ഏട്ടൻ പോയി വന്നൂലേ?' എന്നെ കണ്ടപ്പൊ സൗമ്യ ചോദിച്ചു.

തിരക്കുണ്ടാവും ലേ? ഞാൻ മാറ്റിയിട്ട് വരാം.... മോളെ ഒന്ന് നോക്കണേ....

ഞാൻ മോളെ എടുത്തു, ചെവിയിൽ മന്ത്രിച്ചു, 'മകളേ' നിന്നിലുള്ള നന്മയുടെ പൂമൊട്ടുകളെ ഇപ്പോഴേ ചവിട്ടി അരക്കുക, ഇല്ലെങ്കിൽ ലോകമെന്ന ആളിക്കത്തുന്ന ചൂടിനു മുന്നിൽ നീ ആകുന്ന പനിനീർ പുഷ്പം വാടിക്കരിഞ്ഞുപോകും. ഞാൻ അവളുടെ ഇളം നെറ്റിയിൽ ഉമ്മ വെച്ചു.... ●




# ചെയ്യാൻ ഇനി ഏറെ

സഫീറ ഇ.
(രണ്ടാം വർഷം, ബി.എ. മലയാളം)

നീ പിച്ചി ചീന്തിയ
'ശരീരം'
കൊണ്ടെനിക്ക്
നാലു കോളം വാർത്തയുണ്ടാക്കാമായിരുന്നു.
ചെയ്തില്ല.
അറിയാഞ്ഞിട്ടല്ല.
ഞാൻ
ഔദാര്യം തന്ന
"ആണത്തം"
കൊണ്ട്
നീ
ജീവിക്കുന്നതെനിക്ക് കാണണമായിരുന്നു.
സ്വപ്നങ്ങളിൽ
മാത്രമായ് ജീവിക്കേണ്ടി വരുമ്പോഴാണ്
ജീവിതത്തോട് കടുത്ത നിരാശ
തോന്നാറുള്ളത്.
കറുത്ത ദിനങ്ങൾക്ക്
നേരെ
വാതിൽ കൊട്ടി അടച്ചപ്പോൾ
ഓർത്തില്ല.
അമിതവെളിച്ചത്തിന്റെ
അവസാനവും കറുപ്പിലാണെന്ന്.
ഞാനന്നെ ഒരുപാട് തിരഞ്ഞു.
ഒടുവിൽ കെട്ടുപഴകിയ ഓർമ്മകളെ
കീറിമുറിച്ച് പരിശോധിച്ചപ്പോൾ
ഞരമ്പുകളാൽ ചുറ്റിവരിഞ്ഞ്
ശ്വാസം മുട്ടി മരിച്ചൊരു
ജീവനെ കണ്ടു.
അത് ഞാനായിരുന്നു.
ഞാനില്ലാത്ത
ആ ലോകം
നിനക്ക് സമാധാനം നൽകുമെങ്കിൽ
നീ പൊയ്കൊള്ളുക.
ഓർത്തോ
മരിച്ചവന്റെ ലോകം എന്നും
നിശബ്ദമാണ്.

**Rinu Razak**
(Ist Year, B.A. English)

# The Burning Candle of Love



Oh! Mother,
You, indeed, is the seraph with the touch of love,
Like a freshening breath of life,
Whirring a melodious song,
Lulling me to sleep,
Inspiring every bit of me,
Like an over truth.

In me mother, lies your soul,
I'm the art of your spiritualtiy,
Waxed out of your angelic flair,
Enduring all through your hardships.

Mother, Oh! Mother,
How humane I've been to you,
So human!
Letting go of the virtues you passed onto me,
At times of peaked temper,
Ignoring the wisdom you poured into me,
At times of utmost ditsress,
Turning my face upon your scarred emotions,
Caused by my words, whose buds you fed me,
Of whose power you breast-fed me with.

Your name was my elixir of life,
Manna from heaven when hope was far way,
Helping hand, whent rapped in my own web of arrogance,
Oh! Do forgive me mother,
For I beg your pardon,
Do feel me and my repenting cry,
For, you are the purest of souls,
God sent upon earth,
Who endows me solace.

Mother! Such a boundless fount of love you are,
As, now I realize your sanctity,
And, here I bow my head to you,
With no crown of pride or chastity to boast about,
No hint of shame, do I bear on my forehead,
But, instead, with lots of elation,
And blessed I am, to be your child.




നിറമുള്ളവരെയും പണമുള്ളവരെയും മാത്രം അവർ കാണുന്നു.
പീഡിപ്പിക്കപ്പെട്ടവരുടെയും അവശതയനുഭവിക്കുന്നവരുടെയും വേദന അവർ കാണുന്നില്ല.
വിയർപ്പിന്റെ മണമറിയാതെ എ.സി. കൂട്ടിലിരുന്ന് അക്ഷരങ്ങൾ വളച്ചൊടിക്കുന്നവരൊന്നും
**അങ്ങനെ കടന്നുപോവില്ല.**

ബാസിം ടി.പി.
(മൂന്നാംവർഷം, ബി.എ. മലയാളം)

# ട്രോളുകളുടെ രാഷ്ട്രീയം

മലയാളികളുടെ എഴുതപ്പെട്ട ചരിത്രത്തിലെ ഹാസ്യസാഹിത്യകാരന്മാരുടെ പേരുകൾ പട്ടികപ്പെടുത്തിയാൽ എത്ര പേരുണ്ടാവും? ചേരസാമ്രാജ്യത്തിലെ കൊട്ടാരം വിദൂഷകൻ തോലൻ, തുള്ളൽ കൃതികളിലൂടെ ജനങ്ങളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത കുഞ്ചൻ നമ്പ്യാർ, സഞ്ജയൻ എന്ന എം.ആർ. നായർ, ഇ.വി. കൃഷ്ണപിള്ള, സി.വി.രാമൻപിള്ള, സ്വയം എരിഞ്ഞ് മലയാളികളെ മസ്തിഷ്കം പൊട്ടിത്തെറിപ്പിച്ച് ചിരിപ്പിച്ച വി.കെ.എൻ, വൈക്കം മുഹമ്മദ് ബഷീർ.. തീർച്ചയായും ഇത്രയേ വരൂ.




അൽപം കൂടി വിസ്തരിച്ച് വാമൊഴി പാരമ്പര്യത്തിലേക്ക് കൂടി നോക്കിയപ്പോൾ നമ്പൂതിരി ഫലിതങ്ങളും കുഞ്ഞായിൻ മുസ്ലിയാരും അത്ര തന്നെ. എന്നാൽ ഇന്ന് കഥയാകെ മാറി. സോഷ്യൽ മീഡിയയുടെ ജനാധിപത്യയുഗം സ്ഥിതി ആകെ തകിടം മറിച്ചു. ഫേസ് ബുക്കിൽ ഒന്നു ലോഗ്-ഇൻ ചെയ്താൽ ഒന്നൊന്നായി പ്രത്യക്ഷപ്പെടുകയായി ട്രോളുകളുടെ നീണ്ടനിര.

സൂക്ഷ്മാർത്ഥത്തിൽ ട്രോളുകൾക്ക് കൂടുതൽ സാദൃശ്യം കാർട്ടൂണുകളുമായാണ്. മലയാള പത്രങ്ങളിൽ പോക്കറ്റ് ആയും വല്ലപ്പോഴും ഇത്തിരി വലിപ്പം കൂടിയും പ്രത്യക്ഷപ്പെട്ടിരുന്ന കാർട്ടൂണുകളുടെ ഒരറ്റ 'അപ്ഗ്രേഡഡ് വേർഷൻ' ആണ് ട്രോളുകൾ എന്ന് പറയാം. കാരണം മലയാളികളുടെ ട്രോളുകൾ 90% രാഷ്ട്രീയ പ്രാധാന്യമുള്ളവയാണ്. അധികാര വർഗത്തിനു നേരെയുള്ള കനത്ത വിമർശനങ്ങളാണ്. ഇതിനുമപ്പുറം ട്രോളുകളെ വിലയിരുത്തിയാൽ അവ പ്രകടി






പ്പിക്കുന്ന അഭിപ്രായങ്ങൾ, ചിരി വിടർത്താൻ പ്രയോഗിക്കുന്ന തന്ത്രങ്ങൾ എന്നിവയുടെ രാഷ്ട്രീയമെന്താണ്?

## ട്രോൾ–പദോൽപ്പത്തിയും ആരംഭവും

ട്രോൾ എന്ന ഇംഗ്ലീഷ് പദത്തിനർത്ഥം വിരൂപനായ കുള്ളൻ അഥവാ ഭീകരസ്വത്വം എന്നാണെന്നു കാണാം. സ്കാൻഡിനേവിയൻ നാടോടിക്കഥകളിലെ വഴിയാത്രക്കാരെ മനഃപൂർവ്വം ശല്യം ചെയ്യുന്ന കഥാപാത്രങ്ങളാണ് അവ. ആധുനിക ഇംഗ്ലീഷിൽ ട്രോളിങ്ങിന് പൂണ്ടയിടുക എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. (എൻ.പി. സജീഷ് - മാതൃഭൂമി ആഴ്ചപ്പതിപ്പ് - 2016 ജൂലൈ 3-9 പേജ് 27).

മലയാളികൾ ഇന്നത്തെ അർത്ഥത്തിൽ ട്രോൾ -ആക്രമണങ്ങൾ ആരംഭിക്കുന്നതിനും മുൻപ് ഇംഗ്ലീഷിൽ ഏതാണ്ട് ഇതിന്റെ ഒരു വ്യത്യസ്തരൂപം നിലനിന്നിരുന്നു. (ഇപ്പോഴുമുണ്ട് ഏതാണ്ട് ബ്ലാക് & വൈറ്റ്. കാർട്ടൂണുകളെപോലെ നാട്ടിവച്ച ഒരാൾ അല്ലെങ്കിൽ വിരൂപനായ ഒരാൾ വച്ച് 'ചളികൾ' പറഞ്ഞ് പോവുന്നതായിരുന്നു ഇതിന്റെ പതിവ് രൂപം. ഈ ബ്ലാക് & വൈറ്റ് ട്രോളുകളുടെ അനുകരണമാവണം മലയാളികളുടെ ട്രോളുകളുടെ ആദ്യ രൂപം എന്നാൽ ഫെയ്സ് ബുക്കിനെയും ടിറ്ററിനേയും രാഷ്ട്രീയവത്ക്കരിച്ച 'മല്ലൂസ്' ട്രോളുകളെയും വെറുതെ വിട്ടില്ല.

## മീമുകൾ – ട്രോളുകളുടെ ജീൻ

എങ്ങനെയാണ് ട്രോളുകൾ നമ്മെ ചിരിപ്പിക്കുന്നത്? ഒരു ഫലിതത്തെ ഘടനാപരമായി നമുക്ക് പൊതുവെ രണ്ടാക്കി തിരിക്കാം. ഒന്ന് അതിലെ ഭാഷാശാസ്ത്രപരമായ വശം. രണ്ട് സാംസ്കാരിക തലം. ഒരു വാക്കിലെ സൂചിത - സൂചക ബന്ധത്തിലെ മാറ്റങ്ങളാണ് സാധാരണയായി ഫലിതം സൃഷ്ടിക്കുന്നത്. ഉദാഹരണത്തിന്.

'അഞ്ജു ബോബി ജോർജ്ജിന് സ്വർണ്ണം നഷ്ടമായി' എന്ന വാർത്ത വായിച്ച് 'ഛെ' 'ഇതൊക്കെ ഊരിവെച്ചിട്ട് വേണ്ടേ ചാടാൻ' എന്ന് പറയുന്ന ഇ.പി. ജയരാജനെക്കുറിച്ചുള്ള ട്രോളിൽ സൂചക-സൂചിത ബന്ധങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നു നോക്കാം. (എഴുതപ്പെടുന്ന പറയുന്ന വാക്കും അതു സൂചിപ്പിക്കുന്ന അർത്ഥത്തിൽ നിയതമായ അർത്ഥമൊന്നുമില്ല. നമ്മൾ അർത്ഥങ്ങൾ കൽപ്പിച്ചു നൽകുകയാണ് എന്നാണ് സൂചക - സൂചിക ബന്ധത്തെക്കുറിച്ചുള്ള ഫെർഡിനാന്റ് ഡി സൊസ്പൂറിന്റെ സിദ്ധാന്തം). ഇവിടെ വാർത്തയിലെ സ്വർണ്ണം എന്ന




പദം സൂചിപ്പിക്കുന്ന അർത്ഥമല്ല ജയരാജൻ ഉദ്ദേശിക്കുന്ന സ്വർണ്ണം. ഇത്തരം മാറ്റങ്ങളാണ് പൊതുവെ ഫലിതങ്ങൾ സൃഷ്ടിക്കുന്നത്. മറ്റ് ഫലിതങ്ങളിലും ഇത്തരം ഭാഷാശാസ്ത്രപരമായ അംശങ്ങൾ തീർച്ചയായും ഉണ്ടാവും. മേൽപറഞ്ഞ ട്രോളിൽ സ്വർണ്ണത്തിന് രണ്ട് അർത്ഥങ്ങൾ സാധ്യമാണ്. ഈ രണ്ട് അർത്ഥങ്ങളും അറിയുന്ന ഒരാൾക്കെ ട്രോളിലെ തമാശ ആസ്വദിക്കാൻ കഴിയൂ. ഈ അറിവ് സാംസ്കാരികമാണ്. കേവലമായ ദ്വയാർത്ഥ സംബന്ധിയായ അറിവ് മാത്രമല്ല കവിതകൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ ഒടുവിൽ സിനിമാരംഗങ്ങൾ വരെ ഉപയോഗിച്ച് തമാശകൾ സൃഷ്ടിക്കുന്നു. ഇവിടെ നമ്മുടെ ഭാഷാബോധമല്ല, സാംസ്കാരിക ബോധമാണ് പ്രവർത്തിക്കുന്നത്. ഈ സാംസ്കാരിക ബോധത്തെ ഉത്പാദിപ്പിക്കുന്ന ആവിഷ്ക്കാരങ്ങളെയാണ് 'മീമം' എന്നി വിളിക്കുന്നത്. സാംസ്കാരിക ബോധത്തെ മുൻനിർത്തി ഭാഷകൊണ്ടൊരു കളിയാണ് ട്രോൾ എന്നുപറയാം.

ട്രോളുകളുടെ രാഷ്ട്രീയം എന്ത് എന്നുള്ള അന്വേഷണം അപ്പോൾ മീമുകൾ മുന്നോട്ട് വെക്കുന്ന രാഷ്ട്രീയം എന്ത് എന്ന അന്വേഷണത്തിലേക്കാണ് എത്തിച്ചേരുക. ഒപ്പം അവ എങ്ങനെ പുതുരീതിയിൽ അവതരിപ്പിക്കപ്പെടുന്നു എന്നതും.

ഉത്തരാധുനികത മുന്നോട്ടുവെച്ച രചനാ/ആവിഷ്ക്കാര സങ്കേതങ്ങളാണ് പാരഡി, പാസ്റ്റീഷ് എന്നിവ. പ്രശസ്ത കൃതികളുടെ അനുകരണങ്ങളോ, ചില പെരുമാറ്റങ്ങളോടെയുള്ള അവതരണങ്ങളോ ആണ് ഇവ. സാമാന്യമായി ഈ സങ്കേതങ്ങളുടെ ഓൺലൈൻ ആവിഷ്ക്കാരങ്ങളാണ് ട്രോളുകൾ എന്ന് പറയാം. രൂപപരമായി ഉത്തരാധുനികമായ ഒരു തരം ട്രോളുകൾക്ക് ഉണ്ട്.

എന്നാൽ, നിലനിൽക്കുന്ന സാംസ്കാരിക പരിസരത്തെ ആവിഷ്ക്കരിക്കുന്നതിനാൽ മിക്ക ട്രോളു




കളും അവ മുന്നോട്ടു വെക്കുന്ന രാഷ്ട്രീയത്തെ തലകുലുക്കി സമ്മതിക്കുകയും ആവർത്തിച്ചുറപ്പിക്കുകയുമാണ് ചെയ്യുന്നത്. ഉദാഹരണത്തിന് സലീം കുമാറിനെ 'കറുത്ത ഷാറൂഖ് ഖാൻ' എന്ന് വിശേഷിപ്പിക്കുന്ന ട്രോൾ മുന്നോട്ടു വെക്കുന്ന കറുപ്പിനെ കുറിച്ചുള്ള സാമ്പ്രദായിക ബോധത്തെ തന്നെയാണ് നമ്മുടെ ട്രോളുകൾ മിക്കവയും സിനിമാ രംഗങ്ങളെയാണല്ലോ. മീമുകളായി ഉപയോഗിക്കുന്നത് മലയാള സിനിമ അതിന്റെ സമ്പൂർണ്ണതക്കും സ്ത്രീവിരുദ്ധതക്കും പ്രശസ്തവുമാണ്. ഒരു ജനകീയ ആവിഷ്ക്കാര രൂപമായി മാറിക്കഴിഞ്ഞ ട്രോളുകൽ ഈ ബോധ്യത്തെ ആവർത്തിച്ചവതരിപ്പിക്കുകയും അതുവഴി പിന്തിരിപ്പനായ സാംസ്കാരിക ധാരണകളെ മുന്നിൽ നിന്ന് നയിക്കുകയുമാണ് ചെയ്യുന്നത്.

ഇന്റർനെറ്റിലെ ട്രോൾ ഉൽപാദകരുടെ പ്രളയം ഈ പ്രവണതയെ ത്വരിതപ്പെടുത്തുകയെ ഉള്ളു. രൂപപതമായ സാംസ്കാരിക മൂലധനം, സാംസ്കാരിക ആധിപത്യം തുടങ്ങിയ പ്രതിഭാസങ്ങളെ തകർക്കാൻ കെൽപ്പുറ്റ മാധ്യമമാണ് ട്രോൾ. എന്നാൽ ഇവ ഇന്ന് ഉപയോഗിക്കുന്നത് പ്രതികൂലമായ രീതിയിലാണ്.

മറ്റ് ആവിഷ്ക്കാര രൂപങ്ങൾക്കില്ലാത്ത എന്ത് പ്രത്യേ
അപകടമാണ് സാംസ്കാരിക മേഖലയിൽ ട്രോളുകൾ ഉയ
ത്തുന്നത് എന്ന ചോദ്യം പ്രസക്തമാണ്. ട്രോളുകളു
ആവർത്തന സ്വഭാവവും മീമുകളുടെ മേൽ ഇടപെടാറുള
ശേഷിക്കുറവുമാണ് ഈ രൂപത്തെ അപകടകരമാക്കുന്നര

മലയാളത്തിലെ സജീവ ട്രോൾ ഗ്രൂപ്പുകളായ ട്രോൾ മ
യാളവും ഐസിയുവും ഇത്തരം രാഷ്ട്രീയങ്ങളോട് ചില
ഷയങ്ങളിലെങ്കിലും സൂക്ഷ്മമായി പ്രതികരിക്കുന്നു എന
ത് ആശ്വാസകരമാണ്. മറുവശത്ത് സവർണ്ണ പുരുഷാധി
ത്യ ബോധങ്ങളെ അപ്പടി പകർത്തുന്ന ഗ്രൂപ്പുകളും ഉണ
മറ്റൊരു പ്രസക്തമായ കാര്യം, ട്രോളുകൾ പ്രസക്തമായ ര
ഷ്ട്രീയ ചർച്ചകളെ പോലും 'ചിരിച്ചു തള്ളേണ്ട' ഒന്നാക
മാറ്റുന്നുണ്ട് എന്നതാണ്. ഐ.എസ് വിഷയത്തിൽ പ്രത
ക്ഷപ്പെട്ട ട്രോളുകൾ ഈ പ്രവണതകൾക്കുദാഹരണമാണ
മുഖ്യധാരയുടെ അഭിപ്രായങ്ങളെ ആവർത്തുച്ചുറപ്പിച്ച്, സ
ക്ഷ്മ രാഷ്ട്രീയ അവലോകനങ്ങളെ തള്ളിക്കളയുന്ന ഇ
രീതി നല്ലതിനല്ല, തീർച്ച. ●

അസൈനാർ എം.വി.
(രണ്ടാം വർഷം, എം.സി.ജെ.)

# നാലാം തൂണും നവലോകക്രമവും




*"വിധി കൂടാതെ നടത്തുന്ന*
*കാട്ടാള വധത്തിന്*
*സുഗന്ധത്തിൽ മുക്കിയ*
*പദമെന്തിനാണ്?*
*വർണരഹിതരായ സ്വപ്നാടന-*
*ക്കാരായ കവികളേ വരുക*
*സ്വന്തം കുടിലിന് പുറത്ത്*
*വെള്ളക്കാരന്റെ അടുക്കളയിൽ*
*ജോലി ചെയ്യുന്ന ഒരു കറുത്ത*
*സ്ത്രീയിതാ"*

എന്ന് റേ ഡ്യൂറോ, എന്ന ആഫ്രോ - അമേരിക്കൻ കവി പാടിയിട്ടുണ്ട്. മാധ്യമ പ്രവർത്തനം വിപ്ലവമാണ്. സമൂഹത്തിന്റെ ചലനങ്ങളെ, ഗതിയെ അടയാളപ്പെടുത്തുന്ന മാധ്യമ ധർമം ഇന്ന് റേ ഡ്യൂറോ പാടിയതുപോലെ ഉപരിവിപ്ലവതലത്തിലേക്കായി ഒതുങ്ങിക്കഴിഞ്ഞിരിക്കുന്നു. സമൂഹത്തിന്റെ അടിസ്ഥാന വർഗ്ഗ ജീവിത പരിസരത്തെ സംബന്ധിച്ച് യാതൊരു വിഭാഗീതയകളുമില്ലാതെ ആശയവിനിമയം നടത്തുക എന്ന ധർമത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു നമ്മുടെ മാധ്യമങ്ങൾ.

കാലാകാലങ്ങളായി ഇന്ത്യയിൽ വർഗീയപരമായും ജാതിപരമായും വിവേചനങ്ങളനുഭവിക്കുന്ന ഇന്ത്യയുടെ അടിസ്ഥാന വർഗ്ഗം മാധ്യമങ്ങളെ സംബന്ധിച്ച് ഒരിക്കലും വിഷയമാകാറില്ല. ഉപരിവർഗ്ഗ സമൂഹത്തിന്റെ ഉപരിവിപ്ലവ ചിന്തകൾക്ക് മാത്രമുള്ള ഇടമായി മാധ്യമലോകം മാറിയിരിക്കുന്നു. ഇന്ത്യൻ മാധ്യമ രംഗത്ത് ജോലി ചെയ്യുന്ന പ്രൊഫഷണലുകളിൽ വിരലിലെണ്ണാവുന്ന ശതമാനം മാത്രമേ താഴ്ന്ന ജാതിക്കാരുള്ളൂ. അതുപോലെത്തന്നെ മറ്റു ന്യൂനപക്ഷങ്ങളായ മുസ്‌ലീംകളും ക്രിസ്ത്യാനികളും എല്ലാം ചെറിയ എണ്ണത്തിലൊതുങ്ങുന്നു. 2004-05 ൽ ഒരു സർവ്വേ നടത്തിയിരുന്നു. ഇത് പ്രകാരം 90% മാധ്യമ പ്രവർത്തകർ ഉന്നതജാതിക്കാരായ ബ്രാഹ്മണരാണ്. മാധ്യമ രംഗത്തെ പ്രാതിനിധ്യം ശക്തമാക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളേയും പാർശ്വ

വൽക്കരിക്കപ്പെട്ട ഇന്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളും മാധ്യമങ്ങൾ ഏറ്റെടുക്കേണ്ടത് അതിക്രമിച്ചിരിക്കുന്നു. വർഗീയ ചിന്തകൾക്ക് വളം വച്ച് കൊടുക്കുന്ന ആപത്കരമായ വാർത്താ അതിപ്രസരണമാണ് നിലവിലെ മിക്ക മാധ്യമങ്ങളിലും കാണാൻ കഴിയുന്നത്.

രാഷ്ട്രിയസംഘടനകളും ഭരണകൂടസ്ഥാപനങ്ങളും മാത്രമല്ല ആദിവാസികളെയും സമൂഹത്തിൽ താഴ്ത്തപ്പെട്ടവരേയും ചൂഷണം ചെയ്യുന്നത്. ഇത്തരം ചൂഷണത്തിന്റെ കഥകൾ പുറലോകത്തിനെ അറിയിക്കുകയും ഇടപ്പെടലുകൾ ഉണ്ടാക്കുകയും ചെയ്യുന്ന മാധ്യമപ്രവർത്തകരേക്കാൾ ഇവരെ വേദനകളിലേക്ക് കഷ്ടപ്പാടിലേക്ക് തള്ളിവിടുകയും ഇരകളാക്കുന്ന പ്രവണതകളാണ് മാധ്യമപ്രവർത്തകരിൽ ഇന്ന് കൂടുതൽ കാണുന്നത്. തെരഞ്ഞെടുക്കുന്ന വിഷയത്തിന്റെ രാഷ്ട്രീയവും ബോധവും മനസ്സിലാക്കാതെ മാധ്യമപ്രവർത്തനത്തെ ഒരു തൊഴിൽ മാത്രമായി കാണുന്നവരും, കിട്ടുന്ന ലാഭം മാത്രം ലക്ഷ്യം വച്ച് വിപണിസാദ്ധ്യതകൾക്ക് മാത്രം മുൻതൂക്കം നൽകുന്ന ചില സ്ഥാപനങ്ങളും നിർമിക്കുന്ന സാമൂഹികാപചയം വലിയ ഇടപെടലുകൾക്ക് കാരണമാകുന്നു. സന്ദേശങ്ങളും വിവരങ്ങളും ജനങ്ങളിലേക്ക് എത്തിക്കുകയെന്ന ജോലി നിർവഹിക്കുന്നവരാണ് മാധ്യമപ്രവർത്തകർ. വഴിയിൽ ഒരപകടം ശ്രദ്ധയിൽപ്പെടുമ്പോൾ ഉടനെ അത് മൊബൈലിൽ പകർത്തി പോസ്റ്റ് ചെയ്യാൻ ഇന്ന് ഒട്ടേറെ വഴികളുണ്ട്. ഒരു വാർത്ത ഇല്ലാതാക്കൻ ഏതെങ്കിലും പത്രക്കാരൻ വിചാരിച്ചിട്ടു കാര്യമില്ലായെന്ന് അർഥം. അതിനാലാണ് ഇലക്ട്രോണിക് മീഡിയ അടക്കമുള്ള മാധ്യമങ്ങൾ സിറ്റിസൻസ് ജേണലിസത്തിനെ പ്രോത്സാഹിപ്പിക്കുന്നത്. അത്തരം മാധ്യമങ്ങളും എവിടെയാണ് നിൽക്കുന്നതെന്നറിയാൻ ആ വാർത്ത കൈകാര്യം ചെയ്ത രീതി ശ്രദ്ധിച്ചാൽ മതി. കഴിഞ്ഞ കുറച്ച് കാലമായി രാഷ്ടീയത്തിന്റേയും അധികാര ഇടപ്പെടലുകളുടേയും ഗതി നിർണ്ണയിക്കുന്നത് സ്ത്രീ വിഷയമാണ്. മാധ്യമങ്ങളിൽ ഒരു ദിവസമില്ലാതെ ഈ വിഷയം പല രൂപത്തിലും ഭാവത്തിലും സാന്നിധ്യമാണ്. അതു തന്നെയാണ് നിലവിൽ മാധ്യമ സ്ഥാപനങ്ങളും കൈകൊണ്ട് മുഖ്യ വിഷയമാക്കുന്നത്.




**❝ കഴിഞ്ഞ കുറച്ച് കാലമായി രാഷ്ടീയത്തിന്റേയും അധികാര ഇടപ്പെടലുകളുടേയും ഗതി നിർണ്ണയിക്കുന്നത് സ്ത്രീ വിഷയമാണ്. മാധ്യമങ്ങളിൽ ഒരു ദിവസമില്ലാതെ ഈ വിഷയം പല രൂപത്തിലും ഭാവത്തിലും സാന്നിധ്യമാണ്. അതു തന്നെയാണ് നിലവിൽ മാധ്യമ സ്ഥാപനങ്ങളും കൈകൊണ്ട് മുഖ്യ വിഷയമാക്കുന്നത്. ❝**

ഇന്ത്യയിൽ മുഖ്യ ശതമാ
ങ്ങളും വലിയ ദാരിദ്ര്യത്തിലാ
ഴിലില്ലായ്മ ഭീകരമാണ്. വില
ചികിത്സവിദ്യാഭ്യാസ രംഗ
അപര്യാപ്തത, ദുരഭിമാന
ാതകം, സാമ്പത്തിക പ്രതിസ
ടങ്ങീ നിരവധി പ്രശ്നങ്ങളില
ണ് നാട് നീങ്ങി കൊണ്ടിരിക്കു

ജിഷാ വധക്കേസ്, രോഹി
മുലയുടെ ആത്മഹത്യയും, മു
അഖ്ലാഖിന്റെ മരണവും, മാധ്യ
യങ്ങളാകണം. മുത്തങ്ങയും ച
സമരവും പട്ടിണി പ്രശ്നങ്ങളു
ഹത്തിന്റെ മുന്നിലെത്തിക്കാൻ
ങ്ങൾക്കാകണം. സാമൂഹിക സ
ളെക്കുറിച്ച് അവബോധം എന്ന




ത്തോടെ ആശയവിനിമയം നടത്തുന്ന മാധ്യമങ്ങൾ ജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കുക മാത്രമാണ് ചെയ്തിരുന്നത്. ഇത് ഒരു ഏകപാതയിലുള്ള പ്രക്രിയയാണ്. അതുകൊണ്ടു തന്നെയാണിത് പരമ്പരാഗത മാധ്യമങ്ങൾ എന്നറിയപ്പെടുന്നത്.

എന്നാൽ, ഡിജിറ്റൽ കംപ്യൂട്ടറിന്റെയും, ഇന്റർനെറ്റിന്റെയും വരവോടെ ആശയവിനിമയം, മാധ്യമ പ്രവർത്തനം എന്നിവ ജനാധിപത്യവൽക്കരിക്കപ്പെട്ടു. പാരമ്പര്യ വാർത്താ ഇടപ്പെടലുകളെ തമസ്ക്കരിച്ച് ആർക്കും എവിടെ നിന്നും വാർത്തകൾ അവതരിപ്പിക്കുന്ന തരത്തിലേക്ക് കാലം വ്യതിചലിച്ചു. തുറന്ന വലിയ പൊതു ഇടമായി സാമൂഹ്യമാധ്യമങ്ങൾ. കാണുന്നതെന്തും അപ്പാടെ വിഴുങ്ങുന്ന ജനത കാലാന്തരത്തിൽ നശിക്കപ്പെട്ടു. ഒരു പരിധി വരെ ഇത്തരം പുതുമാധ്യമങ്ങൾ സാധാരണക്കാരന്റെ വിഷയങ്ങളിലേക്ക് കണ്ണോടിക്കുന്നത് ആശ്വാസജനകമാണ്.

സോഷ്യൽ നെറ്റ്വർക്കിങ്ങ് സൈറ്റുകളും നവമാധ്യമങ്ങളും ഓരോ വ്യക്തിക്കും അവരുടെ അഭിപ്രായങ്ങളും ആശയങ്ങളും നിയന്ത്രണങ്ങളും ഗേറ്റ് കീപ്പിംഗുമില്ലാതെ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാൻ സോഷ്യൽ മീഡിയകൾ അവസരമൊരുക്കി. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു അവസരം തന്നെയായിരുന്നു സാമൂഹിക ശാക്തീകരണത്തിലും രാജ്യത്തിന്റെ ജനാധിപത്യവൽക്കരണത്തിലും സമൂഹത്തിലെ ഓരോ അംഗത്തിനും തന്റേതായ പങ്കാളിത്തം നൽകാൻ സാധിക്കുന്നത് തീർച്ചയായും സ്വാതന്ത്ര്യത്തിന്റെ വളരെ ഉന്നതമായ ഒരു തലം തന്നെയാണ്. ഒരിക്കലും മാധ്യമങ്ങൾക്ക് വിഷയമാകാതിരുന്ന മുഖ്യധാരാ സമൂഹം അകറ്റി നിർത്തിയ സംഭവങ്ങൾ സാമൂഹിക ശ്രദ്ധയിലേക്കെത്തിച്ചത് സമൂഹ മാധ്യങ്ങൾ വഴിയാണ്. ഇൻസ്റ്റിറ്റ്യൂഷനൽ മർഡർ എന്ന് വിശേഷിപ്പിക്കപ്പെട്ട രോഹിത വെമുലയുടെ ആത്മഹത്യ അധികാരവർഗ്ഗം താഴ്ത്തിക്കെട്ടി ചിത്രീകരിച്ചപ്പോൾ അതിനെ മുന്നിലേക്കെത്തിച്ചതും അതിനു പിന്നിലെ കീഴാളവിരുദ്ധ ഫാസിസ്റ്റ് അജണ്ടകളെ ചർച്ചാവിഷയമാക്കിയതും മാധ്യമങ്ങളായിരുന്നു. അത് തന്നെയാണതിന്റെ പ്രത്യേകതയും. ഈ കീഴാള വിരുദ്ധതയുടെയും ദളിത് അപരവൽക്കരണത്തിന്റെയും മറ്റൊരു മുഖമാണ് ഇന്ത്യൻ സിനിമയുടെ ചർമബോധം. എല്ലായ്പ്പോഴും അവഗണിക്കപ്പെടുന്ന കറുത്ത ചർമ്മമുള്ള താരങ്ങൾ ഇന്ത്യൻ സിനിമയിലെമ്പാടുമുണ്ട്. നവാസുദ്ധീൻ സിദ്ധീഖിയും മനോജ് ബാജ്പേയിയും ശബാനാ ആസ്മിയും സ്മിതാ പാട്ടീലും ഈ വിവേചനത്തിന്റെ ഇരകളാണ്. അഭിനയ ശേഷി കൊണ്ടുമാത്രം സിനിമാരംഗത്ത് പിടിച്ചു നിൽക്കാൻ സാധിക്കുന്നവരാണവർ. കള്ളൻ, കൊലപാതകി, ഗുണ്ടാ സംഘത്തിന്റെ അംഗങ്ങൾ തുടങ്ങിയ നെഗറ്റീവ് റോളുകളാണവർക്ക് ലഭിക്കുന്നത്. കറുത്ത ചർമ്മമുള്ളവർ പ്രണയിക്കാനും. മൃദുലവികാരങ്ങൾ അവതരിപ്പിക്കാനും യോഗ്യരല്ലെന്നുള്ള അബദ്ധ ധാരണ നമ്മുടെ സിനിമാബോധത്തിലുണ്ട്.

> കീഴാള വിരുദ്ധതയുടെയും ദളിത് അപരവൽക്കരണത്തിന്റെയും മറ്റൊരു മുഖമാണ് ഇന്ത്യൻ സിനിമയുടെ ചർമബോധം. എല്ലായ്പ്പോഴും അവഗണിക്കപ്പെടുന്ന കറുത്ത ചർമ്മമുള്ള താരങ്ങൾ ഇന്ത്യൻ സിനിമയിലെമ്പാടുമുണ്ട്.

കറുത്ത ചർമ്മത്തിന് ഉടമകളായവരെ അകറ്റി നിർത്തുന്ന പ്രവണത തമിഴ് സിനിമയെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. മികച്ച തമിഴ് സിനിമകൾ ചർമത്തെയും അതിന്റെ രാഷ്ട്രീയത്തെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ്. കാക്കമുട്ടൈ, വിസാരണ തുടങ്ങിയ സിനിമകൾ കറുപ്പിന്റെ കീഴാള ജീവിതത്തിന്റെ രാഷ്ട്രീയം വളരെ വിശാലമായ അർത്ഥത്തിൽ ചർച്ച ചെയ്യുന്നുണ്ട്. സമുദ്രക്കണി, വെട്രി മാരൻ, അമൽ തുടങ്ങിയ സംവിധായകരും ഇത്തരം പ്രമേയങ്ങളെ യാഥാർത്ഥ്യ ബോധത്തോടുകൂടി സിനിമയിലവതരിപ്പിക്കുന്നുണ്ട്.

കാലാകാലങ്ങളായി ഇന്ത്യയിലെ അടിസ്ഥാന വർഗ്ഗം അനുഭവിക്കുന്ന പ്രശ്നങ്ങൾ അതേ തീവ്രതയോടെ മാധ്യമ രംഗത്തും നിലനിൽക്കുന്നുണ്ട്.





തൊട്ടടുത്തു നിൽക്കുന്ന ആളിനെ പോലും തിരിച്ചറിയാൻ കഴിയാത്ത വിധം കോടമഞ്ഞിൽ മുങ്ങിക്കുളിച്ച് നവംബർ മുതൽ ഫെബ്രവരി വരെ നീണ്ടു നിന്നിരുന്ന വയനാടൻ തണുപ്പ് കാലം. കനത്ത കോടമഞ്ഞിനെ വകഞ്ഞു മാറ്റി സാവധാനം ഹെഡ് ലൈറ്റിന്റെ സഹായത്തോടെ ചുരമിറങ്ങുന്ന വണ്ടികൾ ദൂരെക്കാഴ്ചയിൽ തലയിൽ റാന്തലു തൂക്കിയ വണ്ടുകളെ ഓർമ്മിപ്പിക്കുമായിരുന്നു. പശ്ചിമഘട്ടത്തിന്റെ അമ്പരപ്പിക്കുന്ന സൗന്ദര്യം അതിന്റെ മൂർധന്യതയോടെ വരച്ചിട്ട വയനാടൻ മണ്ണിലേക്ക് സഞ്ചാരികളെ വലിച്ചടുപ്പിച്ചത് ഇത്തരം ഭ്രമിപ്പിക്കുന്ന കാഴ്ച്ചകളായിരുന്നു. ആ ഭ്രമത്തിന്റെ വശ്യതയിൽ മഴക്കാലത്തെ പ്രകൃതി കാഴ്ച്ചകൾ കണ്ട് മതിമറക്കാൻ ഇതിനോളം പോന്നൊരു സ്ഥലമുണ്ടോ എന്നാണ് തിരിച്ചു പോയവർ ചോദിച്ചത്. വയലുകളുടെ നാട് എന്ന അർത്ഥത്തിൽ വയൽനാടാണ് വയനാടായത് എന്നും അതല്ല മായന്മാരുടെ നാട് മായനാടായതാണെന്നും മായനാട് പിന്നീട് വയനാടായതാണെന്നും വിശ്വസിക്കുന്നവരുണ്ട്. കേരളത്തിന്റെ വടക്കു കിഴക്കായി ഡക്കാൻ പീഠഭൂമിയുടെ ദക്ഷിണാഗ്രത്തിൽ സമുദ്രനിരപ്പിൽ നിന്ന് 2297 അടി ഉയരത്തിലായിട്ടും ഈ ജില്ല ആളുകളുടെ ഹൃദയം കവർന്നു. മണിക്കൂറുകളോളം നിലക്കാതെ ഒരേ വേഗത്തിൽ നൂലുപോലെ പെയ്തുകൊണ്ടിരുന്ന നൂൽ മഴയെന്ന വയനാടിൽ മാത്രം കണ്ടുവരുന്ന പ്രത്യേക പ്രതിഭാസം തേടി ആളുകൾ എല്ലാ കാലത്തും ചുരം കയറി. ക്രമേണ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന രണ്ടാമത്തെ സ്ഥലമെന്ന ഖ്യാതി വയനാട്ടിലെ ഏറ്റവും ഉയർന്ന പ്രദേശമായ ലക്കിടിയിലേക്ക് ചേർക്കപ്പെട്ടു.

**ശാക്കിർ എം.**
(ഒന്നാം വർഷം, ഹിസ്റ്ററി)

സൗന്ദര്യം വഴിഞ്ഞൊഴുകുന്ന വയനാടൻ കാഴ്ച്ചകൾ കൈപിടിയിലൊതുക്കി അധികാര സ്ഥാപനത്തിനായി

ആദ്യം മൈസൂരിലെ ഹൈദരലിയും പിന്നീട് കോട്ടയം രാജവംശത്തിലെ അതികായകരും പഴശ്ശിരാജയുമെല്ലാം പലപ്പോഴായി ഇവിടെയെത്തി. ഏറ്റവും ഒടുവിൽ ബ്രിട്ടീഷുകാരും. ലാഭക്കണ്ണറിഞ്ഞ ബ്രിട്ടീഷുകാർ പ്ലാന്റേഷനുകളും കാപ്പിത്തോട്ടങ്ങളും പണിതു. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചു. മതിമറന്നുല്ലസിക്കാൻ ഹിൽസ്റ്റേഷനുകളും റിസോർട്ടുകളുമുണ്ടാക്കി.

വയനാട് പുറം ലോകത്തെ മാടിവിളിച്ചു തുടങ്ങി. തെക്കു നിന്നും വടക്കു നിന്നും വൻ തോതിൽ കുടിയേറ്റം നടന്നു. ആദ്യകാല കുടിയേറ്റക്കാർ മലയൻ ചെകുത്താന്മാരുടെ കടിയേറ്റ് മണ്ണിൽ സ്വപ്നങ്ങളുടെ ജീവനത്തിന്റെ വിത്ത് പാകി. എസ്.കെ. പൊറ്റക്കാടിന്റെ വിഷകന്യക രചിക്കപ്പെടുന്നത് ഈ അതി ജീവനത്തിന്റെ വേരുകളിലും മോഹങ്ങളിലും മോഹഭംഗങ്ങളിലും ചുരുണ്ടു കൂടിയാണ്.

വയനാട്ടിലെ അനന്തമായ കാടുകൾക്കിടയിൽ കുടുങ്ങിക്കിടന്ന ഗോത്രവർഗ്ഗങ്ങൾ പുറം ലോകമറിഞ്ഞും ശിൽപ്പങ്ങളും ഗുഹകളും ചേർന്ന വയനാടൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും തനത് മുദ്രകൾ സന്ദർശകരെ കൂടെക്കൂട്ടി. ഇന്ന് സ്ഥിതിയാകെ മാറി മറിയുകയാണ്. കോടമഞ്ഞും നൂൽമഴയും പഴമക്കാരുടെ ഓർമ്മകൾക്ക് താമസിക്കാനുള്ള താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ മാത്രമായി. ക്രമേണ അത് കഥകളാവും, ഇടക്കെപ്പൊഴോ വന്നു പോവുന്ന മഴമേഘങ്ങളെ തേടി കാവാവസ്ഥാ വിദഗ്ദർ നടക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ചിറാപുഞ്ചിക്ക് ശേഷം ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴകിട്ടുന്ന പ്രദേശമെന്ന ഖ്യാതി ലക്കിടിക്ക് എന്നേ നഷ്ടമായി. ഇപ്പോൾ കേരളത്തിന്റെ ലിസ്റ്റിൽ പോലും ആ പ്രദേശമില്ല. താപനിലയിൽ പ്രകടമായ മാറ്റങ്ങൾ രേഖപ്പെടുത്താൻ തുടങ്ങി. പരമ്പരാഗതമായി സമൃദ്ധിയവകാശപ്പെടാറുള്ള നീരുറവകൾ വറ്റി വരണ്ടു. നട്ടുച്ചക്കുപോലും മരക്കൂട്ടങ്ങൾക്കിടയിലൂടെ വന്ന് സൂര്യപ്രകാശം എത്തി നോക്കാൻ ബുദ്ധിമുട്ടിയിരുന്ന ഒരു കാലം മരിച്ചിരിക്കുന്നു. പച്ചപ്പ് നിറഞ്ഞ ആ പഴയ മരക്കൂട്ടങ്ങൾക്ക് അകാല മരണം സംഭവിച്ചു.

ഇവിടെയും അവസാനിക്കുന്നില്ല, മറഞ്ഞു പോയ സൗഭാഗ്യങ്ങളുടെ കണക്കുകൾ, ഈ വർഷം മാത്രം 59 ശതമാനം മഴയുടെ കുറവാണ് വയനാട്ടിൽ രേഖപ്പെടുത്തപ്പെട്ടത്. തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആദ്യഘട്ടമായ ജൂൺ ജൂലായ് മാസങ്ങളിൽ കേരളത്തിൽ ഏറ്റവും കുറവ് മഴ ലഭിച്ച ജില്ലയാണ് വയനാട്. ആ സമയത്ത് കേരളത്തിന്റെ ചൂടൻ ജില്ലയായ പാലക്കാടിനു പോലും വയനാടിനേക്കാൾ മഴ ലഭിച്ചു. കനത്ത ചൂടിൽ കാർഷിക വിളകൾ കരിഞ്ഞു തുടങ്ങി, നെൽ കൃഷിയെയാണ് ഇതേറ്റവും ബാധിച്ചത്. വയലുകളിലേക്ക് വെള്ളമെത്തിക്കാനാവാതെ കർഷകർ വലഞ്ഞു. ഭൂഗർഭജലവിതാനവും കുത്തനെ താഴ്ന്നു.



കഴിഞ്ഞ പതിനഞ്ചു വർഷമായി വയനാട്ടിൽ ക്രമാതീതമായി മഴ കുറഞ്ഞുകൊണ്ടേയിരിക്കുന്നു. വയനാടിനെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ ജില്ലാ ഭരണകൂടം മുഖ്യമന്ത്രിയെ നേരിട്ടുചെന്ന് കണ്ടാവശ്യപ്പെട്ടു. ശൈത്യമേഖല ദേശാടനപക്ഷികൾ അപ്രത്യക്ഷമായി. പുതിയ ദേശാടനക്കിളികൾ കൂട്ടം കൂട്ടമായി വന്നു തുടങ്ങി. പുതുതായി വന്നവയാണെങ്കിലോ ഉഷ്ണമേഖലാ ദേശാടന പക്ഷികളും, സത്യത്തിൽ എന്താണ് വയനാടിന് സംഭവിച്ചത്.

## അശാസ്ത്രീയ കൃഷിരീതികൾ

കാർഷിക രംഗമാണ് വയനാടൻ സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ല്. വയനാടിന്റെ ഭൂമി ശാസ്ത്രപരവും കാലാവസ്ഥാപരവുമായ പ്രത്രേകതകൾ പരിഗണിക്കുമ്പോൾ കാപ്പി, തേയില, കുരുമുളക് തുടങ്ങിയ കാർഷിക വിളകളാണ് ഏറെ ഗുണകരം. ഇവ ഒരേ സമയം കൃഷിയെയും സ്വാഭാവിക വനമേഖലയെയും സംരക്ഷിച്ചു നിർത്തുകയും ചെയ്യുന്നു. പക്ഷേ കുടിയേറ്റ കർഷകരുടെ വരവോടെ കൃഷി രീതികളിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ദൃശ്യമായിത്തുടങ്ങി. ചുരുങ്ങിയ സമയത്ത് അത്യുൽപാദന ശേഷിയുള്ള കൃഷിയിറക്കുന്ന സമ്പ്രദായത്തിന് വൻപ്രചാരം ലഭിച്ചു. ഇതോടെ ആയിരക്കണക്കിന് സ്വാഭാവിക വനങ്ങൾ വെട്ടി നശിപ്പിക്കപ്പെട്ടു. ഏകവിള കാർഷിക രീതി ബഹുവിള കാർഷിക രീതിയെ അതിജയിച്ചു. 1980-കളിലെ കുരുമുളക് ബൂം ഒരുദാഹരണം മാത്രം. കുരുമുളകിന്റെ വിലയിൽ വർധനവുണ്ടായപ്പോൾ തോട്ടങ്ങളിലെ തനതായ ചോലവനങ്ങൾ മുഴുവൻ വെട്ടി നശിപ്പിക്കപ്പെട്ടു. ഒരു ഘട്ടത്തിൽ കുരുമുളക് കൃഷിക്ക് നാശം സംഭവിച്ചതോടുകൂടി താങ്ങു മരങ്ങൾ കൂട്ടത്തോടെ നശിച്ചു. അതോടെ താങ്ങുമരങ്ങളും സ്വാഭാവിക വനവും പോയി എന്ന അവസ്ഥ വന്നു. മണ്ണിലെ കാർബൺ സംഭരണം അസാധ്യമാക്കിയ ഈ പ്രക്രിയ അന്തരീക്ഷത്തിൽ ക്രമാതീതമായി ചൂടു വിതക്കാൻ തുടങ്ങി. പുൽപ്പള്ളിയിലെ രൂക്ഷ വരൾച്ചക്ക് കാരണമന്വേഷിക്കുമ്പോഴും ഇതേ ഉത്തരമാണ് ലഭിക്കുക. നെൽവയലുകൾ വാഴത്തോപ്പുകൾക്ക് വഴിമാറിയത് നെൽകൃഷി ലാഭകരമല്ലാതായതാണ്. കൂടാതെ ഇത് അശാസ്

ത്രീയ കൃഷി രീതികളിലേക്ക് നീങ്ങാനും കർഷകരെ പ്രേരിപ്പിച്ചു. ഭൂഗർഭ ജലവിതാനത്തെ റീചാർജ്ജ് ചെയ്യാൻ നെൽവയലുകളേക്കാൾ മികച്ചൊരു സംവിധാനമില്ല. ഒരു ശരാശരി നെൽ വയൽ ഒരു ദിവസം ഏതാണ്ട് 170 മില്ലിമീറ്റർ വീതം റീചാർജ്ജ് ചെയ്യുമെന്നാണ് നിഗമനം. പക്ഷേ തനത് കാർഷിക വിളകളോടുള്ള അവഗണന മനോഭാവവും പരീക്ഷണ താൽപര്യങ്ങളും കർഷകരെ നാണ്യവിളകളായ റബ്ബർ, വാനില, കൊക്കോ തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിലേക്ക് നയിച്ചു. കമുക് കൃഷിയും വാഴ കൃഷിയും വ്യാപകമായി . ഇവ വെള്ളം ഊറ്റിക്കുടിച്ചു. വയലുകൾ വാഴത്തോട്ടങ്ങൾ അവ പിന്നീട് പുരയിടങ്ങളുമായി പരിഗണിച്ചു. കൃഷിഭൂമിയിൽ വ്യവസായ വൽക്കരിക്കാനുള്ള റിയൽ എസ്റ്റേറ്റ് ഭീമന്മാരുടെ കുറുക്കുവിദ്യകൾ കൂടിയായിരുന്നു ഇത്തരം മാറ്റലുകൾ. 1970-ലെ ഭൂപരിഷ്കരണ നിയമപ്രകാരം 15 ഹെക്ടറിൽ അധികമുള്ള നെൽ വയലുകൾ പിടിച്ചെടുത്ത് ഭൂരഹിതർക്ക് പതിച്ച് നൽകിയിരുന്നു. ജന്മി കുടിയാൻ സമ്പ്രദായത്തിന്റെ വേരിളക്കാൻ അന്ന് കൈ കൊണ്ട നയമായിരുന്നു അത്. പക്ഷേ കൃഷി നഷ്ട്ടത്തിലേക്ക് നീങ്ങാനും വൻ തോതിൽ നെൽ പാടങ്ങൾ പുരയിടങ്ങളാക്കി മാറ്റാനും അത് നിമിത്തമായി.

ഭൂമിയിലെ 34 ഇക്കോളജിക്കൽ ഹോട്ട് സ്പോട്ടുകളിലൊന്നാണ് പശ്ചിമ ഘട്ടം. അതിന്റെ തെക്കേ അറ്റത്താണ് വയനാട് സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്നുയരും തോറും പരിസ്ഥിതിയുടെ ആഘാത സാധ്യത കൂടിക്കൊണ്ടിരിക്കും. സമുദ്ര നിരപ്പിൽ നിന്ന് 2297 അടി ഉയരത്തിൽ നിൽക്കുന്ന വയനാടിൽ അതുകൊണ്ട് തന്നെ ഈ ആഘാത സാധ്യത വളരെ കൂടുതലാണ്. ദുർലഭം എന്നു തന്നെ പറയാം പക്ഷേ അതിനു വേണ്ട സൂക്ഷ്മതയും ജാഗ്രതയുമൊന്നും കൃഷിയിലും വ്യവസായത്തിലും പാലിക്കപ്പെട്ടില്ല. ഇത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുക മാത്രമാണ് ചെയ്തത്.

## വ്യവസായ വൽക്കരണം

പാർപ്പിടം എന്നത് അടിസ്ഥാന ആവശ്യം എന്നതിൽ കവിഞ്ഞ് ആർ

**ഭൂമിയിലെ 34 ഇക്കോളജിക്കൽ ഹോട്ട് സ്പോട്ടുകളിലൊന്നാണ് പശ്ചിമ ഘട്ടം. അതിന്റെ തെക്കേ അറ്റത്താണ് വയനാട് സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്നുയരും തോറും പരിസ്ഥിതിയുടെ ആഘാത സാധ്യത കൂടിക്കൊണ്ടിരിക്കും.**


യൂകാലിപ്റ്റസ്

ഭാടത്തിന്റെ ചുണ്ടുപലകയായി ത
ന്നതോടെ നിർമ്മാണ പ്രവർത്തന
ളുടെ തോത് ദിനം പ്രതി വർദ്ധി
വന്നു. ഭൂമി ശാസ്ത്രപരമായ പ്ര
കതകൾക്കനുസൃതമായ നിർമ്മാ
മാതൃകകൾ നിരവധി വികസിപ്പി
പ്പെട്ടുവെങ്കിലും വിവിധ വകുപ്പു
ളുടെ ഏകോപനമില്ലായ്മ മൂലം പ
ക്കെ അട്ടിമറിക്കപ്പെട്ടുവെന്നതാ
വസ്തുത. താമരശ്ശേരി ചുരത്തി
നിന്ന് വൈത്തിരി വരെയുള്ള പാ
സ്ഥിതിക ദുർഭല പ്രദേശങ്ങളിൽ
ശീയപാതക്കിരു വശത്തും ഉൾപ്ര
ശങ്ങളിലുമായി 70-ഓളം റിസോർട്ട
കൾ പ്രവർത്തിച്ചുവരുന്നുണ്ട്. മാധ
ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് പ്രകാര
ഏറ്റവും പാരിസ്ഥിക ദുർബ്ബല പ്രദേ
മായ സോൺ ഒന്നിൽ വരുന്നതാണ് ച
രമടങ്ങിയ നിർദ്ദിഷ്ട പ്രദേശം തൽ
ലമായി ഉരുൾപൊട്ടലുകളും മണ്ണിടിച്ചി
ലുകളും വ്യാപകമായി.

## തോട്ടം മേഖല

വൈത്തിരി, ചുണ്ടേൽ, മേപ്പാടി
തുടങ്ങിയ പ്രദേശങ്ങളിലാണ് തോട്ടം
മേഖലകൾ ഇപ്പോൾ ഭാഗികമായെങ്കി
ലും നിലവിലുള്ളത്. തോട്ടം മേഖല
ക്ക് നേരിട്ട നാശവും പലകാലങ്ങളിലാ
യി നടന്ന വ്യാപക മരംമുറിയും കാലാ
വസ്ഥാ വ്യതിയാനത്തിന് ആക്കം കൂ


മുളങ്കാട്

ട്ടി. ചെമ്പ്രയടക്കമുള്ള മലപ്രദേശങ്ങളെ സംരക്ഷിച്ചു നിർത്തിയിരുന്നത് താഴ്‌വാര പ്രദേശത്തുള്ള തോട്ടം മേഖലകളാണ്. 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം ഒരു ഹെക്ടറിൽ അധികം വരുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പ്രത്യേക മാനദണ്ഡങ്ങളും ബന്ധപ്പെട്ട അധികൃതരുടെ അനുവാദവും ആവശ്യമാണ്. കൂടാതെ മുറിച്ചു മാറ്റേണ്ട മരങ്ങൾ കേട് ബാധിച്ചതോ, സ്വത്തിനോ ജീവനോ ഭീഷണി ഉയർത്തുന്നതോ ആണെങ്കിൽ മാത്രമേ അനുമതി ലഭിക്കുകയുള്ളു. പ്രസ്തുത നിയമപ്രകാരം ഈട്ടി, തേക്ക്, ചന്ദനം, കന്ദനം, ഇരൂൾ, ചെമ്പകം, ചടച്ചി എന്നിങ്ങനെ പത്തോളം മരങ്ങൾ മുറിക്കരുതെന്നും ചട്ടമുണ്ട്. പക്ഷേ നിയമങ്ങൾ പേപ്പറിൽ മാത്രം അവശേഷിച്ചു.



അനധികൃത ക്വാറി

## വനനശീകരണവും ഖനനവും

വയനാട്ടിലെ നിത്യഹരിത വനങ്ങളിൽ കാണപ്പെടുന്ന നൈസർഗിക സസ്യങ്ങൾ മണ്ണിന്റെ ആർദ്രദ നില നിർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. എന്നാൽ സ്വാഭാവിക വനങ്ങൾ കൂട്ടത്തോടെ വെട്ടിനശിപ്പിക്കപ്പെട്ടതും തേക്ക്, അക്കേഷ്യ പോലുള്ള മരങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നട്ടുപിടിപ്പിക്കപ്പെട്ടതും മണ്ണിലെ നിർജ്ജലീകരണത്തിന് കാരണമായി. പ്ലൈവുഡ് നിർമ്മാണത്തിനു വേണ്ടി ചെറുമരങ്ങളടക്കം മുറിക്കാൻ തുടങ്ങിയതോടെ വെട്ടി തോലു ചെത്തിയ മരത്തടികൾ വൻ തോതിൽ ചുരമിറങ്ങാൻ തുടങ്ങി. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വയനാട്ടിൽ യൂക്കാലിപ്റ്റസും, അക്കേഷ്യയും വൻതോതിൽ നട്ടുപിടിപ്പിക്കപ്പെട്ടു. ഇതിന്റെ പാരിസ്ഥിതിക ആഘാതം കനത്തതായിരുന്നു. ഭൂമിയിൽ നിന്ന് വൻതോതിൽ വെള്ളം വലിച്ചെടുത്ത ഈ മരങ്ങൾ തിരിച്ച് പരിസ്ഥിതിക്ക് കനത്ത ചൂടാണ് നൽകിയത്. ഇത് ഒരേ സമയം ജൈവ സമ്പത്തിനെയും മറ്റുമരങ്ങളുടെ വളർച്ചയെയും സാരമായി ബാധിച്ചു തുടങ്ങി. വനം വകുപ്പിന്റെ ആദ്യകാലത്തെ തലതിരിഞ്ഞ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു ഈ നടപടികൾ. കബനി തടത്തിലുണ്ടായിരുന്ന മുളക്കൂട്ടങ്ങൾ കൂട്ടത്തോടെ പൂത്തുനശിച്ചതോടെ കർണ്ണാടകത്തിലെ അതിർത്തി ഗ്രാമങ്ങളിൽ നിന്നുള്ള ചൂടുക്കാറ്റ് വീശുന്നതും പതിവായി.

**സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വയനാട്ടിൽ യൂക്കാലിപ്റ്റസും, അക്കേഷ്യയും വൻതോതിൽ നട്ടുപിടിപ്പിക്കപ്പെട്ടു. ഇതിന്റെ പാരിസ്ഥിതിക ആഘാതം കനത്തതായിരുന്നു. ഭൂമിയിൽ നിന്ന് വൻതോതിൽ വെള്ളം വലിച്ചെടുത്ത ഈ മരങ്ങൾ തിരിച്ച് പരിസ്ഥിതിക്ക് കനത്ത ചൂടാണ് നൽകിയത്.**

ഇതിനുപുറമെ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് വൻതോതിൽ ഖനനം ആരംഭിച്ചതോടെ പരിസ്ഥിയുടെ ഭദ്രതക്ക് കോട്ടം സംഭവിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 300-ഓളം ക്വാറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ചരിത്രപ്രധാന്യമുള്ള എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പലവയൽ പഞ്ചായത്തിൽ മാത്രം അമ്പതിലധികം ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പലതിനും രജിസ്ട്രേഷൻ പോലുമില്ല. ബാണാസുര നിലകൊള്ളുന്ന വെള്ളമുണ്ട, പടിഞ്ഞാറത്തറ പഞ്ചായത്തിലും മേപ്പാടി, മൂപ്പൈനാട് പഞ്ചായത്തിലുമാണ് ക്വാറികളിലധികവും സ്ഥിതി ചെയ്യുന്നത്. മണൽ ഖനനത്തിന്റെ കാര്യത്തിലും നില വ്യത്യസ്ഥമല്ല. താരതമ്യേന പുഴകൾ കുറവായ വയനാട്ടിൽ തോടുകളിലെ മണൽ വാരൽ കഴിഞ്ഞാൽ ലൈസൻസില്ലാതെ വയലുകളിൽ നിന്ന് യന്ത്രങ്ങളുപയോഗിച്ച് മണൽ വാരൽ അരങ്ങേറുന്നു. മോട്ടോർ ഉപയോഗിച്ചും വെള്ളം കെട്ടി നിർത്തിയും വയലുകളെ വലിയ കുഴികളാക്കി മണലൂറ്റുന്നു.

## ഇനിയെന്ത്?

ഒരു ജനകീയ തിരിച്ചറിവ് ഈ പ്രദേശങ്ങളിലാകെ ഉണ്ടായിരിക്കുന്നു എന്നത് കുടിനീരിനായി നാടാകെ ഒരുക്കപ്പെട്ട തടയണകൾ വിളിച്ചു പറയുന്നു. വിവിധ ജലസ്രോതസ്സുകളിൽ നിന്നുള്ള വെള്ളം മുഴുവൻ കബനി നദി വഴി കർണ്ണാടകയിലേക്കൊഴുകുന്നത് തടയാനാണ് ജനകീയ തടയണ നിർമ്മാണം നടന്നത്. ജനകീയാവബോധമാണ് ഏറ്റവും വലിയ പ്രതിരോധം. ഹരിത വിപ്ലവത്തിൽ നിന്ന് നിത്യഹരിത വിപ്ലവത്തിലേക്കുള്ള യാത്രയാണ് ഇനി ആവശ്യം. ഒരു തുള്ളി വെള്ളവും ഒഴുകി പോവാതിരിക്കാനുള്ള ശ്രമവും നെൽകൃഷി തിരിച്ചു കൊണ്ടുവരാനുള്ള പ്രയത്നങ്ങളും കൂടാതെ വയനാടൻ കാഴ്ച്ചകൾ അടുത്ത തലമുറക്കു കൂടി കൈമാറാൻ സാധ്യമല്ല, കാരണം ഷീ ഈസ് ടൂ ഹോട്ട് ടു ഡൈ, ബട് നോട് അറ്റ് ആൾ സെക്സി. ●



യുദ്ധം എന്തെന്ന് നമ്മൾ കണ്ടിട്ടില്ല.
പട്ടിണി നമ്മൾ അറിഞ്ഞിട്ടില്ല. കിടപ്പാടം
നഷ്ടപ്പെട്ട് കുഞ്ഞുങ്ങളെ കൈകളിൽ വാരിയെടുത്ത്
പെട്ടിയും പ്രമാണങ്ങളുമായി ബോട്ടുകളിലും ട്രെയിനുകളിലും
കയറി നമ്മൾ എങ്ങും പോയിട്ടില്ല.
നമ്മുടെ കൈക്കുഞ്ഞുങ്ങൾ ഐലൻ കുർദിനെ
പോലെ നടുക്കടലിൽ വീണ് മുങ്ങി മരിച്ചിട്ടില്ല.
മറ്റ് രാജ്യങ്ങളിലെ കുഞ്ഞുങ്ങൾ നടുക്കടലിൽ
വീണു മരിക്കുമ്പോൾ നമ്മൾ സന്ധ്യ കഴിഞ്ഞാൽ
വയറു നിറയെ ഭക്ഷണം കഴിച്ച് ഭാര്യക്കും മക്കൾക്കും
ഒപ്പമിരുന്ന് ടി.വി.യിൽ പാട്ടും കൂത്തും കോമഡി
ഷോകളും കണ്ടു രസിക്കുന്നു.
എത്ര ഭാഗ്യവാന്മാരാണ് നമ്മൾ.

- എം. മുകുന്ദൻ



# BUDHA FORGETS TO SMILE

**Nuzla Thabassum**
(IInd Year MA, English)

The epic victory of the National League for Democracy in the landmark national election in Myanmar in November 2015 grabbed worldwide headlines. Not so the Rohingyas refugee crisis. In fact, the Rohingyas emergency has received far less media attention than its magnitude would seem to warrant, possibly due to the concurrent migration crisis in Europe. Indeed, the differences in media coverage between the two humanitarian emergencies are striking, especially considering their many similarities, including the thousands of lives at risk, the hundreds of deaths at sea, the involvement of smugglers, and the ambiguous behavior of the concerned countries regarding the migrants' acceptance and their international protection. However, one of the biggest (and most important) differences between the two emergencies is that in the Rohingya case, unlike in the European context, none of the involved states is a signatory to the 1951 Refugee Convention, nor its 1967 Protocol. Furthermore, the lack of a formal regional asylum framework has made the Rohingyas emergency that much more acute—and tragic.



- **Rohingyas emergency , a retrospection**

The United Nations refers to Rohingyas as one of the most persecuted minorities in the world and

probably among the most forgotten ones. The roots of the pattern of discrimination they have long faced are ethnic and religious, as they represent a minority that primarily resides in Rakhine State

The story of their persecution dates back even before the establishment of the Republic of the Union of Myanmar, precisely during Second World War. During the war the Rohingyas declared their loyalty to the British, while the remaining part of the population, the Arakanese (Arakan is the former name of Rakhine State), decided to side with the Japanese. Even after the establishment of Myanmar in 1948, this Muslim minority had to face a constant anti-Rohingya campaign characterized by denial of their rights and discrimination. The anti-Rohingya events culminated in violent episodes carried out by the military junta in 1978 and again in 1991 which drove 200,000 and 250,000 Rohingyas, respectively, out of the country to Bangladesh, where they immediately found protection. In addition to the violence against Rohingyas in subsequent years—including the destruction of mosques and schools in Rakhine State—discrimination against them was institutionalized politically with the enactment of the 1982 Citizenship Law.The new law denied them Burmese citizenship making them stateless. Myanmar's government does not recognize Rohingyas among the national races (like it does for Barman or Arakanese) even if there is evidence proving they were born in the country, and thus refers to them as "Bengali," illegal immigrants.

By virtue of being deemed stateless, or even worse, regarded as illegal migrants, Rohingyas have no standing to protest against discrimination before national authorities. Their situation is further compromised by the fact that none of the surrounding states are signatories to the 1951 U.N. Refugee Convention, or its 1967 Protocol; nor has a regional refugee protection framework yet been developed.

The Rohingya community has suffered the abridgement of fundamental rights, such as freedom of movement, religion, employment, and access to education—a situation made worse by additional measures taken against ethnic identity that limit their rights to get married or even to have children.Consequently, over the years Myanmar, and especially the Rakhine State, has registered an increase in the number of people fleeing the country, mainly towards safer neighboring States.




> The story of their persecution dates back even before the establishment of the Republic of the Union of Myanmar, precisely during Second World War.

It is also important to note that the persecution of Rohingyas has fueled widespread tension among local ethnic groups as confirmed by several episodes of violence caused by Rohingyas. This is demonstrated in 2012 when a young Arakanese women was raped and killed by three Rohingyas giving rise to fights and several deaths in a number of villages. Fighting ensued, including Arakanese and Buddhist monks, as well as the national army, which instead of securing the region, watched or even joined the Arakanese mobs. Inevitably, thousands of individuals were forced to flee, crossing borders illegally, through the Naf River or alternative maritime routes, in order to reach safer states, such as Bangladesh, Thailand, Malaysia, and—more recently—Indonesia.

Therefore, the 2015 exodus, during which thousands of Rohingyas fled the country on hazardous journeys by boat, is just a consequence of the escalation of discrim-



ıation and violence occurring in the Rahine region.

tate of stateless! 1978, Bangladesh has epresented the first destination of Roingya asylum seekers, considering the roximity, the common religion, and—ıost importantly—because Bangla-eshi authorities initially recognized the umanitarian needs of these undocu-ıented Myanmar migrants. According o U.N.H.C.R., about 32,000 registered Rohingyas currently live in two govern-ıent-run camps, near Cox's Bazar, in Ku-upalong and Nayapara, while it is esti-ıated that an additional 200,000 unreg-stered Rohingya refugees live nearby n unofficial camps. Although it might eem a relief that this contingent of asy-um seekers settled in a safer country, life n these camps is dire, as many of them ive without enough food, and have very imited access to education and work op-portunities.

Although Bangladesh has proven to be open to this minority, it is clear that it is not, or maybe cannot be, totally committed to finding a durable solution to this issue. After all, Bangladesh ranks among the poorest and most populated country in the region.This leads to national authorities being more focused on internal questions (in particular with reference to a possible labor market unbalance, as Rohingyas would accept unskilled jobs at lower wages). Furthermore, Bangladeshi politicians have always regarded Rohingyas acceptance and settlement as temporary. Paradoxically, Bangladesh itself has considered this Myanmar minority as illegal migrants, denying them the possibility to obtain citizenship.

> Although Bangladesh has proven to be open to this minority, it is clear that it is not, or maybe cannot be, totally committed to finding a durable solution to this issue.

Moreover, following the spring 2015 migration emergency, Bangladesh has turned away new migrants, and has declared on several occasions the intention to start a repatriation program. Luckily, this plan was not accomplished;however it gave rise to a "ping-pong" strategy with the other destination countries, Malaysia, Thailand, and Indonesia that evidently shows their reluctance to take any international responsibility.All of these countries have recently experienced a consistent flow of migrants. Malaysia not only represents an Islamic country, but thanks to U.N.H.C.R., Rohingyas can be granted refugee status there. Thailand, especially Ranong province, is easy to reach by boat; some migrants have been able to settle there, and even to gain citizenship. In addition, a portion of these migrants consider their initial point of arrival as a temporary base, from which to reach another destination; some Rohingyas have attempted to cross to Indonesia, and from there Australia, a signatory to the Geneva Convention.



What the media described was just the tip of the iceberg with long-lasting humanitarian crisis, which, worst of all—apart from the numbers of refugees, the human trafficking, and the deaths—has an absence of any international atten-

tion. Instead, regional actors inevitably are more involved in refugee protection.

At the same time, rejection of migrants and projects for refugees' assisted return are not the proper answer at the moment, since their lives are still at risk. In fact, a top official in Aun San Suu Kyi's administration has said that addressing Rohingya tension is not a top priority of the nation. Moreover, Myanmar cannot be considered politically stable, especially from the ethnic point of view. Besides the Rohingyas issue, the country has still to manage tensions (which often turn into conflicts) among other minorities (Shan, Karen, Kachin, and Lisu) that, together, account for 40 percent of Myanmar's population. Not even the recent national ceasefire agreement, signed with eight armed groups, would grant some sort of stability in the region.

Consequently, it is hard to see a reachable independent and internal solution to the Rohingyas emergency. It is instead more suitable to seek an international alternative.

### The Role of Regional and International Actors

In recent years, natural hazards, climate change, and international and civil wars have all contributed to more and more people fleeing their homes. Issues related to international migration—not just those specifically pertaining to refugees—are no longer simply a national problem. On the contrary, such issues pose challenges that can only be addressed effectively and humanely with focused international attention and concerted action.

In addressing the Rohingyas emergency, the Association of Southeast Asian Nations (ASEAN) could play a leading role. One approach would be for ASEAN to exert economic pressure on Myanmar to gradually reduce discrimination against Rohingyas. Here, ASEAN has leverage, since its members represent the biggest investors in the country. However, applying this pressure would require the political will to employ it, especially as non-interference in the domestic affairs of member states is one of its founding principles. Another approach would be for ASEAN, building upon the Bali Process,to work towards the establishment of a common regional framework concerning illegal migrants and refugees, which, at an initial stage, may even differ from the Geneva Convention.

Some initiatives in this direction have already been organized, as in May and December 2015, where two international meetings were held among the directly affected countries, aiming at coping with the migration emergency. In last December's meeting, Southeast Asian representatives met in Bangkok to define a common strategy on crucial issues, such as migrant protection, irregular migration prevention, and the fight against human smuggling.

In the long run, it is possible to envision cooperation with the European Union and the United States. Indeed, European states share similar experiences with ASEAN ones, but, at the same time, have an established framework of regional cooperation. In this sense, European Union, besides supporting funding—that has already granted—through international forums and cooperation, can provide useful tools to be used in addressing refugee and migrant management.




അശിൻ വിരാതു

> One approach would be for ASEAN to exert economic pressure on Myanmar to gradually reduce discrimination against Rohingyas.

Moreover, as in the ASEAN case, both European Union and United States could, eventually, make pressure in the region with sanctions that previously have been used against the junta, in the attempt to mitigate the root causes of this migratory emergency. In fact, if it is true that Myanmar is moving towards democracy, authorities will have to implement reforms against ethnic and religious discrimination, as well as secure the ethnic areas. In this process, Mynamar could find Western actors as solid partners, who have humanitarian and economic interests in collaborating with Myanmar.

The development of the Rohingyas emergency will depend, in the end, on the concerned States' intentions. ASEAN nations must choose between a short-run strategy with immediate results or a long-run program, supported by international actors, which could establish a shared legal framework, sustainable from the political and humanitarian point of view. ●

വിവ: **അബ്ദുൽ മജീദ്**
(ഒന്നാംവർഷം, എം.എ, അറബി)

ദർവീശിന്റെ 'ഐഡന്റിറ്റി കാർഡ്' എന്ന കവിതയുടെ
സ്വതന്ത്രവിവർത്തനം

# ഐഡന്റിറ്റി കാർഡ്



എഴുതിയെടുത്തോ
ഞാൻ ഒരറബി!
എന്റെ ഐഡന്റിറ്റി കാർഡ് നമ്പർ 50000
എട്ട് മക്കളുണ്ടെനിക്ക്
ഒമ്പതാമത്തേത് ഈ വേനലിനൊടുവിൽ വരും
എന്താ നിനക്ക് ദേഷ്യം വരുന്നുണ്ടോ?

എഴുതിയെടുത്തോ
ഞാൻ ഒരറബി!
ക്വാറിയിൽ മറ്റുള്ളവരെപ്പോലെ
പണിയെടുക്കുന്നു
എട്ട് മക്കളെ തീറ്റുന്നു
അവർക്ക് പുസ്കവും ഉടുപ്പും വാങ്ങുന്നു
നിന്റെ വീട്ടുപടിക്കൽ വന്ന് ഞാൻ ഇരക്കാറില്ല
ഞാൻ നിനക്ക് അടിമപ്പണി ചെയ്യാറുമില്ല
എന്താ നിനക്ക് ദേഷ്യം വരുന്നുണ്ടോ?

എഴുതിയെടുത്തോ
ഞാൻ ഒരറബി!
ജാതിവാലില്ലാത്ത ഒരു പേരുണ്ടെനിക്ക്
ക്ഷുഭിതരുടെ രാജ്യത്തെ ക്ഷമയെന്ന്
നിനക്കെന്നെ വിളിക്കാം
സമയവും കാലവും പിറക്കും മുമ്പേ
പൈനും ഒലീവും മുളക്കും മുമ്പേ
പച്ചപ്പുൽനാമ്പ് പൊടിക്കും മുമ്പേ
എന്റെ വേരുകൾ പിഴുതെറിയപ്പെട്ടിരുന്നു

എന്റെ ഉപ്പയും ഉപ്പൂപ്പയും കർഷകരായിരുന്നു
നിറച്ചുണ്ടവരല്ല
ഉന്നതകുലജാതരുമല്ല
വായിക്കാൻ പഠിപ്പിക്കും മുമ്പ്
അവരെന്നെ സൂര്യന്റെ മഹത്വം പഠിപ്പിച്ചു
ഒല മേഞ്ഞൊരു ചായ്പ്പിലാണെന്റെ താമസം
നിനക്കെന്റെ കുടുംബ മഹിമ ദഹിക്കുന്നില്ലേ?
ജാതിവാലില്ലാത്ത ഒരു പേരുണ്ടെനിക്ക്
എഴുതിയെടുത്തോ
ഞാൻ ഒരറബി!
എന്റെ പിതാമഹരുടെ ആരാമങ്ങൾ
നീ കൊള്ളയടിച്ചു
എന്റെ മക്കളോടൊപ്പം
ഞാൻ നട്ടുനനച്ച പാടങ്ങൾ
നീ കട്ടെടുത്തു
ഈ കരിംപാറകളല്ലാതെ
എന്താണ് നീ ബാക്കി വെച്ചത്?!

അതുകൊണ്ട്
ഒന്നാം പേജിന്റെ തുടക്കത്തിൽ തന്നെ
നീ കുറിച്ചു വെച്ചോ
എനിക്ക് ആളുകളെ വെറുക്കാനറിയില്ല
ഞാനൊരു ഭീകരവാദിയുമല്ല
പക്ഷെ!
എനിക്കു വിശന്നാൽ
എന്റെ ആഹാരം
ഒറ്റുകാരന്റെ മാംസമായിരിക്കും
കരുതിയിരുന്നോ
നീ കരുതിയിരുന്നോ
എന്റെ വിശപ്പിനെ
എന്റെ ദേഷ്യത്തെ.

# യുവതുർക്കികളുടെ നാട്ടിൽ

ഹൂദ മൻഹാം (ഒന്നാംവർഷം, എം.സി.ജെ.)

സഞ്ചാരികളുടെ പറുദീസയാണ് തുർക്കി. ചരിത്രവും വർത്തമാനവും കൈകോർത്തു നിൽക്കുന്ന കാഴ്ചകളിലൂടെയുള്ള യാത്ര അതൊരു സ്വപ്നമായിരുന്നു. കുളിർമയുള്ള കാലാവസ്ഥയും വൃത്തിയും വെടുപ്പുമുള്ള നിരത്തുകളാണ് തുർക്കിയെ അവിസ്മരണീയമാക്കുന്നത്. ഇസ്ലാമിക- ക്രൈസ്തവ ചരിത്രസംഭവങ്ങൾക്ക് സാക്ഷിയായ തുർക്കിയെ കാണാൻ 2015 മെയ്മാസം സൗദി ദമ്മാമിൽ നിന്നാണ് ഞങ്ങൾ തിരിച്ചത്. കൂടെ എന്റെ രണ്ടു മക്കളും ഭർത്താവിന്റെ മാതാപിതാക്കളുമുണ്ടായിരുന്നു. അന്ന് വൈകുന്നേരത്തോടു കൂടി തന്നെ ഇസ്താംബൂളിലെത്തി. നല്ല ആതിഥേയ മര്യാദയുള്ളവരാണ് എയർപോർട്ട് ഉദ്യോഗസ്ഥർ. അവരുടെ ചിരിയിൽ നിന്ന് ഞങ്ങൾ തുർക്കിയെ അറിയാൻ തുടങ്ങി. സംവത്സരങ്ങളുടെ പഴക്കമുള്ള നാടാണ് തുർക്കി. പൗരാണിക വാസ്തുവിദ്യകളോട് നീതി പുലർത്തുന്ന തരത്തിലുള്ള കെട്ടിടങ്ങളാണ് കാണാൻ കഴിയുന്നത്. യാത്രാക്ഷീണം കലശലായതിനാൽ ആദ്യദിനം വിശ്രമമായിരുന്നു. പിറ്റേ ദിവസമായിരുന്നു എന്റെ ഭർത്താവ് ഞങ്ങളുടെ കൂടെ എത്തിച്ചേർന്നത്. ജോലി സംബന്ധമായ കാരണങ്ങളാൽ ഞങ്ങൾക്കൊന്നിച്ച് യാത്ര പുറപ്പെടാൻ പറ്റിയില്ല.

കാഴ്ചകൾ കാണാനുള്ള ആദ്യദിനം, രാവിലെ തന്നെ ഹോട്ടലിൽ നിന്ന് ഞങ്ങൾ പോയത് തിയോഡോസിസിന്റെ ഒബ്ലിസ്ക് സ്ഥിതി ചെയ്യുന്ന സുൽത്താൻ അഹമ്മദ് മൈതാനിയിലേക്കാണ്. പതിനെട്ടാമത്തെ ഈജിപ്ത് രാജവംശ പരമ്പരയിലെ ടുട്ട്മോസിസ് മൂന്നാമനാണ് ഈ ഒബ്ലിസ്ക് സ്ഥാപിച്ചത്. മഹാനായ കോൺസ്റ്റൻന്റൈൻ തന്റെ തലസ്ഥാനം അലങ്കരിക്കുന്നതിനു വേണ്ടി ഇത്തരം ഒബ്ലിസ്കുകൾ ഈജിപ്തിൽ നിന്നും റോമിലേക്ക് നീക്കം ചെയ്തിരുന്നു. കുറേ കാലങ്ങൾക്കു ശേഷം തിയോഡോസിസ് ഒന്നാമന്റെ കാലത്ത് വീണ്ടും അവയെ ഇന്ന് കാണുന്ന സ്ഥലത്ത് പുനഃപ്രതിഷ്ഠിച്ചു. ഈ ശിലാസ്ഥാപനത്തിന്റെ ഉയരം ഏകദേശം ഇരുപത് മീറ്ററോളം വരും. സർപ്പന്റ്കോളം മറ്റൊരു വെങ്കല സ്മാരകമാണ്. തുർക്കിയിലെ പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രം സുൽത്താൻ അഹമ്മദ് പള്ളി അഥവാ ബ്ലൂ മോസ്ക് ആയിരുന്നു ഞങ്ങളുടെ




ബുർസയിലെ വലിയ മരങ്ങളുടെ ഇലകൾ


തുർക്കിയിലെ ഒരു പള്ളി


തുർക്കിഷ് ചായ



കേവ് മൗണ്ടയ്ൻസ്

അടുത്ത ലക്ഷ്യസ്ഥാനം. അതിന്റെ തലയെടുപ്പ് വളരെ വിദൂരത്തു നിന്ന് തന്നെ കാണാമായിരുന്നു. ആറ് കുംഭകളോടുകൂടിയ മിനാരം അതിന്റെ നിർമാണ വൈദഗ്ധ്യം വിളിച്ചോതുന്നതായിരുന്നു. സെദ്ഫ്കർ ഹമ്മദ് അഗാ എന്ന ശിൽപിയാണ് രൂപകൽപന ചെയ്തത്. 1609 മുതൽ 1617 വരെ ഭരണം കയ്യാളിയിരുന്ന സുൽത്താൻ അഹ്മ്മദിന്റെ ആജ്ഞപ്രകാരമാണ് ഇത് നിർമിക്കപ്പെട്ടത്. ഉമവി സുൽത്താൻമാരിൽ പതിനാലാം വയസിൽ പതിനാലാമനായി കിരീട ധാരണം നടത്തിയ സുൽത്താനായിരുന്നു പ്രഗൽഭനായ സുൽത്താൻ അഹ്മദ്. നീലനിറങ്ങളിലുള്ള ശിലകളാൽ നിർമിതമായതിനാലായിരിക്കാം അതിന് ബ്ലൂമോസ്ക് എന്ന പേര് ലഭിച്ചത്. പൂന്തോട്ടങ്ങളാൽ കമനീയമാക്കപ്പെട്ട പരിസരങ്ങൾ ബ്ലൂമാസ്കിനെ കൂടുതൽ അവിസ്മരണീയമാക്കി.

ഹാഗിയ സോഫിയയിലേക്കായിരുന്നു പിന്നെ പോയത്. ഒരിക്കൽ ലോകാത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടിരുന്ന ഈ നിർമ്മിതി ബ്ലൂമോസ്കിനടുത്ത് സ്ഥിതി ചെയ്യുന്നു. ഒരു ക്രിസ്ത്യൻ ചർച്ചായിരുന്ന അത്. പിന്നീട് ഒരു മുസ്ലീം പള്ളിയായി പരിണമിച്ചത്. ഇപ്പോൾ വലിയ മ്യൂസിയമായി പ്രവർത്തിക്കുന്നു. എ.ഡി 537ൽ നിർമ്മിക്കപ്പെട്ട ഹാഗിയ സോഫിയ ഗ്രീക്ക് ആധിപത്യത്തിൽ നിന്നും എഡി 1204ൽ നാലാം കുരിശു യുദ്ധകാലത്ത് റോമൻ ആധിപത്യത്തിലേക്ക് വരികയും അത് ഒരു റോമൻകത്തോലിക്കാ ചർച്ച് ആയി മാറ്റപ്പെടുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിൾ 1453ൽ തുർക്കികൾ പിടിച്ചടക്കിയപ്പോൾ അത് ഒരു മുസ്ലീം പള്ളിയായി മാറ്റപ്പെട്ടു. 1931 വരെ ആ നില തുടർന്നെങ്കിലും, 1935ൽ അത് മ്യൂസിയമായി തുറക്കപ്പെട്ടു. ബൈസാന്റിയൻ ശിൽപ ചാതുര്യം നിറഞ്ഞു കവിഞ്ഞു നിൽക്കുന്ന ഈ നിർമ്മിതി തന്നെ വേറിട്ടു നിൽക്കുന്നതാണ്. മാർബിൾ തൂണുകളാലും മനോഹരമായ ശിലകളാലും നിർമ്മിക്കപ്പെട്ട അതിന്റെ ഏറ്റവും ഉയരത്തിലുള്ള ഡോമുകളിൽ കന്യാമറിയത്തിന്റേയും യേശുക്രിസ്തുവിന്റേയും ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടത് വളരെ അതിശയകരമാണ്. ആധുനിക സംവിധാനങ്ങളില്ലാത്ത ആ കാലത്ത് ഇതൊക്കെ ചെയ്തുകൂട്ടിയതും നിർമ്മിച്ചതുമൊക്കെ ആലോചിച്ചപ്പോൾ വാ പൊളിച്ചു നിൽക്കാനേ കഴിഞ്ഞുള്ളു. ക്രിസ്ത്യൻ മതപരിവേഷത്തിന്റെ ഈ ചിത്രങ്ങൾ നിലനിൽക്കെ തന്നെ ഇസ്ലാമിക ചരിത്രത്തിലെ പ്രമുഖരായ നാലു ഖലീഫമാരുടെ പേരുകൾ അതിന്റെ ഉന്നതിയിൽ കൊത്തിവച്ചിരിക്കുന്നു. ഉള്ളിലേക്ക് പ്രവേശിച്ച് തലയുയർത്തി നോക്കിയാൽ ആ സൗധത്തിൽ ഇതൊക്കെ നമുക്ക് കാണാം. നൂറ്റാണ്ടുകൾക്ക് മുൻപ് മനുഷ്യ കരങ്ങളാൽ നിർമ്മിക്കപ്പെട്ട ഈ നിർമ്മാണ വൈദഗ്ധ്യത്തിനു മുന്നിൽ കൈ കൂപ്പാനേ നമുക്കാവൂ.

അടുത്ത ദിവസം ബുർസ്സയിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. അവിടേക്കുള്ള യാത്ര വളരെയധികം ഹൃദ്യമായിരുന്നു. പച്ചപുതച്ച് നിൽക്കുന്ന മരങ്ങളും ഒലീവ് തോട്ടങ്ങളും, റുമ്മാൻ തോട്ടങ്ങളും ധാരാളമായി റോഡിന്റെ ഇരു വശങ്ങളിലായി കൃഷി ചെയ്തതായി കാണാം. മർമറാ കടലിലൂടെയുള്ള ജങ്കാർ യാത്രയിൽ ഏകദേശം രണ്ട്

മണിക്കൂർ സഞ്ചരിച്ചാണ് മറുകരയിലെത്തിയത്. അവിടെ നിന്ന് ധാരാളം പോകാനുണ്ടായിരുന്നു ബുർസ്സയിലേക്ക്.

മർമരാ കടലിനടുത്തുള്ള 2500 മീറ്റർ ഉയരമുള്ള ഉലുദഗ് പർവ്വതത്തിനു ചുവട്ടിലാണ് ബുർസ്സാ സ്ഥിതി ചെയ്യുന്നത്. ധാരാളം പള്ളികളും ചരിത്ര സ്മാരകങ്ങളും ഒരു പാട് പച്ചപ്പും നിറഞ്ഞ സ്ഥലമായതിനാൽ യസ്സിൽ ബുർസ്സ(ഹരിത ബുർസ്സ) എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നു. ഉച്ചയായപ്പോൾ ടൂർ ഗൈഡ് അവിടുത്തെ പ്രസിദ്ധമായ കബാബ് ലഭിക്കുന്ന സ്ഥലത്തേക്ക് ഞങ്ങളെ കൊണ്ടു പോയി. ഇസ്ക്കന്തർ വെബാബ് എന്നപേരിൽ അറിയപ്പെടുന്ന ഈ വിഭവം വളരെ സ്വാദേറിയതും മുൻപ് കഴിച്ചവയേക്കാളൊക്കെ വളരെ രുചിയേറിയതുമായി തോന്നി. ശേഷം 1467ൽ പണിത പുരാതന പള്ളിയിൽ നമസ്ക്കരിക്കാൻ കയറി. ഒരു തുർക്കിഷ് പള്ളിയിൽ എത്തിപ്പെടാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥയായി. മധ്യവയസ്ക്കരോടും ഒത്തിരി പ്രായം ചെന്ന സ്ത്രീകളെ കണ്ട് ചില വർത്തമാനങ്ങൾ പറഞ്ഞു. ഞമ്മൾ 'ഹിന്ദുസ്ഥാനിൽ' നിന്ന് വരുന്നവരാണ് എന്നറിഞ്ഞപ്പോൾ ആശ്ചര്യപ്പെട്ടു. എന്റെ അഞ്ചു വയസ്സുകാരിയായ മകൾ നമസ്ക്കാരത്തിൽ ഖുറാനിലെ വചനങ്ങൾ ഓതുന്നത് കേട്ടപ്പോൾ അവരുടെ ആഹ്ലാദം ഇരട്ടിച്ചു. സമ്മാനമായി അവൾക്ക് ഒരു വലിയ ചോക്ലേറ്റ് പാക്ക് നൽകുകയും ചെയ്തു. ഇവിടുത്തെ നല്ല കാര്യമായി ഞാൻ നിരീക്ഷിച്ചത് പഴയ സ്മാരകങ്ങളും പള്ളികളും കെട്ടിടങ്ങളും നല്ലപോലെ നിലനിർത്തിക്കൊണ്ടു പോകുന്നു എന്നതല്ലാതെ പഴമ നഷ്ടപ്പെടാതെ തന്നെ.

അടുത്ത ലക്ഷ്യം ഉലുഡാക് പർവ്വതം ടെലിഫെറി വഴി കയറുക എന്നതായിരുന്നു. ഇവിടത്തുകാർ കേബിൾ കാർട്ടിന് ടെലിഫെറി എന്നാണ് പറയാറ്. ചില്ല് കൂട്ടിലുള്ള കാർട്ടിൽ ഇരുന്ന് നീങ്ങുമ്പോൾ എന്തെന്നില്ലാത്ത പേടി അനുഭവപ്പെട്ടു. കാലാവസ്ഥാ വ്യതിയാനത്തിൽ സംഭവിച്ച മഞ്ഞുരുക്കം കണ്ട് മനസ്സ് വേദനിച്ചു. കുറച്ച് നാളുകൾ മുമ്പേ വന്നിരുന്നെങ്കിൽ മഞ്ഞ് നല്ലവണ്ണം ആസ്വദിക്കാമായിരുന്നു. എങ്കിലും മുകളിലെത്തി അവിടെയും ഇവിടെയുമായി അവശേഷിച്ച മഞ്ഞുക്കട്ടകളെടുത്ത് നമ്മൾ


ചിമ്മിനി കേവ്


പമുക്കലെയിലെ ട്രവർടൈൻസ്


ടോപ്കാപി മ്യൂസിയത്തിന് മുന്നിൽ ലേഖിക




തെരഞ്ഞെടുപ്പ് പ്രചാരണ ബോർഡ്



പട്ട് ഫാക്ടറിയിലെ കാർപറ്റുകൾ

പന്തുണ്ടാക്കി എറിഞ്ഞു കളിച്ചു. അവിടെ നിന്നു വീണ്ടും കുറച്ചു ദൂരം കൂടി തുറന്ന കാർട്ടിൽ സഞ്ചരിച്ചു. ഇവിടെ വളരെയധികം തണുപ്പനുഭവപ്പെട്ടു. തിരിച്ചു പോവുന്നതിനിടയ്ക്ക് വന്മരങ്ങളും പ്രത്യേക ആകൃതിയിലുള്ള അവയുടെ ഇലകളും കണ്ണിന് ആനന്ദം നൽകി. എവിടെയും നല്ല പച്ചനിറം. തണുപ്പിനാക്കം കുറയ്ക്കാനായി ഞങ്ങൾ താഴെയിറങ്ങി തുർക്കിഷ് ചായയും പിന്നെ പൊരിച്ച ഐസ്ക്രീമും കഴിച്ചു. ഇവിടെ ഇരുന്ന് ബസാ നഗരം നന്നായി കാണാമായിരുന്നു. 29-ാം തീയതി, ഞങ്ങൾ ഇസ്മീറിലേക്ക് പറന്നു. മനോഹരമായി സംവിധാനിച്ച പച്ച പരവതാനികൾ, കൃഷി തോട്ടങ്ങൾ അവിടവിടങ്ങളിലായി മനോഹരമായി പണിത ലാളിത്യം നിറഞ്ഞ കൊച്ചുവീടുകൾ, വൃത്തിയുള്ള റോഡുകളും ഫുട്പാത്തുകളും. ഏഗീൻ കടലിൽ അങ്ങ് ദൂരെ ഏതാനും ഗ്രീക്ക് ഐലന്റുകൾ കാണാമായിരുന്നു.

അടുത്ത ദിവസം ഞങ്ങൾ വൈറ്റ് കാസ്റ്റിൽ അഥവാ കോട്ടൺ കാസ്റ്റിൽ എന്ന പേരിൽ അറിയപ്പെടുന്ന പമുക്കിൽ. എന്ന സ്ഥലത്തെത്തി. ഇവിടത്തെ പ്രത്യേകത ഭൂമിക്കടിയിൽ നിന്ന് സ്വാഭാവികമായി ഒഴുകിയെത്തുന്ന ചെറുചൂട് നീരുറവ ഒഴുകി ഒഴുകി പോകുന്നു എന്നതാണ്. ഈ നീരുറവയിലുള്ള ബയോകാർബൈനെറ്റ് സർഫൈറ്റ്, കാത്സ്യം എന്നിവയുടെ കണ്ടന്റ് കാരണം ട്രാവിറ്റിൻസ് രൂപീകൃതമാവുന്നു. നീരുറവകൾ ഒരു ക്ലിയർ വാട്ടർ പോർട്ടിൽ ഫോം ആക്കിയിട്ടുണ്ട്. ഈ പോർട്ട് റോമൻ കാലത്ത് തന്നെ വൈദ്യവിധിയായി ഉപയോഗിച്ചിരുന്നു.

പുരാതന ഈജിപ്തിലെ ക്ലിയോപാട്ര രാജ്ഞി സൗന്ദര്യം നിലനിർത്താൻ വേണ്ടി ഇതിൽ ഇറങ്ങി കുളിച്ചതായി പറയപ്പെടുന്നു.

ശേഷം എഫസസ്, അപ്പോളൻ ക്ഷേത്രം, പുരാതന ലൈബ്രറി തിയേറ്ററുകൾ ഒക്കെ സന്ദർശിച്ചു. അടുത്ത ദിവസം ലെതർ ഉൽപ്പന്നങ്ങൾ ഔട്ട്ലെറ്റിലേക്ക് പോകുന്ന വഴി, കുതിര സവാരി ചെയ്തു. ആദ്യമായിട്ട് ഒരു കുതിരപ്പുറത്ത് കയറിരിക്കാനുള്ള ഭാഗ്യനിർവൃതിയിലായിരുന്നു ഞാൻ.

എന്റെ കുഞ്ഞുമോൾ അവയ്ക്ക് തീറ്റകൊടുത്തു ആസ്വദിച്ചു. അടുത്തത് പട്ടുകൾ നിർമ്മിക്കുന്ന കാർപെറ്റ് വ്യവസായ ശാലയിലേക്കാണ് പോയിരുന്നത്. അവിടെയും അങ്ങുമിങ്ങുമായി യുവതികളിരുന്ന് കൈകൊണ്ട് കാർപെറ്റ് നെയ്തുണ്ടാക്കുന്ന കാഴ്ച അത്ഭുതപ്പെടുത്തി.

വളരെ സൂക്ഷ്മതയോടും സമയമെടുത്തും ചെയ്യുന്ന ഈ തൊഴിൽ ഒത്തിരി ബുദ്ധിമുട്ടുള്ളത് തന്നെ. അതുകൊണ്ട് തന്നെ അവ വളരെ വിലയേറിയതുമാണ്. നിറങ്ങൾക്ക് വേണ്ടി പ്രകൃതിപരമായ നിറങ്ങൾ ഉപയോഗിക്കുന്നു. തുർക്കിഷ് കാർപെറ്റുകളും അതുപോലെ ഫ്ളോർ മാറ്റുകൾ ലോകോത്തര നിലവാരമുള്ളതും പ്രസിദ്ധവുമാണ്. തൊട്ടടുത്തുള്ള റെസ്റ്റോറന്റിൽ നിന്ന് ഉച്ച ഭക്ഷണം കഴിച്ചു.

തുർക്കിഷ് ഭക്ഷണ സംസ്കാരത്തിൽ എണ്ണയിൽ വറുത്തുള്ള ഇനങ്ങൾ ഇല്ലെന്നുതന്നെ പറയാം. പുഴുങ്ങിയതും ചുട്ടെടുത്തതുമായ വിഭവങ്ങൾ, പഴവർഗ്ഗങ്ങൾ, സാലഡുകൾ ഇന്നിവയാണ് ധാരാളമായി ലഭിക്കുക, അതുപോലെ ക്ഷീരോൽപ്പന്നങ്ങളുടെ വിവിധരൂപങ്ങൾ. കപ്പഡോ



കല്ലുമ്മക്കായും ചെറുനാരങ്ങയും ഉപ്പിലിട്ടത്



കരകൗശല നിർമിതികൾ



വിവാഹചിത്രങ്ങൾ പകർത്താൻ വന്ന യുവമിഥുനങ്ങൾ



ഉന്തുവണ്ടിയിലെ റൊട്ടി



ഗ്രേറ്റ് ആൻഷ്യന്റ് തിയേറ്റർ

ക്യയിലേക്ക് കയറി. പിറ്റേ ദിവസം സെൽവ ഓപ്പൺഎയർ, സെൽവ താഴ്വര, ഗോർമീ നാഷണൽ പാർക്ക്, ഗുഹാ പർവതങ്ങൾ ഇവയെല്ലാം കണ്ടാസ്വദിച്ചു. 1985 വരെ ഈ ഗുഹകളിൽ ജനവാസമുണ്ടായിരുന്നു. അതിന് ശേഷം ഗവൺമെന്റ്. ഗുഹാമലകളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് വേണ്ടി അവരെ പുനരധിവസിപ്പിച്ചു. മൺപാത്ര നിർമ്മാണ ശാലയിൽ പോയി. പോർസ്ലിൻ കൊണ്ട് മനോഹരമായ ചിത്രപണികളുള്ള പാത്രങ്ങളും കൂജകളും നിരത്തിവെച്ചിരിക്കുന്നു.

ശേഷം സെൽചുക്കിലെ ഒരു മനോഹരമായ ഹോട്ടലിൽ ചെക്ക് ഇൻ ചെയ്തു. ചുണ്ണാമ്പ്കൊണ്ട് നിർമ്മിച്ച ഹോട്ടൽമുറികൾ വളരെ തണുപ്പായി അനുഭവപ്പെട്ടു. ഹീറ്ററിന് വേണ്ടി ചോദിച്ചപ്പോൾ ശീതകാലത്ത് മാത്രമേ അവ പ്രവർത്തിപ്പിക്കുകയുള്ളൂ എന്ന് പറഞ്ഞു. അടുത്ത ദിവസം അതിരാവിലെ ബലൂൺ സവാരിക്ക് വേണ്ടി ഞങ്ങൾ തിരിച്ചു. പറഞ്ഞറിയിക്കാൻ പറ്റാത്ത ഹൃദ്യമനോഹരമായ കാഴ്ചകളും വേറിട്ട ഒരനുഭവവവും നൽകി ഈ യാത്ര.

പ്രായമായ സ്ത്രീകൾ കാല് നീട്ടിയിരുന്ന് വലിയൊരു വട്ടമുള്ള പലകയിൽ നമ്മൾ ചപ്പാത്തി പരത്തുന്നത് പോലെ മാവുപരത്തി വൃത്താകൃതിയിലാക്കി അതിൽ കസ്സും പിന്നെ കുറച്ച് ഉള്ളിയും തക്കാളി വിതറി മറ്റേ പകുതി കൊണ്ട് മടക്കി നമ്മുടെ സാധാരണ പത്തിരിക്കല്ലിൽ വെച്ച് ചുട്ടെടുക്കുന്ന തുർക്കിഷ് പാൻക്കേക്ക് അഥവാ പിഡെ എന്റെ വായിൽ വെള്ളമൂറിച്ചു. കാഴ്ച്ചയിലെ ആനന്ദം ചിയിലില്ലെന്ന് കഴിച്ചപ്പോൾ മനസിലായി.

വീണ്ടും ഞങ്ങൾ ഇസ്തംബൂളിലേക്ക് മടങ്ങി. ഇപ്ര ശ്യം ടക്സിം സ്ക്വയിറിടുത്താണ് താമസിച്ചത്. ഇതിന ത്താണ് പ്രസിദ്ധമായ പുരാതന തെരുവ് ഇസ്തിക്ലാ സ്ഥിതി ചെയ്യുന്നത്. ഇവിടെ ഒരുപാട് കഫേ, ഭക്ഷണ ലകൾ, നിശാക്ലബ്ബുകൾ, സംഗീത സ്റ്റോറുകൾ തുടങ്ങിയ കാണാം. അടുത്തദിവസം കുറച്ച് ഷോപ്പിങ്ങ് നടത്താ ന്ന് തീരുമാനിച്ചു. സ്ത്രീകളുടെ വസ്ത്രധാരണ രീതിയി വളരെ ആകൃഷ്ടമായതിനാൽ അത്തരം ഐറ്റംസ് ങ്ങാമെന്ന് വെച്ചു. പ്രശസ്ത ബ്രാൻഡ് ആയ ആർമൈ സ്റ്റോറിൽ കയറി രണ്ട് വസ്ത്രങ്ങൾ, തല മറയ്ക്കുന്ന ളുകൾ എന്നിവ വാങ്ങി.

ടോപ്കാപി പാലസായിരുന്നു അടുത്ത ലക്ഷ്യസ്ഥ നം. തുർക്കി രാജാക്കന്മാർ വാണിരുന്ന കാലത്ത് 500 ഷത്തിലധികം ഇവിടെയാണ് കഴിച്ചുകൂട്ടിയത്. ബോ ഫറസ് നദീ തീരത്ത് വളരെ മനോഹരമായ മുറ്റം, ധാ ളം പൂക്കളും ചെടികളും കൊണ്ട് അലങ്കരിച്ചിരിക്കുന പിന്നീട് അക്വേറിയം കാണാൻ പോയി. മനോഹരമാ പണിത അക്വേറിയത്തിനുള്ളിലൂടെ നീങ്ങുമ്പോൾ വെള ത്തിനടിയിലൂടെയാണെന്ന് തോന്നിപ്പോയി. മേലെകൂ സ്രാവുകൾ ഒഴുകുന്നത് കണ്ട് ഭീതി തോന്നി. എന്നാല രസകരമായിരുന്നു. ഇസ്താംബുൾ നഗരത്തിൽ നാവി നിയന്ത്രിക്കാനാവാത്ത കാഴ്ചകളുമുണ്ടായിരുന്നു. ക മ്മക്കായയും ചെറുനാരങ്ങയും എള്ള് വച്ച വട്ടാകൃതി ലുള്ള റൊട്ടി, അണ്ടിപ്പരിപ്പ് ചുട്ടെടുത്തത്. ഐസ്ക്ര വെൻഡർ( തൊപ്പിയും കോട്ടും ധരിച്ച് കസ്റ്റമേഴ്സി കളിപ്പിക്കുന്ന ജോലിക്കാരൻ പരമാവധി ഇത്തരം ഭക്ഷ്യ ഭവങ്ങൾ രുചിക്കാനും ഞങ്ങൾ മറന്നില്ല.

അന്ന് ഇസ്താംബുൾ തെരഞ്ഞടുപ്പ് ചൂടില്ലായിരുന വിവിധ പാർട്ടികളുടെ കൊടിതോരണങ്ങളും കൂറ്റൻ ഫ്ല ക്സ് ബോർഡുകളും നഗര ഗ്രാമ വ്യത്യസങ്ങളില്ലാ നിറഞ്ഞു നിന്നു. ജീവിതത്തിൽ ഒരു സ്ഥലം സന്ദർശി ട്ട് അത് വീണ്ടും കാണാൻ ആഗ്രഹിച്ച സ്ഥലം തുർക യായിരുന്നു. അത്രയ്ക്കും ഹൃദ്യമായിരുന്നു അവിടുത്തെ അനുഭവങ്ങൾ. വീണ്ടും തുർക്കി സന്ദർക്കണം വിധി ണ്ടെങ്കിൽ എന്നാശിച്ച് യാത്ര പറഞ്ഞു മടങ്ങി. ●

**Thasnim P**
(Ist Year MA, English)



# BL!SS

I have seen the earth joyful
Among the green paddy
fields
Feeling the rain drops
Starting to kiss it's little flower
And just winking towards the
sun.
Then;
I have seen the moon smiling
Among the millions of shining
stars
Enjoying the symphony
And greeting the earth below
To join in the happiness.

Then;
I have seen the blue sea
Dancing
Among the school of beautiful
fish
Singing the song of harmony
And chatting with the waves
To drench the sands nearby.
Then;
I have seen myself flying
Among the colourful butterflies
Scribbling the beauty
of nature And telling the untold stories
To my fellow butterflies.

"إلى الإستبداديّة وتَـجِدَ عـرفة خاصّةً   فيها

الـيوم لنا كثير مـن خصائص الـدول الإستبداديّة

كمارأيْنَا إنتهائها فى الشرق الأوسط بربيع العرب.

من خصائص الدّعل الإستبداديّة التـضخّم الماليـة

والبطَالة محاباة الأقارب وعدم حرّيّة التعبير وحريّة

إقتصاديّة. الحريّة ما الجريّة. وما أدركوا ما الحرّيّة.

يقول المخرج السينمائي أليس بكر من تونس

"كانت تونس كشركة بلا محاسب ولا حساب تحت

أيدى رين العابدين ابن عـلى كان يفعل ما يشاء

ويشاء ما ينفع له ولإسرته "  ليس الحال مختلف

فى أمـر الهند المعاصر. تفعل الحكومة ما تشاء

و تشاء ما ينفع لها ولأسرة الحـكام والسّياسين.

بسبب هذه إزْدَادَت الرشوة والفساد فى دولَتِنَا.

الحكومة تَهْضُم حـقوق الإنسان العادى وتستغـل

ثروتهم وتَحْتَلُّ فِى أمَاكنهم وتَشَتَّـتُ  شَملهم

وتدمّر ممـتلكاتهم لمقاصد سياسـيّة.

اليوم  حكومتنا مستعدة أن تبيع ثروتنا المائيّة

للشركات الأوربيّـين وتبيع  حقـوقنا للغربيّين.

الواقعة التى وقعت فى الماضي القريب هي خطيرة

غاية القصوى. إنّ الحكومة تريد أن تبيع حقنا

لإستعمال الشبكة العالميّة للـغربّين. نحن

سامعون إلى اصوات ترتفع من الوسائل الإجتماعية

لحَيادِيَّة الإنترنـتيّة (Net Neutrality)

كانت مـن واجبات الحكومة أن يتيقنوا أنّ كلّ مدنيّ

يـأكل أيّ شيء ولا يموت بعَدَمِيَّة الطعام فى أنحاء

الدّولة قبل أن تأمر الناس أن لا يأكلوا لَحْمَ الجاموس

والبقرة. الهند متطورَةٌ ونامـيـة ولاكن ماهناكَ

ميزانيّة بين الشرق والغرب والجنوب والشمال.

الهند الشـرقي فى أحوال خـطيرة. سياستهم

سياسـة عنف وحكومتهم حكومة لا ثبات لهنّ.




الإرهابية والتطرفية تهلك فضائها وجوها ورعم كلّ هذا هناك قوانين سوداء كأفْسبا (AFSPA)

فوق كلّ هذا تستغل الغربيون الانسان العادي من

الهند. الغربيون لهم عيون الـغراب وشامّة النّمـل.

يجتهدون بِقَضِـهِم وقضيضهم على إستـغلال

ثروتنا حضارتنا وثقافتنا. من المجرمة؟ المجرمة هي

الحكومة التى باعت وطننا للـغربيين. فحذار

حـذار من الحضـارة الأوربيّة التى هوت باالإنسان

الى درجة أدنى من درجة الحيوان لأنّها ألجأت الإنسان

العَـادي إلى الحاجات التى لم تكن فى الواقع ضروريّة

وشاعت فينا ثقافة الإستهلاكيّة.

رئيس الوزراء مسافر من بلد غريب إلى بلد غريب

آخر. لا نجده فى الوطن. لا تغنى سفره لأناس يأكلون

المجاعة ولا تغنى لباسهُ الثمينة لأطفال تموت من

الفاقة. ليستْ سياسَة اللّـحْم وسياسة التفريق

التى تمارسها منظمات الهند والفسطائيَة مناسبة

لمستقبل الهند.

يا رئيس الـوزراء... تحتاج العودة إلى البيت

إلى بيوت الفقراء والطبقات السفلى ولكن العودة ●



هذا هو . . . إنّ لـنـاَ هـنـد للأغنياء وهنِدٌ آحر لِلدّرك الأسفل من المُجْتمع.

الهــــند وطن د يموقواطيّة وجمهوريّة وعلمانيّة.

ولكن حكومتنا بعيدة كلّ الــبعد عن الـد يموقراطيّة. الدّ يموقرا طيّة فى ألفاظ أبـرهام لينغن "هــي دولة لمَنفَعَة الناس بأيدى النــاس وتقوم مقام الناس". ولكن ليس هذه الألفاظ مناسبة للبيان عن الد يموقراطية الهنديّ. يشــكو الأقليّون والأروميون مـن الطبقة السفلى والأناس العاديّين عن طرق يعالِجهم بهاالحكومة. أنّهم فى نظر القانون ليسوا سواء بل يميّز القانون بين طبقة وطبقــــة وجالية وجالية فـهنــاك مواطنون فى الدّرجة الأولى ومواطنون فى الدّرجة الثانية والثالثة ويوجد هذه التمييز فى معظم المجالات كالتعليم والعمل والقضاء والسّياسة.

إنّما يســعى إليه الإنسان العادي فى الهـــند هو نيل حقوق مشروعة فـى الدّستور ونيل الماء للشرب والطعام المغــذية لأطفالهم والمســكن. من الحقائق الحزينة أنّ فى الهـند حتى فى عصر التِّقْنية أطفال يموتون من الفاقة وعدميّة الطعام المعذية وفوق كلّ هذا ههُنا أمّهات يَبعْنَ أطفالهنّ فى الأسواق من الفاقة.

## هل الهند نامية ؟

الهـنـد المعاصر يواجه تعديّات عديدَه وقضيَات باعدَة. فاالقضيّات قـضيّان قضيّات ولا أبابكرلها فنـحتاج إلى أبي بكر لإصلاح القضيّات. مـازِلْنَا نفتـــخر أمام العالم أنّ النـــظام الإقتصاديّة الموجود فى الهند هي نــظام مثيليّ للــعالم. ليست نظام إشتمالية وليست رأسمَالية بل مركّب من الخصائص الحُسْن من تلك النظامات الشائع معظم العالم. ولكن على مرّ الدّهور وكرّ الأزمنة مادامَتْ علامات النظام الذ يموقراطيّة غائبة من نظامنا وبدات علامات الإستبداديّة فى نظامنا. وقـد صَدَق أم. أن. وجيَنْ "أعــراق الآخيرة من الدّموقراطيّــة نامية وشائَــعة

الأقليّة عددهم ولكن فى أيديهم معظم ثروة الدّولة هم الشركات والطبقة العليامن المجتمع . ومن الجدير باالذكر ههنا عن مُنظّمَة "آم آدمى" الإنسان العادي) التى أتت إلى مظهر السياسيّ الهنديّة حاليًّا . إنها ليستَ بكَمَالها منظمة سياسيّة لإنها في طفولتها . نقدرالآن أن نسمَاها إمكانيّة فى مشهدنا السّياسيّة ونجحت فى دلهى بأصوات المجتمع الوسطى الذين كانوا مثقفين والذين كانوا فى حاجة شديده إلى الحوائج اليوميّة فى حياتهم فى سعر عَادلْ . الماء والْكَهرباء والغاس كلّها كانت من حوائجهم وإستغلت المنظّمة آم آدمى ذلك الفرصة . هذه النجاة السياسيّة تشير الأصابع إلى حقيقة أنّ هناك كثير من سكّان البلد حتى فى المدن المتطورَة الذين لا يحصلون حوائجهم اليوميّة فى سعر عادل هذا أمر عجيب

## مَتَى تَأتى أيّام الخيريا رئيس الوزراء ؟

كَانت من مواعيد نريندرا مودى رئيس الوزراء الهندي فى وقت الإنتخاب أنّه سيأتى بأيَام الخير لعموم الهند. ولَكن هيهات هيهات أيّام الخير؟ لَمَّا وصلت حزب بها رتيا جانتا فى سلطة الهند تغيرّت الأحوال وغابت المواعيد والعهود إلى مكان ما ولكن صدق رئيس الوزراء الانّ هناك أيام الخير للشركات الغربيّة وللشركات الهنديّة. مازالت أيام الخير تأتى إلى فناء الأغنياء الذين هم مصدر المال فى وقت الإنتخاب والذين فى إيديهم ثروة الوطن كلّها والذين هم يملكون القوة والطاقة والذين لَهُمْ تُبْنَى القوانين فى مجلس النّوّاب والبرلمان والذين لهم يَظْهرو يدعي لهم الوكلاء المشهورون فى المحكمة

كان اوباما أوّل رئيس امريكيّ يحضر عرض عيد




الجمهوريّة وإحتفالات اليوم الوطنيّ فى الهند بدعوة شخصيّة من نريندرامودى . وقد خالف مودى بروتوكول الإستقبال . لأنَّ وفْقًا للْبروتوكول الهنديّ لايستقبل رئيس الوزراء الزوارَ الَأجانب لدى وصولهم بل يرجبهم فى مراسم رسميّة فى القصر الرّئاسيِ.

التى وقعت بعدئذ كانت أمر محفوف باالمخاطر وترسل أسهم الَأسئلة إلى ذهن الإنسان العاديّ. وقد اتخدت إجراءات أمنيّة مكثفة فى عاصمة نيودلهى بمناسبة العرض الذى يبرز القوة العسكريّة للهند وتنوعها الثقافيّ. أنّه قدنشرنحو ٤٠ ألفًا من قوات الأمن لتأمين الزيارة وتركيب ١٥٠٠٠ كاميرا مراقبة جديدةً فى أنحاء العاصمة. أنفقت آلافًا من خزانتنا العامّة لهذه الزيارة وللعرض العسكريّ ومع ذلك يخفى حكومتنا وتخاف أن يعرض وجه الهند الأصليّة امام العالم. حَظَرَت حكومة الهند "إبنة الهند" التى تظهر وتبرز حياة الهنديّة العاديّة ويقدم أمام العالم أسئلة عن حفاظتها وصيانتها ووقايتها فى المجتمع من أيدى الظالمين والمتحرّشين. لمَاذَا جاء اوباما الَى الهند ولَماذَا دعاه مودي؟ الَجواب واضح من الأحداثَ التى وقعت طول زيارته. كانت النوبات والفرصات مؤقتةً لكُلٍّ من أغنياء البلد والتجّار الغطماء الذين فى أيديهم قطب الهند. فاالحقيقة



**Thajudheen** (Ist Year BA, Arabic)

# يَا رَئِيسَ الوُزَرَاءِ.. مَتَى تَأْتى أيّام الخَيْر لَنَا؟

" أن يمنع للنّاس حقوقهم الأنسانيّة هو فى الحقيقة أن يتحدّى الإنسانيّة بنفسها " نَلْسَنْ مَنْديلا لَيسَتْ التميز بل السَّلْطَةَ تخلق القوانين توماس هوبس الألفاظ المذكورة ههنا بنَفْسها تكتشف أخوال الهند الزاهنة وإلى أهئوالاتها الرّاهنة ويُنَبّأنا عن ناقوص خطر قد دَقَّتْ أبوابنا . هذه محاولة يسيرة لمطالعة خاصّة عن التطوّر والتنمية التى هي واقعة فى الهند العصريّة. نبعث أين يقف الأنسان العادي فى خريطة هند المعاصر المُسَمَّية والمدّعى عليها أنّها دولة نامية نمعن ألظارنا إلى حياة الفرقة الأسفليّة والطبقة الأسفليّة وَإلىَ أيِّ قدر ينتفعون من التنميّة والتطوّر وإلَى من الذين ينتفعون وينمون ويرتفعون بمساعدة قوانين وأحكام بُنَيتْ ضدَّ المفْلسين والفقراء والإنسان العاديّ الذَين هم الأكثرية فى العدد

من هو الإنسان العاديّ؟ ليس الإنسان العاديّ الذى يقوم بمكنسة طول الشوارع فى أوقات الإنتضابات وليس هو من الذى يستعمل المكنسة لَمقصد سياسيّة. الإنسان العاديّ هو الذى يخاف أن يسافر فى المجتمع وحيداً. . .

هو الذى تخاف زوجتُهُ إذَا خرجَ لوظيفة لا يقين لها هل يرجع إلى البيت فى المساء أم لا هو الذى ينظره الناس باالخوف إن كان ذولحيَة عظيمة وقلنسوَة التى يلبسُهاَ حسب التقاليد الدّينيّة هو الذي يرفع صوته لحقوقة الإنسانيّة ولحقوق المدنيّة.. هو الذى يصوت لحريّة التعبير عن الذات. هو الذى يختنق من إضافة سعر الحوائج اليوميّة كاالبترول وديسل وغاس المطْبَخْ وغيرها. هو من الاروميّين ومن الطبقات السّفلى بل هم الأكثريّون فى عددهم. هو المُسْتَغَلَّ دَائمًا لِغِنَى الأغنياء ورفاهة فرقة التى هي

**Nashid P.K.**
(Ist Year, M.A. Arabic)

# VICTIMS

We are the victims of
so called system
it made us scapegoat of
awaited reputation ....
autonomous you are the word
which irritate us ...u were a
sacred angel until we tasted
today you became a nightmare
which driving us made
you know ,,, behind your shade
someone made us machines ..
to write exams
today we are not human beings
bcoz we have forgotten everything
even a milky smile
which we used to emanate
today we are worms
eating pages of declined theories
do you remember
we the people who stood for u
but today we r spoofed
dear authority .....
don't be authoritarian...
remember......
we are not your slaves swallowing
what you omit
we will never let you lashing at us
so much......
We will never let you spoil our
colorful future
we are the power
never be scattered
fortitude is our wealth
ink is our weapon
we would cease your charade





# Message

When I returned home after attending the funeral, my heart was heavy with unbearable sorrow. It wouldn't please anyone to have a bad dream come true. But it happened today; and I was bound to receive the reality without giving room for any hesitation. Often, fate makes miserable changes in our minds, regardless of time and age.

The sad incident resembles a dream I saw many years ago during my college days. When that morning I woke up, the bad dream remained within me like a wound and today when I face it, it seems the wound is soaked in blood once again.

There was a time some ten years ago when we, like heroes, sat between the benches and desks, blindly staring at the blackboard and wandering in a dream world of future. It was a time when we realized with some pride that we were not the mere boys of the school but the princes of a college.

The dream I saw with my degree classroom as background but had nothing to do with the pranks in the classroom. Yet, it had a persisting, serious implication about the future of my friends.

That was a Friday afternoon. For many of my friends Friday was a freedom from the boring menu of the hostel mess. That one being a language hour many had already bunked it. The boys stood outside and shouted while the girls laughed from the class. But all on a sudden, things changed and all the benches were occupied and the noise was hushed: the teacher was in.

Yaser was the one who always yawned in the class regardless of the subject and time of the class. When we began to notice his funny weakness Rashid once counted his yawn and commented that it came to a number more than the number of alphabets and characters in a single page. But that day he appeared very gloomy and his gaze was always directed toward the doorway as though he were waiting for someone dear to come in. He never yawned in between, I observed.

There was slim and small Anitha searching for something inside her bag. She who used to be

**Asha Hind**
(IIIrd Year,
BSc. Physics)



very anxious about getting an appropriate suitor was found very happy that day. And there was our Fathima, wrapped herself carefully in clean clothes, calm and quiet, taking down even the unwanted notes that the teacher was mentioning. Beyond the windows dark clouds gathered together for a heavy downpour.

> My attention was suddenly distracted when I noticed an impossible scene at the veranda.

My attention was suddenly distracted when I noticed an impossible scene at the veranda. Like a kindergarten there lined up many little kids aged four who curiously looked into our classroom as though they lost their beloved ones there.

The tinge of their faces varied- some pale, some a little red, chocolate or white. Yet all symbolized a single, heavenly emotion- innocence. Children want fun; they are both its owners and seekers. There I saw a chubby one, a cute little girl coming forward a little, her face suddenly colouring up. Pointing out at our surprised Rukiyah the child cried out:

"Yes, there is my Umma sitting on the third bench!"

We reacted quite natural to the unnatural situation. Though a little shy, Rukiyah soon joined her daughter and walked out of the classroom. Likewise many among us were called and they hurried to join their young ones.

The mothers carried their children lovingly while the fathers caught their tender fingers. Near the staircase beyond our window I saw a tall figure dressed in long, pure bright white robes directing the course of actions. Soon our future spouses gathered around the figure and the figure- the angel- directed them towards each of us.

As I watched Arun's son pummeling his thighs demanding something, I sensed a pinch on my shoulders- my daughter! She caught my fingers and dragged me forward saying, "Want to see mother just now, urgent!" Her blue eyes twinkled against my astonished expression. Before answering her I turned back to see what went on with the rest of my friends who were still in the classroom.

Yawning Yaser was still waiting, he was the one who waited first and nobody arrived for hem yet; no wife, no child. There was Abdullah staring at the blackboard, Harihar busily repairing his watch and poor Fathima on the first bench still writing down notes, it seemed that they couldn't involve in the miracle that was happening around them.

It was a real surprise to see the romantic





couples of our class, Salim and Nizma out there with their twin sons. My eyes traveled with their joy but got stuck on what was there on the staircase. There was our poor Nancy struggling with her differently-abled child on his wheelchair. Her patient husband helped them get down the staircase. Of course, the sensing of future is not often very pleasing.

I looked into the classroom again and found that Abdullah and Harihar just disappeared without any joy. Perhaps they were nipped in the bud by death before they bloomed. To my surprise and greif, there still remained Fathima, but not busy writing this time. I was to leave but I couldn't. I walked towards Fathima. (2

My deep sigh caught her attention; she stood up, her face dim with sorrow. I saw the angel walking away from us. It left us leaving our shoulders heavier. As I looked into the beautiful eyes of Fathima, she burst out.

"The angel told me that I'll never become a mother.... ..they'll seize out my womb at an operation theatre soon..." Tears came in wild channels from her eyes and she struggled for breath. She begged me in a very helpless tone,

"Ahmed, can't even you help me? Can't anyone on earth?" Uttering thus she weakly fell on to my shoulders and a lightning of pain rent my heart into pieces. She was my friend; but could we exchange our fate and share our pains? Facing the most miserable limitation about fate, I remained shuddered and frozen. The dark clouds that waited outside poured heavily now, just like our Fathima's pathetic woe.



The nightmare ended; the rain awoke me, the rain of fear. But today when we buried her, the clouds burst again, a rain of mourn. The angel was right; Fathima left the world suffering endless pain of the dread of cancer, death's servant. In her womb she carried not the pain of childbirth but the swollen injury of fate.

I can't still believe she is no more. But the same fate is still lingering about human beings playing a terrible hide-and-seek with its dark, masked face. God gives pain to remind many things but we only go for medicines and never find time to correct our mistakes from the truth around us. Every disease is a warning in disguise; the miseries of the sick a chance for others to value each healthy moment in their life and every loss a message to keep our possessions safer.

I wish no one on earth misused their fortune of having children. There is no warning bell to go to remind this; the last bell has already rung. It still echoes in the sighs of Fathima's beloved ones-Fathima, the message.

# I WALK.. THE FIRE SPILLED ROAD

**Hiba Farooq**
(IInd Year, B.A. Functional English)

I walk on the fire spilled road,
That was my homeland,
burning now! I weep with no one to hear me,
Only god knows what I have lost.
I don't know where to go,
I don't know what to do.
As I reach my so called house,
Now packed down with a grenade!
I reach my doorstep to see My family,
lying breathless
How malicious could man turn out to be?
The question actually is why!
I miss those days when peace,
Filled the world from all road,
That was my homeland burning now!

QUESTIONS Was I born, so that i suffer?
Or am I suffering, because born like this?
Am I being hated because of my colour?
Or is it the colour that....hates me?
Am I different because of my caste?
Or is my caste that is...different?
Am I to beg for a living? Or is my life that of a beggar?
Questions like this, arise from a child.
A child born in a slum.



ഷാന നസ്റിൻ
(മൂന്നാംവർഷം, ബി.എ. എക്ണോമിക്സ്)

# ഉച്ചഭാഷിണി

വാക്കുകൾ തികയാറില്ല
പലപ്പോഴും;
അനുഭൂതികൾ പങ്കുവെയ്ക്കാൻ...

രാത്രിയുടെ ഏതോ യാമങ്ങളിൽ
ഞെട്ടിയുണർന്ന്,
മഷിത്തണ്ട് തിരയാറുണ്ട് ഞാൻ;
എഴുതിയും മായ്ച്ചും
വെടിപ്പില്ലാതായിപ്പോയ
ഡയറിത്താളുകൾക്ക് മുന്നിലിരുന്നു കൊണ്ട്...

ലോകത്തോടിവ പങ്കുവെയ്ക്കാൻ
ഒരു ഉച്ചഭാഷിണി വേണമായിരുന്നു..
അതിന്റെ കാതിൽ മന്ത്രിക്കാൻ
സ്വരുക്കൂട്ടിയ സ്വപ്നങ്ങളാണീ
താളുകൾ നിറയെ..
പേനയുടെ മുനകൊണ്ട്
വെട്ടും മുറിവുമേറ്റ സ്വപ്നങ്ങൾ..

ചുടുനീർത്തുള്ളി പതിച്ച്
അക്ഷരങ്ങൾ പടർന്നു തുടങ്ങുമ്പോൾ,
സൂര്യകിരണങ്ങളെ നോക്കിയുള്ള
ഉപ്പന്റെ ചിറകടി തൊടിയിൽ ഉയർന്നു കേൾക്കാം..

അപ്പോഴെല്ലാം,
തീച്ചൂളയിൽ വെന്തുപാകമായ
മൺകട്ടകളെയോർത്ത്
നെടുവീർപ്പിടാറുണ്ട് ഞാൻ..

ഉച്ചഭാഷിണി അനിവാര്യമായിരിക്കുന്നു;
സ്വപ്നങ്ങളായീ വാക്കുകളെ
വിവർത്തനം ചെയ്യുവാൻ...
ഇനിയുമവ യാഥാർത്ഥ്യങ്ങളായി
വിവർത്തിക്കപ്പെട്ടില്ലെങ്കിൽ;
മനസ്സിന്റെ മതിൽക്കെട്ട്
ഉലഞ്ഞിടിഞ്ഞേക്കാം...

എത്ര വിവർത്തനം ചെയ്താലും
അവശേഷിക്കുന്ന വാക്കുകൾ
തിരക്കുകൂട്ടി തുടങ്ങിയിരിക്കുന്നു;
നിറഞ്ഞുകവിഞ്ഞ താളുകൾക്കു മുന്നിൽ...

ഉച്ചഭാഷിണി അനിവാര്യമായിരിക്കുന്നു !!!





# സെമിനാർ

പ്രാതൽ കഴിച്ചതിന് ശേഷം കണ്ണാടിക്ക് മുന്നിൽ നിന്ന് തന്റെ കുപ്പായത്തിനും പാന്റ്സിനും ചുളിവുകളൊന്നുമുണ്ടായിട്ടില്ല എന്ന് ഉറപ്പ് വരുത്തി ഗഫൂർ മാഷ് വാച്ചിൽ നോക്കി ധൃതിയിൽ വീട്ടിൽ നിന്നിറങ്ങി. ഉമ്മറത്ത് തുടച്ച് വൃത്തിയാക്കി മിനുക്കി വെച്ചിരുന്ന ഷൂസ് രണ്ടും കാലുകളിൽ തിരുകിക്കയറ്റി കാറിൽ കയറാനൊരുങ്ങവേ ഗൾഫീന്ന് ലീവിന് നാട്ടിലെത്തിയ അഹമ്മദ്ക്കാന്റെ ചോദ്യം, "മാഷ് ഈ ഞായറാഴ്ച രാവിലേം എങ്ങടാണ് ഒരുങ്ങി പോവണത്?"

"നമ്മുടേ ഈ മഴ ഇല്ലാത്ത അവസ്ഥയെ പറ്റിയും ചൂട് കൂടുന്നതിനെ പറ്റിയും യൂണിവേഴ്സിറ്റി കോളേജിൽ ഒരു സെമിനാറുണ്ടായിരുന്നു", ഗഫൂർ മാഷ് മറുപടി പറഞ്ഞു.

കാർ സ്റ്റാർട്ടാക്കി ഷെഡ്ഡിൽ നിന്നിറക്കിയതും, എന്തോ ഓർമ്മിച്ച മട്ടിൽ കാറിൽ നിന്നിറങ്ങി പറമ്പിലേക്ക് നടന്നു. അവിടെ പ്ലാവ് മുറിച്ചുകൊണ്ടിരിക്കുകയായിരുന്ന കുട്ടാലിക്കായോട് മാഷ് ഉറക്കെ വിളിച്ചു പറഞ്ഞു, "കുട്ടാലിക്കാ പ്ലാവിന്റെ വിറക് എല്ലാം കൂടി വിക്കണ്ട, കൊറച്ച് ഇവടെ കത്തിക്കാൻ എടുത്തു വെക്കണേ, ചക്ക ഇവടെ ഒരെണ്ണം വെച്ചിട്ട് ബാക്കിയുള്ളത് അപ്പൊറത്തെ പൊരക്കാർക്ക് കൊടുത്തോളീ".

"അങ്ങനെ ചെയ്യാ മാഷേ", കുട്ടാലിക്ക പറഞ്ഞു.

ഗഫൂർ മാഷ് തിരിച്ചു വന്ന് കാറിൽ കയറി. ചൂടിനെ പ്രാകിക്കൊണ്ട് എ.സി. ഓണാക്കിയ ശേഷം കാർ 'പ്രൊഫസർ പി.കെ. ഗഫൂർ' എന്ന് വലിയക്ഷരത്തിൽ എഴുതി വെച്ച ഗേറ്റിനു പുറത്തേക്കെടുത്തു. ●

ഫാസിൽ പുള്ളാട്ട്
(രണ്ടാം വർഷം, ബി.എസ്.സി. സുവോളജി)



# ഇനിയും അറിയാതെ

**ഹർഷ എസ്. ദാസ്**
(ഒന്നാംവർഷം,
ബി.എ.സോഷ്യോളജി)

ആകെ ഒരു വിഭ്രാന്തി! ആരെങ്കിലും അറിഞ്ഞാൽ? പ്രത്യേകിച്ചും മാമൻ. എന്തു തന്നെയായാലും ഇന്ന് ഞാൻ പോവും, അവൾ തീരുമനാനിച്ചു. പെട്ടെന്ന് ഒരുങ്ങി. കണ്ണാടിയിൽ നോക്കി അല്ലെങ്കിൽ വേണ്ട, സാം സംസാരത്തിനിടയിൽ എപ്പോഴും Simple look, Simple എന്നൊക്കെ പറയാറുണ്ട്. അതുകൊണ്ട് അണിഞ്ഞിരുന്ന കമ്മലും വളയും മാലയും എല്ലാം അഴിച്ചു മാറ്റി. പകരം കുരിശടയാളമുള്ള ഒരു കുഞ്ഞുമാലയും ഒരു ചെറിയ പൊട്ടുപോലുള്ള കമ്മലും നേരിയ ഒരു വളയും അണിഞ്ഞു. അയ്യോ! നേരം ഒത്തിരി വൈകി. അവൾ മനസ്സിൽ പറഞ്ഞു. ബസ്സ്റ്റോപ്പിൽ എത്താൻ തന്നെ കുറേ ദൂരം നടക്കണം. ഫോണെടുത്തു. സാമിനെ വിളിച്ചു. 'സാം, ഞാനിറങ്ങി.... ', ബാക്കി നേരിട്ട് പറയാം. ഓകെ......'

ഭാഗ്യം. സീറ്റ് കിട്ടി. ഉടനെ ഭാഗിൽ നിന്ന് ഫോണും ഇയർ ഫഓണും എടുത്തു. പാട്ട് കേട്ട് സീറ്റിൽ ചാരിക്കിടന്ന് സാമിന്റെ വീടുപണി നടന്നുകൊണ്ടിരിക്കുകയാണ്. ചില Work കൾ നടക്കുമ്പോൾ സാം വിളിച്ച് ചോദിക്കാറുണ്ട് 'റിയാ, ടൈൽസിന്റെ നിറം ഏത് വേണം' Window glass ന്റെ design എങ്ങനെ? ഞാനെന്തൊരു ഭാഗ്യവതിയാ, സാം എല്ലാത്തിനും എന്റെ അഭിപ്രായം അന്വേഷിക്കാറുണ്ട്. പക്ഷെ... മാമൻ.... മാമനോട് എങ്ങനെ ഈ കാര്യം പറയും? പഠിക്കണം. നല്ല ജോലി വാങ്ങണം എന്നു മാത്രമേ ഇക്കാലമത്രയും മാമൻ പറഞ്ഞിട്ടുള്ളൂ... അതിനിടയിൽ കല്യാണക്കാര്യം? ങ്ഹും - വരുന്നത് വരട്ടെ - ഇന്ന് എന്തായാലും സാമിന്റെ - അല്ല 'എന്റെ വീടിന്റെ പണി കണ്ടിട്ട് തന്നെ കാര്യം. അവൾ സ്വപ്നലോകത്തു നിന്നും ഉണർന്നു. അപ്പോഴാണ് കണ്ടക്ടർ തന്റെ അടുത്ത് വന്ന് നിൽ



ക്കുന്നത് റിയ കണ്ടത്. അത് രവിയേട്ടനാണ്, മാമന്റെ പരിചയക്കാരൻ. "ആ, റിയാ മോളോ? എങ്ങോട്ടാ?" മാമന്റെ ചെവിയിലെത്തും "ഞാൻ, എന്റെ കൂട്ടുകാരി മേരിയുടെ വീട്ടിൽ പോവാ....." പൈസ വാങ്ങാതെ രവിയേട്ടൻ പുറകിലേക്ക് നീങ്ങി.

ആകെ പുലിവാലായല്ലോ - സാമിനെ വിളിച്ച് നോക്കട്ടെ - "സാം, മാമന്റെ ചെവിയിൽ ഇപ്പോൾ തന്നെ വിവരമറിയും, എനിക്ക് പേടിയാവുന്നു." "ങ്ഹും: നിന്റെ ഒരു മാമൻ. ഒരു ദിവസം ഇത് അറിയണ്ടേ? അറിഞ്ഞാൽ മാമൻ നിന്നെ തൂക്കിക്കൊല്ല്യന്നുംല്ല. നീ വേഗം വരാൻ നോക്ക്. I am waiting for you my dear... നിന്റെ കുറച്ച് ആശയങ്ങളും അഭിപ്രായങ്ങളും വേണം. നിന്റെ കൂടി വീടല്ലേ "

സാമിനെ പണം കൊടുത്ത് സാഹായിക്കണെമെന്നുണ്ട്. പക്ഷേ ഞാൻ ട്യൂഷനെടുത്ത് കിട്ടുന്ന പണം കൊണ്ട് എന്ത് സഹായിക്കാമെന്നാണ്? എങ്കിലും ഞാൻ ഒരു വള എടുത്ത് വിറ്റിട്ട് അവനെ സഹായിട്ടിട്ടുണ്ട്. എന്റെ കൂടി വീടല്ലേ?

വീടുപണി തുടങ്ങിയതു മുതൽ അവൻ എന്നെ കാണാൻ വരാറില്ല, വിളിക്കാറേ ഇല്ല. വീടുപണി തലയിൽ കേറി വിളിച്ചാൽ എടുക്കാൻ പോലും നേരമില്ലാതായി. അപ്പോഴാണ് അവൾ അറിഞ്ഞത് ബസ്സ്റ്റാൻഡിലെത്തിയെന്ന്. തിരിഞ്ഞു നോക്കുക പോലും ചെയ്യാതെ കോടതിക്ക് സമീപം നിർത്തിയിട്ട ഓട്ടോയ്ക്ക് സമീപത്തേക്ക് അവൾ നടന്നു. അൽപം ഓടി എന്നു പറയാം. ഓട്ടോ ഡ്രൈവറെടുത്ത് വഴി പറയണ്ടേ? നേരിട്ട് ഫോൺ വിളിച്ചിട്ട് കൊടുക്കാമെന്ന് കരുതി അവൾ സാമിനെ വിളിച്ചു. Swich off... വീണ്ടും വീണ്ടും വിളിച്ചു. പ്രതികരണമില്ല. റിയ ആകെ തളർന്നു. കോടതിക്ക് സമീപത്തുള്ള ഒരു മരച്ചുവട്ടിൽ ഇരുന്നു. കുറച്ച് കഴിഞ്ഞിട്ട് വിളിക്കാം. സാമിന്റെ ഫോണിന്റെ ചാർജ്ജ് തീർന്നതാവാം. അങ്ങനെ ഓരോന്ന് ഓരോന്ന് ചിന്തിച്ച് സമയം പോയതറിഞ്ഞില്ല. അവൾക്ക് വല്ലാതെ ദാഹവും വിശപ്പും തോന്നി. സാമിനൊത്തുള്ള കുറേ നിമിഷങ്ങൾ അവൾ സ്വപ്നം കണ്ടു പോയി. അവന് വേണ്ടി വീട്ടിൽ നിന്നുണ്ടാക്കിയ അപ്പവും അവളെ വല്ലാതെ തളർത്തി. വീണ്ടും അവൾ സാമിനെ വിളിച്ചു. No answer....

അവൾക്ക് ഒന്നുറക്കെ കരയണമെന്നുണ്ടായിരുന്നു. പക്ഷേ അവളുടെ ശബ്ദം എങ്ങോപോയ പോലെ അവൾക്ക് തോന്നി. ആ ഇരിപ്പ് ഒരുപാട് നീണ്ടുപോയി. സമയം സന്ധ്യയായി. ആളുകൾ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് അപ്പോഴാണ് റിയ മനസ്സിലാക്കിയത്. ഒടുവിൽ അവൾ അവിടെ നിന്നെഴുന്നേറ്റു. 'ഇനി എന്തു ചെയ്യും' എന്നു നീറുന്ന ഒരു ചോദ്യം അവളെ വല്ലാതെ അലട്ടി. അപ്പോഴും അവൾ അറിഞ്ഞില്ല. താൻ ചതിക്കപ്പെട്ടെന്ന്. സ്നേഹിക്കാൻ മാത്രം അറിയുന്ന തന്നെ സാം ചതിക്കുവോ, അവൾക്ക് അങ്ങനെ ചിന്തിക്കാനോ കഴിഞ്ഞില്ല. സാമിനു വേണ്ടി കൊണ്ടു വന്ന അപ്പം..... അവൾ ബാഗിലേക്ക് തന്നെ വച്ചു സാം ഫ്രീയായാൽ, അല്ലെങ്കിൽ ഫോൺ ശരിയായാൽ വിളിക്കുമെന്ന പ്രതീക്ഷ അവളെ ആശ്വസിപ്പിച്ചു. വീണ്ടും റിയ സ്വപ്നങ്ങളിൽ മുഴുകി.......'സാമിനൊപ്പമുള്ള ഒരു ജീവിതം......സന്തോഷനിർഭരമായ നിമിഷങ്ങൾ....' ആചിന്തകൾ, സ്വപ്നങ്ങൾ അവളെ മുന്നോട്ട് നയിച്ചു...

# ഒലീവിലകൾ വിരിച്ച പാതയുടെ അങ്ങേയറ്റത്ത്

ഫാത്തിമത് റസ്‌ല
(രണ്ടാംവർഷം,
ബി.എ. മലയാളം)



ഒലീവിലകൾ വിരിച്ച് ദേവദാരു മരങ്ങൾ അതിരിടുന്ന പാതയിലൂടെ അവന്റെ കൈപിടിച്ച് ജിബ്രാന്റെ സ്മാരകം തലയുയർത്തി നിന്നു.

"നിനക്ക് വേണ്ടിയെഴുതിയ പ്രണയലേഖനം അവിടെ വെച്ച് തരാം" പാതയുടെ അറ്റത്തേക്ക് ചൂണ്ടിക്കാണിച്ച് ഞാൻ പറഞ്ഞു.

സ്മാരകത്തിലെ കന്മതലിന്റെ ഓരത്ത്, തലേ രാത്രിയിലെ ഇരുട്ടിന്റെ മൂർച്ചയിൽ ഞാൻ കണ്ട സ്വപ്നത്തിലെ പുഴുവിനെ വീണ്ടും കണ്ടു.

ദീർഘനേരം എന്റെ കണ്ണിലേക്ക് നോക്കിയ ശേഷം ആ പുഴു എന്നോട് പറഞ്ഞു "രാത്രിയുടെ നിഗൂഢതയിൽ ഞാനിന്നലെ കണ്ട സ്വപ്നത്തിൽ നീ ജീവിക്കുകയായിരുന്നു.... നിന്റെ കാമുകനും"

പിന്നെ, ഞങ്ങൾ പരസ്പരം നോക്കിയിട്ടില്ല. പ്രണയ ലേഖനം കൈമാറിയിട്ടുമില്ല. ●

# ഉപദേശം

നിസ നർജീസ്
(രണ്ടാം വർഷം,
ബി.എ. ഇംഗ്ലീഷ്)

ആഞ്ഞുവീശിയ കാറ്റ്
ജനൽ വഴി വന്ന്
എന്റെ മുറിയാകെ
വലിച്ചു വാരിയിട്ടിരിക്കുന്ന
പുസ്തകങ്ങളിലെല്ലാം
പരതി നോക്കി, ഞാൻ കുറിച്ചിട്ട
സ്വപ്നങ്ങളുമായി
അതു കടന്നു കളഞ്ഞു.........
പിന്നെയൊരിക്കൽ,
തിരിച്ചു വന്നപ്പോൾ
ഞാൻ ജനൽ കൊട്ടിയടച്ചു
"എവിടെയെന്റെ സ്വപ്നങ്ങൾ?"
ഞാനുറഞ്ഞു തുള്ളി
"തിരികെ വേണമെന്നുണ്ടെങ്കിൽ
തിരിഞ്ഞു നോക്ക്
അങ്ങനെയെങ്കിലും
അതിനു പിറകെ നീ
നടന്നു തുടങ്ങുമല്ലോ"
ഇത്രയും പറഞ്ഞ്
കൊട്ടിയടച്ച ജനലിന്റെ വിടവിലൂടെ
കാറ്റതിന്റെ പാട്ടിനു പോയി. ●



സ്മിത പി
(രണ്ടാംവർഷം, ബി.എ. മലയാളം)

# ചത്ത തവള

കിണറ്റിൻ കരയിൽ ചത്തു നാറുന്ന തവളയുടെ ശവം അറപ്പോടെ നോക്കിക്കണ്ട് അവൾ നേരെ വാഷ്ബേസിനടുത്തേക്കോടി.

ആ നികൃഷ്ട ജന്തുവിനോടുള്ള അറപ്പ് മുഴുവൻ ചർദ്ദിച്ചു കളഞ്ഞു. തോട്ടിൻ കരയിൽ തവളപ്പത അലിഞ്ഞു തീരുന്നത് അവൾ കണ്ടിരുന്നു.

വൈകീട്ട് കുളി കഴിഞ്ഞ് ശരീരം തോർത്തുന്നതിനിടെ തന്റെ അടിവയറ്റിലെ തുടിപ്പ് അവളറിഞ്ഞു. സീമന്ത രേഖയിൽ സിന്ദൂരത്തിന്റെ ചുവപ്പില്ലാത്ത അവൾക്ക് തന്റെ ശരീരം മുഴുവൻ നാറുന്നതായനുഭവപ്പെട്ടു. രാവിലെ കിണറ്റിൻ കരയിൽ അനുഭവിച്ച അതേ തീവ്രതയുള്ള ഗന്ധം . തലച്ചോറിന്റെ പലഭാഗങ്ങളെ തൊട്ട ആ ഗന്ധം അവൾക്ക് തലക്കറക്കത്തിന്റെ അനുഭൂതിയുണ്ടാക്കി. കുളിക്കഴിഞ്ഞ് പുറത്തേക്കൊഴുക്കിയ ജലം സോപ്പു പതയെ അലിയിപ്പിച്ചു കൊണ്ടിരുന്നു. ●



# മാപ്പ്

ജിഷ,
നിന്നെയും ഞങ്ങളാഘോഷിച്ചു.
നിന്റെ മുറിവുകൾ കുറിച്ചു പഠിച്ചു
നിന്റെ ചോരയിൽ ചവിട്ടിത്തിമിർത്തു
നിന്റെ കണ്ണീരുപ്പു രുചിച്ചു
നിന്റെ ജീവച്ഛവമായ അമ്മയെ,
മൈക്കുകുറ്റിയിൽ ക്രൂശിച്ചു
വാക്കുകൾ വിറച്ചപ്പോൾ?
ഭ്രാന്തിയെന്നു പറഞ്ഞു നടന്നു
തുറിച്ചു നോക്കിയ ക്യാമറക്കണ്ണുകൾ
HD മികവിൽ എല്ലാം പകർന്നു
ഒടുവിൽ
നിന്റെ ഘാതകനെച്ചൊല്ലിത്തർക്കിച്ചു
"അത് ഞമ്മളാണെന്ന്"
എട്ടുകാലി മമ്മൂഞ്ഞുകൾ ആക്രോശിച്ചു
ഒറ്റമുറി പുത്തൻ വീടായി പരിണമിച്ചു
നിന്റെ ഭീതയറ്റ 'സുരക്ഷിതമായ വീട്
മാപ്പു ചോദിക്കുന്നില്ല; കൊന്നതിൻ
കാരണം, ഞങ്ങളും ഒരിക്കൽ കൂടി
നിന്നെ 'കൊല്ലുക'യായിരുന്നല്ലൊ?! ●



ശരണ്യ പി.
(രണ്ടാംവർഷം, ബി.എസ്.സി
സ്റ്റാറ്റിസ്റ്റിക്സ്)


IQBAL
HOSTEL
FAROOK COLLEGE




# റാണിയും രാജ്യവും പിന്നെ ഞാനും

ഷഫാഫ് മുറാദ്
(ഒന്നാംവർഷം, ബി.എ. ഇംഗ്ലീഷ്)

“എങ്ങനെയെങ്കിലും ഒന്ന് ഫാറൂഖ് കോളേജിൽ കയറി പറ്റണം”

“അതിനെന്താടാ.. കോളേജിന് ചുറ്റും മൂന്ന് നാല് ഗെയ്റ്റുണ്ട്. അതിലൂടെ കേറിക്കോ.... ഇഞ്ഞിപ്പോ അനക്ക് അത്രക്ക് നിർബന്ധമാണേൽ മതില് ചാടിക്കോ പുല്ലേ... കട്ട സപ്പോർട്ടുണ്ട്.”

പ്ലസ് ടു കഴിഞ്ഞ് എവിടെ പേറാണം എന്നറിയാണ്ട് പണ്ടാറടങ്ങി നിൽക്കുമ്പോഴാണ് ഇവന്റെയൊക്കെ ബക്കറ്റോണ്ട് വാരിയെറിയുന്ന മാരകചളി. എന്നതായാലും പറഞ്ഞപോലെ തന്നെ എങ്ങനെയെക്കൊ ഫറൂഖ് കോളേജിൽ തന്നെ എത്തി.

രാജാഗേറ്റിനെ കുറിച്ച് കേട്ടിട്ടുണ്ടായിരുന്നു. കുറച്ച് മുമ്പ് അതായത്.... 1947 ആഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം 67 വർഷം കഴിഞ്ഞ് 2014ൽ, +2വിന് പഠിക്കുമ്പോൾ. ആ വർഷത്തെ കോളേജ് മാഗസിൻ എങ്ങനെയൊക്കെയോ ഒന്ന് കളറാക്കി പറഞ്ഞാൽ ആകസ്മികമായി കയ്യിൽ പെട്ട് ഞാനും രാജാഗേറ്റും ആദ്യമായി പരിചയപ്പെട്ടു. സത്യം പറഞ്ഞ... ആ മാഗസിൻ കുത്തിവെച്ചതാണ് രാജാഗേറ്റിനോടും ക്യാമ്പസിനോടും എനിക്കുള്ള മൊഹബ്ബത്ത്. പക്ഷേ... രാജാഗേറ്റിനോടുള്ള മൊഹബത്തിനിപ്പോ പണ്ടത്തെ അത്ര വീര്യം ഒന്നും ഇല്ലാട്ടോ. ഇപ്പോ വേറൊരാളോടാണ് അടങ്ങാത്ത ഹുബ്ബ്. കാമ്പസിലെത്തിയതിന് ശേഷം പരിചയപ്പെട്ട മറ്റൊരാൾ. പറഞ്ഞാ ഇങ്ങക്കൊക്കെ അറിയും. മ്മളെ റാണിഗേറ്റ്. എല്ലാവരും പറയണത് രാജാഗേറ്റിനെ കുറിച്ചാണ്. രാജാഗേറ്റിന്റെ തലയെടുപ്പിനെ വർണ്ണിച്ചും പ്രൗഢിയെ പ്രശംസിച്ചും വായ്തോരാതെ സംസാരിക്കാൻ നമ്മളൊക്കെ മുൻപിലുണ്ട്. റാണിഗേറ്റിന്റെ കാര്യത്തിൽ നമ്മളൊക്കെ മൗനികളാണ്. എന്റെ നിരീക്ഷണത്തിൽ സമകാലിക ക്യാമ്പസ് ജീവിതത്തിൽ പാർശവത്ക്കരിക്കപ്പെട്ട പ്രവേശന കവാടങ്ങളിൽ ഒരുത്തമ ഉദാഹരണമാണ് റാണി ഗേറ്റ്. സത്യത്തിൽ, ഫാറൂഖ് കോളേജ് ഫറൂഖ് കോളേജാവുന്നത് രാജാഗേറ്റും, റാണിഗേറ്റും, രാജകുമാരിമാരുടെ ആ കൊച്ചു ഗേറ്റും, ഓപ്പൺ എയറും, പഞ്ചിരി വളവും, സ്വയംവര പന്തലും, പുല്ലും, പൂക്കളും, കാറ്റും, ഞാനും, നീയും, എല്ലാവരും കൂടുമ്പോഴാണ്. ഇന്നൊരു ദിവസം നമ്മൾ കോളേജിലേക്ക് കയറുന്നത് റാണിഗേറ്റിലൂടെയാണ്. ഇറങ്ങുന്നതും അതിലൂടെ തന്നെ.

ഒരുപാട് പ്രണയികളുടെ പ്രണയങ്ങൾക്ക് സാക്ഷിയാണ് റാണിഗേറ്റ്. കാമുകി കാമുകന്മരുടെ പ്രണയ വർത്തമാനങ്ങൾ കേൾക്കാൻ ഭാഗ്യം കിട്ടിയവൾ. ഓപ്പൺ എയറിൽ നിന്നൊഴുകുന്ന തണുത്ത കാറ്റും ആ കാറ്റ് കൊണ്ടുവരുന്ന പൂക്കളുടെ പരിമളവും ആസ്വദിക്കാൻ കഴിഞ്ഞവൾ. കൂടിപ്പോയാൽ കേളേജ് കാന്റീനിൽ നിന്ന് വരുന്ന റൈസിന്റെ വാസനയല്ലാതെ വേറെയെന്ത് പിണ്ണാക്കാണ് രാജാഗേറ്റിന് കിട്ടാൻ പോവുന്നത്. ഫുട്ബോളും, ക്രിക്കറ്റും, ഓട്ടവും, ചാട്ടവും നിത്യവും കണ്ട് കളി പഠിച്ചവളാണ് റാണി ഗേറ്റ്. റാഗിങ്ങും, പ്രകടനങ്ങളും, തല്ലും, യോയോ ഫ്രീക്കന്മാരുടെ ലീലാവിലാസങ്ങളും പിന്നെ ഇടക്കിടക്ക് തിരിക്കാൻ വരുന്ന പച്ച ബസ്സുകളേയും മാത്രം കാണുന്ന രാജാഗേറ്റിനിതൊക്കെ സ്വപ്നം മാത്രം. ഓരോ തവണ കവാടം കടക്കുന്നവരുടേയും തലോടലിന്റെ ലാളന അനുഭവിച്ചവളാണ് റാണിഗേറ്റ്. പാവം... ആ രാജാഗേറ്റിന് ഒരു തലോടല് കിട്ടാൻ ആരെങ്കിലും ഒന്ന് കോണിവെച്ച് കയറണം. രാജാഗേറ്റിനെപ്പോലെ എല്ലാം കാണാൻ തല കുനിക്കേണ്ടി വരാറില്ല റാണിഗേറ്റിന്. തല ഉയർത്തിപ്പിടിച്ച് തന്നെ എല്ലാം കണ്ട് ആസ്വദിക്കുകയാണവൾ. അടയാഭരണങ്ങളൊന്നുമില്ലാതെയാണ് നിൽപ്പെങ്കിലും ഒടുക്കത്തെ മൊഞ്ചാണ് റാണിക്ക്. ഇനിയും പറഞ്ഞാൽ ഓൾ ഫാറൂക്ക് രാജാഗേറ്റ് ഫാൻസ് അസോസിയേഷൻ എന്നെ തല്ലും. അതോണ്ട് നിർത്താം.

ഇങ്ങനെയൊക്കെയാണെങ്കിലും കോളേജിലെത്തിയതിന് ശേഷം ഇന്നേവരെ ആ ഗേറ്റൊന്ന് തുറന്ന് കിടക്കുന്നത് കാണാൻ പറ്റിയിട്ടില്ല. രാത്രിയുടെ ഇരുട്ടിലും മഴത്തും റാണിഗേറ്റിന് കൂട്ടായിട്ട് ഒരു സെക്യൂരിറ്റി പോലുമില്ല. തുരുമ്പിച്ച് വിരൂപമായി ക്യാമ്പസിന്റെ ഒരു മൂലയിൽ കാലം കഴിക്കാൻ വിധിക്കപ്പെടുന്നു റാണി' ഗേറ്റ്. ആരാലും കൂട്ടില്ലാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ.

**“ ഒരുപാട് പ്രണയികളുടെ പ്രണയങ്ങൾക്ക് സാക്ഷിയാണ് റാണിഗേറ്റ്. കാമുകി കാമുകന്മരുടെ പ്രണയ വർത്തമാനങ്ങൾ കേൾക്കാൻ ഭാഗ്യം കിട്ടിയവൾ. ഓപ്പൺ എയറിൽ നിന്നൊഴുകുന്ന തണുത്ത കാറ്റും ആ കാറ്റ് കൊണ്ടുവരുന്ന പൂക്കളുടെ പരിമളവും ആസ്വദിക്കാൻ കഴിഞ്ഞവൾ. ”**



എന്തായാലും റാണി ഗേറ്റിന്റെ സ്വന്തമാണ് ഓപ്പൺഎയർ. റാണിഗേറ്റിന്റെ മാത്രമല്ല, നമ്മുടെയൊക്കെ സ്വന്തം. മൂന്നാം വർഷക്കാരിൽ പലരുടേയും ഭാഷയിൽ "ഓപ്പൺ എയറിന്" "ക്ലോസ്ഡ് എയർ" എന്നാണ് പേര്. പെരുന്നാളിനേയും ഓണത്തിനേയും കുറിച്ച് 'അതൊക്കെ പണ്ട്' എന്ന് പറയുന്നത് പോലെ 'ഓപ്പൺ എയറൊക്കെ പണ്ട്' എന്നാണ് ഇവരുടെ പറച്ചിൽ. പക്ഷേ... അവരോടൊക്കെ പറയാനുള്ളത് ഒന്നുമാത്രം.

"ആസ്പദത്തിന്റെ തോട്ടങ്ങൾ തേടുന്ന പരിവർത്തനം ഞങ്ങൾ ഫറൂഖ് കോളേജിലെ പുത്തൻ ബ്രാഹ്മചാരികൾക്ക് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്....ജസ്റ്റ് റിമംബർ ദാറ്റ്....

കാറ്റ്

സോറി.... ഷിറ്റ്"

ഇങ്ങനൊക്കെയാണ് ഡയലോഗ് എങ്കിലും സത്യത്തില് കൊറച്ചൊക്കെ ഉള്ളില് സങ്കടം ഉണ്ട്ട്ടോ.... അതവിടെ കെടക്കട്ടെ. ഞങ്ങള് കരഞ്ഞ് തീർത്തോളാം.

ഓപ്പൺ എയറിൽ എനിക്കേറ്റവും ഇഷ്ടം വഴിയരികിൽ ഇടതുഭാഗത്ത് മൈതാനത്തേക്ക് ചെരിഞ്ഞു നിൽക്കുന്ന ആ പേരമരമാണ്. പേര തന്നെയാണെന്ന് തോന്നുന്നു. അവിടെ ഒരു വലിയ ഊഞ്ഞാല ഉണ്ടായിരുന്നെങ്കിൽ പൊളിച്ചേനെ ലേ....? ആവിടെ ആ ടാങ്കിന്റെ ചുവട്ടിലിരുന്ന് വർത്തമാനം പറയുന്നത് ഒരു പ്രത്യേക അനുഭൂതിയാണ്. പ്രത്യേകിച്ച് നമ്മുടെ കൂട്ടുകാരുടെ കൂടെ ഇരുന്ന് മനസ്സ് തുറക്കുന്നത്. ഓപ്പൺ എയറിന്റെ ഉള്ളിലേക്ക് പോയാൽ കെമിസ്ട്രി ബ്ലോക്കിന്റെ പിറകിലായിട്ട് ഒരു ഇരിപ്പിടമുണ്ട്. റാണിഗേറ്റിനെ പോലെ ആരാലും ഓർക്കാതെപോയ ഒരിടം. ഓപ്പൺ എയറിൽ നിന്നും നേരെ നടന്ന് കെമിസ്ട്രി ബ്ലോക്കിന് മുൻപിലൂടെ സ്വയം രാജകീയമാണെന്ന് വിശേഷിപ്പിക്കുന്ന റോയൽ കൊമേഴ്സ് ബ്ലോക്കും കഴിഞ്ഞ് വലത്തോട്ട് തിരിഞ്ഞാൽ നടുബ്ലോക്കിലേക്ക് കയറുന്നിടത്ത് ഒരു വലിയ തടിച്ച വളഞ്ഞ് പുളഞ്ഞ് നിൽക്കുന്ന പേരറിയാത്ത മരം കാണാം. ആ ന്യൂ ബ്ലോക്കിന്റെ മോളള് പോയിട്ട് താഴേക്ക് നോക്കുമ്പോ നല്ല രസാണ്. ഇങ്ങളൊക്കെ ഒന്ന് പോയി നോക്കേണ്ടു. പിന്നെ നമ്മളെ കോളേജ് ഗ്രൗണ്ട്. അവിടേക്ക് പേവേണ്ടത് പകലല്ല. വെയിലും പൊടിയും കാരണം നമ്മളാ ഭാഗത്തേക്ക് അടുക്കില്ല എന്നത് വേറെ സത്യം. കോളേജ് ഗ്രൗണ്ട്ക്ക് രാത്രി പോണം. അവിടെ പോയി പുല്ലില് കിടന്ന്, ആ രാത്രി കാറ്റും കൊണ്ട് ആകാശത്തെ നക്ഷത്രങ്ങളെ നോക്കിയിരിക്കണം. അതൊരു വേറെ രസാണ്.

ഒരു ക്യാമ്പസ് മൊത്തം ഒരു മതിലിനുള്ളിലാകുമ്പോൾ ആ മതിലിന് പുറത്താണ് 'പരുത്തിപ്പാറ കോളേജ്'. ഫറൂഖ് കോളേജില് വന്നിട്ട് പരുത്തിപ്പാറ കോളേജ് കാണാതെ പോകുന്ന

**കോളേജ് ഗ്രൗണ്ട്ക്ക് രാത്രി പോണം. അവിടെ പോയി പുല്ലില് കിടന്ന്, ആ രാത്രി കാറ്റും കൊണ്ട് ആകാശത്തെ നക്ഷത്രങ്ങളെ നോക്കിയിരിക്കണം. അതൊരു വേറെ രസാണ്.**



വരെ തെരണ്ടി വാല് അച്ചാറില് മുക്കി അടിക്കണം. ഹല്ല പിന്നെ....! പറഞ്ഞു വരുന്നത് സെൽഫിനെ കുറിച്ചാണ്. ഓരോ ക്ലാസിലും മൂന്നും നാലും ഫാന ുള്ള, ഒരുപാട് സൗകര്യങ്ങളുള്ള എന്നാലോ സ്വയം പരുത്തിപ്പാറ കോളേജ് എന്ന് വിശേഷിപ്പിക്കുന്ന സെൽഫുകാരുടെ എളിമയെ ഇവിടത്തെ ചില റോയൽ ചിന്താഗതിയുള്ളവർ കണ്ടുപഠിക്കേണ്ട താണ്. ബട്ട്.... സെൽഫിന്റെ മൊഞ്ച് ആ പിള്ളേരൊന്നും അല്ല. കട്ട പാകിയ ആ മുറ്റത്ത് അവിടമാകെ തണൽ വിരിച്ച് പടർന്ന് പന്തലിച്ച് നിൽക്കുന്ന ആ മൂന്ന് കൂറ്റൻ മരങ്ങളാണ്. അവിടെയാണ് ഏറ്റവും കൂടുതൽ മൊഞ്ചന്മാരും മൊഞ്ചത്തികളും ഉള്ളതെന്ന കിംവദന്തി ഈയിടെയായിട്ട് നല്ലോണം പരക്കുന്നുണ്ട്. ഒരഞ്ച് മിനിട്ട് നടുബ്ലോക്കിന്റെ മുമ്പില് വന്നിരുന്നാൽ തീരുന്ന പ്രശ്നമേ ഇപ്പോ അങ്ങനെ പറയുന്നവർക്കുള്ളു.

ഇനി നമ്മക്ക് രാജാകുമാരി ഗേറ്റിനെ കുറിച്ച് സംസാരിക്കാം. കൂടുതലൊന്നും പറയാനില്ല. നിങ്ങക്കാർക്കും പരിചയമില്ലാത്തത് കൊണ്ട് തന്നെ ഞാൻ തന്നെ നേരിട്ട് പരിചയപ്പെടുത്തിതരാം. നമ്മളെ എസ്.എസ് ഹോസ്റ്റൽ ഇല്ലേ?.... സോറി നമ്മളെ അല്ല, മ്മളെ ഗേൾസിന്റെ??.... അയ്ന്റെ മുമ്പില് കോളേജിലേക്ക് വരാനുള്ള ഒരു കുഞ്ഞി ഗേറ്റ്ണ്ട്. എസ്.എസ് ഹോസ്റ്റലിലെ രാജാകുമാരിമാർ കാമ്പസിലേക്ക് കടന്നു വരുന്ന ഗേറ്റ്. അതാണ് ഞാൻ പറഞ്ഞ സാക്ഷാൽ "രാജാകുമാരി ഗേറ്റ്", ഇത് കേൾക്കുമ്പോ ഹോസ്റ്റലിലെ ഗേൾസിന് രോമാഞ്ചിഫിക്കേഷൻ ഒന്നും ഉണ്ടാവണ്ട. അക്ച്വലി.... നിങ്ങളെയൊന്ന് മോട്ടറാക്കിയതാണ്. മോട്ടറാണി യുഗെ യുഗെ. ആ ഗേറ്റ് കടന്ന് നേരെ നടന്ന് വലതുഭാഗത്തെ ഓഡിറ്റോറിയവും ഇടതു ഭാഗത്തെ ലൈബ്രറിയും കഴിഞ്ഞ് ചെന്നാൽ മ്മളെ സ്മൈൽ കർവ് എത്തും. ഐ മീൻ പുഞ്ചിരി വളവ്.

യഥാർത്ഥത്തിൽ ഞാൻ കണ്ടെത്തിയ ഒരു സത്യമുണ്ട് അതിൽ. താതിവികമായി അവലോകനം ചെയ്താൽ പുഞ്ചിരി വളവിന്റെ രൂപമാണ് അതിന് കാരണം. അതായത് രമണ... രാജാഗേറ്റിൽ നിന്നും വരുന്ന റോഡ് റൈറ്റിലേക്കും ലെഫ്റ്റിലേക്കും രണ്ടായി വേർത്തിരിയുമ്പോൾ പുഞ്ചിരിക്കുന്ന ഒരു ചുണ്ടിന്റെ രൂപം വരുന്നു പുഞ്ചിരി വളവിന്. അങ്ങനെ അതിനെ പുഞ്ചിരി വളവെന്ന് വിളിക്കുകയാണ് സൂർത്തുക്കളെ വിളിക്കുകയാണ്.

ലൈബ്രറിയിൽ കേറാൻ സമയമില്ലാത്തതിനാൽ നമുക്കൊന്ന് ഊട്ടിറോഡിലൂടെ നടന്നേച്ചുവരാം. ഊട്ടി റോഡിലൂടെ നടക്കുമ്പോ അതിന്റെയൊരു ഫീല് കിട്ടണെങ്കിൽ ശിശിരകാലത്ത് തന്നെ നടക്കണം. അതോണ്ട്, ശിശിരകാലം വെരട്ടെ. നമുക്കപ്പോ നടക്കാം. ഇപ്പോ ഒന്ന് രാജാഗേറ്റ് വരെ പോകേണ്ട ഒരാവശ്യമുണ്ട്. ഇന്നൊരു ദിവസം നമ്മൾ കോളേജിലേക്ക് കയറുന്നതും ഇറങ്ങുന്നതും റാണിഗേറ്റിലൂടെയാണെന്ന് പറഞ്ഞിരിന്നല്ലേ. അത് നമുക്ക് പറഞ്ഞപോലെ തന്നെ ചെയ്യാന്നേ സീൻ. പക്ഷെ ഞാനിപ്പോ രാജാഗേറ്റിന്റെ അട്ത്തേക്ക് വന്നയ്ന്റെ പിന്നില് ഒരു കാര്യണ്ട്. ഈ കോളേജ്ക്ക് വന്ന നാൾക്കെ മുതലുള്ളന്റെ ഒരു ഡൗട്ടാണ്. രാജാഗേറ്റിന്റെ ഇടതു വശത്തായിട്ട് ഒരു ചെറിയ ഗേറ്റ് ഇല്ലേ.... അതെന്താ ഒരിക്കലും തൊറക്കാത്തെ?! അതിലൂടെയെന്താ നമ്മളെയാരും കേറ്റാത്തെ?! ●

> നമ്മളെ എസ്.എസ് ഹോസ്റ്റൽ ഇല്ലേ?.... സോറി നമ്മളെ അല്ല, മ്മളെ ഗേൾസിന്റെ??.... അയ്ന്റെ മുമ്പില് കോളേജിലേക്ക് വരാനുള്ള ഒരു കുഞ്ഞി ഗേറ്റ്ണ്ട്. എസ്.എസ് ഹോസ്റ്റലിലെ രാജാകുമാരിമാർ കാമ്പസിലേക്ക് കടന്നു വരുന്ന ഗേറ്റ്. അതാണ് ഞാൻ പറഞ്ഞ സാക്ഷാൽ "രാജാകുമാരി ഗേറ്റ്"

നമ്മളെ എസ്.എസ് ഹോസ്റ്റൽ ഇല്ലേ?.... സോറി നമ്മളെ അല്ല, മ്മളെ ഗേൾസിന്റെ??.... അയ്ന്റെ മുമ്പില് കോളേജിലേക്ക് വരാനുള്ള ഒരു കുഞ്ഞി ഗേറ്റ്ണ്ട്. എസ്.എസ് ഹോസ്റ്റലിലെ രാജാകുമാരിമാർ കാമ്പസിലേക്ക് കടന്നു വരുന്ന ഗേറ്റ്. അതാണ് ഞാൻ പറഞ്ഞ സാക്ഷാൽ "രാജാകുമാരി ഗേറ്റ്"



മിന ഫർസാന
(ഒന്നാംവർഷം, ബി.എ. സോഷ്യോളജി)

# സ്വർഗ്ഗങ്ങൾക്ക് നടുവിൽ







കോളേജ്.... കോളേജ്.... കോളേജ്..... ബസ്സിൽ നിന്നും ഇറങ്ങുന്ന കുട്ടികളെ നോക്കി ഓട്ടോ ഡ്രൈവർമാർ വിളിച്ചു പറയാൻ തുടങ്ങി. അഞ്ച് പേർക്കാണ് സാധാരണ ഒരു ഓട്ടോയിൽ കയറാൻ സാധിക്കുന്നത്. പിന്നെയും കയറും ഓന്നോ രണ്ടോ പേരൊക്കെ. അത് ഓട്ടോയിൽ ഇരിക്കുന്ന കുട്ടികളുടെ അഡ്ജസ്റ്റ്മെന്റ് മനോഭാവം പോലെയിരിക്കും ആഹ്... നമ്മുടെ വിഷയം ഓട്ടോ അല്ലാത്തത് കൊണ്ട് ഓട്ടോ അവിടെ നിർത്തി നമുക്ക് യാത്ര തുടരാം. അങ്ങനെ കോളേജ് എത്തി. രാജകീയമായ് തലയുയർത്തി നിൽക്കുന്ന രാജാഗേറ്റ് കാണുമ്പോൾ ആർക്കായാലും തോന്നും വല്ലാത്ത ഒരു ഫീലിംഗ്സ്. അങ്ങനെ എനിക്കും തോന്നി ആ പറഞ്ഞ സാധനം.

രാജാഗേറ്റിന്റെ മുന്നിൽ എപ്പോഴും കാണും, ദാ... ഇതുപോലുള്ള ആൾ തിരക്ക്. അതെന്തുകൊണ്ടാണെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. എന്തായാലും പലതിന്റെയും ദൃക്സാക്ഷിയാണ്ട്ടോ നമ്മുടെ ഈ രാജാഗേറ്റ്. കാരണം, അടി, പാരപണിയൽ, സൗഹൃദം, പ്രണയം, പ്രകടനം ഇവയുടെ എല്ലാം തുടക്കം അല്ലെങ്കിൽ ഒടുക്കം രാജാഗേറ്റിലായിരിക്കും. രാജാഗേറ്റ് ഉറങ്ങാറില്ല. അതുകൊണ്ട് തന്നെ ഇരുട്ടിന്റെ മറവിൽ ഒപ്പിച്ച് കൂട്ടുന്നവയ്ക്കും ദൃക്സാക്ഷി രാജാഗേറ്റ് തന്നെ. അല്ലാ... പറഞ്ഞ പോലെ ഞാൻ കുറേ നേരമായി രാജാഗേറ്റ് രാജാഗേറ്റ് എന്ന് പറയാൻ തുടങ്ങിയിട്ട്, ആക്ച്വലി ഈ രാജാഗേറ്റ് എന്ന പേര് വന്നത് എങ്ങനെയാണെന്ന് അറിയ്യോ? രാജാ അബ്ദുൽ ഖാദർ സാഹിബിനോട് ചേർത്താണത്ര..!

അങ്ങനെ രാജാഗേറ്റിന്റെ കാവൽക്കാർക്ക് സലാം പറഞ്ഞ് മുകളിലെ സി.സി.ടി.വി ക്യാമറയിൽ നോക്കി ലൈറ്റായിട്ടൊന്ന് ചിരിച്ച് മുന്നോട്ട് നടന്നു. ഇടത് വശത്താണ് ക്യാന്റീൻ. ബിരിയാണി ദമ്മ് പൊട്ടിക്കുന്ന മണമൊന്നും ഇല്ലെങ്കിലും വാഷ്ബെയ്സിനോട് ചേർന്നുള്ള കണ്ണാടിയിൽ നോക്കി തട്ടം ശരിയാക്കുന്ന 'മൊഞ്ചത്തി'മാരുടെ കലപില ശബ്ദങ്ങൾ കേൾക്കാമായിരുന്നു.

കാന്റീനിൽ നിന്നിറങ്ങി മുന്നോട്ട് നടക്കുമ്പോൾ ദാണ്ടെ... കെടക്ക്ണ് വിശ്വവിഖ്യാതമായ റെസ്റ്റ് സോൺ. കിസ പറഞ്ഞിരിക്കുന്ന സൗഹൃദങ്ങൾ തന്നെയാണ് റെസ്റ്റ് സോണിന്റെയും കൂട്ട്. തൊട്ടടുത്ത ലൈബ്രറിയിൽ നിന്നും വല്ലാത്ത ഒരു "പഠിപ്പിസ്റ്റ്" കരിഞ്ഞ മണം. അത്കൊണ്ട് അവിടെ നിന്നും മാറി പുഞ്ചിരി വളവിലേക്ക് നീങ്ങി.

പുഞ്ചിരി വളവ്, ഫറൂഖാബാദിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റോപ്പ്. കുറച്ച് നേരം പുഞ്ചിരി വളവിൽ നിന്നാൽ മതി കാണേണ്ടവരെയൊക്കെ കാണാം. അതാണ് പുഞ്ചിരിവളവും ഒരു ഫാറൂഖിനും തമ്മിലുള്ള ബന്ധം. പുഞ്ചിരി വളവ് എന്ന് പറയുമ്പോൾ എപ്പോഴും ഓർമ്മവരുന്നത് രണ്ട് സംഭവങ്ങളാണ്.

സംഭവം നമ്പർ 1

കാഴ്ചയിൽ പ്രായം തോന്നിക്കില്ലെങ്കിലും കഥാപാത്രം നമ്മുടെ ഗസ്റ്റ് ലക്ചറാണ്. മിസ്സ് ലൈബ്രറിയിൽ നിന്ന് ഇറങ്ങി വരികയായിരുന്നു. അപ്പോഴാണ് പുഞ്ചിരിവളവിൽ മുണ്ടും മടക്കികുത്തി മൂന്ന് ജന്റിൽ മാൻമാർ നിൽ



ക്കുന്നു. മിസ്സ് അവരുടെ മുന്നിൽ എത്തിയതും കൂട്ടത്തിൽ നിന്നും ഒര് ജന്റൽമാൻ:-

ജന്റൽമാൻ 1 : ന്താടി അന്റെ പേര്?

മിസ്സ്: ഫാത്തിമ

ജന്റൽമാൻ 2 : ഇജ്ജ് ഏതാ ഡിപ്പാർട്ട്മെന്റ്?

മിസ്സ്: സോഷ്യോളജി

ജന്റൽമാൻ 3 : ഇജ്ജ് ഏത് ഇയറാണ്?

മിസ്സ്: ഇയറൊക്കെ പറയാൻ നിന്നാൽ കുറച്ചതികം ബാക്കോട്ട് പോകേണ്ടിവരും.

ജന്റൽമാൻ 3 : ചോയ്ച്ചയ്ന്ള്ള ഉത്തരം പറഞ്ഞാമതി, ഓവർ ഡെക്കറേഷൻ വേണ്ട

മിസ് : ഞാനിവിടെ സോഷ്യോളജി ഗസ്റ്റ് ലക്ചറാ...

പ്ലീംഗ്...!!!

മടക്കി കുത്തിയ മുണ്ടും താഴ്ത്തിയിട്ട് ബഹുമാനപ്പെട്ട നമ്മുടെ ജന്റൽമാൻമാർ മൂന്നുപേരും മൂന്ന് വഴിക്കോടി. ഓഹ്... കഥ പറഞ്ഞ് സമയം പോയതറിഞ്ഞില്ല. ഇനി രണ്ടാമത്തെ സംഭവം വിവരിക്കാനുള്ള സമയം ഇല്ല. അതുകൊണ്ട് പിന്നീടൊരവസരത്തിലാകാം. പലപ്പോഴും കോളേജിലേക്ക് വരുമ്പോൾ കണികാണുന്നത് പുഞ്ചിരിവളവിൽ പുഞ്ചിരിച്ച് നിൽക്കുന്ന മൊഞ്ചൻമാരെയാണ്. ഇവിടെ ചെലര് ബാറ്റ് ചെയ്യുന്നത് കണ്ടാൽ സച്ചിനൊക്കെ അവ്ടെ നിക്വൊള്ളൂ. സെഞ്ചറികൊണ്ടൊരു ചിരിം കളിയാ.... ഞമ്മളെ മൊഞ്ചത്തിമാരും ബോളിംഗിൽ ഒട്ടും മോശല്ലാട്ടോ. ഇങ്ങനെ പുഞ്ചിരിവളവിനുണ്ട് പറയാൻ ഒത്തിരികഥകൾ, പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും രുചിയുള്ള കോയിക്കോടൻ ഹൽവപോലെ മധുരമേറിയ കഥകൾ, കൂടെ വേർപ്പാടിന്റെയും നൊമ്പരത്തി


ഊട്ടിറോഡ്


കോളേജ് ഗ്രൗണ്ട്

ന്റെയും, ബ്രേക്കപ്പിന്റെയും വേദന പേറി വിങ്ങി ജീവിക്കുന്ന ഹൃദയങ്ങളുടേയും കഥകൾ. ഇലക്ഷന്റെയും, അടിയുടെയും, പ്രകടനത്തിന്റെയും, സമരത്തിന്റെയും ചോരതുപ്പുന്ന 'പച്ചയായ' വിപ്ലവകഥകൾ. എന്തൊക്കെ പറഞ്ഞാലും പുഞ്ചിരിവളവിൽ ഒരഞ്ച് മിനിറ്റ് നിന്നാൽ കിട്ടുന്ന റിലാക്സേഷൻ അതിന്റെ അടുത്തെത്തൂല ഏത് ഹൈ റേഞ്ചിലെ വ്യൂ പോയിന്റും. ഇതെത്ര നേരാ പുഞ്ചിരി വളവിൽ തന്നെ നിൽക്കുന്നു. വാ: പോകാ... പോകാം....

പുഞ്ചിരി വളവ്ന്ന് ഇടത്ത്നിന്ന് നോക്കിയാൽ കാണാം "ഊട്ടി റോഡ്". ഊട്ടി റോഡ് എന്നൊക്കെ പറയുമ്പോ നിങ്ങള് വിചാരിക്കും ഇവളെന്തൊരു തള്ളലാന്ന്... ഉള്ളത് പറയാലോ ആരോ കണ്ടറിഞ്ഞ് ഇട്ടതാ ആ പേര് "ഊട്ടി റോഡ്". എ.എൽ.എമ്മിന്റെ മുന്നിലുള്ള വഴി, നേരെ നടന്നാൽ കാമ്പസ് പള്ളിയിൽ അവസാനിക്കും. മരങ്ങൾ കൊണ്ട് വേലികെട്ടിയ, പച്ചിലകൾ കൊണ്ട് മേൽക്കൂര പണിത ഊട്ടി റോഡ്. തകർത്തൊരു മഴപെയ്താലും ചെറുതായിട്ടേ നനയൂ. അത്രയും കട്ടിയിൽ ഇലകൾ കൊണ്ട് ആകാശം മൂടിയിരിക്കുകയാണ്. മഞ്ഞ് പെയ്യുന്ന ഡിസംബർ രാത്രികളാണ് ഊട്ടി റോഡിന്റെ പ്രണയിനി. ഇനിയും ഊട്ടി റോ



എ.എൽ.എം. ഹോസ്റ്റൽ

ഡിൽ തന്നെ നിന്നാൽ ചെലപ്പോ.... വേണ്ട അത് പറയണ്ട വേഗം സ്വയം വരപ്പന്തലിലേക്ക് പോകാം.

'സ്വയംവര പന്തൽ' ഒന്നിനും സമയമില്ലാത്ത നമ്മുടെ ന്യൂജനറേഷൻ പയ്യൻസ് സ്വയംവര പന്തൽ എന്നുള്ള പര് പോലും ചുരുക്കി എസ്.പി. എന്നാക്കിയിരിക്കുകയാണ്. സ്വയംവരപന്തൽ കാമ്പസിലെ യുവമിഥുനങ്ങൾ സൊള്ളി സൊള്ളിയാണ് ഈ ഇടത്തിനു പേര് വന്നത്.

ഇസ്‌ലിയേ ഹം കോ സ്വയംവര പന്തൽ കി പ്രവർത്തൻ കേ ബാരെ മേം സംസാരിക്കാം.... ന്യൂബ്ലോക്കിന്റെ വായേൽ നോക്കി സ്വയംവരപന്തൽ ഇരിക്കാൻ തുടങ്ങിയിട്ട് നാള് കുറച്ചായി. വല്ലതും നടക്കോ എന്തോ? പക്ഷേ വേറെ ചിലതൊക്കെ ഇവിടെ നടന്നിട്ടുണ്ട്. പണ്ട് ഈ സ്വയംവര പന്തലിൽ കണ്ണും കണ്ണും നോക്കിയിരുന്നവർ പിന്നീട് കല്ല്യാണം വിളിക്കാൻ ഒരുമിച്ച് വന്ന കഥകളൊക്കെ ഉണ്ട്. ഇന്ന് സ്വയംവരപന്തലിൽ ബ്രേക്ക് ടൈമും, ക്ലാസ് വിടുന്ന സമയത്തും കുറേപേർ ഇരിക്കുന്നത് കാണാറുണ്ട്. അവരെ ഒന്നായിട്ട് നമുക്ക് "സീനിയേഴ്സ്" എന്ന് വിളിക്കാം. ജൂനിയേഴ്സ് ക്ലാസ് വിട്ടിറങ്ങുന്ന സമയത്ത് ദിങ്ങനെ ഇരുന്ന് ചൂണ്ടയിടാൻ ഭയങ്കര രസാ... ഇങ്ങനെ സ്വയംവര പന്തലിനോട് ചോദിച്ചാൽ കേൾക്കാം ഇണക്കങ്ങളുടേയും പിണക്കങ്ങളുടേയും ഒരുപാട് കഥകൾ. പിന്നെ കുറേ ഗിരിരാജൻ കോഴികളുടെ കൂവലും കേൾക്കാം. വാരലിന്റെയും തള്ളലിന്റെയും ചാമ്പലിന്റെയും ഒച്ചപ്പാടുകൾ ജൂനിയേഴ്സിന്റെ മുന്നിലുള്ള സിനിയേഴ്സിന്റെ ഞെട്ടിപ്പിക്കുന്ന ഗർജനങ്ങൾ, മലയാളത്തിൽ പറഞ്ഞാൽ റഫ് ഇടൽ, വെയ്റ്റിടൽ ഇങ്ങനെ സ്വയംവര പന്തലിന്റെ ഓരോ കല്ലിന് മാത്രമല്ല, ആ ഓരോ കല്ലിലും അള്ളി പിടിച്ചിരുന്നപ്പോൾ ചവിട്ടിയരക്കപ്പെട്ട് വീരമൃത്യു വരിച്ച ഓരോ തേരട്ടകൾക്കുമുണ്ടായിരുന്നു പറയാൻ ഒത്തിരി വിശേഷങ്ങൾ.

സ്വയംവര പന്തലിലിരുന്ന് പുറകിലേക്ക് നോക്കിയാൽ കാണാം ഒന്നല്ല നാല് ഹെലികോപ്റ്ററുകൾക്ക് ഒരുമിച്ചിറങ്ങാൻ പാകത്തിന് വലിപ്പമുള്ള ബെല്ല്യ ഒരു ഗ്രൗണ്ട്. ഗ്രൗണ്ടിന്റെ ഭംഗികാണണമെങ്കിൽ ഗ്യാലറിയിലിരിക്കണം. ഗാലറി ഫില്ലാവാൻ ഗ്രൗണ്ടിൽ കളിനടക്കുകയൊന്നും വേണ്ട ഒരു ഫ്രീ ഹവർ കിട്ടിയാൽ മതി, മിനി ബസ്സിന്റെ സ്റ്റോപ്പ് പോലെ അടുത്തടുത്ത് രണ്ടണ്ണം വീതം കുറുകുന്നത് കാണാം കാണാം. ഇതൊക്കെ എവ്ടെ ചെന്ന് അവസാനിക്കോ എന്തോ?

ഗാലറിയിലിരുന്ന് നേരെ നോക്കിയാൽ കാണാം ഓപ്പൺ എയർ. എല്ലാവരും പറയും പണ്ടത്തെ ഓപ്പൺ എയറാണ് രസംന്ന്. പക്ഷേ പണ്ടത്തെ ഓപ്പൺ എയർ ഞാൻ കണ്ടിട്ടില്ലാത്തതുകൊണ്ട് ഇന്നത്തെ ഓപ്പൺ എയറിനെ പറ്റിപറയാം. ഫറൂഖ് കോളേജിന്റെ പ്രണയിനി എന്നാണ് ഓപ്പൺ എയറിനെ വിശേഷിപ്പിച്ച്കേട്ടിട്ടുള്ളത്. ഇപ്പോൾ വന്നാൽ കുറേ കാടും മടലും കാണാം. ഇങ്ങനെ പോയാൽ ഓപ്പൺ എയർ വൈകാതെ വംശനാശം സംഭവിച്ച്, കവിതയിലൊക്കെ പറഞ്ഞപോലെ

"വരും ജന്മമുണ്ടെങ്കിലി പൂമരം
നിന്റെ ചങ്കിലെ പെണ്ണായ് പിറന്നിടും"

എന്ന് പറയേണ്ടി വരും. പിന്നെ പറഞ്ഞിട്ട് കാര്യണ്ടാകൂല്ല. പറഞ്ഞേക്കാം.... ഓപ്പൺ എയറിൽ കുറച്ചുകൂടി ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരണം എന്നാണ് എന്റെ ഒരു ഇത്. കാരണം, എന്നാലെ പ്രണയിനി എന്നൊക്കെ പറയുന്നതിന്റെ ആ ഒരു ഫീല് കിട്ടൊള്ളു. പക്ഷേ ഓപ്പൺ എയർന്ന് പറയുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ചില ബർത്ത് ഡേ സെലിബ്രേഷനാണ്. അതുകൊണ്ട് തന്നെ ഇന്നത്തെ ഓപ്പൺ എയറിന് ഒരുതരം സെലിബ്രേഷന്റെ മണമാണ്. ഒളിഞ്ഞിരുന്ന് പഞ്ഞിക്കിട്ട് അതുകൊണ്ട് ആസ്വദിച്ച് ഹാപ്പി ബർത്ത് ഡേ ടു യു.... എന്ന് പാടി ച്ചിരിക്കുന്ന ഒരു തരം സെലിബ്രേഷന്റെ ഗന്ധം. റാണി ഗേറ്റ് കടന്ന് വരുമ്പോൾ സ്വിച്ചിട്ടത് പോലെ ഒരു വരവായിരുന്നു മഴ. കയ്യിലെ ഒറ്റപുസ്തകം തലയിൽ വച്ച് മഴയെ തടഞ്ഞ് കെമിസ്ട്രി ബ്ലോക്കിന്റെ വരാന്തയിലേക്ക് ഓടിക്കയറിയപ്പോഴായിരുന്നു ആദ്യമായ് മഴയുടെ സൗന്ദര്യം കണ്ടത്. "മഴ ഇത്ര സുന്ദരിയാണോ?". മഴ പെയ്തു തോർന്നാൽ മരം പെയ്യാൻ തുടങ്ങും. ആ മരം പെയ്തതിൽ മുമ്പേ പെയ്ത പുഷ്പങ്ങൾക്കുമേലെ മഴ തുള്ളികൾ ചെന്ന് ഉമ്മവെക്കുന്നത് കാണാം. "മരം പെയ്യുന്നത് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?" ഇല്ലാ ല്ലേ ....... ഇതുപോലൊരു മരം പെയ്തതിൽ ഇറങ്ങി നടന്നപ്പോഴാണ് ആദ്യമായ് മഴയോട് പ്രണയം തോന്നിയത്. അന്നൊരുബുധനാഴ്ചയായിരുന്നു. ക്ലാസ് വിട്ട് പള്ളിയിൽ നിന്ന് അസറ് നമസ്കാരം കഴിഞ്ഞ് കയ്യിലെ പുസ്തകം നെഞ്ചോട് ചേർത്ത് ഇറുക്കി പിടിച്ച് തോർന്നമഴയുടെ മരംപെയ്തിൽ ഇറങ്ങി നടന്നപ്പോൾ ഉള്ള് കുളിരുന്ന അനുഭൂതിയായിരുന്നു. മരം പെയ്ത് തോർന്നപ്പോൾ മഴക്ക് എന്തൊക്കെയോ ഇനിയും പറയാനായ് ബാക്കിയുള്ളത് പോലെ, ഇനിയും പങ്കുവെക്കാനായ് ഒരു പാടുള്ളത് പോലെ... അങ്ങനെ മഴനോക്കിയിരിക്കുന്ന വേഴാമ്പലായ് ഫറൂഖാബാദിലെ വരാന്തകളിൽ മഴയെ കാത്തിരുന്നു. ഓരോ മഴയിലും പങ്കുവെയ്



ക്കാനായ് മനസ്സിൽ ഒരുപാട് വിശേഷങ്ങൾ നെയ്തുവച്ചു. രാജാഗേറ്റും, പുഞ്ചിരി വളവും, ഓപ്പൺ എയറും, ഗാലറിയും, സ്വയംവര പന്തലും എല്ലാം ഞങ്ങളുടെ കഥയിലെ സ്ഥിരം കഥാപാത്രങ്ങളായി മാറി. ക്ലാസ്സിൽ ഇരുന്ന് ഉറങ്ങിയതിന് സാറ് ഗറ്റ്ഔട്ട് പറഞ്ഞതും, അസൈൻമെന്റ് വെക്കാൻ വൈകിയതിന് സാറ് വഴക്ക് പറഞ്ഞതും, ക്ലാസ് കട്ട് ചെയ്ത് സിനിമക്ക് പോയതും, രാഷ്ട്രീയം തലക്ക് പിടിച്ച് പ്രകടനത്തിലിറങ്ങിയപ്പോൾ അടികൊണ്ട് കവിള് വിങ്ങിയതും, ഇലക്ഷനിൽ വൻ ഭൂരിപക്ഷത്തോടെ ജയിച്ച് യൂണിയൻ നിലനിർത്തിയതിന്റെ ആഹ്ലാദം ശിങ്കാരി മേളം കൊട്ടി തീർത്തതും, സെം എക്സാമിനു പഠിക്കാതെ പോയി എഴുതി അഭിമാനത്തോടെ സപ്ലി ഏറ്റുവാങ്ങിയതും, കൂട്ടുകാരോട് ബെറ്റ് വച്ച് ജൂനിയർ ക്ലാസിൽ മൊഞ്ചത്തികുട്ടിയെ പ്രപോസ് ചെയ്തതിന് അവളുടെ ബോയ് ഫ്രണ്ടിന്റെ അടുത്ത് നിന്ന് കേട്ട തെറി അഭിഷേകം, ഫൈൻആർട്സിനു "ഒരു മധുരകിനാവിൻ ലഹരിയിലെന്നും" ഡാൻസ് കളിച്ചതും അങ്ങനെ അങ്ങനെ... വാതോരാതെ ഓരോ മഴയിലും പെയ്തൊഴിഞ്ഞത് വിശേഷങ്ങളുടെ പെരുമഴയായിരുന്നു. നാളുകൾ കഴിഞ്ഞു... മഴനേരങ്ങൾ മനപ്പാഠമായി, വേനൽ ജന്മശത്രുവും ഇന്ന് അവസാനത്തെ പരീക്ഷയും കഴിഞ്ഞ് രാജാഗേറ്റിന്റെ പടിയിറങ്ങാൻ നേരം തിരിഞ്ഞുനോക്കുമ്പോൾ വേനൽ പോലെ ആകാശം കത്തിനിൽക്കുന്നു, രാജാഗേറ്റ് തലക്കുനിച്ചിരിക്കുന്നു. ചിതലരിച്ച പുസ്തകഭാരം പേറി അബുസ്സബാഹ് ലൈബ്രറി, പൊളിഞ്ഞു വീഴാറായ ഇരിപ്പിടങ്ങൾ, വിജനമായ പുഞ്ചിരി വളവ്, ഊട്ടി റോഡ്, ആരെയും സ്വീകരിക്കാതെ സ്വയംവര പന്തൽ, പൊടിപിടിച്ച മാറാല കെട്ടിയ ഗാലറി, കാട് മൂടിയ ഓപ്പൺ എയർ ...... എല്ലാത്തിനും വല്ലാത്ത ഒരു അപരിചിതത്വം. കൂട്ടം തെറ്റിയ പറവയെ പോലെ മിടിച്ചങ്ങനെ നിന്നു കുറച്ചു നേരം. പെട്ടന്നാരൊ തോളിൽ തട്ടി പറഞ്ഞു ഡാ... മതി.... മതി.... നിന്ന് ഒണ്ടാക്കിയത് ........ കൊറേ നേരമായി ..... ഇന്നു മുതൽ നമ്മളും ഫോസ (ഫറൂഖ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ)യിലായില്ലേ.... ഫറൂഖിന്റെ മഴയെ പിരിഞ്ഞ് തിരിഞ്ഞ് നടക്കുമ്പോൾ ഏറെ ഇഷ്ടപ്പെട്ട ഒന്ന് നഷ്ടപ്പെട്ടതിന്റെ വേദന ആദ്യമായ് അറിഞ്ഞു.



ഒരു ചെലവും ഇല്ലാത്ത ഒരു ദീർഘശ്വാസം വലിച്ച് വിട്ട് നൈസായിട്ടൊന്ന് ചിരിച്ച് സലീം പറഞ്ഞു തുടങ്ങി. "പണ്ട് കോളേയ്ത്തെ മാഗസിൻക്കും ബേണ്ടിറ്റ് എയ്തീ താ... ഇന്ന് ഇത് ബായിക്കുമ്പോ ഈ അക്ഷരങ്ങൾക്കൊക്കെ ബെല്ലാത്ത ഒരു ജീവൻ ഉള്ളത് പോലെ... അന്നോട് എന്തല്ലക്കോ പറീണ പോലെ..." മാഗസിൻ അടച്ചുവച്ച് ദൂരെ ആകാശം നോക്കിയിരിക്കുമ്പോൾ അവൻ ആദ്യമായ് അത് അനുഭവിച്ചറിയുകയായിരുന്നു. ഉള്ള നിറയുന്ന വല്ലാത്ത...ആ...മറ്റേ...ഫീലിംഗ്സ്....ഏത്..... അതെന്നെ....ബെല്ലാത്ത ഒരു നൊസ്റ്റാൾജിയ ●



തഖിയുദ്ദീൻ
(മൂന്നാം വർഷം, ബി.എം.എം.സി)

**1948**ൽ കോഴിക്കോട് മമ്മിളിപ്പറമ്പ് ദേശത്തെ ഇരുമൂളിപ്പറമ്പ് കുന്നിൻ പ്രദേശത്ത് മലബാറിലെ ആദ്യകാല ഫസ്റ്റ് ഗ്രേഡ് കോളേജ് സ്ഥാപിക്കുമ്പോൾ അബുസ്വബാഹ് അഹ്മദ് മൗലവി ചരിത്രത്തേയും കൂടെക്കൂട്ടിയിരുന്നു. ഏകദേശം 72 വർഷങ്ങൾക്ക് മുമ്പ് റൗളത്തുൽ ഉലൂം അറബിക് കോളേജ് സ്ഥാപിച്ച ശേഷം 1948ൽ ഇന്നത്തെ ഫറോക്കിനടുത്ത് ഫാറൂഖ് കോളേജ് സ്ഥാപിക്കുമ്പോൾ ഈ വലിയ സ്ഥാപനത്തിന് നൽകിയ പേരിൽ ലോകംകണ്ട വലിയ രണ്ട് ഭരണാധികാരികളുടെ ചരിത്രത്തോട് കൂടെ നടക്കാൻ അബുസ്വബാഹിന് കഴിഞ്ഞു.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ എക്കാലത്തേയും വലിയ ശത്രു ടിപ്പു സുൽത്താൻ തന്റെ രാജ്യത്തിന് നൽകിയ പേര് നീതിയുടെ ഉപമസ്ഥാനീയനായ ഭരണാധികാരി ഉമറുൽ ഫാറൂഖിന്റേതായിരുന്നു.

ഫാറൂഖാബാദിനു ഈ പേരു വന്നതെങ്ങനെയെന്നതിനെ കുറിച്ചറിയാൻ ചരിത്രശകലങ്ങൾ പരിശോധിക്കേണ്ടതുണ്ട്. 1750 കാലഘട്ടം, കേരളം ഭരിച്ചിരുന്നത് നാട്ടുരാജാക്കന്മാരായിരുന്നു. അക്കാലത്താണ് സാമൂതിരി രാജാവ് കോഴിക്കോട് വിട്ട് പാലക്കാട് പിടിക്കാൻ പോവുന്നത്. പാലക്കാട് രാജ്യത്തെ സ്ഥലങ്ങൾ പിടിച്ചടക്കിയ സാമൂതിരി ആ രാജ്യത്തോട് യുദ്ധം തുടങ്ങി. എന്നാൽ അശക്തനായ പാലക്കാട് രാജാവ് ശേഖരവർമ്മ തന്റെ മരുമകനെ വിളിച്ചു വരുത്തി സാമൂതിരിയോട് യുദ്ധം ചെയ്ത് രാജ്യത്തെ രക്ഷിക്കാൻ ഏൽപ്പിച്ചു.

മരുമകൻ ഇട്ടിക്കൊമ്പിയച്ചൻ മറുത്തൊന്നും ആലോചിക്കാതെ നേരെ മൈസൂർ രാജാവ് ഹൈദറിനടുത്തേക്ക് നീങ്ങുകയായിരുന്നു, സാമൂതിരിയെ തോൽപ്പിക്കാൻ സഹായഭ്യർത്ഥനയുമായി. ഹൈദർ തന്നോട് യുദ്ധത്തിനു വരുന്നുണ്ടെന്നറിഞ്ഞ സാമൂതിരി 1755ൽ പിടിച്ചെടുത്ത സ്ഥലങ്ങളും സ്വത്തും തിരിച്ചു നൽകി പാലക്കാട്ടു നിന്നും പിൻവാങ്ങിയെങ്കിലും ഹൈദർ വിട്ടില്ല, യുദ്ധസന്നാഹത്തിന്റെ നഷ്ടപരിഹാരത്തിനായി 12 ലക്ഷം രൂപയും ഹൈദറിന് നൽകാൻ കരാറാക്കി തിരിച്ചുപോയ ഹൈദർ പത്തു വർഷങ്ങൾക്ക് ശേഷം 1766ൽ നഷ്ടപരിഹാരം വാങ്ങാൻ തിരികെ വന്നു. ഹൈദർ രാജാവിനോടുള്ള ഉടമ്പടി പാലിക്കാൻ സാമ്പത്തികമായിശേഷിയില്ലാത്ത രാജാവ് തന്റെ മാനഹാനി ഭയന്ന് സ്വന്തം കൊട്ടാരം കത്തിച്ചു അതിൽ ചാടി മരിക്കുകയായിരുന്നു. സാമൂതിരി മരിച്ചതറിഞ്ഞ് ഹൈദർ രാജാവ് പാലക്കാട്, കോയമ്പത്തൂർ വഴി മൈസൂരിലേക്ക് പോയി. പിന്നീട് തന്റെ മകൻ ടിപ്പുവിനെ കേരളത്തിലേക്ക് പടയോട്ടത്തിനയച്ചു. ശേഷം 1782ലെ ഹൈദർ രാജാവിന്റെ മരണശേഷം മൈസൂർ രാജാവായ ടിപ്പു ചരിത്രത്തിന്റെ ഭാഗമായിത്തീരുകയായിരുന്നു.





1788ലെ ടിപ്പുവിന്റെ വരവോടെയായിരുന്നു ഫാറൂഖാബാദിന്റെയും ജനനം. ഒരു ചെറിയ നാടിന്റെ പേര് എന്നതിലുപരി ഇതൊരു രാജ്യത്തിന്റെ തലസ്ഥാന നാമമായിരുന്നു. ചുരുക്കത്തിൽ താമരശ്ശേരി ചുരത്തിന് വഴിവെട്ടിയ ടിപ്പു അതുവഴി കോഴിക്കോട്ടെത്തി മലബാർ പിടിച്ചെടുത്തു. മലബാറിന്റെ ആസ്ഥാനമായിരുന്ന കോഴിക്കോടിന്റെ പേരും സ്ഥലവും മാറ്റണമെന്നായിരുന്നു ആദ്യ തീരുമാനം. നല്ല നയതന്ത്രജ്ഞനും യുദ്ധതന്ത്രജ്ഞനുമായിരുന്ന ടിപ്പു രാജ്യ തലസ്ഥാനത്തിനുതകുന്ന സ്ഥലം അന്വേഷിച്ചിറങ്ങി. ഇന്നത്തെ കിണാശ്ശേരിക്കടുത്തുള്ള പൊക്കുന്ന്, കൊല്ലത്തിനടുത്തുള്ള പന്തലായനി തുടങ്ങിയ സ്ഥലങ്ങൾ കണ്ടെത്തിയെങ്കിലും കോഴിക്കോടിനെച്ചുറ്റി അർധവൃത്താകൃതിയിലുള്ള കടലോരത്തെ തെക്ക്-കിഴക്കെ അറ്റത്തുള്ള കുന്നിൻ നെറുകയിൽ ഉതകുന്ന മറ്റൊരു സ്ഥലം കണ്ടെത്തുകയായിരുന്നു. കോഴിക്കോട് നഗരത്തിൽ നിന്ന് 7 കി.മി അകലെ മമ്മിളിയെന്ന ഈ സ്ഥലം ചാലിയാറിന്റെ തീരവും ഉയർന്ന പ്രദേശവുമായതിനാൽ കോഴിക്കോട് നഗരവും കടൽതീരവും നോക്കിക്കാണാമായിരുന്നു.

യുദ്ധതന്ത്രജ്ഞനായ ടിപ്പു ആദ്യം ശ്രദ്ധിച്ചത് ശത്രുക്കളുടെ നീക്കം എങ്ങനെ കണ്ടെത്താമെന്നും എങ്ങനെ രക്ഷപ്പെടാമെന്നുമായിരുന്നു. അതിനായി മമ്മിളിപ്പറമ്പ് പ്രദേശത്ത് ടിപ്പു കെട്ടിയ കോട്ടയിലേക്ക് ചാലിയാറിൽ നിന്നു തുരങ്കവും ഉണ്ടാക്കി. ഇന്നത്തെ ഫറോക്ക് മുനിസിപ്പാലിറ്റി ഓഫിസിനു പിൻവശം പുഴയരികിൽ തുരങ്കത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം.

രാജ്യ തലസ്ഥാനത്തിനുതകുന്ന സ്ഥലം കണ്ടെത്തി തന്റെ സമുദായാംഗങ്ങളെ പ്രദേശത്തേക്ക് മാറ്റി പ്പാർപ്പിച്ചും സൈനിക ക്യാമ്പ് തുടങ്ങിയും ടിപ്പു ഫാറൂഖാബാദിനെ സജീവമാക്കി. അന്ന് പ്രദേശത്തെ നാടുവാഴികൾ മൂസ്സതുമാരായിരുന്നു. ടിപ്പുവിന്റെ വരവോടെ ഹിന്ദു സമുദായംഗളായ പൂതേരി, പാറക്കാട്ട്, എടവരത്ത്, മംഗലശ്ശേരി, നീലാട് ഇല്ലക്കാരും പുടയൂർ മനക്കാരും കുടുംബസമേതം സമീപപ്രദേശങ്ങളിലേക്ക് മാറിത്താമസിച്ചു. പകരം കോഴിക്കോട് നഗരത്തിൽ നിന്നും ഏതാനും മുസ്ലിം കുടുംബങ്ങൾ അങ്ങോട്ടേക്ക് താമസം മാറ്റി. മലബാറിന്റെ കൂടി രാജാവായി ഫാറൂഖാബാദിൽ വാഴുകയെന്നതായിരുന്നു ടിപ്പുവിന്റെ മോഹം. പിന്നീട് ടിപ്പു സൈന്യാധിപനെ കാര്യങ്ങളേൽപ്പിച്ചു താമരശ്ശേരി ചുരം വഴി മൈസൂരിലേക്ക് മടങ്ങി.

എന്നാൽ, തിരൂരങ്ങാടി പ്രദേശത്ത് വച്ച് ബ്രിട്ടിഷ് സൈന്യവുമായി 1790ൽ ടിപ്പുവിന്റെ സൈന്യം യുദ്ധത്തിന്റെ കരുക്കൾ നീക്കിത്തുടങ്ങി. ടിപ്പുവിന്റെ അസാന്നിധ്യം സൈന്യത്തെ തളർത്തി. ബ്രിട്ടിഷ് സൈന്യത്തിന്റെ മുൻപിൽ പരാജിതരായ ആയിരക്കണക്കിനു ഭടന്മാരെ അവർ തടവിലാക്കി. പിന്തിരിഞ്ഞോടിയ സൈന്യാധിപൻ മർത്താബ്ഖാൻ രാജ്യ തലസ്ഥാനമായ ഫാറൂഖാബാദിൽ വന്ന്, കിട്ടിയ സ്വർണ്ണശേഖരവും സ്വത്തുമെടുത്ത് ചാലിയാർ പുഴ മാർഗം താമരശ്ശേരി ചുരം വഴി മൈസൂരിലേക്ക് രക്ഷപ്പെട്ടു. അന്നവിടെ നാലാം ആംഗ്ലോ-മൈസൂർ യുദ്ധം നടക്കുകയായിരുന്നു. ബ്രിട്ടിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ദക്ഷിണേന്ത്യയിൽ പിടിമുറുക്കാൻ ടിപ്പുവിന്റെ പതനം അനിവാര്യമായപ്പോൾ ബ്രിട്ടിഷ് സൈന്യം ഹൈദരാബാദ് രാജാവ് നൈസാമിന്റെ സഹായത്തോടെ മൈസൂർ രാജ്യവുമായി യുദ്ധത്തിലേർപ്പെട്ടു. ഇത് നാലാം ആംഗ്ലോ-മൈസൂർ യുദ്ധം എന്നറിയപ്പെടുന്നു. ഈ യുദ്ധത്തിൽ മൈസൂർ രാജ്യതലസ്ഥാനമായ ശ്രീരംഗപട്ടണം ഉപരോധത്തിൽ ധീരയോദ്ധാവായ ടിപ്പു കൊല്ലപ്പെട്ടു.

പിന്നീട് ഫാറൂഖാബാദ് കോട്ട പിടിച്ചെടുത്ത ബ്രിട്ടിഷ് സൈന്യം 1792-93 വർഷങ്ങളിൽ അവരുടെ സൈനികാവശ്യങ്ങൾക്കുപയോഗിച്ചതായി പറയപ്പെടുന്നു. കോട്ട പൂർത്തിയാക്കാൻ എട്ട് വർഷക്കാലമായിരുന്നു നിശ്ചയിച്ചത്. നിർമാണം പാതിനിർത്തിവച്ച അവസ്ഥയിൽ ബ്രിട്ടിഷ് ഭരണകാലത്ത് സെറ്റിൽമെന്റ് രേഖയിൽ ജനറൽ ഏജന്റ് ഹോഫ്മാന്റെ പേരിലായിരുന്നെന്ന് ചരിത്രം കുറിക്കുന്നു. പിന്നീട് കോമൺവെൽത്ത് കമ്പനിക്ക് കീഴിലും ശേഷം 1974ൽ ചെറുവണ്ണൂർ പ്രദേശത്തെ ഒരു വ്യക്തിയുടെ പേരിലുമായിരുന്നു. ടിപ്പുവിന്റെ ആഗ്രഹമുൾക്കൊണ്ട് ഇന്ന് കോട്ടയുടെ സമീപത്തായി മറ്റൊരു ഫാറൂഖാബാദ് ഉയർന്നിരിക്കുകയാണ്. ഫാറൂഖ് സ്കൂൾ ഗ്രൗണ്ടിൽ എൻ.സി.സി പ്രാക്ടിസ് ചെയ്യുന്ന സ്ഥലത്ത് കോട്ടയുടെ ചില ഭാഗങ്ങൾ ഇന്നും കാണപ്പെടുന്നുണ്ട്.

പിന്തിരിഞ്ഞോടിയ സൈന്യാധിപൻ മർത്താബ്ഖാൻ രാജ്യ തലസ്ഥാനമായ ഫാറൂഖാബാദിൽ വന്ന്, കിട്ടിയ സ്വർണ്ണ ശേഖരവും സ്വത്തുമെടുത്ത് ചാലിയാർ പുഴ മാർഗം താമരശ്ശേരി ചുരം വഴി മൈസൂരിലേക്ക് രക്ഷപ്പെട്ടു. അന്നവിടെ നാലാം ആംഗ്ലോ-മൈസൂർ യുദ്ധം നടക്കുകയായിരുന്നു. ബ്രിട്ടിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ദക്ഷിണേന്ത്യയിൽ പിടിമുറുക്കാൻ ടിപ്പുവിന്റെ പതനം അനിവാര്യമായപ്പോൾ ബ്രിട്ടിഷ് സൈന്യം ഹൈദരാബാദ് രാജാവ് നൈസാമിന്റെ സഹായത്തോടെ മൈസൂർ രാജ്യവുമായി യുദ്ധത്തിലേർപ്പെട്ടു. ഇത് നാലാം ആംഗ്ലോ-മൈസൂർ യുദ്ധം

എന്നറിയപ്പെടുന്നു. ഈ യുദ്ധത്തിൽ മൈസൂർ രാജ്യതലസ്ഥാനമായ ശ്രീരംഗപട്ടണം ഉപരോധത്തിൽ ധീരയോദ്ധാവായ ടിപ്പു കൊല്ലപ്പെട്ടു.

പിന്നീട് ഫാറൂഖാബാദ് കോട്ട പിടിച്ചെടുത്ത ബ്രിട്ടിഷ് സൈന്യം 1792-93 വർഷങ്ങളിൽ അവരുടെ സൈനികാവശ്യങ്ങൾക്കുപയോഗിച്ചതായി പറയപ്പെടുന്നു. കോട്ട പൂർത്തിയാക്കാൻ എട്ട് വർഷക്കാലമായിരുന്നു നിശ്ചയിച്ചത്. നിർമാണം പാതിനിർത്തിവച്ച അവസ്ഥയിൽ ബ്രിട്ടിഷ് ഭരണകാലത്ത് സെറ്റിൽമെന്റ് രേഖയിൽ ജനറൽ ഏജന്റ് ഹോഫ്മാന്റെ പേരിലായിരുന്നെന്ന് ചരിത്രം കുറിക്കുന്നു. പിന്നിട് കോമൺവെൽത്ത് കമ്പനിക്ക് കീഴിലും ശേഷം 1974ൽ ചെറുവണ്ണൂർ പ്രദേശത്തെ ഒരു വ്യക്തിയുടെ പേരിലുമായിരുന്നു. ടിപ്പുവിന്റെ ആഗ്രഹമുൾക്കൊണ്ട് ഇന്ന് കോട്ടയുടെ സമീപത്തായി മറ്റൊരു ഫാറൂഖാബാദ് ഉയർന്നിരിക്കുകയാണ്. ഫാറൂഖ് സ്കൂൾ ഗ്രൗണ്ടിൽ എൻ.സി.സി പ്രാക്ടിസ് ചെയ്യുന്ന സ്ഥലത്ത് കോട്ടയുടെ ചില ഭാഗങ്ങൾ ഇന്നും കാണപ്പെടുന്നുണ്ട്.



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആവേശപൂർവ്വം സ്മരിക്കപ്പെടുന്ന ടിപ്പു, ബ്രിട്ടിഷ് സാമ്രാജ്യത്തിന്റെ എക്കാലത്തെയും പേടിസ്വപ്നമായിരുന്നു, ടിപ്പുവുമായുള്ള യുദ്ധങ്ങളിൽ നിരവധി തവണ ബ്രിട്ടിഷ് സൈന്യം പരാജയപ്പെട്ടിട്ടുണ്ട്. അയൽ രാജ്യങ്ങളെ ആക്രമിച്ചും കീഴ്പ്പെടുത്തിയും ബ്രിട്ടിഷുകാർക്കെതിരെ സന്ധിയില്ലാ സമരം നടത്തിയും ടിപ്പു തന്റെ സാമ്രാജ്യം വികസിപ്പിച്ചു കൊണ്ടിരുന്നു. യുദ്ധതന്ത്രത്തിലും ആധുനിക സാങ്കേതികതയിലും ടിപ്പു സൈന്യം ബ്രിട്ടിഷുകാരോടൊപ്പം നിന്നു. ഫ്രഞ്ചു സൈന്യത്തോടൊപ്പം ചേർന്ന് ടിപ്പു ബ്രിട്ടിഷുകാരെ പലവുരു പരാജയപ്പെടുത്തിയിട്ടുണ്ട്. തന്റെ യുദ്ധ സാങ്കേതികതയിൽ മിസൈൽ സംവിധാനങ്ങൾ പോലും അദ്ദേഹം ഉൾപ്പെടുത്തി. കേരളത്തിലെ നാട്ടുരാജാക്കന്മാരായ പഴശ്ശിരാജയും സാമൂതിരിയും കൊച്ചിരാജാവുമടക്കം ടിപ്പുവിന് മുൻപിൽ അടിയറവ് പറഞ്ഞവരാണ്.

വലിയ മത പണ്ഡിതനും ഭാഷാജ്ഞാനിയുമായ ടിപ്പുവിന് അഞ്ച് ഭാഷകൾ വരെ കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. രാജ്യത്ത് പുതിയ നാണയ സംവിധാനവും ഭൂനികുതി വ്യവസ്ഥയും കൊണ്ട് വന്ന അദ്ദേഹമാണ് മൈസൂർ-കോഴിക്കോട് റോഡ് വാഹന ഗതാഗതത്തിനു പറ്റിയ രീതിയിൽ നിർമ്മിച്ചത്. അതിൽ ചുരം റോഡ് കണ്ടെത്തിയത് ചരിത്രപരമായ മുന്നേറ്റമായിരുന്നു.



മതഭ്രാന്തനെന്നും ഇതര മതങ്ങളോട് അസഹിഷ്ണുത പുലർത്തിയിരുന്നെന്നും പിൻകാലങ്ങളിൽ ചരിത്രം വക്രീകരിച്ച് ചില ചരിത്രകാരന്മാർ പറഞ്ഞത് വിവാദങ്ങൾക്കിടയാക്കിയിരുന്നു. പേർഷ്യൻ, കന്നട, ഹിന്ദുസ്ഥാനി, അറബിക്, ഫ്രഞ്ച് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യമുള്ള ഇദ്ദേഹം കോഴിക്കോട് പിടിച്ചെടുത്തപ്പോൾ പേര് ഫാറൂഖാബാദെന്ന് മാറ്റിവിളിച്ചതും ഈ ഭാഷകളോടുള്ള താൽപര്യമാണ് കാണിക്കുന്നത്.

ടിപ്പുവിന്റെ സാമ്രാജ്യം ഫാറൂഖാബാദെന്ന സ്ഥലത്ത് ഉയർത്താൻ കഴിഞ്ഞില്ലെങ്കിലും ശതാബ്ദങ്ങൾക്കിപ്പുറത്ത് ഇവിടെ മറ്റൊരു വിജ്ഞാന സാമ്രാജ്യം ഉയർത്തപ്പെട്ടിരിക്കുകയാണ്. ടിപ്പു മനസ്സിൽ കെട്ടിയ കോട്ട, പൂർത്തിയാക്കാതെ ഇട്ടേച്ചു പോയ സ്ഥലം, അതിന്റെ ബാക്കിപത്രങ്ങൾക്കിടയിൽ അതേ പേരും അതേ ധർമ്മവും ഉയർത്തിപ്പിടിച്ച് ഇന്ന് കേരളത്തിലെ ഏറ്റവും വലിയ സ്ഥാപനങ്ങളിലൊന്നായി ഫാറൂഖ് കോളേജ് നിലനിൽക്കുന്നു. തലയുയർത്തി...വലിയ കോട്ടയായി...ഫാറൂഖാബാദ്...

Internet Explorer cannot display the webpage - Windows Internet Explorer

W:\welcome.html

Favorites | Suggested Sites | Web Slice Gallery | എന്റെ ഫറൂഖാബാദ്

Farook College Trolls | Mahin | Home




Farook College Trolls
@trollfarookabad

Home
Posts
Photos
About
Likes

Create a Page




Like | Follow | Share | More

Send Message

Status | Photo / Video

## ഫയാസ് അൽതാഫ്, ജുനൈദ്

(ഒന്നാംവർഷം, ബി.എം.എം.സി)

സിനിമയിലെ സന്ദർഭങ്ങൾ നിത്യജീവിതമായും സമകാലിക വിഷയങ്ങളുമായി ബന്ധപ്പെടുത്തിയും ഹാസ്യരീതിയിൽ അവതരിപ്പിക്കുന്നതിനെയാണ് ട്രോളിങ് എന്ന് പറയുന്നത്. ഒരു വ്യക്തിയെയോ സംഭവത്തെയോ വിഷയത്തേയൊ നർമ്മബോധത്തോടെയും ആക്ഷേപഹാസ്യത്തോടേയും വിമർശനത്തിനു വിധേയമാക്കുന്ന അതിനൂതന ജനാധിപത്യ ഇടമാണ് ട്രോളിങ് കൂട്ടായ്മകൾ.

ഈ ജനകീയ വിമർശനത്തിന്റെ സാധ്യതകൾ നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുന്നു.

പലർക്കും തുറന്ന് പറയാൻ മടിയുള്ള സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ വിമർശനങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാൻ അവസരം നൽകുകയാണിവ. ട്രോളുകളുടെ അനോനിമസ് സ്വഭാവം വിഷയങ്ങളോട് പൂർണാർത്ഥത്തിൽ വിയോജിക്കാനും കലഹിക്കാനുമുള്ള സ്വാതന്ത്ര്യം വകവച്ച് തരും.

International Chalu Union, Troll Malayalam എന്ന പ്രശസ്തമായ ട്രോൾ പേജുകളിലെ ട്രോളുകളിൽ നിന്നുള്ള പ്രചോദനമായിരുന്നു Farook College Trolls എന്ന സംരംഭത്തിന് അടിത്തറ പാകിയത്. പ്രാരംഭകാലത്ത് ട്രോളുകളുടെ പ്രചാരണത്തിനുവേണ്ടി ഞങ്ങൾ തിരഞ്ഞെടുത്തത് കോളേജിലെ ഇരുനൂറ്റിപത്തിൽപരം വരുന്ന രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന Farookabad എന്ന വാട്സ് ആപ്പ് ഗ്രൂപ്പായിരുന്നു. ഇതൊരു പരീക്ഷണമായിരുന്നു.

വിദ്യാർത്ഥികൾക്ക് ട്രോളുകളെ പറ്റിയുള്ള അറിവില്ലായ്മ കാരണം FCT തുടങ്ങിയപ്പോൾ വലിയ രീതിയിൽ സ്വീകാര്യത ലഭിച്ചില്ലെങ്കിലും വിമർശനങ്ങൾ നേരിടേണ്ടി വന്നില്ല എന്നത് ഏറെ ആശ്വാസകരമായിരുന്നു. കാലക്രമേണ ട്രോളുകളുടെ നിലവാരം വർധിച്ചതോടു കൂടി വിദ്യാർത്ഥി

Just For Fun

Search for posts on this Page

Invite friends to like this Page

Farook college trolls> think.laugh.share

566 Likes
Shajas Bin Shoukathali likes this

About | See All

Message Now

Just For Fun

VISITOR POSTS

#farookinś whatsapp grp






Internet | Protected Mode: On | 100%






കൾക്കും അധ്യാപകർക്കുമിടയിലെ പ്രചാരവും സ്വീകാര്യവും വർധിച്ചു. തുടക്കത്തിൽ

വലിയ വിവാദങ്ങൾക്കൊന്നും ഇടം നൽകാതെ മുന്നോട്ട് പോയ എഫ്.സി.ടി കോളേജിലെ ലാബ് അസിസ്റ്റന്റിനെ മുതൽ കോളേജ് പ്രിൻസിപ്പലിനെ വരെ കഥാപാത്രങ്ങളാക്കി തുടങ്ങിയതോടെ കാമ്പസ് ഇതിനോട് കൂടുതൽ ഗൗരവത്തോടു പ്രതികരിച്ചു തുടങ്ങി. കോളേജിന്റെ നിലവാരം വിലയിരുത്താൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ സ്വയംഭരണ അംഗങ്ങളായ NAAC ടീം വരുന്നതിനോട് അനുബന്ധിച്ച് ഇറങ്ങിയ ട്രോളുകൾ വളരെ അധികം ആസ്വാദ്യകരമായിരുന്നു. അതിലൊന്ന് കോളേജ് പ്രിൻസിപ്പലിനെ ഉൾപ്പെടുത്തി കൊണ്ടുള്ളതായിരുന്നു. തികച്ചും ഹാസ്യരൂപത്തിൽ അവതരിപ്പിക്കപ്പെട്ട ആ സംഭവം അധ്യാപകർക്കിടയിൽ ചർച്ചാവിഷയമാവുകയും പ്രചാരത്തിന് കാരണമാവുകയും ചെയ്തു. കാണുന്നതിലും കേൾക്കുന്നതിലുമെല്ലാം ട്രോളിനുള്ള സാധ്യത തേടിയിറങ്ങിയ ഞങ്ങൾക്ക് വിഷയദൗർലഭ്യം അനുഭവപ്പെട്ടതേയില്ല. കാമ്പസിൽ അരങ്ങേറുന്ന ഓരോ സംഭവങ്ങളോടും ക്രിയാത്മകമായി പ്രതികരിച്ചു തുടങ്ങിയപ്പോൾ വിദ്യാർഥികളെ ചിരിക്കാനും ചിന്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്







**ഇലക്ഷൻ**

എല്ലാ വർഷത്തെയും പോലെ 2016-2017 ഫാറൂഖ് കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് അടുത്തു. എല്ലാ പാർട്ടിക്കാരും മോഹനവാഗ്ദാനങ്ങൾ നൽകുന്ന തിരക്കിലായി. അവ

രവരുടെ സാന്നിധ്യം തെളിയിക്കാൻ ഓരോത്തരും വിവിധ പരിപാടികളും പദ്ധതികളുമെല്ലാം ആവിഷ്കരിച്ചപ്പോഴെല്ലാം അതിലൊക്കെ ട്രോളുവാനുള്ള വിഭവങ്ങൾ നിറയെ ഉണ്ടായിരുന്നു. ഇലക്ഷൻ കാലത്ത് ഒരു പാർട്ടി മറ്റൊരു പാർട്ടിക്ക് പാര പണിയുന്നത് പോലെ ചില വിദ്യാർത്ഥികൾ ട്രോളിങ് ഏറ്റെടുത്തുകൊണ്ട് അതിനെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ഉപയോഗിച്ചു, അല്ലെങ്കിൽ ഉപയോഗിക്കാൻ ശ്രമിച്ചു. സത്യം സത്യമായി തന്നെ അവതരിപ്പിച്ചത് കൊണ്ടാവാം ചില ട്രോളുകൾ കണ്ടിട്ട് നേതാക്കൾക്ക് കുരു പൊട്ടിയിട്ടുണ്ട്.

അങ്ങനെയിരിക്കെയാണ് ഒരു സായാഹ്നത്തിൽ ഞങ്ങളിൽ ഒരാൾക്ക് ആദ്യമായി ഭീഷണി നേരിടേണ്ടി വന്നത്. കോളേജിലെ ഒരു പാർട്ടിയുടെ കുറച്ച് അണികളും അവരുടെ നേതാവുമാണ് ഭീഷണിയുടെ സ്വരം മുഴക്കിയത്. എന്നാൽ ട്രോൾ അതിന്റേതായ രീതിയിൽ എടുക്കണമെന്നും 'ഞങ്ങൾ ഇങ്ങനെയൊക്കെയാണ്, ഇത് ഇങ്ങനെ തന്നെ തുടരും' എന്ന് പറയുകയും ചെയ്തു. തനിക്കെതിരായി കാർട്ടൂൺ വരച്ച കലാകാരനോട് സഹിഷ്ണുതയോടെ പ്രതികരിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പിൻമുറക്കാർ ഇങ്ങനെയൊക്കെ ചെയ്യാവോ...

## വിപുലീകരണം

ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളിൽ ഞങ്ങൾ വളരെ സംതൃപ്തരായിരുന്നു. ഫാറൂഖ് കോളേജ് ട്രോൾ







സിനെ മുന്നോട്ട് കൊണ്ടുപോകുന്നതിനും പുതുതായി ചേർന്ന ഒന്നാം വർഷക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിനുമായി അവരിൽ നിന്ന് പ്രവർത്തന പരിചയവും താൽപര്യവുമുള്ള കുറച്ച് പുതിയ ട്രോളന്മാരെ പൊക്കിയെടുത്തു. പ്രതീക്ഷിച്ചപോലെ അവരിലും വ്യത്യസ്ത രാഷ്ട്രീയ കാഴ്ചപ്പാടുകൾ ഉള്ളവരുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഇലക്ഷൻ സമയത്ത് നിരവധി ട്രോളുകൾ പിറന്നു.

ഫാറൂഖ് കോളേജ് വിദ്യാർത്ഥികൾക്ക് മാത്രം മനസ്സിലാകുന്ന ട്രോളുകൾ അവരിൽ എത്തിക്കാൻ ഏറ്റവും ഉത്തമം വാട്സാപ്പ് ആയതുകൊണ്ടാണ് ഞങ്ങൾ മറ്റു സമൂഹമാധ്യമങ്ങളുടെ സേവനം ഉപയോഗിക്കാതിരുന്നത്. എന്നാൽ പുതിയ ട്രോളർമാരിൽ ഒരാൾ ഇതേ പേരിൽ ഒരു ഫേസ്ബുക് പേജ് തുടങ്ങുകയും അനുവാദം കൂടാതെ ഫാറൂഖ് കോളേജ് ട്രോളുകൾ അതിൽ പങ്കുവെയ്ക്കുകയും ചെയ്തു. പക്ഷേ അധികം വൈകാതെ തന്നെ ആ പേജ് നിർജീവമായി. ഇലക്ഷൻ സമയത്ത് മാത്രം കണ്ട ആ പ്രതിഭാസത്തിന് ചില രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്നതായും പറഞ്ഞു കേൾക്കുന്നു. ഞങ്ങളുടെ ട്രോളുകൾ മറ്റുള്ളവയിൽ നിന്ന് തിരിച്ചറിയുന്നതിന് വേണ്ടി ഒരു ലോഗോ ഉപയോഗിച്ചു. ആദ്യത്തേതിൽ ഒരു വൃത്തത്തിൽ FC Troll എന്നെഴുതിയ സ്റ്റാമ്പ് രീതിയിൽ ഉള്ളതായിരുന്നെങ്കിൽ പിന്നീടത് സമചതുരത്തിൽ വ്യത്യസ്തയാർന്ന ലിപിയിൽ വെള്ളയിൽ കറുപ്പ് നിറം കൊണ്ട് എഴുതിയ FCT എന്ന അക്ഷരങ്ങൾ മാത്രമായി. എന്നാൽ കുറച്ച് കഴിഞ്ഞ് ഇതേ ലോഗോയിൽ THINK, LAUGH, SHARE എന്ന വാക്യം കൂടി ചേർത്തുള്ള നിലവിലെ രൂപത്തിലായി. ഒരു നിയോഗം പോലെ 2015ൽ തുടങ്ങിവച്ച ഫറൂഖ് കോളജ് ട്രോൾസ് എന്ന സംരംഭം ഞങ്ങൾ രാജാഗേറ്റ് വിട്ട് ഇറങ്ങുമ്പോൾ ഉത്തരവാദിത്തപ്പെട്ട കരങ്ങൾ ഏറ്റെടുക്കുമെന്നും അനാദികാലത്തോളം ഫറൂഖ് കോളജിലെ വിദ്യാർഥികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും തിരുത്തേണ്ട വരെ തിരുത്തിയും കൊള്ളേണ്ടവരെ കൊണ്ടും തള്ളേണ്ടവരെ 'തള്ളിയും' നിലകൊള്ളട്ടെ എന്ന് പ്രത്യാശിക്കുന്നു. ●

ചിത്രീകരണം: ബാസിത്

ആശയം: താഹിർ സമാൻ




# വരയും കുറിയും

കാലം ഈ കലാലയത്തിന്റെ ചുമരുകളിൽ കോറിയിട്ട വരകളിൽ നിന്ന് കടമെടുത്തതും കട്ടെടുത്തതും കൂട്ടിവെച്ചപ്പോൾ കിട്ടിയത്







ഒരടവും നടക്കുന്നില്ലെങ്കിൽ അവസാനത്തെ ഒരടവുണ്ട്. ഒരു കാമറ വാങ്ങിയാൽ മതി എല്ലാം ശരിയാകും
ഞാൻ കൂടെ മെമ്പറായിട്ടും വാവിട്ട് മുദ്രാവാക്യം വിളിച്ചു നടക്കുന്ന നിസ്വാർഥനായ ഒരു ...
രണ്ട് CAT കൾക്കിടയിൽ പെട്ട് ഓടിക്കളിക്കുന്ന RATs
ആധാർ കാർഡ്.. പാൻകാർഡ്... റേഷൻകാർഡ്... അങ്ങനെയൊരു കാർഡ് കഴുത്തിന് പിടിച്ച് ലൈബ്രറിക്ക് പുറത്തേക്കെറിഞ്ഞ പുസ്തകങ്ങളി!


ഒടുക്കം ക്ലാസിലൊന്ന് ഇരിക്കാമെന്ന്
കരുതി കയറിച്ചെന്നപ്പോൾ
ആശ്ലേഷവിമുക്ത പുറത്താക്കപ്പെട്ട
സ്പോർട്സ് ക്വോട്ട സഹോ...
സ്വീറ്റ് ഹോമിലെയും ഷഡ്പാർക്കിലെ
പൊതിച്ചോറുകൾ ഹോസ്റ്റൽ ഗേറ്റ്
കടത്താനുള്ള അതിസാഹസങ്ങ
ഹിയ്യാ...
ഫാറൂഖ് കോളേജ്...
ജയ് വിളികളുടെയും കണ്ണീരുകളുടെയും
ബി-സോൺ- ഇന്റർസോൺ രാത്രിക

സുഹാന

# خدا کی تحفہ ہے یہ وطن



آسمان کی نیچے جہاں میں
خدا نے ایک مقام دیا ہے
مردم خیز ہے بھارت نام ہے
مادرے محبّت ہماری وہ ہے
پتنگ جیسے ترنگ پرچم
من کی عمبر میں ہے سرگم
مندر سے لیکر مسجد تک ہم
تار محبّت سجاتے ہیں باہم
شور ویروں کی تلوار کی کہانیاں
مٹایا ہے شاعروں کی ویرانیاں
قسم قسم کی مذہب دیکھو
طرح طرح کی ململ پہنو
دیکھو نہ وطن یہ ہے ہمارا
جس کو مذمّت نہ ہے گوارا
سرفروش سرحدوں میں اویر سویر
دیتے ہے ہمیں حفاظت پرزور

* * * * * * * * *

راہوں پہ چڑتے ہیں جامعوں کی
گایے فصطائیّت بنا قابو کوئی
دھکیلتے ہیں باھر زہریلی بات
چلو باکستان یا رہو چپ چاپ
جو کرتا ہے بات مقابلے میں
کھاتا ہے ہوایے جیل قید میں

دور نہیں ہے بہت بابری سی دادری
درمیان میں ہوا ہے انتقال بردباری
تحفوں کی واپسی میں بند ہوئی سانسیں
وزیر اعظم کھو گئی من کی باتیں
گھر واپسی سے ہو گئی پھوٹ
غیر مذہبیّت بن گئی ہے جھوٹ
جب کھیلتے ہو غریبوں کی زندگی سے
بناتے ہو نئی پھیلی یہاں سے
جب تابوت میں روتا ہے غم زدہ افسانہ
اور بناتے ہو تم لاش سے کھلونا
جب گوشت کو تلاش کرتی ہے قطرہ خون
اور سرنگ دھماکہ ہوتیا ہے یونہی
تب وطن پکارتے ہو تمہیں کبھی کبھی
مگر نہ غور کرتے ہو تم بھارتی
جب تم ستاتے ہو جنسی طور پر
کرتے ہو بے عزتی عورتوں پر
بلاتے بلاتے رہتے ہیں ترے وطن
گڈ گڈاتے ہیں ماں باپ ادھر ادھر
جنھوں کو بھگآیے متقف اولاد
نہ سنتے ہو وہ سرسراہٹ دل سے
قبول بھی نہ کرتے گزارش تم سے
کیا نہ سنتے ہو چیخ اقلیتوں سے
یا اداکاری کرتے ہو ست سے

خود کشی کرتے رہتے ہیں ترا رازق
بھوک سے ہار گیا کسان ہی ہے رازق
کب پیاس خونخور ہو جایے گا ختم
کجا مین ملوں اسے لگیگا لگام
خشک ہو گئی اس کی دل کی زمین
بوندھوں سے بھگا دو اچانک وہاں
ورنہ بن جاؤں ترے ساتھ کافور
پھر ہونگی یہاں لاشوں کی انبار
کاش تم پرہیز کریں حرص ترا
شاید ملوں واپس رگوں کو مرا
کھیلتے ہو تم اور کھلاتے ہو تم
بے مقصد تیروں چلاتے تاہم
رشوت کی زنجیر توڑ کرکے کر دو صاف
حکومت کو مضبوط کر دو انصاف
کب آییگا اچھے دنوں کا بہار
کب بھرسے گا خابوں کی پھوہار
نفرت کی شعلہ کو بجھاؤ پیار سے
اور سجاؤ قوم باہمی تعاون سے
امید کی ٹکنیاں وہاں دیکھ سکے گا
تو دل کی دوریاں کم ہو جاییگا



# पलस्तीन

वो ,आसमान का चमकते हुए सितारों को
देख कर हसते मूसकूराते बातें कर रहा था
वो ,एक एक सितार को एक एक नाम भी
दिया था
कभी माँ कभी पापा पुकार रहा था....

मोंने चारों तरफ देखा
समाझ में आया वो पलासतीन का एक
मासुँम बचछा था

ना जाने कब उस मासूँम मुसकुराहत पर
उन कातिलों का गोलि का नज़र पठेगा...

**Nihma**
(IInd Year
BSc. Chemistry)



# दूशमनी

कभि कभि लगता है दिल की चाहत और
किसमत के बीच कूछ पूरानी दूशमनी है .....
शायद, यही वजह है.....
साथ नही देता किसमात कभी,
उसे पाने को जिसे दिल ने बेहतत चाहा..

**Rumana Thans**
(IInd Year BSc Math

# आज़ादी

रात्‍ि निवासी बनूँ.......
अतिथि बनके......
राजदोही सहेली के घर में.
घर के सामने 'आज़ादी' नाम का
बोरड लटका हो....
शासकों के शासकीय हिंसाओं के विरुद्ध
जब वह हाथ उठाएगे
तब मेरे दोनों हाथ भी साथ उठें .
जहाँ हथियार बोलते हो,वहाँ जब वो
भाईचारा और मानवीयता बोले
साथ रहकर लाउड सपीकर बनँु .
अनीति के विरुदध संघरष करने के लिए
जब वह ज़ुबा तलवार बनाए,
तब उसका धार बढ़ानेवाली
अतिकाय राजदोही बनूँ .
हिमवरग के लिए
नीति की यात् में
उसके लिए अनन पोटली बनँु .
ऐसे .....
'कालिखपूता घर' निरंतर कहुँ
आखिर.....
थक जाने पर
बीफ पकवान परोसनेवाली
अचछी रसोईयाँ बनँु .
लौटते वकत........
'राजदोही' नाम सवीकार करुँ.

**Thabshira Hasan**
(IInd Year
BA Malayalam)

ഫസ്ന ഹുസൈൻ
(രണ്ടാം വർഷം, ബി.എ. മലയാളം)



# പ്രണയം

തീവ്ര പ്രണയത്തിനൊടുക്കം
അവൾ പറഞ്ഞു
നമുക്ക് പിരിയാം
അതല്ലേ നല്ലത്
ഞാനും പറഞ്ഞു.
പിരിയാം
അതു തന്നെയാണ് നല്ലത്
മറ്റാരെങ്കിലും വന്ന്
പിരിക്കും മുമ്പ്
കയറു പോലെ പിരിഞ്ഞ് പിരിഞ്ഞ്
ഒന്നാവണം



ഷർഫാദ്
(രണ്ടാം വർഷം, ബി.കോം)

# രാജ്യസ്നേഹം



അടുത്ത ജന്മം
ഒരു കരിങ്കാക്കയായി
ജനിക്കേണം
നാടുനീളെ പറന്നു പറന്നു
കാക്കത്തൊള്ളായിരം
കരിങ്കാക്കകൾക്ക് തന്തയാവണം
ഒടുക്കം
കൂട്ടം കൂട്ടമായി ചെന്ന്
നടുക്കടലിലെ ആ ശിലാസ്മാരകത്തിൽ
തൂറിവെക്കണം
ഒരു ജനതയുടെ
പ്രതികാരം തീർക്കണം



**Aliya**
(Ist Year BA English)

# Instead, I lied down again

Yellow orange deep red faded indigo,And finally blue tranquilent ,yet strangely vaccum. just blue.The sky flaunted the variant shades,never once giving in to human brain's urge for prediction.I wondered how hilarious it all was glancing at the giant rock with engraved tally marks counting my days on this deserted island.Although in reality each stroke felt like a century,virtually it all summed up to just 4 months ,five days and counting



I have grown used to the frustration of the sea,the waves constantly bickering with the rocks and crawling up my legs restlessly.None of this interested me anymore,If something did,it was the company of some bird that occasionally perched on one of the coconut trees.In the most polished of language,you could say that it declared solidarity with my solitary soul.

That was when the sky turned black;pitch black,sweeping and consuming the entire seas and island into its unfathomable nothingness.And that was when like a meaningless ritual,tears started rolling up in the corners of my eyes,the joy of having yet survived yet another day,of having mocked at infinite times of sheer mental and physical torture.As those tears rolled down through my overgrown beard and moustache, they touched the most recent cut on my chin,sending a chill up my spine I burst out laughing as I recollected how Idiotically I had climbed the biggest mountain on the island,how optimistic I was on





finding one rescue ship that had showed up in 4 months,only to trip and fall,cutting my chin.

I was surprised my body still responded to these,because there wasn't an inch of skin without a scar,wound or cut. some bleeding profusely,yet some others numb as a rock,Ha!isn't that a cruel metaphor?!The same rocks that had proved themselves to be less judgmental and more empathetic partners in conversation as compared to their human counterparts,how could they be titled 'numb'!

My 'innumerable' attempts for escape,each more desperate and dumb that the previous only culminated in a few good scars and if I was lucky a lesson or two could be learnt.It had been fairly tough in the beginning,but as hopes for rescue faded with each passing day,It became tougher.But toughest were those moments ,when I underestimated my own incapabilities when the only person to scream at was my own reflection in the water and above all when I had to accept that dealing with my own unpredictable wild self was more painstaking than dealing with the deadly solitude.

Unlike today,some evenings poured heavily and some nights the sky roared with thunder and lightning and I screamed and cried inside the cave,some innermost parts of me grateful that there wasn't a living soul around who would judge me on that gradually the thin line between sanity and insanity started blurring .There were days when I laughed out aloud pretending to do a heroic episode on 'Man vs Wild' or at times I kept asking myself 'what if it all was a cruel joke ,a mocking dream?!'

Here I lie on the sand,witnessing the birth of yet another day ,the dawn cracking open the sky,me completely unaware of the challenges that lay ahead,my insides as usually excited to find them out. My arms spread wide,as if embracing the glorious mess called life.Right then,I heard it in the distance,the insides of my stomach twisted and turned and I sat upright in a split second.There,barely 200 meters from the island,one ship with all its pomp and show,gracefully sailing above the vast blue ocean.You know what they say,just when the caterpillar thought its world was over,it became a butterfly-.I knew that all I had to do was wave or scream for help.But,I didn't,I simply did not bother to do that. Instead,I lied down again,watching the stars fade,day break and clouds align,feeling more alive than I had felt in years.As the breeze grew stronger, I closed my eyes and felt like that earth stood still in awe of my decision,a silence reverberating without walls,somewhere between the chaos,I had fallen in love with this wild,unpredictable,humane version of me,and I chose not to be rescued for the fear of losing myself,It was as simple as that-And I haven't regretted it ever since.

# A REPORT ON THE ACTIVITIES AND ACHIEVEMENTS OF FAROOK COLLEGE DURING THE ACADEMIC YEAR 2015-2016

"Coming together is a beginning, staying together is progress, and working together is success."

It is with a deep sense of contentment and joy that I present before you the Annual Report of the activities and achievements of Farook College for the year 2015-2016. The year remains momentous as our college started functioning under the autonomous status granted by the University Grants Commission this year onwards. The Overall Championship in the B-Zone Competitions made the year special, providing the students with the impetus to retain the Championship title in the forthcoming Inter-zone competitions.

The academic results of the college are relatively noteworthy. The pass percentage of Undergraduate programmes are as follows: Economics -72.5; English-93.94; Malayalam-80; Arabic and Islamic History-71.88, Sociology-95.56; Mathematics, Botany and Physics- 83.33; Chemistry- 87.8; Zoology-88.46; Computer Science-51.85; Statistics-52; B.Com -89.58; BBA- 92.16; B.A. Functional English -61.9 and B.Sc. Psychology -90.

Among the PG programmes five departments, namely Arabic, Zoology, Computer Science, Library Science and Journalism have attained cent percent pass. The pass percentage of M.Com is 85.71, M.A Economics - 93.75, M.A. English-65, M.A. History 63.13, M.Sc. Chemistry 77.78, M.Sc. Mathematics -68.42, M.Sc. Physics-63.64, M.Sc. Statistics -66.67.

**STAFF**

The existing strength of the members of the teaching staff is 117 and that of the non-teaching staff is 43. The number of newly appointed members of the teaching faculty is 7 and that of non-teaching is one. In addition to the permanent members of the various faculties, there are 35 guest lecturers working in various departments.

The following members were appointed as Assistant Professors to the various departments during the current academic year.

1. Mr.Abdul Sathar.C.P
   Department of English
2. Ms.Hamna Mariyam.B.A
   Department of English
3. Dr.Abbas.K.P
   Department of Arabic
4. Mrs.Ayisha Muhsina
   Department of Physics
5. Dr.Sajith.P.K.
   Department of Chemistry
6. Mr. Sahadudheen.I
   Department of Economics
7. Dr.Abdul Nissar.M
   Department of History

**RETIREMENT**

The following teachers have retired after rendering several years of commendable service to the College.

1. Dr.T.A.Mohammed
   Head & Asso. Professor, Dept of Islamic History – 31.3.2016
2. Mrs.Syed Abid Hussain Thangal, Head & Asso.Prof. Dep. of Sociology-31.5.2016
3. Mr.K.Mohammed Ashraf, Head & Asso.Prof. Dept. of Economics- 31.5.2016

**NTS**

1. K.M.Kunhahammed,
   Sr.Clerk, 30.06.2015
2. Sri.Jafferali.S.V,
   Lab.Asst., 30.4.2016

Following are the members of the various faculty who were awarded Ph.D this year:

- Dr. Mohamed Abid (Arabic)
- Dr. Samsuddeen ( Commerce)
- Dr. Rafeeq (Chemistry)

The year 2015-2016 proved eventful for the college and the following activities and achievements stand testimonial to it.

**DEPARTMENT OF ENGLISH**

- A one day International Seminar on Modern Trends in Literary Research was conducted on 10 June 2015. Dr. K.K. Kunhammed, Assistant Professor, Kannur University and Mr. Ryan Pickard from Australia were the resource persons.
- 11 members of the faculty published 22 different scholarly articles in various national and international journals anthologies.
- 9 members of the faculty present papers at 16 different National and International Seminars.
- The Open defence of Ms.Smitha S., the scholar of Dr. T.V. Prakash was successfully conducted. Dr. P.P.Ajay Kumar, Professor of English, School of Distance Education, University of Kerala was the

external examiner.

- FORUM FOR RESEARCH IN ENGLISH conducted two paper presentation series for research scholars. Dr. Asha Mohamed. Rtd. Head, Department of English and Ms.Bindu, Associate Professor of English, Providence College for Women chaired the sessions respectively. Ms. Arya Gopi a research scholar was honoured by the forum for winning the Youth Icon Award.
- Six students of the department qualified UGC-NET.
- The students of the department also won Championship at the National Literary Fest held at Trichy. They also won prizes at the competitions held by various colleges.
- The CPE projects- PEP, SET and SMS are being implemented successfully.
- The second phase of SWEET ENGLISH- An extension activity was carried out.
- Lecture series were conducted as a part of the 'Meet the Master' lecture series. Native Media in English, a book prescribed for the III Semester UG students was published a faculty of the dept.

